www.malankaralibrary.com

# സീറോമലബാർ
# ആരാധനക്രമ പഞ്ചാംഗം

## (രണ്ടാം സെറ്റ്)

# 2021-2022

Published by
Syro-Malabar Major Archiepiscopal Commission for Liturgy

www.malankaralibrary.com

## അക്ഷരങ്ങളുടെയും അടയാളങ്ങളുടെയും വിവരണം

| | | |
|---|---|---|
| ✠ | : | കടമുള്ള ദിവസം |
| ക. | : | കന്യക |
| മ. | : | മല്പാൻ |
| മെ. | : | മെത്രാൻ |
| വ. | : | വന്ദകർ |
| വി. | : | വിശുദ്ധ |
| വേ. | : | വേദസാക്ഷി |
| പാ. | : | പാപ്പാ |
| പു. | : | പുരോഹിതൻ |
| പ്ര. ഗ്ര. | : | പ്രഘോഷണഗ്രന്ഥം |

| വർഷം | നോമ്പ് 1-ാം ഞായർ | ഉയിർപ്പ് തിരുനാൾ | പന്തക്കുസ്ത |
|---|---|---|---|
| 2023 | ഫെബ്രുവരി 19 | ഏപ്രിൽ 09 | മേയ് 28 |
| 2024 | ഫെബ്രുവരി 11 | മാർച്ച് 31 | മേയ് 19 |
| 2025 | മാർച്ച് 02 | ഏപ്രിൽ 20 | ജൂൺ 08 |
| 2026 | ഫെബ്രുവരി 15 | ഏപ്രിൽ 05 | മേയ് 24 |

www.malankaralibrary.com

# പൊതുനിർദേശങ്ങൾ

1. 2021 ജനുവരി മാസത്തിലെ സീറോമലബാർ മെത്രാന്മാരുടെ സിനഡിന്റെ തീരുമാനം അനുസരിച്ച് ആരാധനക്രമവായനകളുടെ രണ്ടാമത്തെ സെറ്റ് പരീക്ഷണാർഥം പ്രസിദ്ധീകരിക്കുന്നു.

2. പൗരസ്ത്യസുറിയാനി കലണ്ടർ അനുസരിച്ച് ആരാധനാവത്സരത്തെ ഒമ്പത് കാലങ്ങളായി തിരിച്ചിരിക്കുന്നു. ഓരോ കാലത്തിന്റെയും ചൈതന്യം സംക്ഷിപ്തമായി ഈ പഞ്ചാംഗത്തിൽ നല്കിയിട്ടുണ്ട്.

3. രക്ഷാചരിത്രത്തിലെ ദിവ്യരഹസ്യങ്ങളെ കേന്ദ്രീകരിച്ചാണ് ആരാധനാവത്സരത്തിനു രൂപം നല്കിയിരിക്കുന്നത്. ഈശോയുടെ ജനനം (മംഗളവാർത്ത-പിറവിക്കാലങ്ങൾ), മാമ്മോദീസ (ദനഹാക്കാലം), പീഡാനുഭവവും മരണവും (നോമ്പുകാലം), ഉയിർപ്പും സ്വർഗാരോഹണവും (ഉയിർപ്പുകാലം), പന്തക്കുസ്ത (ശ്ലീഹാക്കാലം), സഭയുടെ വളർച്ച (കൈത്താക്കാലം), രൂപാന്തരീകരണവും കുരിശിന്റെ പുകഴ്ചയും മിശിഹായുടെ പുനരാഗമനവും (ഏലിയാ-സ്ലീവ-മൂശെക്കാലങ്ങൾ), സഭയുടെ മഹത്ത്വീകരണം (പള്ളിക്കൂദാശക്കാലം) എന്നിവയാണ് ആ രക്ഷാകരസംഭവങ്ങൾ.

4. തിരുനാളുകൾ അവയുടെ പ്രാധാന്യമനുസരിച്ച് മൂന്നു ഗണങ്ങളായി തിരിച്ചിരിക്കുന്നു: കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണ തിരുനാളുകൾ എന്നിവയാണവ. അതനുസരിച്ചാണ് തിരുനാൾ ദിവസങ്ങളിലെ വായനകൾ ക്രമീകരിച്ചിരിക്കുന്നത്.

   - ❖ കർത്താവിന്റെ തിരുനാളുകളും രക്ഷാചരിത്രത്തിലെ പ്രധാനസംഭവങ്ങൾ അനുസ്മരിക്കുന്ന തിരുനാളുകളും ഒന്നാം ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആ ദിവസങ്ങളിൽ തിരുനാളുകളുടെ വായനകൾ (പ്രഘോഷണങ്ങൾ) ആദ്യം നല്കിയിരിക്കുന്നു.

   - ❖ പ്രധാനപ്പെട്ട തിരുനാളുകളെ പരിശുദ്ധ കന്യകാമറിയത്തിന്റെ തിരുനാളുകൾ, ഓർമ തിരുനാളുകൾ എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു.

   - ❖ സാധാരണ തിരുനാളുകളെ പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ളവയെന്നും തീയതി അനുസരിച്ചുള്ള സാർവത്രിക തിരുനാളുകൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു.

   ഈ മൂന്നുഗണങ്ങളിലും ബോൾഡ് അക്ഷരത്തിൽ ചേർത്തിരിക്കുന്നവ കൂടുതൽ പ്രാധാന്യം അർഹിക്കുന്നു.

www.malankaralibrary.com

5. ദനഹാത്തിരുനാൾ ഞായറാഴ്ചയാണെങ്കിൽ ആ ഞായറിനെ ദനഹാ ഒന്നാം ഞായർ ആയി കണക്കാക്കുന്നു. ദനഹാത്തിരുനാൾ ഞായർ മുതൽ വ്യാഴം ഉൾപ്പെടെയുള്ള ദിവസങ്ങളിലാണെങ്കിൽ, ആ ദിവസങ്ങൾ ഉൾപ്പെടുന്ന ആഴ്ചയെ ദനഹാ ഒന്നാം ആഴ്ചയായി പരിഗണിക്കുന്നു. (എന്നാൽ ദനഹാത്തിരുനാൾ വെള്ളിയാഴ്ചയാണെങ്കിൽ അതു കഴിഞ്ഞു വരുന്ന ശനിയാഴ്ച ദനഹാ ഒന്നാം ശനിയുടെ വായനകൾ തന്നെയാണ് സ്വീകരിക്കേണ്ടത്. തുടർന്നുള്ള ഞായർ ദനഹാ ഒന്നാം ഞായറായി കണക്കാക്കുന്നു).

6. ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ വരുന്ന തിരുനാളുകൾ ആ ദിവസങ്ങളിൽത്തന്നെ നല്കിയിട്ടുണ്ട്. എന്നാൽ ലത്തീൻ കലണ്ടറനുസരിച്ച് ആഘോഷിച്ചുപോരുന്ന ദിവസങ്ങളിലും അവ കൊടുത്തിട്ടുണ്ട് (ഉദാ. സകല വിശുദ്ധരുടെയും തിരുനാൾ, മാർ എസ്തപ്പാനോസ്). മംഗളവാർത്ത രണ്ടാം ഞായർ മംഗളവാർത്താത്തിരുനാളായി ആചരിക്കാവുന്നതാണ്.

7. സകല മരിച്ചവരുടെയും ഓർമ ദനഹാക്കാലത്തിലെ അവസാന വെള്ളിയാഴ്ചയോ നവംബർ രണ്ടാംതീയതിയോ ആചരിക്കാവുന്നതാണ്.

8. വലിയനോമ്പിന്റെ ആദ്യദിവസമായ തിങ്കളാഴ്ചയാണ് അനുതാപശുശ്രൂഷയും അതോടനുബന്ധിച്ചുള്ള ഉപവാസവും മാംസവർജ്ജനവും നടത്തുന്നത്. ആവശ്യമുള്ള സ്ഥലങ്ങളിൽ രൂപതാദ്ധ്യക്ഷന്റെ തീരുമാനത്തിനു വിധേയമായി ഇവ നോമ്പിലെ മറ്റൊരു ദിവസത്തിലും നടത്താവുന്നതാണ്.

9. വലിയനോമ്പിലെ എല്ലാ ദിവസങ്ങളും, ഇരുപത്തഞ്ചുനോമ്പ്, മൂന്നുനോമ്പ്, എട്ടുനോമ്പ്, പതിനഞ്ചുനോമ്പ് എന്നിവയും മാംസവർജ്ജന ദിവസങ്ങളായി ആചരിക്കുന്നത് അഭികാമ്യമാണ്.

10. സെപ്റ്റംബർ 14-നു ശേഷമുള്ള ഞായറിനെ സ്ലീവ ഒന്നാം ഞായറായി പരിഗണിക്കുന്നു. അതുവരെ ഏലിയാക്കാലത്തെ വായനകൾ തുടരുന്നു. എന്നാൽ, സ്ലീവാത്തിരുനാൾ ഞായറാഴ്ചയാണെങ്കിൽ അതിനെ സ്ലീവ ഒന്നാം ഞായറായി കണക്കാക്കുന്നു.

11. ഞായറാഴ്ചകൾക്കും മറ്റു പ്രധാനപ്പെട്ട ദിവസങ്ങൾക്കും നാലു പ്രഘോഷണങ്ങൾവീതം നല്കിയിട്ടുണ്ട്.

12. കൂദാശകൾക്കും തിരുനാളുകൾക്കും മറ്റു പ്രത്യേക സന്ദർഭങ്ങൾക്കും ഉപയോഗിക്കാവുന്ന പ്രഘോഷണങ്ങൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

13. സീറോമലബാർ സഭാചരിത്രത്തിലെ സ്മരണീയമായ ചില സംഭവങ്ങളും അവയുടെ തീയതികളും അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.

www.malankaralibrary.com

14. വലിയനോമ്പാരംഭത്തിൽ അനുതാപശുശ്രൂഷ നടത്തുന്ന ദിവസവും പീഡാനുഭവ വെള്ളിയാഴ്ചയും ഉപവാസവും മാംസവർജ്ജനവും നടത്തേണ്ടതാണ്. വലിയ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉപവസിക്കുന്നത് അഭികാമ്യമാണ്.

15. ആണ്ടുവട്ടത്തിലെ എല്ലാ വെള്ളിയാഴ്ചകളും മാംസവർജ്ജന ദിവസങ്ങളാണ്. പിറവിത്തിരുനാളിനും ദനഹാത്തിരുനാളിനും ഇടയ്ക്കുള്ള വെള്ളിയാഴ്ചകളും ഉയിർപ്പു തിരുനാളിനുശേഷമുള്ള പ്രഥമവെള്ളിയാഴ്ചയും ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

16. പിറവിത്തിരുനാൾ (ഡിസംബർ 25), ദനഹാ (ജനുവരി 6), വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാർ (ജൂൺ 29), മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (ജൂലൈ 3), നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം (ഉയിർപ്പ് ആറാം ഞായർ കഴിഞ്ഞുവരുന്ന വ്യാഴാഴ്ച), പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15) എന്നീ പ്രധാന തിരുനാളുകൾ കടമുള്ള ദിവസങ്ങളാണ്. ഈ ദിവസങ്ങളിൽ സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമങ്ങളിലും സംബന്ധിക്കേണ്ടതാണ്.

17. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ മൂന്ന് കൂദാശക്രമങ്ങളാണുള്ളത്: ഒന്നാമത്തെ കൂദാശക്രമം (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശക്രമം) ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ ഉപയോഗിക്കുന്നു; രണ്ടാമത്തെ കൂദാശക്രമം (മാർ തെയദോറിന്റെ കൂദാശക്രമം) മംഗളവാർത്തക്കാലം ഒന്നാം ഞായർ മുതൽ ഓശാന ഞായർ ഉൾപ്പെടെയുള്ള ദിവസങ്ങളിലും മൂന്നാമത്തെ കൂദാശക്രമം (മാർ നെസ്തോറിയസിന്റെ കൂദാശക്രമം) ദനഹാ, വിശുദ്ധ യോഹന്നാൻ മാംദാനായുടെ വെള്ളി, ഗ്രീക്ക് മല്പാന്മാരുടെ ഓർമ, മൂന്നു നോമ്പിലെ ബുധൻ, പെസഹാവ്യാഴം എന്നീ അഞ്ച് ദിവസങ്ങളിലും ഉപയോഗിക്കുന്നു. എന്നാൽ നിർദ്ദിഷ്ട ദിവസങ്ങളിൽ മാത്രമല്ല മറ്റു ദിവസങ്ങളിലും ഈ മൂന്നു കൂദാശക്രമങ്ങൾ ഉപയോഗിക്കാവുന്നതാണ്.

www.malankaralibrary.com

# ആരാധനാവത്സരം

വിവിധകാലങ്ങളിലും വിവിധസ്ഥലങ്ങളിലും ജീവിക്കുന്ന ആരാധനാസമൂഹത്തിന് രക്ഷാകരസംഭവം അനുഭവവേദ്യമാക്കിക്കൊടുക്കാൻ തക്കവിധം ആണ്ടുവട്ടത്തെ ക്രമീകരിച്ചിരിക്കുന്നതാണ് ആരാധനാവത്സരം. മിശിഹായുടെ രക്ഷാരഹസ്യങ്ങൾ പൂർണമായും സമഗ്രമായും ആരാധനാവത്സരത്തിൽ ആഘോഷിക്കുന്നു. വിശുദ്ധരെ അനുസ്മരിച്ചുകൊണ്ടും നോമ്പും ഉപവാസവും അനുഷ്ഠിച്ചുകൊണ്ടും സ്വർഗോന്മുഖ തീർത്ഥാടനം പൂർത്തീകരിക്കാൻ ആരാധനാവത്സരം നമ്മെ സഹായിക്കുന്നു.

ആരാധനാവത്സരത്തിന്റെ കേന്ദ്രബിന്ദുവായ മിശിഹായുടെ ഉയിർപ്പിനെ ആസ്പദമാക്കി ആരാധനാവത്സരത്തെയും അതിലുള്ള മറ്റു തിരുനാളുകളെയും മിശിഹാരഹസ്യങ്ങളെയും ക്രമീകരിച്ചിരിക്കുന്നു. മിശിഹായുടെ ഉത്ഥാനത്തിന്റെ ഓർമ ഉയിർപ്പുതിരുനാളിൽ മാത്രമാകാതെ, എല്ലാ ഞായറാഴ്ചകളിലും ആചരിക്കാൻ ആദിമസഭ തുടങ്ങിയിരുന്നു. പിന്നീട് മിശിഹായുടെ മനുഷ്യാവതാരം മുതൽ ദ്വിതീയാഗമനംവരെയുള്ള രക്ഷാരഹസ്യങ്ങളും മിശിഹായുടെ മൗതികശരീരമായ സഭയാകുന്ന രഹസ്യവും പല ഘട്ടങ്ങളായി ഒരു വർഷം മുഴുവനിലേക്കും ദീർഘിപ്പിച്ച് ആഘോഷിക്കുന്ന ശൈലി നിലവിൽ വന്നു. ഇപ്രകാരമുള്ള ഒരു ക്രമീകരണമാണ് ആരാധനാവത്സരത്തിലുള്ളത്. മംഗളവാർത്തക്കാലത്തിൽ തുടങ്ങി പള്ളിക്കൂദാശക്കാലത്തിൽ എത്തിനില്ക്കുന്ന വിശ്വാസപരിശീലന പാഠശാല കൂടിയാണ് സീറോമലബാർസഭയുടെ ആരാധനാവത്സരം.

www.malankaralibrary.com

# മംഗളവാർത്ത-പിറവിക്കാലങ്ങൾ
# (സൂവാറ-യൽദ)

സീറോമലബാർസഭയുടെ ആരാധനാവത്സരത്തിലെ പ്രഥമ കാലമാണ് മംഗളവാർത്ത അഥവാ സൂവാറ. മനുഷ്യനെ ദൈവികനാക്കാനും നിത്യജീവനിൽ അവനെ പങ്കുകാരനാക്കാനുമുള്ള ദൈവികപദ്ധതിയുടെ പൂർണത മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ഈശോമിശിഹായിലാണ്. ആകയാൽ, ഈ കാലത്തിന്റെ കേന്ദ്രമായി ഈശോയുടെ പിറവിത്തിരുനാൾ നിലകൊള്ളുന്നു.

മംഗളവാർത്തക്കാലം എന്ന പേര് അന്വർഥമാകുംവിധം, ഈ കാലത്തിലെ ഞായറാഴ്ചകൾ, സദ്വാർത്തകളുടെ ദിവസങ്ങളായാണ് പരമ്പരാഗതമായി ക്രമീകരിച്ചിരിക്കുന്നത്. പിറവിത്തിരുനാളിനുമുമ്പ് നാലു ഞായറാഴ്ചകൾ വരണമെന്നത് ഈ കാലത്തിന്റെ ഒരു സവിശേഷതയാണ്. പിറവിക്കുശേഷം വരുന്ന രണ്ട് ആഴ്ചകളെ പിറവിക്കു ശേഷമുള്ള ഒന്നാം ആഴ്ച, രണ്ടാം ആഴ്ച എന്നിങ്ങനെയാണ് വിശേഷിപ്പിക്കുന്നത്.

തന്നിൽ വിശ്വസിക്കുന്ന ഒരു ജനത്തെ വാർത്തെടുക്കാൻ ദൈവം അബ്രാഹത്തിന് സന്തതിയെ നല്കിയതുപോലെ, പുതിയനിയമജനതയുടെ സൃഷ്ടിക്കു മുന്നോടിയായി, സഖറിയായ്ക്കു ദൈവം യോഹന്നാനെ നല്കുന്നു. വിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുകയും ദൈവകല്പനകൾ പാലിക്കുകയും ചെയ്യുന്ന വ്യക്തികളിലൂടെയും അവരുടെ സന്താനങ്ങളിലൂടെയുമാണ് ദൈവത്തിന്റെ രക്ഷാപദ്ധതി ആരംഭിച്ചതും തുടർന്നതും ഇനി തുടരേണ്ടതും. മംഗളവാർത്തക്കാലത്തിലെ ഒന്നും മൂന്നും ആഴ്ചകളിലെ വായനകൾ ഈ സന്ദേശമാണു നമുക്കു നല്കുന്നത്.

ഈ കാലത്തിന്റെ കേന്ദ്രമായ ഈശോയുടെ ജനനം പഴയനിയമ പ്രതീക്ഷകളുടെയും പ്രവചനങ്ങളുടെയും പൂർത്തീകരണമാണ്.

www.malankaralibrary.com

ഹാവാവഴി വന്ന പാപം നീക്കിക്കളയാൻ പുത്രൻതമ്പുരാൻ പരിശുദ്ധകന്യാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച സംഭവമാണ് ഈ കാലത്തിലെ വലിയ സദ്വാർത്ത. മിശിഹായുടെ മനുഷ്യാവതാരത്തിലാണ് അമ്മനുവേൽ അനുഭവം മനുഷ്യനു സംജാതമായത്. ഈശോയുടെ മനുഷ്യാവതാരം മനുഷ്യനെ പറുദീസാനുഭവത്തിലേക്കു നയിക്കുന്നു.

പിറവിത്തിരുനാളിനുശേഷമുള്ള രണ്ടാഴ്ചകളിൽ, ഈശോയുടെ മനുഷ്യാവതാരത്തോടു ബന്ധപ്പെട്ടതും പരസ്യജീവിതത്തിനു മുമ്പുള്ളതുമായ സമസ്തസംഭവങ്ങളും പ്രഘോഷിക്കപ്പെടുന്നു. നമ്മുടെ അനുദിനജീവിതത്തിൽ അവതീർണനാകുന്ന മിശിഹായെ നാമും അന്വേഷിച്ചു കണ്ടെത്തണമെന്നതാണ് ജ്ഞാനികൾ നമുക്കു നല്കുന്ന പാഠം. ദൈവവുമായി യഥാർഥ ബന്ധത്തിലായിരിക്കുമ്പോൾ മാത്രമേ യഥാർഥ ആരാധന സാധ്യമാകുകയുള്ളൂ എന്ന് ദൈവാലയത്തിലായിരിക്കുന്ന ബാലനായ ഈശോ നമ്മെ പഠിപ്പിക്കുന്നു.

മിശിഹായെ ലോകത്തിനു വെളിപ്പെടുത്തിയ മനുഷ്യവ്യക്തികളിൽ പ്രഥമസ്ഥാനീയ എന്ന നിലയിൽ, കന്യകാമറിയത്തെ മംഗളവാർത്തക്കാലത്തിൽ തിരുസഭ സവിശേഷമായി വണങ്ങുന്നു. കന്യകാമറിയത്തെ പ്രത്യേകമായി അനുസ്മരിക്കുന്ന ബുധനാഴ്ചകളിൽനിന്നു വ്യത്യസ്തമായി, മംഗളവാർത്ത അവസാന വെള്ളിയാഴ്ച അതായത്, ദനഹായ്ക്കു മുമ്പുള്ള വെള്ളിയാഴ്ചയാണ് ഈശോയുടെ അമ്മയായ മറിയത്തിന്റെ മാതൃത്വത്തിരുനാൾ. മിശിഹായെ ലോകത്തിനു വെളിപ്പെടുത്തിയ വിശുദ്ധരുടെ ഓർമയാചരിക്കുന്ന ദനഹാക്കാലത്തെ വെള്ളിയാഴ്ചകളോടു ബന്ധപ്പെടുത്തിയാണ് ഈ തിരുനാൾ മംഗളവാർത്തക്കാലത്തെ അവസാന വെള്ളിയാഴ്ച ആഘോഷിക്കുന്നത്.

www.malankaralibrary.com

## 2021 നവംബർ
# മംഗളവാർത്തക്കാലം

28 ഞാ ✠ **മംഗളവാർത്ത ഒന്നാം ഞായർ** (Propria Vol.I. page 9).
*മനത്തോടത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (1992).*
*ഇന്നുമുതൽ ഓശാന ഞായർവരെ മാർ തെയദോറിന്റെ കൂദാശ ക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*
ഉത്പ 17:1-5; 15-19 ഇസഹാക്കിനെക്കുറിച്ചുള്ള അറിയിപ്പ്.
മലാ 2:17-3:5 എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു.
ഹെബ്രാ 11:1-12 വിശ്വാസംമൂലം അനുഗൃഹീതരായവർ.
ലൂക്കാ 1:5-20 സഖറിയായ്ക്ക് അറിയിപ്പ്.

29 തി **മംഗളവാർത്ത ഒന്നാം തിങ്കൾ**
റോമാ 4:1-12 അബ്രാഹം നീതീകരണത്തിന് മാതൃക.
മത്താ 7:21-27 യഥാർഥശിഷ്യൻ.

30 ചൊ **മംഗളവാർത്ത ഒന്നാം ചൊവ്വ**
*ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾവരെ വിവാഹാഘോഷം മുടക്ക്.*
റോമാ 4:13-21 അബ്രാഹത്തിന്റെ സന്തതികൾക്കു കൃപ.
യോഹ 1:1-8 യോഹന്നാൻ, ദൈവം അയച്ച മനുഷ്യൻ.
**അന്ത്രയോസ് ശ്ലീഹ** (Propria Vol.III. page 611)
*താഴത്ത് മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തായുടെ നാമഹേതുകദിനം.*
ഉത്പ 28:10-17 യാക്കോബിന്റെ സ്വപ്നം. *പ്ര. ഗ്ര. പേജ്* 329.
സഖ 8:20-23 കർത്താവിന്റെ പ്രീതിക്കായി പ്രാർഥിക്കാം. *പ്ര. ഗ്ര. പേജ്* 330.
റോമാ 10:9-18 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ ശ്രേഷ്ഠം. *പ്ര. ഗ്ര. പേജ്* 336.
മത്താ 4:18-22 അന്ത്രയോസിന്റെ വിളി. *പ്ര. ഗ്ര. പേജ് 376.*

www.malankaralibrary.com

# 2021 ഡിസംബർ
# മംഗളവാർത്ത - പിറവിക്കാലങ്ങൾ

1 ബു **മംഗളവാർത്ത ഒന്നാം ബുധൻ**
***(ഇരുപത്തഞ്ചുനോമ്പാരംഭം)***
കൊളോ 1:24-29 മഹത്ത്വത്തിന്റെ പ്രതീക്ഷയായ മിശിഹാ നിങ്ങളിലുണ്ട്.
യോഹ 5:31-36 യോഹന്നാൻ സത്യത്തിനു സാക്ഷ്യം നല്കി.

2 വ്യാ **മംഗളവാർത്ത ഒന്നാം വ്യാഴം**
റോമാ 9:30-33 വിശ്വസിക്കുന്നവർക്ക് ലജ്ജിക്കേണ്ടി വരുകയില്ല.
ലൂക്കാ 1:21-25 ഏലീശ്വായുടെ അപമാനം നീക്കുന്ന കർത്താവ്.

3 വെ **മംഗളവാർത്ത ഒന്നാം വെള്ളി**
*ആദ്യവെള്ളി*
യാക്കോ 1:22-27 വചനമനുസരിച്ചു പ്രവർത്തിക്കുക.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.
**വി. ഫ്രാൻസിസ് സേവ്യർ** (Propria Vol.IV. page 922)
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം. *പ്ര. ഗ്ര. പേജ്* 330.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
*പ്ര. ഗ്ര. പേജ്* 331.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
*പ്ര. ഗ്ര. പേജ്* 337.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു. *പ്ര. ഗ്ര. പേജ്* 376.

4 ശ **മംഗളവാർത്ത ഒന്നാം ശനി**
1 യോഹ 4:7-12 ദൈവസ്നേഹത്തിന്റെ പ്രത്യക്ഷീകരണം.
യോഹ 3:16-21 മനുഷ്യാവതാരലക്ഷ്യം.

5 ഞാ ✠ **മംഗളവാർത്ത രണ്ടാം ഞായർ** (Propria Vol.I. page19)
ഉത്പ 3:8-24 ഹാവായോടുള്ള രക്ഷാവാഗ്ദാനം.
ജറെ 33:14-26 ദാവീദിന് ഒരു ശാഖ ഞാൻ മുളപ്പിക്കും.
വെളി 5:1-5 യൂദാവംശത്തിൽനിന്നുള്ള സിംഹവും ദാവീദിന്റെ വേരുമായവൻ.
ലൂക്കാ 1:26-38 പരിശുദ്ധ മറിയത്തോടുള്ള മംഗളവാർത്ത.

www.malankaralibrary.com

6 തി **മംഗളവാർത്ത രണ്ടാം തിങ്കൾ**
റോമാ 1:1-7 മിശിഹാ ദാവീദിന്റെ പുത്രനും ദൈവപുത്രനും.
മത്താ 22:41-46 മിശിഹാ ദാവീദിന്റെ പുത്രനും കർത്താവും.

7 ചൊ **മംഗളവാർത്ത രണ്ടാം ചൊവ്വ**
എഫേ 3:1-13 സുവിശേഷത്തിന്റെ ശുശ്രൂഷകൻ.
ലൂക്കാ 1:39-45 മറിയം ഏലീശ്വായെ സന്ദർശിക്കുന്നു.
**വി. അംബ്രോസ് മെ. മ.** (Propria Vol. IV. page 941)
നിയ 7:1-11 ദൈവം തിരഞ്ഞെടുത്ത വിശുദ്ധജനം.
പ്രഭാ 15:1-6 നീതിമാന്റെ സമ്മാനം.
2 തിമോ 4:1-8 നീതിയുടെ കിരീടം.
ലൂക്കാ 14:25-33 ശിഷ്യത്വത്തിന്റെ വില.

8 ബു **മംഗളവാർത്ത രണ്ടാം ബുധൻ**
**പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ**
(Propria Vol. I. page 248)
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
*പ്ര. ഗ്ര. പേജ്* 333.
ഏശ 7:10-16 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. *പ്ര. ഗ്ര. പേജ്* 335.
ഹെബ്രാ 1:1-3, 2:16-18 ദൈവപുത്രൻ. *പ്ര. ഗ്ര. പേജ്* 338.
ലൂക്കാ 1:46-55 (മത്താ 1:1-17+ ലൂക്കാ 1:46-55) മറിയത്തിന്റെ സ്തോത്രഗീതം. *പ്ര. ഗ്ര. പേജ്* 378.

9 വ്യാ **മംഗളവാർത്ത രണ്ടാം വ്യാഴം**
*പഴേപറമ്പിൽ മാർ ലൂയീസ് മെത്രാന്റെ ചരമം (1919).*
1 യോഹ 5:13-20 മിശിഹാ സത്യദൈവവും നിത്യജീവനും.
ലൂക്കാ 1:67-75 ദാവീദിന്റെ ഭവനത്തിൽ രക്ഷയുടെ കൊമ്പ്.

10 വെ **മംഗളവാർത്ത രണ്ടാം വെള്ളി**
റോമാ 12:9-21 തിന്മയെ നന്മകൊണ്ട് കീഴടക്കുക.
ലൂക്കാ 6:27-36 നിങ്ങളെ ദ്വേഷിക്കുന്നവർക്ക് നന്മ ചെയ്യുക.

11 ശ **മംഗളവാർത്ത രണ്ടാം ശനി**
കൊളോ 1:12-19 സൃഷ്ടികൾക്കുമുമ്പുള്ള ആദ്യജാതൻ.
യോഹ 8:48-58 മിശിഹാ അബ്രാഹത്തിനു മുമ്പേയുള്ളവൻ.

www.malankaralibrary.com

12 ഞാ ✠ **മംഗളവാർത്ത മൂന്നാം ഞായർ** (Propria Vol.I. page 19)
ഉത്പ 21:1-12 ഇസഹാക്കിന്റെ ജനനം.
ഏശ 40:1-11 കർത്താവിനു വഴിയൊരുക്കുവിൻ.
1 കോറി 1:26-31 ദൈവത്തിന്റെ തിരഞ്ഞെടുപ്പ്.
ലൂക്കാ 1:57-66 യോഹന്നാൻ മാംദാനായുടെ ജനന അറിയിപ്പ്.

13 തി **മംഗളവാർത്ത മൂന്നാം തിങ്കൾ**
എഫേ 1:3-14 രക്ഷാപദ്ധതിയെ സംബന്ധിച്ച സ്തുതിഗീതം.
ലൂക്കാ 1:67; 76-80 സഖറിയായുടെ സ്തുതിപ്പ്.

14 ചൊ **മംഗളവാർത്ത മൂന്നാം ചൊവ്വ**
2 കോറി 3:1-11 ഉടമ്പടിയുടെ ശുശ്രൂഷകർ.
മത്താ 11:7-15 സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ഏറ്റവും വലിയവൻ.
**കുരിശിന്റെ വി. യോഹന്നാൻ പു. മ.** (Propria Vol.IV. page 922)
1 കോറി 2:1-10 രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനം.
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

15 ബു **മംഗളവാർത്ത മൂന്നാം ബുധൻ**
1 പത്രോ 2:1-10 നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവർ.
മർക്കോ 3:31-35 ഈശോയുടെ അമ്മയും സഹോദരരും.

16 വ്യാ **മംഗളവാർത്ത മൂന്നാം വ്യാഴം**
1 കോറി 10:23-33 എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുക.
ലൂക്കാ 7:30-35 ജ്ഞാനം അതിന്റെ പ്രവൃത്തികളാൽ നീതിമത്കരിക്കപ്പെടുന്നു.

17 വെ **മംഗളവാർത്ത മൂന്നാം വെള്ളി**
റോമാ 2:1-9 ദൈവത്തിന്റെ ന്യായവിധി.
ലൂക്കാ 6:37-42 അന്യരെ വിധിക്കരുത്.

18 ശ **മംഗളവാർത്ത മൂന്നാം ശനി**
**മൈലാപ്പൂരിലെ അത്ഭുതസ്ലീവ** (Propria Vol.I. page 256)
പുറ 17:4-6 പാറയിൽനിന്നുള്ള ജലം. *പ്ര. ഗ്ര. പേജ്* 335.
ശ്ലീഹ 2:29-36 (2:14-36) നിങ്ങൾ കുരിശിൽ തറച്ച മിശിഹായെ ദൈവം ഉയിർപ്പിച്ചു. *പ്ര. ഗ്ര. പേജ്* 336.
എഫേ 2:14-22 സ്ലീവാവഴി സമാധാനം. *പ്ര. ഗ്ര. പേജ്* 340.
യോഹ 14:1-6 പിതാവിലേക്കുള്ള വഴി. *പ്ര. ഗ്ര. പേജ്* 380.

www.malankaralibrary.com

19 ഞാ ✠ **മംഗളവാർത്ത നാലാം ഞായർ** (Propria Vol.I. page 38)
*മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919).*
പുറ 34:1-9 ദൈവം മൂശെയ്ക്കു പ്രത്യക്ഷപ്പെടുന്നു.
സഖ 2:7-13 ദൈവം തന്റെ ജനത്തിന്റെകൂടെ വസിക്കുന്നു.
വെളി 21:1-7 ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ.
മത്താ 1:18-24 അമ്മനുവേലിനെക്കുറിച്ചുള്ള അറിയിപ്പ്.

20 തി **മംഗളവാർത്ത നാലാം തിങ്കൾ**
ഗലാ 3:15-20 മിശിഹാ വാഗ്ദാനത്തിന്റെ പൂർത്തീകരണം.
യോഹ 7:37-42 ബെത്‌ലഹെമിൽനിന്നു വരാനിരിക്കുന്ന മിശിഹാ.

21 ചൊ **മംഗളവാർത്ത നാലാം ചൊവ്വ**
*സീറോ-മലബാർ ഹയരാർക്കിയുടെ സ്ഥാപനം (1923).*
തീത്തോ 2:11-3:2 ഭരണാധിപരോടുള്ള കടമകൾ.
ലൂക്കാ 2:1-5 യൗസേപ്പ് പേരെഴുതിക്കാൻ ദാവീദിന്റെ നഗരത്തിലേക്ക്.

22 ബു **മംഗളവാർത്ത നാലാം ബുധൻ**
റോമാ 9:1-5 പിതാക്കന്മാരുടെ വംശത്തിൽനിന്ന് മിശിഹാ.
മർക്കോ 6:1-6 മിശിഹാ മറിയത്തിന്റെ മകൻ.

23 വ്യാ **മംഗളവാർത്ത നാലാം വ്യാഴം**
1 യോഹ 1:1-4 വചനത്തിന്റെ സാക്ഷികൾ.
യോഹ 1:9-18 വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു.

24 വെ **മംഗളവാർത്ത നാലാം വെള്ളി**
1 കോറി 3:5-11 ഈശോമിശിഹായാകുന്ന അടിസ്ഥാനം.
ലൂക്കാ 6:43-49 ഉറച്ച അടിസ്ഥാനം.

25 ശ ✠ **മംഗളവാർത്ത നാലാം ശനി**
**നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ**
**(പിറവിത്തിരുനാൾ കർമക്രമം കാണുക)**
*കടമുള്ള ദിവസം.*
ഉത്പ 1:1-13; 26-31 സകലത്തിന്റെയും സ്രഷ്ടാവ്.
2 സാമു 7:8-17 നിന്റെ പുത്രനെ ഞാൻ ഉയർത്തും.
ഹെബ്രാ 1:1-14 പുത്രനിലൂടെ സംസാരിച്ച ദൈവം.
ലൂക്കാ 2:1-14 ഈശോയുടെ ജനനം.

www.malankaralibrary.com

26 ഞാ ✠ **പിറവി ഒന്നാം ഞായർ** (Propria Vol. I. page 61)
ഉത്പ 18:1-8 അബ്രാഹം ദൈവദൂതന്മാരെ സത്ക്കരിക്കുന്നു.
ഏശ 11:1-12 ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള.
റോമാ 15:7-13 ജനതകൾക്ക് കർത്താവിൽ പ്രത്യാശ.
മത്താ 2:1-12 ജ്ഞാനികളുടെ സന്ദർശനം.

**തിരുക്കുടുംബം**
ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു. *പ്ര. ഗ്ര. പേജ്* 25.
പ്രഭാ 3:1-9 മാതാപിതാക്കന്മാരോടുള്ള കടമകൾ. *പ്ര. ഗ്ര. പേജ്* 25.
കൊളോ 3:18-21 കർത്താവിനാൽ നയിക്കപ്പെടുന്ന കുടുംബ ജീവിതം. *പ്ര. ഗ്ര. പേജ്* 27.
മത്താ 2:13-14;19-23 ഈജിപ്തിലേക്കു പലായനം ചെയ്യുന്ന തിരുക്കുടുംബം. *പ്ര. ഗ്ര. പേജ്* 28.

**വി. എസ്തപ്പാനോസ് വേ.** (Propria Vol.I. page 148)
*ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ നാമഹേതുകദിനം.*
ശ്ലീഹ 6:8-10, 7:54-59 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം. *പ്ര. ഗ്ര. പേജ്* 342.
മത്താ 10:16-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപ്പെടും. *പ്ര. ഗ്ര. പേജ്* 381.

27 തി **പിറവി ഒന്നാം തിങ്കൾ**
*വടക്കേൽ മാർ ജോൺ, നെല്ലിക്കുന്നേൽ മാർ ജോൺ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*

**യോഹന്നാൻ ശ്ലീഹ** (Propria Vol. III. page 611)
പുറ 33:12-23 (33:9-23) കർത്താവ് ജനത്തോടുകൂടെ. *പ്ര. ഗ്ര. പേജ്* 339.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തനു സമ്മാനം ലഭിക്കും. *പ്ര. ഗ്ര. പേജ്* 340.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര് നമ്മെ വേർപെടുത്തും? *പ്ര. ഗ്ര. പേജ്* 342.
യോഹ 21:20-24 ഈശോയും വത്സലശിഷ്യനും. *പ്ര. ഗ്ര. പേജ്* 382.

www.malankaralibrary.com

28 ചൊ **പിറവി ഒന്നാം ചൊവ്വ**

**കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**

ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.

ജറെ 31:15-17 റാമായിൽനിന്ന് വിലാപസ്വരം.

ഹെബ്രാ 11:32-38 (11:3-10, 11:32-12:2) വിശ്വാസത്തെപ്രതി രക്തം ചിന്തിയവർ.

മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

29 ബു **പിറവി ഒന്നാം ബുധൻ**

റോമാ 8:31-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര് എന്നെ വേർപെടുത്തും?

ലൂക്കാ 2:25-35 നിന്റെ ഹൃദയത്തിൽ ഒരു വാൾ കടക്കും.

30 വ്യാ **പിറവി ഒന്നാം വ്യാഴം**

1 യോഹ 4:12-16 ഈശോ ശരീരം ധരിച്ച ദൈവപുത്രൻ.

യോഹ 10:31-38 ഈശോ മനുഷ്യനായി പിറന്ന ദൈവപുത്രൻ.

31 വെ **പിറവി ഒന്നാം വെള്ളി**

**ദൈവമാതൃത്വത്തിരുനാൾ**

പുറ 37:1-9 ഉടമ്പടിപ്പേടകം.

എസെ 44:1-5 കിഴക്കോട്ടുള്ള കവാടം.

ഗലാ 4:1-7 അവൻ സ്ത്രീയിൽനിന്നു ജാതനായി.

ലൂക്കാ 8:19-21, 11:27-28 മറിയത്തിന്റെ ഭാഗ്യം.

**വർഷാവസാനം** (Propria Vol. I. page 265)

1 തിമോ 6:6-12 ഇവിടെ നമുക്ക് നിലനില്ക്കുന്ന നഗരമില്ല. *പ്ര. ഗ്ര. പേജ്* 376.

ലൂക്കാ 13:6-9 ഫലം പുറപ്പെടുവിക്കുന്നവരാകാം. *പ്ര. ഗ്ര. പേജ്* 436.

www.malankaralibrary.com

# 2022 ജനുവരി
# പിറവി - ദനഹാക്കാലങ്ങൾ

1 ശ **പിറവി ഒന്നാം ശനി**

**നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം)**

(Propria Vol. I. page 271)

ഉത്പ 17:1-14 (17:1-27) അബ്രാഹത്തിന്റെ നാമകരണം.

ഏശ 43:1-7 (42:18-43:13) കർത്താവ് നിന്നെ പേരുചൊല്ലി വിളിക്കുന്നു.

ഫിലി 2:5-11 (ഗലാ 5:1-6 + ഫിലി 2:5-11) ഈശോയെന്ന നാമം എല്ലാ നാമങ്ങൾക്കുമുപരി.

ലൂക്കാ 2:21-33 അവന് ഈശോ എന്ന പേരുനല്കി.

**വർഷാരംഭം** (Propria Vol. I. page 268).

എഫേ 4:17-24 പുതിയ സൃഷ്ടിയാവുക.

മത്താ 6:25-34 ദൈവത്തിൽ ആശ്രയിക്കുക.

## ദനഹാക്കാലം

'ദനഹാ' എന്ന സുറിയാനിവാക്കിന് ഉദയം, പ്രത്യക്ഷ വത്ക്കരണം, ആവിഷ്കാരം, വെളിപാട് എന്നീ അർഥങ്ങളുണ്ട്. മിശിഹായെക്കുറിച്ചുള്ള പിതാവിന്റെയും പരിശുദ്ധറൂഹായുടെയും സാക്ഷ്യപ്പെടുത്തലും നീതിസൂര്യനായ മിശിഹായുടെ പരസ്യജീവിതത്തിന്റെ ആരംഭവുമാണു അവിടത്തെ മാമോദീസാനുസ്മരണമായ ദനഹാത്തിരുനാൾ. ഈശോയുടെ മാമോദീസായിൽ പരിശുദ്ധ ത്രിത്വരഹസ്യം വെളിപ്പെടുത്തപ്പെട്ടുവെന്ന് ഈ കാലം നമ്മെ ഓർമിപ്പിക്കുന്നു.

മിശിഹായുടെ പരസ്യജീവിതം അനുസ്മരിക്കുന്ന ദനഹാക്കാലത്തെ പ്രഘോഷണങ്ങളെല്ലാം അവിടത്തെ വ്യക്തിത്വത്തിലേക്കാണ് നമ്മെ ആനയിക്കുന്നത്. പരസ്യജീവിതത്തിലെ സുപ്രധാനസംഭവമെന്ന നിലയിൽ ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പും ദനഹാക്കാലത്തെ ധ്യാനവിഷയമാണ്.

www.malankaralibrary.com

മിശിഹാ പാപികളെ തേടിവന്നവനാണെന്നും പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്നും ദൈവപുത്രനായ മിശിഹാവഴിയാണ് രക്ഷയും പാപങ്ങളിൽനിന്നുള്ള മോചനവുമെന്നും ഈ കാലത്തിൽ സഭ നമ്മെ പഠിപ്പിക്കുന്നു. ഈശോ നിയമത്തിന്റെ പൂർത്തീകരണമാണെന്നും ജീവന്റെ അപ്പമാണെന്നും ഇടയനില്ലാത്ത ആടുകളുടെ ഇടയിലേക്കു ശ്ലീഹന്മാരെ അയയ്ക്കുന്ന കരുണാനിധിയും നല്ലവനുമായ ഇടയനാണെന്നുമുള്ള അറിവും അനുഭവവുമാണ് ഈ കാലത്തിലെ പ്രഘോഷണങ്ങളിലൂടെ നമുക്കു ലഭിക്കുന്നത്.

അമ്മയുടെ ഉദരത്തിൽ ആയിരുന്നപ്പോൾമുതൽ ഈശോയുടെ മഹത്ത്വം അനുഭവിച്ചറിയുകയും അവിടത്തെ മാമോദീസാ വേളയിൽ ഈശോയുടെ മഹത്ത്വത്തിന്റെ സാക്ഷ്യം സ്വർഗത്തിൽ നിന്ന് സ്വീകരിക്കുകയുംചെയ്ത യോഹന്നാൻ മാംദാനയെ ദനഹാക്കാലത്തെ ആദ്യവെള്ളിയാഴ്ചയിൽ സഭ അനുസ്മരിക്കുന്നു. തുടർന്നുള്ള വെള്ളിയാഴ്ചകളിൽ, മിശിഹായുടെ ദൈവമഹത്ത്വം സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ് അവിടത്തെ ധീരസാക്ഷികളായിത്തീർന്ന വിശുദ്ധരെയാണ് ഓർമിക്കുന്നത്. ദനഹാക്കാലത്തിലെ അവസാന വെള്ളി, ഉത്ഥാനത്തിന്റെ പ്രത്യാശയിൽ പുലരുന്ന സകല മരിച്ചവരുടെയും തിരുനാളാണ്.

ഉയിർപ്പുതിരുനാളിനുമുമ്പ്, നോമ്പുകാലത്തിന് ഏഴ് ആഴ്ചകൾ വരത്തക്കവിധം ക്രമീകരിക്കേണ്ടതിനാൽ ദനഹാക്കാലത്തിൽ ആഴ്ചകളുടെ എണ്ണം വ്യത്യസ്തമായി വരാറുണ്ട്. അനുതാപചൈതന്യം നിറഞ്ഞ നോമ്പുകാലത്തിലേക്കു കടക്കുന്നതിനു മുന്നോടിയായി പതിനെട്ടു ദിവസംമുമ്പ് ആചരിക്കുന്ന മൂന്നുനോമ്പും ഈ കാലത്തിന്റെ മറ്റൊരു സവിശേഷതയാണ്.

2 ഞാ ✠ **ദനഹാ ഒന്നാം ഞായർ** (Propria Vol. I. page 105)
പുറ 33:18-23 കർത്താവിന്റെ മഹത്ത്വം പ്രത്യക്ഷമാകും.
സെഫാ 3:14-20 കർത്താവ് നിന്റെ മധ്യേ ഉണ്ട്.
2 പത്രോ 1:16-21 മഹത്ത്വത്തിനു സാക്ഷികൾ.
യോഹ 1:45-51 ശിഷ്യർ മഹത്ത്വത്തിനു സാക്ഷികളാകും.

www.malankaralibrary.com

3 തി **ദനഹാ ഒന്നാം തിങ്കൾ**

2 കോറി 12:1-10 ദൈവകൃപയിൽ ആശ്രയിക്കുന്ന പൗലോസ്.
മത്താ 4:1-11 മരുഭൂമിയിലെ പരീക്ഷ.

**വി. ചാവറ കുര്യാക്കോസ് ഏലിയാസ്**

1 രാജാ 19:1-3; 9-14 തീക്ഷ്ണതയാൽ ജ്വലിക്കുന്ന ഏലിയാ.
പ്രഭാ 51:13-22 നന്മയ്ക്കുവേണ്ടി ഞാൻ തീക്ഷ്ണമായി ഉത്സാഹിച്ചു.
യാക്കോ 5:13-20 ഏലിയാ തീക്ഷ്ണതയോടെ പ്രാർഥിച്ചു.
മത്താ 5:13-16 നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്.

4 ചൊ **ദനഹാ ഒന്നാം ചൊവ്വ**

റോമാ 1:13-17 സുവിശേഷം രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തി.
ലൂക്കാ 4:14-22 സുവിശേഷം പ്രസംഗിക്കാൻ അഭിഷേകം.

5 ബു **ദനഹാ ഒന്നാം ബുധൻ**

2 തിമോ 3:10-17 മിശിഹായിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവർ പീഡിപ്പിക്കപ്പെടും.
ലൂക്കാ 4:23-30 പ്രവാചകൻ സ്വദേശത്ത് അവഗണിക്കപ്പെടുന്നു.

6 വ്യാ ✠ **ദനഹാത്തിരുനാൾ**

*സഭയിലെ പ്രധാനപ്പെട്ട ഒരു തിരുനാളും കടമുള്ള ദിവസവുമായ ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമങ്ങളിലും സംബന്ധിക്കേണ്ടതാണ്.*
*മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം (1999).*
*സീറോമലബാർ സഭയുടെ പ്രേഷിതവാരം ആരംഭിക്കുന്നു.*
പുറ 19:16-25 ദൈവം പ്രത്യക്ഷപ്പെടുന്നു.
ജോയേ 2:28-32 അടയാളങ്ങളിലൂടെ വെളിപ്പെടുത്തുന്ന ദൈവം.
2 തിമോ 1:6-10 കൃപാവരം പ്രത്യക്ഷീഭവിച്ചിരിക്കുന്നു.
മർക്കോ 1:1-11 ഈശോയുടെ മാമോദീസാ.

www.malankaralibrary.com

7 വെ **ദനഹാ ഒന്നാം വെള്ളി**
*ആദ്യവെള്ളി*
**വി. യോഹന്നാൻ മാംദാന** (Propria Vol.I. page 96)
*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*
2 സാമു 12:1-10 ആ മനുഷ്യൻ നീ തന്നെ.
ജറെ 1:4-10; 16-19 പിഴുതെറിയാനും ഇടിച്ചുതകർക്കാനും.
ശ്ലീഹ 12:1-11 യാക്കോബിന്റെ രക്തസാക്ഷിത്വം.
മത്താ 14:1-12 യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം.

8 ശ **ദനഹാ ഒന്നാം ശനി**
*ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം (1951).*
വെളി 4:1-8 ആയിരിക്കുന്നവനും വരാനിരിക്കുന്നവനും.
ലൂക്കാ 7:18-23 വരാനിരിക്കുന്നവൻ നീ തന്നെയോ?

9 ഞാ ✠ **ദനഹാ രണ്ടാം ഞായർ** (Propria Vol.I. page 123)
*പ്രേഷിതവാരത്തിലെ പ്രത്യേക പിരിവ്.*
പുറ 3:9-16 ആയിരിക്കുന്നവൻ ഞാൻ ആകുന്നു.
പ്രഭാ 18:1-14 ദൈവത്തിന്റെ മഹത്ത്വം.
വെളി 1:4-8 ആയിരിക്കുന്നവനും വരാനിരിക്കുന്നവനും.
യോഹ 8:21-30 ഞാൻ ഉന്നതത്തിൽനിന്നുള്ളവനാകുന്നു.

10 തി **ദനഹാ രണ്ടാം തിങ്കൾ**
*കണ്ടത്തിൽ മാർ അഗസ്റ്റിൻ മെത്രാപ്പോലീത്തായുടെ ചരമം (1956).*
എഫേ 1:15-23 മിശിഹാ മഹോന്നതൻ.
യോഹ 3:31-36 മിശിഹാ ഉന്നതത്തിൽനിന്നു വന്നവൻ.

11 ചൊ **ദനഹാ രണ്ടാം ചൊവ്വ**
1 യോഹ 3:1-10 പിശാചിനെ നശിപ്പിക്കാൻവന്ന മിശിഹാ.
മർക്കോ 1:21-28 പിശാചുബാധിതൻ ഏറ്റുപറയുന്നു.

12 ബു **ദനഹാ രണ്ടാം ബുധൻ**
*പ്രേഷിതവാരം അവസാനിക്കുന്നു.*
വെളി 19:5-10 ദൈവത്തിനു മഹത്ത്വം നല്കാം.
യോഹ 2:1-12 ഈശോയുടെ മഹത്ത്വത്തിന്റെ വെളിപ്പെടൽ.

13 വ്യാ **ദനഹാ രണ്ടാം വ്യാഴം**
1 കോറി 6:12-20 മനുഷ്യന്റെ മഹത്ത്വം.
യോഹ 2:13-25 ദൈവാലയശുദ്ധീകരണം.

www.malankaralibrary.com

14 വെ **ദനഹാ രണ്ടാം വെള്ളി**
**പത്രോസ്, പൗലോസ് ശ്ലീഹന്മാർ** (Propria Vol.I. page 113)
പുറ 19:1-8 കർത്താവിന്റെ വചനങ്ങൾ അറിയിക്കുന്ന മൂശെ.
ശ്ലീഹ 10:34-43 പത്രോസിന്റെ പ്രസംഗം.
ഗലാ 1:11-24 ശ്ലീഹായാകാനുള്ള വിളി.
യോഹ 21:15-19 ഉത്ഥിതൻ പത്രോസിനു നല്കിയ ദൗത്യം.

15 ശ **ദനഹാ രണ്ടാം ശനി**
ഫിലി 2:5-11 ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യനായ ദൈവം.
മത്താ 11:25-30 ഞാൻ ശാന്തശീലനും വിനീതഹൃദയനും.

16 ഞാ ✠ **ദനഹാ മൂന്നാം ഞായർ** (PropriaVol.I. page 140)
നിയ 31:1-8 ജോഷ്വായെ തിരഞ്ഞെടുക്കുന്നു.
ഏശ 41:8-16 ഞാൻ നിന്നെ തിരഞ്ഞെടുത്തു.
ഫിലി 3:4-16 തിരഞ്ഞെടുക്കപ്പെട്ടവന്റെ മനോഭാവം.
മർക്കോ 3:7-19 ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ്.

17 തി **ദനഹാ മൂന്നാം തിങ്കൾ**
1 കോറി 2:1-7 ദൈവജ്ഞാനത്തിന്റെ പ്രഘോഷകൻ.
മർക്കോ 6:7-13 ശ്ലീഹന്മാരെ അയയ്ക്കുന്നു.

18 ചൊ **ദനഹാ മൂന്നാം ചൊവ്വ**
2 കോറി 2:12-17 മിശിഹായെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ പരിമളം.
മത്താ 4:12-17 ഇരുളിലിരുന്ന ജനത്തിനു പ്രകാശം.
*സഭൈക്യവാരം തുടങ്ങുന്നു* (Propria Vol. I. page 286)
എഫേ 4:1-6 ഐക്യത്തിനുള്ള ആഹ്വാനം.
യോഹ 17:6-11 നമ്മെപ്പോലെ അവരും ഒന്നാകണം.

19 ബു **ദനഹാ മൂന്നാം ബുധൻ**
1 യോഹ 2:7-11 യഥാർഥപ്രകാശം ഉദിച്ചിരിക്കുന്നു.
യോഹ 9:1-11 അന്ധനു കാഴ്ച നല്കുന്ന മിശിഹാ.

20 വ്യാ **ദനഹാ മൂന്നാം വ്യാഴം**
ശ്ലീഹ 3:19-26 മിശിഹായെക്കുറിച്ച് മൂശെയുടെ സാക്ഷ്യം.
യോഹ 5:39-47 വിശുദ്ധ ലിഖിതങ്ങൾ പരിശോധിക്കുവിൻ.

www.malankaralibrary.com

**വി. സെബസ്ത്യാനോസ് വേ.** (Propria Vol.I. page 289)
*വടക്കേൽ മാർ സെബാസ്റ്റ്യൻ, എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ, വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യൻ, പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യൻ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
നിയ 32:37-43 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
*പ്ര. ഗ്ര. പേജ്* 257.
ഏശ 49:1-4 എന്റെ അവകാശം കർത്താവ്. *പ്ര. ഗ്ര. പേജ്* 257.
2 തിമോ 2:1-5 മിശിഹായുടെ നല്ല പടയാളിയെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കുക. *പ്ര. ഗ്ര. പേജ്* 291.
മത്താ 10:24-33 നിർഭയം സാക്ഷ്യം വഹിക്കുക.
*പ്ര. ഗ്ര. പേജ്* 325.

21 വെ **ദനഹാ മൂന്നാം വെള്ളി**
**വി. സുവിശേഷകന്മാർ** (Propria Vol.I. page 131)
ഉത്പ 2:5-17 പറുദീസായിലെ നാലു നദികൾ.
എസെ 1:1; 4-14 എസെക്കിയേലിനു ദൈവദർശനം.
വെളി 4:1-11 സുവിശേഷകരുടെ പ്രതീകങ്ങൾ.
ലൂക്കാ 8:4-15 ദൈവവചനമാകുന്ന വിത്ത്.

22 ശ **ദനഹാ മൂന്നാം ശനി**
റോമാ 10:5-13 എല്ലാവർക്കുംവേണ്ടിയുള്ള രക്ഷാസന്ദേശം.
മർക്കോ 1:40-45 കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നു.

23 ഞാ ✠ **ദനഹാ നാലാം ഞായർ** (Propria Vol.I. page 158)
ഉത്പ 29:1-14 യാക്കോബ് ലാബാന്റെ കിണറിനരികിൽ.
2 രാജാ 17:24-28 സമരിയാക്കാരുടെ ഉത്ഭവം.
ഹെബ്രാ 6:1-12 രക്ഷാകരമായ ഗുണങ്ങൾ നിങ്ങളിലുണ്ട്.
യോഹ 4:1-26 ഈശോ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ.

24 തി **ദനഹാ നാലാം തിങ്കൾ**
2 കോറി 5:17-21 മിശിഹായിൽ വിശ്വസിക്കുന്നവർ നവസൃഷ്ടി.
യോഹ 4:27-30; 39-42 മിശിഹായിൽ വിശ്വസിച്ച സമരിയാക്കാർ.
**വി. ഫ്രാൻസിസ് സാലസ് മെ. മ.** (Propria Vol.IV. page 931)
എഫേ 3:8-13 വിജാതീയരുടെ അപ്പസ്തോലൻ.
യോഹ 15:9-17 എന്റെ സ്നേഹത്തിൽ നിലനില്ക്കുക.

www.malankaralibrary.com

25 ചൊ **ദനഹാ നാലാം ചൊവ്വ**

1 തെസ 1:2-6 ആനന്ദത്തോടെ വചനം സ്വീകരിച്ചവർ.
യോഹ 8:37-47 ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിന്റെ വചനം ശ്രവിക്കുന്നു.
*സഭൈക്യവാരം അവസാനിക്കുന്നു.*
**പൗലോസ് ശ്ലീഹായുടെ മാനസാന്തരം** (Propria Vol.IV. page 286)
പുറ 4:10-17 അഹറോനെ മൂശെയ്ക്കു സഹായിയായി നല്കുന്നു.
ശ്ലീഹ 22:6-21 സാവൂളിന്റെ മാനസാന്തരസംഭവം.
1 കോറി 15:1-10 അകാലജാതന് ഈശോ പ്രത്യക്ഷപ്പെട്ടു.
മത്താ 20:1-16 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ.

26 ബു **ദനഹാ നാലാം ബുധൻ**

**ഇന്ത്യൻ റിപ്പബ്ലിക് ദിനം**
*മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം (1914)*
1 കോറി 7:29-35 കർത്താവിനെ ഏകാഗ്രമായി ശുശ്രൂഷിക്കുക.
ലൂക്കാ 10:38-42 നല്ലകാര്യം തിരഞ്ഞെടുത്ത മറിയം.
**വി. തിമോത്തേയോസും തീത്തോസും**
(Propria Vol.III. page 602)
2 സാമു 22:2-4 കർത്താവ് എന്റെ വിമോചകൻ.
*പ്ര. ഗ്ര. പേജ്* 261.
ജ്ഞാനം 7:28-8:3 ജ്ഞാനികളെ സ്നേഹിക്കുന്ന ദൈവം.
*പ്ര. ഗ്ര. പേജ്* 261.
1 തിമോ 6:11-16 വിശ്വാസത്തിനുവേണ്ടി പോരാടുക.
*പ്ര. ഗ്ര. പേജ്* 293.
മത്താ 16:24-27 മിശിഹായുടെ ശിഷ്യൻ സഹിക്കണം.
*പ്ര. ഗ്ര. പേജ്* 328.

27 വ്യാ **ദനഹാ നാലാം വ്യാഴം**

ഗലാ 3:15-20 മിശിഹാ വാഗ്ദാനത്തിന്റെ പൂർത്തീകരണം.
യോഹ 11:17-27 വരാനിരിക്കുന്ന ദൈവപുത്രനായ മിശിഹാ.

28 വെ **ദനഹാ നാലാം വെള്ളി**

**വി. എസ്തപ്പാനോസ് വേ.** (Propria Vol.I. page 148)
ഉത്പ 4:1-12 കായേനും ആബേലും.
1 രാജാ 21:1-13 നാബോത്തിനെ കല്ലെറിഞ്ഞു കൊല്ലുന്നു.

www.malankaralibrary.com

ശ്ലീഹ 6:8-15, 7:1-2a; 51-60 എസ്തപ്പാനോസിനെ കല്ലെറിഞ്ഞു കൊല്ലുന്നു.
ലൂക്കാ 23:33-43 പിതാവേ, ഇവരോടു ക്ഷമിക്കണമേ.
**വി. തോമസ് അക്വിനാസ് പു. മ.** (Propria Vol. IV. page 941)
1 രാജാ 3:5-12 സോളമന് ജ്ഞാനം നല്കപ്പെടുന്നു.
ജ്ഞാനം 7:7-14 പ്രാർഥിക്കുന്നവനു ജ്ഞാനം ലഭിക്കും.
1 കോറി 1:18-25 കുരിശിന്റെ ഭോഷത്തം.
മത്താ 5:13-16 ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.

29 ശ **ദനഹാ നാലാം ശനി**
*സീറോ-മലബാർസഭയെ മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും എറണാകുളം അതിരൂപതാ മെത്രാപ്പോലീത്ത മാർ ആന്റണി പടിയറയെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം (1992).*
റോമാ 13:8-14 സ്നേഹം നിയമത്തിന്റെ പൂർത്തീകരണം.
ലൂക്കാ 10:25-37 ദൈവസ്നേഹവും പരസ്നേഹവും.

30 ഞാ ✠ **ദനഹാ അഞ്ചാം ഞായർ** (Propria Vol.I. page 176)
പുറ 20:1-17 പത്തു പ്രമാണങ്ങൾ.
എസെ 11:14-21 പുതിയ ഹൃദയം പുതിയചൈതന്യം.
കൊളോ 3:5-14 മിശിഹായിൽ നവജീവിതം.
മത്താ 5:17-26 ഈശോ നിയമത്തിന്റെ പൂർത്തീകരണം.
**ലോകസമാധാനദിനം** (Propria Vol.I. page 301)
എഫേ 2:14-22 മിശിഹാ നമ്മുടെ സമാധാനം.
യോഹ 14:27-31 മിശിഹാ നല്കുന്ന സമാധാനം.

31 തി **ദനഹാ അഞ്ചാം തിങ്കൾ**
കൊളോ 2:16-19 സാബത്തുകളുടെ പേരിൽ ആരും നിങ്ങളെ കുറ്റപ്പെടുത്താതിരിക്കട്ടെ.
മത്താ 12:1-8 മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവ്.
**വി. ജോൺ ബോസ്കോ** (Propria Vol.IV. page 922)
*പുത്തൂർ മാർ ബോസ്കോ മെത്രാന്റെ നാമഹേതുകദിനം.*
ഫിലി 4:4-9 എന്നിൽനിന്നു കേട്ടത് നിങ്ങൾ ചെയ്യുക.
മത്താ 18:1-5 ശിശുക്കളെ എന്റെ നാമത്തിൽ സ്വീകരിക്കുക.

www.malankaralibrary.com

# 2022 ഫെബ്രുവരി
# ദനഹാ - നോമ്പ് കാലങ്ങൾ

1 ചൊ **ദനഹാ അഞ്ചാം ചൊവ്വ**
ശ്ലീഹ 5:12-20 ശ്ലീഹന്മാർവഴി അദ്ഭുതങ്ങളും അടയാളങ്ങളും.
മത്താ 12:9-14 സാബത്തിൽ നന്മചെയ്യുന്നവൻ.

2 ബു **ദനഹാ അഞ്ചാം ബുധൻ**
*ആലഞ്ചേരി മാർ ജോർജ്ജ് മെത്രാന്റെ അഭിഷേകം (1997).*
ഗലാ 3:7-14 നിയമംവഴി ഒരുവനും നീതീകരിക്കപ്പെടുന്നില്ല.
യോഹ 5:1-18 സാബത്തിൽ രോഗശാന്തി.

**നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം**
**(പ. ക. മറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ)**
(Propria Vol. I. page 304)
ലേവ്യ 12:1-8 മാതാക്കളുടെ ശുദ്ധീകരണം.
*പ്ര. ഗ്ര. പേജ്* 263.
ഏശ 42:1-7 കർത്താവിന്റെ ദാസൻ. *പ്ര. ഗ്ര. പേജ്* 264.
റോമാ 9:30-10:4 നിയമത്തിന്റെ പൂർത്തീകരണമായ മിശിഹാ.
*പ്ര. ഗ്ര. പേജ്* 295.
ലൂക്കാ 2:22-38 ഈശോയെ ദൈവാലയത്തിൽ സമർപ്പിക്കുന്നു.
*പ്ര. ഗ്ര. പേജ്* 330.

3 വ്യാ **ദനഹാ അഞ്ചാം വ്യാഴം**
റോമാ 2:25-29 ആന്തരികതയുടെ പ്രാധാന്യം.
മത്താ 12:15-21 നീതിയെ വിജയത്തിലെത്തിക്കുന്ന ദൈവദാസൻ.

4 വെ **ദനഹാ അഞ്ചാം വെള്ളി**
*ആദ്യവെള്ളി*
*പുളിക്കൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2016).*
**ഗ്രീക്കു സഭാപിതാക്കന്മാർ** (Propria Vol.I. page 166)
*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*
1 രാജാ 4:29-34 സോളമന്റെ ജ്ഞാനം.

www.malankaralibrary.com

ജ്ഞാനം 7:22-30 ജ്ഞാനത്തിന്റെ മഹത്ത്വം.
1 കോറി 1:18-29 വിളിക്കപ്പെട്ടവർക്ക് മിശിഹാ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ്.
യോഹ 12:20-26 ഗ്രീക്കുകാർ ഈശോയെ തേടിവരുന്നു.
**വി. ജോൺ ബ്രിട്ടോ**
1 കോറി 9:19-23 ഞാൻ എല്ലാവർക്കും എല്ലാമായി.
യോഹ 15:18-25 എന്നെപ്രതി ലോകം നിങ്ങളെ വെറുക്കും.

5 ശ **ദനഹാ അഞ്ചാം ശനി**
എഫേ 4:25-32 പരസ്പരം ക്ഷമിക്കുവിൻ.
മത്താ 6:5-15 സഹോദരരോടു ക്ഷമിക്കുക.

6 ഞാ ✠ **ദനഹാ ആറാം ഞായർ** (Propria Vol.I. page 176)
*പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം (1982).*
ലേവ്യ 4:13-21 ബലിയർപ്പണത്തിലൂടെ പാപമോചനം.
ദാനി 9:1-9 പാപമോചനം അങ്ങയുടേതാണ്.
കൊളോ 1:12-19 പുത്രൻവഴി രക്ഷയും പാപമോചനവും.
മർക്കോ 2:1-12 പാപം മോചിക്കുന്ന മിശിഹാ.

7 തി **ദനഹാ ആറാം തിങ്കൾ**
**മൂന്നുനോമ്പ്**
നിയ 30:1-6 കർത്താവു കാരുണ്യം കാണിക്കും.
യോനാ 3:1-10 നിനെവേയുടെ മാനസാന്തരം.
യൂദാ 1:20-25 കർത്താവിന്റെ കാരുണ്യത്തെ ഉറ്റുനോക്കുവിൻ.
മത്താ 9:9-13 പാപികളെ തേടിവന്ന മിശിഹാ.

8 ചൊ **ദനഹാ ആറാം ചൊവ്വ**
*ഇലവനാൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (1997).*
**മൂന്നുനോമ്പ്**
2 ദിന 6:24-30 ദൈവാലയത്തിൽവന്ന് പാപങ്ങൾ ഏറ്റുപറയുക.
ബാറൂ 1:15-21 നിങ്ങൾ തെറ്റുകൾ ഏറ്റുപറയണം.
യാക്കോ 5:13-20 പാപങ്ങൾ ഏറ്റുപറയുക.
യോഹ 1:29-34 പാപംനീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.

www.malankaralibrary.com

9 ബു **ദനഹാ ആറാം ബുധൻ**
*അറയ്ക്കൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2001).*
*മാത്തിക്കണ്ടത്തിൽ മാർ ജോർജ്ജ് മെത്രാന്റെ അഭിഷേകം (2013).*
**മൂന്നുനോമ്പ്**
*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*
ഉത്പ 29:15-30 യാക്കോബിന്റെ സ്നേഹം.
ഹോസി 14:1-9 അനുതാപവും നവജീവനും.
1 പത്രോ 4:1-11 സ്നേഹം നിരവധി പാപങ്ങളെ മായ്ക്കുന്നു.
ലൂക്കാ 7:36-50 കൂടുതലായി സ്നേഹിച്ചവൾ.

10 വ്യാ **ദനഹാ ആറാം വ്യാഴം**
**മൂന്നുനോമ്പു കഴിഞ്ഞുള്ള വ്യാഴം**
എസെ 33:10-16 കർത്താവിന്റെ സന്തോഷം.
മിക്കാ 7:8-9; 18-20 ഞാൻ കർത്താവിന്റെ രക്ഷ ദർശിക്കും.
3 യോഹ 1:1-8 ശ്ലീഹായുടെ സന്തോഷം.
ലൂക്കാ 15:1-10 അനുതപിക്കുന്നവരെക്കുറിച്ചു സ്വർഗത്തിൽ സന്തോഷം.

11 വെ **ദനഹാ ആറാം വെള്ളി**
**സുറിയാനി സഭാപിതാക്കന്മാർ**
സുഭാ 4:1-13 ജ്ഞാനസമ്പാദനം അഭികാമ്യം.
ദാനി 2:14-23 ജ്ഞാനവും ശക്തിയും നല്കുന്ന ദൈവം.
2 കോറി 4:1-6 ദൈവതേജസ്സിനെപ്പറ്റിയുള്ള അറിവ്.
മത്താ 5:13-19 ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും.
**ലൂർദുമാതാവ് (രോഗീദിനം)** (Propria Vol.1. page 311)
വെളി 12:1-6 സൂര്യനെ ഉടയാടയാക്കിയ സ്ത്രീ.
യോഹ 2:1-11 അവൻ പറയുന്നത് ചെയ്യുവിൻ.

12 ശ **ദനഹാ ആറാം ശനി**
വെളി 7:11-17 ജീവജലത്തിന്റെ ഉറവയിലേക്കു നയിക്കും.
യോഹ 7:32-39 മിശിഹാ ജീവജലത്തിന്റെ ഉറവ.

www.malankaralibrary.com

13 ഞാ ✠ **ദനഹാ ഏഴാം ഞായർ** (Propria Vol.I. page 222)
*പവ്വത്തിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1972).*
*പുത്തൂർ മാർ ബോസ്കോ മെത്രാന്റെ അഭിഷേകം (2010)*
പുറ 16:13-21 മന്നാ നല്കുന്ന ദൈവം.
1 രാജാ 19:1-8 ഏലിയായ്ക്ക് അപ്പം കൊടുക്കുന്ന ദൈവം.
1 കോറി 10:14-21 അപ്പം ഒന്നേയുള്ളൂ.
യോഹ 6:47-59 ഈശോ ജീവന്റെ അപ്പം.

14 തി **ദനഹാ ഏഴാം തിങ്കൾ**
1 കോറി 10:1-6 മിശിഹായാകുന്ന ആത്മീയശിലയിൽനിന്ന് പാനംചെയ്യുക.
മത്താ 15:32-39 ഈശോ അപ്പം വർധിപ്പിക്കുന്നു.

15 ചൊ **ദനഹാ ഏഴാം ചൊവ്വ**
1 കോറി 10:23-31 എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ.
യോഹ 6:25-33 നിത്യജീവന് ഉതകുന്ന ആഹാരത്തിനായി അധ്വാനിക്കുവിൻ.

16 ബു **ദനഹാ ഏഴാം ബുധൻ**
ശ്ലീഹ 2:37-47 ആദ്യക്രൈസ്തവസമൂഹം.
യോഹ 6:34-40 വിശ്വസിച്ച് മിശിഹായുടെ അടുക്കൽ വരുക.

17 വ്യാ **ദനഹാ ഏഴാം വ്യാഴം**
*നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ ചരമം (2021).*
1 കോറി 11:23-30 യോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുക.
ലൂക്കാ 24:28-33 എമ്മാവൂസിലെ അപ്പംമുറിക്കൽ.

18 വെ **ദനഹാ ഏഴാം വെള്ളി**
**ഇടവകമദ്ധ്യസ്ഥൻ** (Propria Vol.I. page 210)
പുറ 4:10-17 അഹറോന്റെ നിയമനം.
ഏശ 49:6-10 നിന്നെ ജനത്തിന് ഉടമ്പടിയായി നല്കിയിരിക്കുന്നു.
2 കോറി 6:1-13 മിശിഹായുടെ സഹപ്രവർത്തകർ.
യോഹ 15:1-8 തായ്ത്തടിയോടു ചേർന്നുനില്ക്കുക.

www.malankaralibrary.com

19 ശ **ദനഹാ ഏഴാം ശനി**
ഹെബ്രാ 10:19-25 നവീനവും സജീവവുമായ പാത.
യോഹ 10:1-6 വാതിൽ തുറന്നുകൊടുക്കുന്ന ഇടയൻ.

20 ഞാ ✠ **ദനഹാ എട്ടാം ഞായർ** (Propria Vol.I. page 240)
*പാറേക്കാട്ടിൽ മാർ ജോസഫ് കർദിനാളിന്റെ ചരമം (1987).*
ഉത്പ 49:22-26 ഇസ്രായേലിന്റെ പാറയായ ഇടയൻ.
ജറെ 23:1-4 ഇടയന്മാരെ ഞാൻ നിയോഗിക്കും.
1 പത്രോ 5:1-11 ഇടയനും ആടുകളും.
മത്താ 9:35-10:4 ഇടയനില്ലാത്ത ആടുകളുടെ ഇടയിലേക്ക് ശ്ലീഹന്മാരെ അയയ്ക്കുന്നു.

21 തി **ദനഹാ എട്ടാം തിങ്കൾ**
ഹെബ്രാ 13:17-21 അജഗണത്തിന്റെ വലിയ ഇടയൻ.
യോഹ 10:7-13 ആടുകൾക്കുള്ള വാതിൽ.

22 ചൊ **ദനഹാ എട്ടാം ചൊവ്വ**
1 പത്രോ 2:21-25 നിങ്ങൾ ഇടയന്റെ അടുത്തേക്ക് മടങ്ങി വന്നിരിക്കുന്നു.
യോഹ 10:22-30 ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു.

23 ബു **ദനഹാ എട്ടാം ബുധൻ**
1 കോറി 9:19-23 എല്ലാവരേയും നേടാൻ യത്നിക്കുന്ന ശ്ലീഹ.
ലൂക്കാ 15:3-7 നഷ്ടപ്പെട്ട ആടിനെ തേടുന്ന ഇടയൻ.
**വി. പൊലിക്കാർപ്പ്** (Propria Vol.IV. page 931)
പുറ 3:1-6 ദൈവം മോശയെ വിളിക്കുന്നു.
ദാനി 3:19-26 മൂന്നു യുവാക്കന്മാരുടെ കീർത്തനം.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
ലൂക്കാ 11:43-52 പ്രവാചകന്മാർ പീഡിപ്പിക്കപ്പെടും.

24 വ്യാ **ദനഹാ എട്ടാം വ്യാഴം**
ഹെബ്രാ 10:11-18 മിശിഹായുടെ ഏകബലിസമർപ്പണം.
യോഹ 10:14-21 ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.

www.malankaralibrary.com

25 വെ **ദനഹാ എട്ടാം വെള്ളി** (Propria Vol.I. page 230)

**സകല മരിച്ചവരുടെയും തിരുനാൾ**

നിയ 30:15-20 ജീവനോ മരണമോ തിരഞ്ഞെടുക്കുക.
സുഭാ 15:19-25 വിവേകിയുടെ വഴി പാതാളത്തെ വിട്ടകലുന്നു.
വെളി 20:11-15 മരിച്ചവരുടെ വിധി.
യോഹ 5:19-29 നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായി പുറത്തുവരും.

**വാഴ്ത്തപ്പെട്ട സി. റാണി മരിയ**

ഉത്പ 22:1-13 അബ്രാഹത്തിന്റെ ബലി. *പ്ര. ഗ്ര. പേജ്* 351.
2 മക്ക 7:1-11 അമ്മയും ഏഴു സഹോദരന്മാരും. *പ്ര. ഗ്ര. പേജ്* 352.
2 കോറി 4:7-15 ഈശോയ്ക്കുവേണ്ടി പീഡസഹിക്കുക. *പ്ര. ഗ്ര. പേജ്* 349.
മത്താ 10:16-25 സുവിശേഷത്തിന് സാക്ഷ്യം വഹിക്കുക. *പ്ര. ഗ്ര. പേജ്* 395.

26 ശ **ദനഹാ എട്ടാം ശനി**

1 കോറി 15:35-50 ഉയിർപ്പ് രക്ഷയുടെ പൂർത്തീകരണം.
മർക്കോ 12:18-27 മരിച്ചവരുടെ ഉത്ഥാനം.

## നോമ്പുകാലം (സൗമാ റമ്പാ)

ഈശോയുടെ നാല്പതുദിവസത്തെ ഉപവാസമാണ് വലിയ നോമ്പാചരണത്തിന്റെ അടിസ്ഥാനം. ഉപവാസവും പ്രാർഥനയും കൊണ്ടു സാത്താനെ പുറത്താക്കാനും പ്രലോഭനങ്ങളെ അതിജീവിക്കാനും കഴിയുമെന്ന ഉറപ്പാണ് നോമ്പുകാലം നമുക്കു നല്കുന്നത്.

ദ്രവ്യാസക്തി പാപകാരണമാകുന്നുവെന്നും ദൈവദാനമായ സമ്പത്ത് ശരിയായി വിനിയോഗിക്കണമെന്നും നമുക്കുള്ളവ മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്നും അങ്ങനെ മാനസാന്തരത്തിലൂടെ രക്ഷയുടെ അനുഭവം സ്വന്തമാക്കണമെന്നും ഈ കാലം നമ്മെ പഠിപ്പിക്കുന്നു. സർവവും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ച ശ്ലീഹന്മാരെപ്പോലെ ദൈവത്തെ സമ്പത്തായി സ്വീകരിക്കുന്നവനാണ് യഥാർഥശിഷ്യൻ എന്ന ഉൾക്കാഴ്ചയും ഈ കാലം നമുക്കു നല്കുന്നുണ്ട്.

www.malankaralibrary.com

മാനസാന്തരം, ധർമദാനം, പ്രാർഥന, ഉപവാസം എന്നിവയി ലൂടെ ആർജിച്ചെടുക്കേണ്ട വിശുദ്ധി നോമ്പുകാലത്തെ പ്രഘോഷണവിഷയമാണ്. ശരീരത്തിന്റെ വിശുദ്ധി പ്രധാ നമാണ്; അതിലുപരിയാണ് ഹൃദയവിശുദ്ധിയെന്ന് ഈ കാലം നമ്മെ പഠിപ്പിക്കുന്നു.

പാപം ഏറ്റുപറയുമ്പോഴാണ് രക്ഷ കരഗതമാകുന്നത്. പാപത്തിന്റെ ചെളിപുരണ്ട പുറങ്കുപ്പായം ഊരി ദൂരെയെറിയുന്ന വർക്കു മാത്രമേ മിശിഹായെ അനുഗമിക്കാനാവൂ. നമ്മുടെ വിശുദ്ധീകരണമാണ് ദൈവഹിതമെന്ന് വ്യക്തമാക്കുന്നതോ ടൊപ്പം ഈശോമിശിഹായുടെ ശരീരത്തിന്റെ ഏകസമർപ്പ ണത്താലാണ് നമ്മുടെ വിശുദ്ധീകരണം സാധ്യമാകുന്നതെന്നും സഭ ഉദ്ബോധിപ്പിക്കുന്നു.

ഇച്ഛിക്കാത്ത തിന്മ ചെയ്യാൻ ശരീരം നമ്മെ പ്രേരിപ്പിക്കുമ്പോൾ പാപംചെയ്യാതെ ജീവിക്കുക എന്നത് വലിയ സഹനമാണ്. പുണ്യപൂർണതയ്ക്കുവേണ്ടിയുള്ള ഈ സഹനമാണ് നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നത്. നമുക്ക് ഉണ്ടാകുന്ന സഹനങ്ങളും നാം ഏറ്റെടുക്കുന്ന ത്യാഗങ്ങളും വിശ്വാസ വളർച്ചയ്ക്കും മിശിഹായോട് ഐക്യപ്പെടുന്നതിനും സഹായ കമാകണം. മിശിഹായുടെ സഹനത്തോടു വിശ്വാസപൂർവം ചേർന്നുനില്ക്കുമ്പോഴാണ് ഉത്ഥാനാനുഭവത്തിലേക്കു പ്രവേ ശിക്കാൻ സാധിക്കുന്നതെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു.

27 ഞാ ✠ **നോമ്പ് ഒന്നാം ഞായർ** (Propria Vol.II. p.321)

*ഇന്ന് പാതിരാമുതൽ നോമ്പാരംഭം (നാളെ ഉപവാസദിനം)*

*നാളെ മുതൽ ഉയിർപ്പുവരെ വിവാഹാഘോഷം മുടക്ക്.*

പുറ 24:12-18 മൂശെ നാല്പതുദിവസം സീനായ്മലയിൽ.

പ്രഭാ 2:1-11 കർത്താവിൽ ആശ്രയിച്ച് പ്രലോഭനങ്ങളെ നേരിടുക.

ഹെബ്രാ 2:10-18 പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ കഴിവുള്ളവൻ.

ലൂക്കാ 4:1-13 മിശിഹായുടെ നാല്പതുദിവസത്തെ ഉപവാസം.

www.malankaralibrary.com

28 തി **നോമ്പ് ഒന്നാം തിങ്കൾ**

*നോമ്പാരംഭം (ഉപവാസദിനം)*

ഉത്പ 3:1-13 ആദവും ഹവ്വായും പരീക്ഷിക്കപ്പെടുന്നു.
ജ്ഞാനം 12:16-20 അനുതാപം നല്കുന്ന ദൈവം.
റോമാ 12:1-8 മനസ്സിന്റെ നവീകരണംവഴി രൂപാന്തരീകരണം.
മത്താ 21:28-32 പശ്ചാത്തപിച്ച് പിതാവിന്റെ ഇഷ്ടം നിറവേറ്റിയ പുത്രൻ.

www.malankaralibrary.com

# 2022 മാർച്ച്
# നോമ്പുകാലം

1 ചൊ **നോമ്പ് ഒന്നാം ചൊവ്വ**

1 രാജാ 8:41-50 അനുതപിച്ച് പ്രാർഥിക്കുക.
നെഹ 8:17-9: 3 ജനം പാപം ഏറ്റുപറയുന്നു.
ശ്ലീഹ 8:14-25 അനുതാപത്തിലൂടെയും പ്രാർഥനയിലൂടെയും കൈവരുന്ന ദൈവദാനം.
മർക്കോ 9:14-29 പ്രാർഥനയുടെയും ഉപവാസത്തിന്റെയും പ്രാധാന്യം.

2 ബു **നോമ്പ് ഒന്നാം ബുധൻ**

മലാ 2:1-9 പുരോഹിതന്മാർക്കു താക്കീത്.
ശ്ലീഹ 5:1-11 അനനിയാസും സഫീറായും.
യാക്കോ 4:1-10 ലൗകികതൃഷ്ണ ദൈവത്തോടുള്ള ശത്രുത.
മത്താ 18:1-10 ഇടർച്ച നല്കുന്നവനു ദുരിതം.

3 വ്യാ **നോമ്പ് ഒന്നാം വ്യാഴം**

1 മക്ക 2:49-61 മത്താത്തിയാസിന്റെ അന്ത്യശാസനം.
ജോബ് 23:8-14 പരീക്ഷിച്ചുകഴിയുമ്പോൾ ഞാൻ സ്വർണം പോലെ പ്രകാശിക്കും.
1 തെസ 2:17-3:5 ഞങ്ങളുടെ പ്രതീക്ഷയും സന്തോഷവും പ്രശംസയുടെ കിരീടവും നിങ്ങളാണ്.
ലൂക്കാ 22:24-30 എന്റെ പരീക്ഷകളിൽ എന്നോടൊപ്പം നിന്നവരാണു നിങ്ങൾ.

4 വെ **നോമ്പ് ഒന്നാം വെള്ളി**

*ആദ്യവെള്ളി*
പ്രഭാ 44:19-23 പരീക്ഷിക്കപ്പെട്ടപ്പോൾ വിശ്വസ്തത തെളിയിച്ചവർ.
ജറെ 17:5-10 ഹൃദയത്തെ പരീക്ഷിക്കുന്നവൻ.
യാക്കോ 1:12-18 പരീക്ഷകളെ അതിജീവിക്കുന്നവന് ജീവന്റെ കിരീടം.
ലൂക്കാ 22:39-46 പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർഥിക്കുക.

www.malankaralibrary.com

5 ശ **നോമ്പ് ഒന്നാം ശനി**
2 കോറി 2:5-11 അപരാധിക്കു മാപ്പ്.
ലൂക്കാ 15:11-24 ധൂർത്തപുത്രന്റെ ഉപമ.

6 ഞാ ✠ **നോമ്പ് രണ്ടാം ഞായർ** (Propria Vol.II. page 333)
ഉത്പ 13:1-13 സമ്പത്ത് ഉപേക്ഷിച്ച് ദൈവത്തിലാശ്രയിക്കുന്നവൻ.
പ്രഭാ 31:1-11 സമ്പത്തിന്റെ ഉപയോഗം.
1 തിമോ 6:3-10 ദ്രവ്യാഗ്രഹം മൂലപാപം.
ലൂക്കാ 19:1-10 സക്കേവൂസിന്റെ മാനസാന്തരം.

7 തി **നോമ്പ് രണ്ടാം തിങ്കൾ**
യാക്കോ 2:1-9 ധനികരോടും ദരിദ്രരോടും വേണ്ട സമീപനം.
ലൂക്കാ 16:19-31 ധനവാനും ലാസറും.

8 ചൊ **നോമ്പ് രണ്ടാം ചൊവ്വ**
യാക്കോ 5:1-6 ധനികർക്കെതിരേ മുന്നറിയിപ്പ്.
ലൂക്കാ 18:18-30 സമ്പത്തും ശിഷ്യത്വവും.

9 ബു **നോമ്പ് രണ്ടാം ബുധൻ**
1 തിമോ 6:17-21 ബുദ്ധിശൂന്യമായ ധനമോഹം.
ലൂക്കാ 12:13-21 ധനികന്റെ വ്യർഥസുരക്ഷിതത്വം.

10 വ്യാ **നോമ്പ് രണ്ടാം വ്യാഴം**
റോമാ 8:1-6 ആത്മാവിൽ മനസ്സുവയ്ക്കുക.
മത്താ 6:19-24 നിക്ഷേപം എവിടെയോ അവിടെയായിരിക്കും ഹൃദയം.

11 വെ **നോമ്പ് രണ്ടാം വെള്ളി**
നിയ 8:11-18 സമ്പത്ത് ദൈവദാനം
പ്രഭാ 29:1-2; 10-13 കടവും ദാനധർമവും
യാക്കോ 1:9-11, 4:13-16 ദരിദ്രനും ധനവാനും
ലൂക്കാ 14:7-14 സ്ഥാനമാനങ്ങളുടെയും സമ്പത്തിന്റെയും വിനിയോഗം.

12 ശ **നോമ്പ് രണ്ടാം ശനി**
ഫിലി 3:4-11 മിശിഹായെപ്രതി സകലതും നഷ്ടപ്പെടുത്തി.
ലൂക്കാ 5:1-11 സർവവും ഉപേക്ഷിച്ച് മിശിഹായെ അനുഗമിച്ചവർ.

www.malankaralibrary.com

13 ഞാ ✠ **നോമ്പ് മൂന്നാം ഞായർ** (Propria Vol.II.p.341)
നിയ 15:7-15 ഉദാരമായി ദാനംചെയ്യുക.
തോബി 12:6-15 ഉപവാസം, ദാനധർമം, പ്രാർഥന, നീതി.
2 കോറി 8:9-15 കഴിവനുസരിച്ചു ദാനംചെയ്യുക.
മത്താ 6:1-8; 16-18 ധർമദാനം, പ്രാർഥന, ഉപവാസം.

14 തി **നോമ്പ് മൂന്നാം തിങ്കൾ**
ഫിലി 4:10-20 ദൈവം നിങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുതരും.
മർക്കോ 9:33-41 മിശിഹായുടെ നാമത്തിൽ ചെയ്യുന്ന പ്രവൃത്തിക്ക് പ്രതിഫലം. .

15 ചൊ **നോമ്പ് മൂന്നാം ചൊവ്വ**
2 കോറി 9:1-5 സമ്മർദം കൂടാതെയുള്ള ഉദാരദാനം.
മർക്കോ 12:38-44 വിധവയുടെ നാണയത്തുട്ടുകൾ.

16 ബു **നോമ്പ് മൂന്നാം ബുധൻ**
2 കോറി 9:6-10 ഏറെ വിതയ്ക്കുന്നവൻ ഏറെ കൊയ്യും.
ലൂക്കാ 6:32-38 കൊടുക്കുവിൻ നിങ്ങൾക്കും കിട്ടും.

17 വ്യാ **നോമ്പ് മൂന്നാം വ്യാഴം**
യാക്കോ 2:10-17 പ്രവൃത്തിരഹിതമായ വിശ്വാസം നിർജീവം.
മത്താ 7:21-28 സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുക.

18 വെ **നോമ്പ് മൂന്നാം വെള്ളി**
സുഭാ 8:12-21 എന്നെ സ്നേഹിക്കുന്നവരെ ഞാൻ സമ്പന്നരാക്കി.
ആമോ 5:1-7 കർത്താവിനെ അന്വേഷിക്കുവിൻ.
2 കോറി 9:11-15 ഉദാരശീലരാകാൻവേണ്ടി സമ്പന്നരാക്കപ്പെട്ടവർ.
ലൂക്കാ 12:29-34 ദൈവരാജ്യം അന്വേഷിക്കുവിൻ.
**ജറുസലെമിലെ വി. സിറിൽ** (Propria Vol.IV. page 931)
നിയ 4:1-8 വിശ്വസ്തത പുലർത്തുക.
പ്രഭാ 39:6-14 കർത്താവിന്റെ ഉടമ്പടിയിൽ അഭിമാനിക്കുക.
1 കോറി 10:14-21 വിഗ്രഹാരാധന ഉപേക്ഷിക്കുക.
മത്താ 10:23-28 നിർഭയം സാക്ഷ്യം വഹിക്കുക.

www.malankaralibrary.com

19 ശ **നോമ്പ് മൂന്നാം ശനി**

*പാലാത്തറ മാർ സൈമൺ സ്റ്റോക്ക് മെത്രാന്റെ അഭിഷേകം* (1993).

**വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ**

(Propria Vol.II. page 467)

*പവ്വത്തിൽ മാർ ജോസഫ്, പെരുന്തോട്ടം മാർ ജോസഫ് എന്നീ മെത്രാപ്പോലീത്താമാരുടെയും പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ്, കുന്നത്ത് മാർ ജോസഫ്, കല്ലറങ്ങാട്ട് മാർ ജോസഫ്, പൊരുന്നേടം മാർ ജോസ്, പണ്ടാരശ്ശേരി മാർ ജോസഫ്, അരുമച്ചാടത്ത് മാർ ജോസഫ്, ചിറ്റൂപറമ്പിൽ മാർ ജോസ്, കൊല്ലംപറമ്പിൽ മാർ ജോസഫ്, പുത്തൻവീട്ടിൽ മാർ ജോസ്, കൊടകല്ലിൽ മാർ ജോസഫ്, കല്ലുവേലിൽ മാർ ജോസ്, പുളിക്കൽ മാർ ജോസ്, സ്രാമ്പിക്കൽ മാർ ജോസഫ്, പാംപ്ലാനി മാർ ജോസഫ് എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*

ഉത്പ 41:37-43 യൗസേപ്പ് ഈജിപ്തിന്റെ അധിപൻ.

ഏശ 41:8-16 യാക്കോബേ, ഞാൻ നിന്നെ തിരഞ്ഞെടുത്തു.

എഫേ 6:14-20 നീതിയാകുന്ന പടച്ചട്ട ധരിക്കുവിൻ.

മത്താ 1:18-25 നീതിമാനായ യൗസേപ്പ്.

20 ഞാ ✠ **നോമ്പ് നാലാം ഞായർ** (Propria Vol.II. page 348)

ഉത്പ 19:1-11 സോദോമിന്റെ പാപം.

2 സാമു 12:1-7; 13-17 ദാവീദിന്റെ അനുതാപം.

2 തിമോ 2:22-26 വിശുദ്ധഹൃദയത്തോടെ കർത്താവിനെ വിളിക്കുക.

മത്താ 5:27-32 വിശുദ്ധി പാലിക്കുക.

21 തി **നോമ്പ് നാലാം തിങ്കൾ**

പുറ 19:9-15 ജനത്തെ ശുദ്ധീകരിക്കുക.

എസെ 22:6-15 നിന്റെ അശുദ്ധി ഞാൻ തുടച്ചുമാറ്റും.

2 പത്രോ 1:1-9 ലൗകികദുരാശകളിൽനിന്ന് ഓടിയകലുക.

മർക്കോ 7:14-23 മനുഷ്യനെ അശുദ്ധനാക്കുന്നവ.

www.malankaralibrary.com

22 ചൊ **നോമ്പ് നാലാം ചൊവ്വ**

പുറ 3:1-6 നീ നില്ക്കുന്ന സ്ഥലം പരിശുദ്ധമാണ്.

പ്രഭാ 4:11-18 ജ്ഞാനത്തെ സേവിക്കുന്നവൻ പരിശുദ്ധനായവനെ സേവിക്കുന്നു.

ഹെബ്രാ 12:14-17 വിശുദ്ധി പ്രാപിക്കാതെ കർത്താവിനെ കാണാൻ സാധിക്കയില്ല.

ലൂക്കാ 11:33-41 പ്രകാശമുള്ളവരായിരിക്കുക.

23 ബു **നോമ്പ് നാലാം ബുധൻ**

*മേജർ ആർച്ച് ബിഷപ്പ് പടിയറ മാർ ആന്റണി മെത്രാപ്പോലീത്തായുടെ ചരമം (2000).*

*നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ നാമഹേതുകദിനം.*

1 രാജാ 19:19-21 ഏലീഷാ ഏലിയായെ അനുഗമിക്കുന്നു.

ജോബ് 22:23-30 നിന്റെ കരങ്ങളുടെ നൈർമല്യംമൂലം നീ രക്ഷിക്കപ്പെടും.

വെളി 3:1-6 ധവളവസ്ത്രധാരികൾ എന്റെകൂടെ നടക്കും.

മർക്കോ 10:46-52 പുറങ്കുപ്പായം ദൂരെയെറിഞ്ഞ് ഈശോയെ അനുഗമിച്ചു.

24 വ്യാ **നോമ്പ് നാലാം വ്യാഴം**

പുറ 29:31-37 പാപപ്പരിഹാരബലി അർപ്പിക്കുക.

2 മക്ക 1:24-29 ഇസ്രായേൽ മക്കളെ പവിത്രീകരിക്കണമേ.

1 തെസ 4:1-8 ഇതാണു ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം.

ലൂക്കാ 5:12-16 കുഷ്ഠരോഗിയെ ശുദ്ധനാക്കുന്നു.

25 വെ **നോമ്പ് നാലാം വെള്ളി**

*ചിറയത്ത് മാർ ആന്റണി മെത്രാന്റെ അഭിഷേകം (2006).*

**മംഗളവാർത്തത്തിരുനാൾ** (Propria Vol. II. page 475)

ഉത്പ 3:1-7; 14-15 സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും.

ഏശ 7:10-15 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും

ഗലാ 4:1-7 അവൻ സ്ത്രീയിൽനിന്നു ജാതനായി.

ലൂക്കാ 1:26-38 രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.

www.malankaralibrary.com

26 ശ **നോമ്പ് നാലാം ശനി**
വെളി 3:14-22 അനുതപിക്കുക, ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു.
ലൂക്കാ 24:44-49 പാപമോചനത്തിനായുള്ള അനുതാപം പ്രസംഗിക്കപ്പെടും.

27 ഞാ ✠ **നോമ്പ് അഞ്ചാം ഞായർ** (Propria Vol.II.p. 355)
ഉത്പ 4:8-16 കായേന്റെ അനുതാപം.
1 സാമു 24:1-8 ക്ഷമിക്കുന്ന സ്നേഹം.
1 യോഹ 1:5-10 പാപം ഏറ്റുപറയുമ്പോൾ രക്ഷ.
യോഹ 8:1-11 പാപിനിക്ക് രക്ഷ.

28 തി **നോമ്പ് അഞ്ചാം തിങ്കൾ**
*പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം (1995).*
എഫേ 4:1-6 ആത്മാവിന്റെ ഐക്യം നിലനിറുത്തുക.
ലൂക്കാ 17:1-6 പശ്ചാത്തപിക്കുന്നവനോടു ക്ഷമിക്കുക.

29 ചൊ **നോമ്പ് അഞ്ചാം ചൊവ്വ**
1 പത്രോ 3:8-12 പ്രതികാരം ചെയ്യാതെ അനുഗ്രഹിക്കുവിൻ.
മത്താ 5:38-48 ശത്രുക്കളെ സ്നേഹിക്കുവിൻ.

30 ബു **നോമ്പ് അഞ്ചാം ബുധൻ**
1 തെസ 5:12-18 സമൂഹജീവിതം.
മത്താ 18:15-20 സഹോദരരോടുള്ള ഉത്തരവാദിത്വം.

31 വ്യാ **നോമ്പ് അഞ്ചാം വ്യാഴം**
1 കോറി 13:1-8; 13 സ്നേഹം ക്ഷമിക്കുന്നു.
മത്താ 18:21-35 സഹോദരരോടു ഹൃദയപൂർവം ക്ഷമിക്കുക.

www.malankaralibrary.com

## 2022 ഏപ്രിൽ

# നോമ്പ് - ഉയിർപ്പ് കാലങ്ങൾ

1 വെ **നോമ്പ് അഞ്ചാം വെള്ളി**

*ആദ്യവെള്ളി*

*മേജർ ആർച്ചുബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തായുടെ ചരമം (2011).*

സംഖ്യ 29:1-6 കോലാടിനെ പാപപ്പരിഹാരബലിയായി അർപ്പിക്കണം.

എസ്രാ 8:31-35 ഇസ്രായേലിന്റെ ദൈവത്തിനുള്ള ബലികൾ.

ഹെബ്രാ 9:23-28 മിശിഹാ അനേകരുടെ പാപങ്ങൾ വഹിച്ചു ബലിയർപ്പിക്കപ്പെട്ടു.

മത്താ 20:20-28 മോചനദ്രവ്യമായി സ്വജീവൻ അർപ്പിക്കാൻ വന്നവൻ.

2 ശ **നോമ്പ് അഞ്ചാം ശനി**

1 കോറി 2:1-8 മഹത്ത്വത്തിന്റെ കർത്താവിനെ അവർ ക്രൂശിക്കുമായിരുന്നില്ല.

മത്താ 17:1-9 ഈശോയുടെ തേജസ്കരണം.

3 ഞാ ✠ **നോമ്പ് ആറാം ഞായർ** (Propria Vol.II. page 362)

നിയ 8:1-10 സഹനം കർത്താവിന്റെ ശിക്ഷണം.

2 മക്ക 6:18-31 വിശ്വാസത്തിനുവേണ്ടിയുള്ള സഹനം.

1 പത്രോ 4:12-19 സഹനം മിശിഹായോടുള്ള ഐക്യം.

മർക്കോ 8:31-9:1 സഹനം രക്ഷാകരം.

4 തി **നോമ്പ് ആറാം തിങ്കൾ**

*കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ ചരമം (1995).*

*വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ മെത്രാപ്പോലീത്തായുടെ ചരമം (2006).*

1 പത്രോ 2:18-23 നന്മ ചെയ്തിട്ടു കഷ്ടതകൾ സഹിക്കുക.

മത്താ 12:15-21 ഈശോ ദൈവദാസൻ.

www.malankaralibrary.com

5 ചൊ **നോമ്പ് ആറാം ചൊവ്വ**
*നെല്ലിക്കുന്നേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2018).*
കൊളോ 1:24-29 മിശിഹായുടെ മൗതികശരീരമായ സഭ.
യോഹ 15:18-27 എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും.

6 ബു **നോമ്പ് ആറാം ബുധൻ**
*പോത്തനാമുഴി മാർ എമ്മാനുവേൽ മെത്രാന്റെ ചരമം (2003).*
റോമാ 8:31-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആര് എന്നെ വേർപെടുത്തും.
മത്താ 10:17-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ ജീവിക്കും.

7 വ്യാ **നോമ്പ് ആറാം വ്യാഴം**
*ഞരളക്കാട്ട് മാർ ജോർജ് മെത്രാന്റെ അഭിഷേകം (2010).*
2 തിമോ 1:6-14 സുവിശേഷത്തെപ്രതിയുള്ള ക്ലേശങ്ങൾ സഹിക്കുക.
മർക്കോ 10:32-34 സഹനവും ഉത്ഥാനവും : മൂന്നാം പ്രവചനം.

8 വെ **നോമ്പ് ആറാം വെള്ളി**
*ഇഞ്ചനാനിയിൽ മാർ റെമീജിയൂസ് മെത്രാന്റെ അഭിഷേകം (2010).*
1 രാജാ 17:17-24 ഏലിയാ വിധവയുടെ മകനെ ഉയിർപ്പിക്കുന്നു.
ശ്ലീഹ 9:36-42 ശെമയോൻ തബീത്തായെ ഉയിർപ്പിക്കുന്നു.
റോമാ 5:12-17 ഈശോമിശിഹാവഴി ജീവൻ.
യോഹ 11:32-44 ലാസറിനെ ഉയിർപ്പിക്കുന്നു.

9 ശ **നോമ്പ് ആറാം ശനി**
2 കോറി 2:14-17 ഞങ്ങൾ മിശിഹായുടെ പരിമളം.
യോഹ 12:1-11 ബെഥാനിയായിലെ തൈലാഭിഷേകം.

10 ഞാ ✠ **ഓശാന ഞായർ (നോമ്പ് ഏഴാം ഞായർ)**
*തട്ടിൽ മാർ റാഫേൽ മെത്രാന്റെ അഭിഷേകം (2010).*
*(ഓശാന ഞായർ കർമക്രമം കാണുക).*
പുറ 15:1-3; 11-15; 20-21 മൂശെയുടെ കീർത്തനം.
ഏശ 62:10-12, 63:1-4 ഇതാ, നിന്റെ രക്ഷകൻ വരുന്നു.
ഗലാ 4:12-20 ഈശോമിശിഹായെ എന്നപോലെ നിങ്ങൾ എന്നെ സ്വീകരിച്ചു.
ലൂക്കാ 19:28-40 ഈശോയുടെ ജറുസലേം പ്രവേശനം.

www.malankaralibrary.com

11 തി **നോമ്പ് ഏഴാം തിങ്കൾ**

*ആലപ്പാട്ട് മാർ പോൾ മെത്രാന്റെ അഭിഷേകം (2010).*

1 രാജാ 9:1-9 കല്പന പാലിക്കാതിരുന്നാൽ ഈ ആലയം നാശകൂമ്പാരമാകും.

വിലാ 2:1-7 ഇസ്രായേലിന്റെ മഹത്ത്വം ഇല്ലാതാക്കുന്നു.

റോമാ 11:17-24 ഒലിവുമരം നല്കുന്ന പാഠം.

ലൂക്കാ 19:41-48 ജറുസലേമിന്റെ നാശത്തെപ്പറ്റി പ്രവചനം.

12 ചൊ **നോമ്പ് ഏഴാം ചൊവ്വ**

*വാണിയക്കിഴക്കേൽ മാർ മാത്യു മെത്രാന്റെ അഭിഷേകം (2000).*

ഉത്പ 37:5-24 യൗസേപ്പിനെ പൊട്ടക്കിണറ്റിൽ തള്ളിയിടുന്നു.

2 ദിന 24:17-22 സഖറിയായെ ദൈവാലയാങ്കണത്തിൽവച്ചു കൊല്ലുന്നു.

ഹെബ്രാ 13:10-16 പട്ടണത്തിനു വെളിയിൽവച്ചു പീഢ സഹിച്ച ഈശോ.

ലൂക്കാ 20:9-19 അവർ അവനെ മുന്തിരിത്തോട്ടത്തിനു പുറത്തു കൊണ്ടുപോയി കൊന്നുകളഞ്ഞു.

13 ബു **നോമ്പ് ഏഴാം ബുധൻ**

ഉത്പ 45:3-15 ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത്.

ജറെ 20:7-13 ജറെമിയായുടെ സഹനവും ഹൃദയത്തെ ദഹിപ്പിക്കുന്ന അഗ്നിയും.

2 കോറി 5:1-10 ശാരീരികഭവനത്തിന്റെ നാശവും നിത്യജീവിതത്തിലുള്ള പ്രത്യാശയും.

യോഹ 12:20-36 ഗോതമ്പുമണി നിലത്തുവീണ് അഴിയണം.

14 വ്യാ **പെസഹാവ്യാഴം**

*ചക്യത്ത് മാർ തോമസ് മെത്രാന്റെ അഭിഷേകം* (1998).

*ഇന്ന് മാർ നെസ്തോറിയസിന്റെ കൂദാശക്രമം വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*

*(പെസഹാവ്യാഴകർമ്മക്രമം കാണുക).*

*ഇന്ന് പള്ളികളിൽ ഒരു കുർബാന മാത്രം. കുർബാനയ്ക്കു പുറമേ രോഗികൾക്കുമാത്രം വി. കുർബാന നല്കുന്നു.*

www.malankaralibrary.com

പുറ 12:1-14; 21-28 ഇസ്രായേൽ പെസഹാ ആചരിക്കുന്നു.
എസെ 45:18-25 ഒന്നാം മാസം പതിന്നാലാം ദിവസം.
1 കോറി 5:6-8, 11:23-30 കർത്താവിന്റെ അത്താഴത്തിന്റെ അനുസ്മരണം.
ലൂക്കാ 22:7-13 + യോഹ 13:1-15 + ലൂക്കാ 22:15-21 പെസഹാഭക്ഷണം.

15 വെ **പീഡാനുഭവവെള്ളി** *(പീഡാനുഭവവെള്ളി കർമ്മക്രമം കാണുക).*
*ഉപവാസദിനം*
ഉത്പ 22:1-19 ഇസഹാക്കിനെ ബലികഴിക്കാൻ ഒരുങ്ങുന്ന അബ്രാഹം.
ഏശ 53:1-12 ബലിയ്ക്കായുള്ള കുഞ്ഞാടിനെപ്പോലെ കൊണ്ടുപോകപ്പെട്ടവൻ
ശ്ലീഹ 8:26-39 മിശിഹായുടെ മരണം പ്രവചനപൂർത്തീകരണം
ലൂക്കാ 22:63-23:12 + മത്താ 27:19 + ലൂക്കാ 22:13-23 + മത്താ 27:24-25 + ലൂക്കാ 23:24-45 + മത്താ 27:51-54 + യോഹ 19:23-42 കർത്താവിന്റെ പീഡാനുഭവം.

16 ശ **വലിയ ശനി**
*മറ്റം മാർ അബ്രാഹം മെത്രാന്റെ ചരമം (2019)*
*(വലിയ ശനി കർമ്മക്രമം കാണുക).*
*ഇന്നു മുതൽ ത്രിത്വത്തിന്റെ തിരുനാൾവരെ ത്രികാലജപം 'സ്വർല്ലോകരാജ്ഞി'.*
നിയ 34:1-9 മൂശെയുടെ മരണവും സംസ്കാരവും.
യോനാ 1:1-17 യോനാ മത്സ്യത്തിന്റെ ഉദരത്തിൽ.
ഹെബ്രാ 6:1-8 മാമോദീസാ സ്വീകരിച്ചവർ വീഴാതിരിക്കട്ടെ.
മത്താ 27:62-66 കല്ലറയ്ക്കു കാവൽ.

www.malankaralibrary.com

# ഉയിർപ്പുകാലം (ഖ്യംത)

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരുനാൾ. നിഖ്യാസൂനഹദോസിന്റെ (325) കാലംമുതൽ, സാർവത്രികസഭയിൽ ഈ തിരുനാൾ ആഘോഷിക്കുന്നത്, മാർച്ച് 21-ാം തീയതി കഴിഞ്ഞുവരുന്ന പൂർണചന്ദ്രദിനത്തിനു ശേഷമുള്ള (വെളുത്ത വാവ്) ആദ്യഞായറാഴ്ചയാണ്.

ഉത്ഥാനംമുതൽ പന്തക്കുസ്താവരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ സഭ അനുസ്മരിക്കുന്നു. പൗരസ്ത്യസഭകൾ ഉയിർപ്പുകാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ചയിൽ സകലവിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നു. ഉയിർപ്പിന്റെ എട്ടാം ദിനമായ പുതുഞായർ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനദിനമാണ്.

സഭയെ നയിക്കാൻ ശെമയോൻ കേപ്പായെയും മറ്റു ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും ചുമതലപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ, ലോകാവസാനംവരെ തന്റെ ശ്ലീഹന്മാരോടും പിൻഗാമികളോടും തന്റെ ജനത്തോടുംകൂടെയുണ്ട് എന്ന സദ്വാർത്തയും ഈ കാലം നമുക്കു നല്കുന്നു.

ഉയിർപ്പുകഴിഞ്ഞ് 40-ാം ദിവസം കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ, സ്വർഗരാജ്യപ്രവേശനവുമായി അഭേദ്യം ബന്ധപ്പെട്ടുനില്ക്കുന്ന നിത്യജീവനും ഉയിർപ്പും ഈ കാലത്തിലെ വിചിന്തനവിഷയങ്ങളാണ്. നിത്യജീവൻ പ്രാപിക്കാൻ ഏകരക്ഷകനായ മിശിഹായുടെ അടുക്കലാണ് ചെല്ലേണ്ടത് എന്ന സത്യവും ഈ കാലത്തിൽ പ്രഘോഷിക്കപ്പെടുന്നു.

സ്വർഗാരോഹണത്തോടനുബന്ധിച്ച് ഈശോ ശിഷ്യന്മാർക്കു നല്കിയ നിർദേശമനുസരിച്ച് സദാസമയവും ദൈവാലയത്തിൽ പ്രാർഥിച്ചിരിക്കുന്ന ശിഷ്യരെയും സഭ ഇവിടെ നമുക്കു

www.malankaralibrary.com

പരിചയപ്പെടുത്തുന്നുണ്ട്. സ്വർഗവും ഭൂമിയും സന്ധിക്കുന്ന കർത്താവിന്റെ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താ അനുഭവത്തിനായി കാത്തിരിക്കാനാണ് സഭാമാതാവ് നമ്മോടും ആവശ്യപ്പെടുന്നത്.

17 ഞാ ✠ **നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ഉയിർപ്പു തിരുനാൾ** *(ഉയിർപ്പുതിരുനാളിന്റെ കർമക്രമം കാണുക).*
*അത്തിക്കളം മാർ ജയിംസ് മെത്രാന്റെ അഭിഷേകം (2018).*
എസെ 37:1-10 അവർ ജീവൻ പ്രാപിച്ചു.
യോനാ 2:1-10 മത്സ്യം യോനായെ കരയിലേക്കു ഛർദിച്ചു.
ശ്ലീഹ 2:22-28 ദൈവം മിശിഹായെ ഉയിർപ്പിച്ചു.
യോഹ 20:1-10 ശൂന്യമായ കല്ലറ.
**ഉയിർപ്പ് ഒന്നാം ഞായർ** (Propria Vol.II. page 395)
*പഴയനിയമവായനകളും ലേഖനവായനയും ഉയിർപ്പുതിരുനാളിന്റേതുതന്നെ.*
യോഹ 20:1-18 മിശിഹാ ഉയിർത്തെഴുന്നേറ്റു.

18 തി **ഉയിർപ്പ് ഒന്നാം തിങ്കൾ**
*കണ്ണൂക്കാടൻ മാർ പോളി മെത്രാന്റെ അഭിഷേകം (2010).*
ജ്ഞാനം 6:12-19 പ്രഭാതത്തിലുണർന്ന് ജ്ഞാനം തേടുക.
ജറെ 31:10-14 ഞാൻ അവരുടെ വിലാപം ആഹ്ലാദമാക്കി മാറ്റും.
1 കോറി 15:23-28 ആദ്യഫലമായി മിശിഹാ ഉയിർത്തെഴുന്നേറ്റു.
യോഹ 20:11-23 ഉത്ഥിതന്റെ പ്രത്യക്ഷീകരണങ്ങൾ.

19 ചൊ **ഉയിർപ്പ് ഒന്നാം ചൊവ്വ**
1 ദിന 22:7-13 അവന്റെ കാലത്തു ശാന്തിയും സമാധാനവും.
സഖ 8:11-17 ഞാൻ സമാധാനം വിതയ്ക്കും.
കൊളോ 1:15-22 മിശിഹായുടെ സഹനവും മരണവുംവഴി സമാധാനം.
യോഹ 14:25-31 ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു.

www.malankaralibrary.com

20 ബു **ഉയിർപ്പ് ഒന്നാം ബുധൻ**
*എടയന്ത്രത്ത് മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2002).*
ഉത്പ 28:10-19 ബഥേലിൽ ദൈവം യാക്കോബിനു പ്രത്യക്ഷപ്പെടുന്നു.
തോബി 12:16-22 റഫായേൽ സ്വയം വെളിപ്പെടുത്തുന്നു.
ശ്ലീഹ 9:1-15 സാവൂളിന് ഈശോ പ്രത്യക്ഷപ്പെടുന്നു.
ലൂക്കാ 24:13-35 എമ്മാവൂസിലേക്കു പോയവർക്കു ദർശനം.

21 വ്യാ **ഉയിർപ്പ് ഒന്നാം വ്യാഴം**
പുറ 33:7-11 സ്നേഹിതനോടെന്നപോലെ മൂശെയോട് സംസാരിക്കുന്ന കർത്താവ്.
ഏശ 40:27-31 തളർന്നവന് ബലം നല്കുന്ന ദൈവം.
വെളി 1:10-18 മരിച്ചവനെങ്കിലും ഞാൻ ജീവിക്കുന്നവനാകുന്നു.
ലൂക്കാ 24:36-43 നിങ്ങൾ ഭയപ്പെടേണ്ട.

22 വെ **ഉയിർപ്പ് ഒന്നാം വെള്ളി**
**വേദസാക്ഷികളുടെ തിരുനാൾ**
**(സകല വിശുദ്ധരുടെയും തിരുനാൾ)** (PropriaVol.II. P. 406)
ദാനി 3:14-28 തീച്ചൂളയിലെ മൂന്നു യുവാക്കന്മാർ.
ശ്ലീഹ 6:8-15, 7:54-60 എസ്തപ്പാനോസിനെ വധിക്കുന്നു.
ഹെബ്രാ 11:1-6; 32-39 പൂർവികരുടെ വിശ്വാസം.
ലൂക്കാ 12:1-9 ഈശോയെ അംഗീകരിച്ചു പറയുന്നവരെ ഈശോ അംഗീകരിച്ചുപറയും.

23 ശ **ഉയിർപ്പ് ഒന്നാം ശനി**
*തറയിൽ മാർ തോമസ് മെത്രാന്റെ അഭിഷേകം (2017).*
2 കോറി 3:4-11 പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ.
ലൂക്കാ 24:44-48 നിങ്ങൾ ഇവയ്ക്കു സാക്ഷികളാണ്.
**വി. ഗീവർഗീസ് വേ. (24 ഞായർ)** (Propria Vol.I. page 289)
*മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, വലിയമറ്റം മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെയും, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, മാർ ജോർജ്ജ് രാജേന്ദ്രൻ, മഠത്തിക്കണ്ടത്തിൽ മാർ ജോർജ്ജ് എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*
1 മക്ക 2:15-22 വിശ്വാസം ഏറ്റുപറയുന്ന മത്താത്തിയാസ്.
ശ്ലീഹ 12:1-5 യാക്കോബ് ശ്ലീഹായുടെ രക്തസാക്ഷിത്വം.

www.malankaralibrary.com

2 കോറി 6:4-10 ദൈവത്തിന്റെ ദാസന്മാരായതിൽ അഭിമാനം.
മത്താ 16:21-27 ജീവൻ നഷ്ടപ്പെടുത്തുക.

24 ഞാ ✠ **ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)** (PropriaVol.II.p.416)
*പുന്നക്കോട്ടിൽ മാർ ജോർജ്ജ് (1977) കരോട്ടെമ്പ്രയിൽ മാർ ഗ്രിഗറി (1983) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
ലേവ്യ 26:1-13 ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്.
ഏശ 44:1-8 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
1 യോഹ 1:1-4 വചനത്തിന്റെ സാക്ഷികൾ.
യോഹ 20:24-31 തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം.

25 തി **ഉയിർപ്പ് രണ്ടാം തിങ്കൾ**
ഹെബ്രാ 10:19-25 വിശ്വാസത്തിന്റെ പ്രതീക്ഷയോടെ അടുത്തു ചെല്ലാം.
മത്താ 8:1- 4 മനസ്സുണ്ടെങ്കിൽ നിനക്ക് എന്നെ ശുദ്ധനാക്കാൻ കഴിയും.

**വി. മർക്കോസ് സുവിശേഷകൻ** (Propria Vol.I. page 131)
സംഖ്യ 12:1-8a മൂശെയോട് മുഖാഭിമുഖം ദൈവം സംസാരിക്കും.
ജറെ 1:4-10 എന്റെ വചനങ്ങൾ നിന്റെ നാവിൽ നിക്ഷേപിച്ചിരിക്കുന്നു.
2 തിമോ 4:6-18 സുവിശേഷപ്രഘോഷണത്തിന് സഹായിക്കുന്ന മർക്കോസ്.
മർക്കോ 16:15-20 ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കുവിൻ.

26 ചൊ **ഉയിർപ്പ് രണ്ടാം ചൊവ്വ**
*കുണ്ടുകുളം മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1998).*
റോമാ 3:27-31 വിശ്വസിക്കുന്ന എല്ലാവർക്കും നീതിമത്കരണം.
മത്താ 8:5-13 ശതാധിപന്റെ വിശ്വാസം.

27 ബു **ഉയിർപ്പ് രണ്ടാം ബുധൻ**
റോമാ 4:13-25 സാധ്യതയില്ലാതിരിക്കെ വിശ്വസിച്ച അബ്രാഹം.
മത്താ 9:18-26 നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.

www.malankaralibrary.com

28 വ്യാ **ഉയിർപ്പ് രണ്ടാം വ്യാഴം**
റോമാ 5:1-5 വിശ്വാസത്താൽ കൃപയിലേക്കു പ്രവേശനം.
മത്താ 15:21-28 കാനാൻകാരിയുടെ വലിയ വിശ്വാസം.

29 വെ **ഉയിർപ്പ് രണ്ടാം വെള്ളി**
യാക്കോ 5:13-20 വിശ്വാസത്തോടെയുള്ള പ്രാർഥന.
ലൂക്കാ 5:17-26 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു.
**സിയന്നായിലെ വി. കത്രീന** (Propria Vol.IV. page 912)
1 യോഹ 1:5-2:2 പാപം മായിക്കുന്ന മിശിഹാ.
മത്താ 11:25-30 രഹസ്യവും നിഗൂഢവുമായ ജ്ഞാനം.

30 ശ **ഉയിർപ്പ് രണ്ടാം ശനി**
ഗലാ 2:15-21 ദൈവപുത്രനിലുള്ള ശ്ലീഹായുടെ വിശ്വാസം.
യോഹ 9:35-41 ദൈവപുത്രനിൽ വിശ്വസിക്കുക.

www.malankaralibrary.com

## 2022 മെയ്

# ഉയിർപ്പുകാലം

1 ഞാ ✠ **ഉയിർപ്പ് മൂന്നാം ഞായർ** (Propria Vol.II. page 430)
*മാർ മാത്യു ആനിക്കുഴിക്കാട്ടിൽ മെത്രാന്റെ ചരമം (2020).*
*തൂങ്കുഴി മാർ ജേക്കബ് (1973), വലിയമറ്റം മാർ ജോർജ് (1988), താഴത്ത് മാർ ആൻഡ്രൂസ് (2004) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
പുറ 3:1-12 ആട്ടിടയനായ മൂശെയെ വിളിക്കുന്നു.
എസെ 34:20-26 ഞാൻ ഒരു ഇടയനെ നിയമിക്കും.
എഫേ 4:7-16 കൃപാവരങ്ങളുടെ വൈവിധ്യം.
യോഹ 21:15-19 പത്രോസ് അജപാലകൻ.
**തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ്**
(Propria Vol II. page 484)
ഉത്പ 3:17-19; 23-24 നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം നേടുക. *പ്ര. ഗ്ര. പേജ്* 276.
ജ്ഞാനം 9:10-18 അധ്വാനംകൂടാതെ ഒന്നും സാധ്യമല്ല. *പ്ര. ഗ്ര. പേജ്* 276.
കൊളോ 3:14-17 എല്ലാം കർത്താവിന്റെ നാമത്തിൽ ചെയ്യുക. *പ്ര. ഗ്ര. പേജ്* 303.
മത്താ 13:53-58 തച്ചന്റെ മകനായ ഈശോ. *പ്ര. ഗ്ര. പേജ്* 337.

2 തി **ഉയിർപ്പ് മൂന്നാം തിങ്കൾ**
*കല്ലറങ്ങാട്ട് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2004).*
1 യോഹ 2:1-6 ഈശോമിശിഹായെന്ന മധ്യസ്ഥൻ.
യോഹ 17:20-26 ഈശോ പിതാവിനും മനുഷ്യർക്കും ഇടയിലുള്ള മധ്യസ്ഥൻ.
**വി. അത്തനേഷ്യസ് മെ. മ.** (Propria Vol IV. page 931)
പുറ 29:1-9 അഭിഷേകക്രമം.
പ്രഭാ 45:6-8; 15-17 വിശുദ്ധതൈലംകൊണ്ട് അഭിഷേചിച്ചു നിയോഗിക്കപ്പെട്ടവൻ.
തീത്തോ 1:6-9 മെത്രാൻ ദൈവത്തിന്റെ കാര്യസ്ഥൻ.
യോഹ 10:14-18 ഞാൻ നല്ല ഇടയനാണ്.

www.malankaralibrary.com

3 ചൊ **ഉയിർപ്പ് മൂന്നാം ചൊവ്വ**

1 തിമോ 1:18-19, 2:1-7 എല്ലാവർക്കുംവേണ്ടി പ്രാർഥിക്കണം.
ലൂക്കാ 22:24-32 നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം.

**പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ**

(Propria Vol III. page 611)

ഉത്പ 32:22-30 ദൈവത്തെ ഞാൻ മുഖാഭിമുഖം കണ്ടു.
ശ്ലീഹ 8:26-40 പീലിപ്പോസും എത്യോപ്യാക്കാരനും.
എഫേ 1:12-17 മിശിഹാ അദൃശ്യനായ ദൈവത്തിന്റെ സാദൃശ്യം.
യോഹ 14:1-11 എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു.

4 ബു **ഉയിർപ്പ് മൂന്നാം ബുധൻ**

*ജോൺ മെഡ്ലിക്കോട്ട് മെത്രാന്റെ ചരമം (1918).*

കൊളോ 3:12-17 കൃതഞ്ജതയോടെ പ്രവർത്തിക്കുവിൻ.
ലൂക്കാ 1:46-56 ദൈവസ്തുതി പാടി ശുശ്രൂഷിക്കുന്ന മറിയം.

5 വ്യാ **ഉയിർപ്പ് മൂന്നാം വ്യാഴം**

എഫേ 6:1-9 കർത്താവിനെന്നപോലെ ശുശ്രൂഷ ചെയ്യുക.
മത്താ 20:17-28 ശുശ്രൂഷിക്കപ്പെടാനല്ല; ശുശ്രൂഷിക്കാൻ.

6 വെ **ഉയിർപ്പ് മൂന്നാം വെള്ളി**

*ആദ്യവെള്ളി*

2 തിമോ 2:22-26 കർത്താവിന്റെ ദാസൻ കലഹപ്രിയനാകരുത്.
മത്താ 24:45-51 വിവേകിയും വിശ്വസ്തനുമായ ഭൃത്യൻ.

**വി. ഡൊമിനിക് സാവിയോ**

1 യോഹ 2:14-17 ദൈവവചനം നിങ്ങളിൽ വസിക്കുന്നു.
ലൂക്കാ 18:15-17 ദൈവരാജ്യം ശിശുക്കൾക്ക്.

7 ശ **ഉയിർപ്പ് മൂന്നാം ശനി**

വെളി 3:15-22 എന്റെ സ്വരംകേട്ട് വാതിൽ തുറക്കുന്നവന്റെയടുക്കൽ ഞാൻ വരും.
യോഹ 10:14-16; 22-30 എന്റെ ആടുകൾ എന്റെ സ്വരം ശ്രവിക്കുന്നു.

www.malankaralibrary.com

8 ഞാ ✠ **ഉയിർപ്പ് നാലാം ഞായർ** (Propria Vol.II. page 430)
*ലോകദൈവവിളി പ്രാർത്ഥനാദിനം*
ജോഷ്വാ 1:1-9 കർത്താവ് നിന്റെകൂടെയുണ്ട്.
2 ദിന 15:1-7 കർത്താവിനോടു ചേർന്നിരുന്നാൽ കർത്താവു നമ്മോടുകൂടെ.
2 കോറി 13:5-10 ഈശോമിശിഹാ നിങ്ങളിലുണ്ട്.
മത്താ 28:16-20 ലോകാവസാനംവരെ ഞാൻ നിങ്ങളോടു കൂടെയുണ്ട്.

9 തി **ഉയിർപ്പ് നാലാം തിങ്കൾ**
വെളി 21:1-7 ദൈവം മനുഷ്യരുടെയിടയിൽ വസിക്കുന്നു.
യോഹ 14:15-24 പരിശുദ്ധത്രിത്വം വിശ്വാസികളിൽ വസിക്കും.

10 ചൊ **ഉയിർപ്പ് നാലാം ചൊവ്വ**
1 കോറി 3:18-23 നിങ്ങൾ മിശിഹായുടേതാകുന്നു.
മർക്കോ 3:13-19 മിശിഹായോടുകൂടെയായിരിക്കാനുള്ള വിളി.

11 ബു **ഉയിർപ്പ് നാലാം ബുധൻ**
ഫിലി 1:21-25 മിശിഹായോടുകൂടെ ആയിരിക്കാൻ ആഗ്രഹിക്കുന്ന ശ്ലീഹ.
യോഹ 1:35-42 അവർ അവനോടുകൂടെ അവിടെ താമസിച്ചു.

12 വ്യാ **ഉയിർപ്പ് നാലാം വ്യാഴം**
കൊളോ 1:24-29 മഹത്ത്വത്തിന്റെ പ്രതീക്ഷയായ മിശിഹാ നിങ്ങളിലുണ്ട്.
യോഹ 6:52-59 എന്റെ ശരീരം ഭക്ഷിക്കുന്നവനിൽ ഞാൻ വസിക്കുന്നു.

13 വെ **ഉയിർപ്പ് നാലാം വെള്ളി**
2കോറി 5:14-20 മിശിഹായിൽ ജീവിക്കുന്നവൻ പുതിയ സൃഷ്ടി.
യോഹ 3:1-12 ജലത്താലും അരൂപിയാലും ജനിക്കുക.

14 ശ **ഉയിർപ്പ് നാലാം ശനി**
**വിളവുകളുടെ സംരക്ഷകയായ പരി. കന്യകാമറിയം**
റോമാ 11:25-32 ദാനവും വിളിയും പിൻവലിക്കാത്ത ദൈവം.
മത്താ 18:10-14 നശിച്ചുപോയതിനെ രക്ഷിക്കാൻ വന്നവൻ.

www.malankaralibrary.com

**മത്തിയാസ് ശ്ലീഹ** (Propria Vol.III. page 611)
1 സാമു 16:4-13 ദാവീദിന്റെ അഭിഷേകം.
ശ്ലീഹ 1:15-26 മത്തിയാസിന്റെ തിരഞ്ഞെടുപ്പ്.
റോമാ 8:26-30 മുൻകൂട്ടി നിശ്ചയിച്ചവരെ വിളിക്കുന്ന ദൈവം.
യോഹ 6:60-69 വരം ലഭിച്ചാലേ ഈശോയുടെ അടുക്കൽ എത്താനാവൂ.

15 ഞാ ✠ **ഉയിർപ്പ് അഞ്ചാം ഞായർ** (Propria Vol.II.p.437)
*പൊരുന്നേടം മാർ ജോസ് മെത്രാന്റെ അഭിഷേകം (2004).*
**മാർ അദ്ദായി**
പുറ 4:27-31 അഹറോൻ മൂശെയുടെ സഹായത്തിനെത്തുന്നു.
തോബി 5:1-10; 16-21 തോബിയാസിന്റെ സഹയാത്രികൻ.
ശ്ലീഹ 12:24-13:3 സാവൂളും ബർണബാസും മർക്കോസും.
ലൂക്കാ 10:1-12 എഴുപതു ശിഷ്യരെ ഈരണ്ടുപേരായി അയയ്ക്കുന്നു.

16 തി **ഉയിർപ്പ് അഞ്ചാം തിങ്കൾ**
*പാലാത്തറ മാർ സൈമൺ സ്റ്റോക്ക്, ആലപ്പാട്ട് മാർ ജോയി എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
2 കോറി 12:5-10 നിനക്ക് എന്റെ കൃപ മതി.
ലൂക്കാ 9:1-6 യാത്രയ്ക്ക് വടിയോ സഞ്ചിയോ അപ്പമോ പണമോ എടുക്കരുത്.

17 ചൊ **ഉയിർപ്പ് അഞ്ചാം ചൊവ്വ**
ഫിലി 2:19-30 പൗലോസിനോടൊപ്പം സുവിശേഷജോലി ചെയ്യുന്നവർ.
ലൂക്കാ 8:1-8 ഈശോയെ അനുഗമിച്ച സ്ത്രീകൾ.

18 ബു **ഉയിർപ്പ് അഞ്ചാം ബുധൻ**
ഫിലി 4:10-20 എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും.
ലൂക്കാ 17:5-10 വിശ്വാസത്തിന്റെ ശക്തിയാലുള്ള ശുശ്രൂഷ.

19 വ്യാ **ഉയിർപ്പ് അഞ്ചാം വ്യാഴം**
1 കോറി 15:1-11 ഞാൻ എന്തായിരിക്കുന്നുവോ അതു ദൈവ കൃപയാലാകുന്നു.
ലൂക്കാ 9:57-62 ദൈവരാജ്യപ്രഘോഷണത്തിനു വിളിക്കപ്പെടുന്നവർ.

www.malankaralibrary.com

20 വെ **ഉയിർപ്പ് അഞ്ചാം വെള്ളി**

*സീറോ-മലബാർ സഭയുടെ പ്രഥമ സിനഡിന്റെ ഉദ്ഘാടനം, പ്രഥമ മേജർ ആർച്ചുബിഷപ്പ് പടിയറ മാർ ആന്റണി മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (1993).*

*പെരുന്തോട്ടം മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2002).*

1 കോറി 3:1-9 ശ്ലീഹായുടെയും സഹപ്രവർത്തകരുടെയും ദൗത്യം.

മത്താ 13:24-30 കളകളുടെ ഉപമ.

21 ശ **ഉയിർപ്പ് അഞ്ചാം ശനി**

റോമാ 11:11-16 ജനതകൾ രക്ഷയിലേക്ക്.

ലൂക്കാ 7:1-10 ജനതകളും വിശ്വാസത്തിലേക്ക്.

22 ഞാ ✠ **ഉയിർപ്പ് ആറാം ഞായർ** (Propria Vol.II. page 443)

*അടുത്ത വ്യാഴാഴ്ച കർത്താവിന്റെ സ്വർഗാരോഹണത്തിരുനാൾ.*

ഉത്പ 9:8-17 നോഹയുമായുള്ള ഉടമ്പടി.

2 രാജാ 2:1-15 ഏലിയാ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്നു.

റോമാ 8:1-11 ശരീരങ്ങളുടെ ഉയിർപ്പ്.

യോഹ 5:19-29 വിശ്വസിക്കുന്നവൻ ഉയിർപ്പിക്കപ്പെടും.

23 തി **ഉയിർപ്പ് ആറാം തിങ്കൾ**

റോമാ 3:21-26 ഈശോമിശിഹാവഴിയുള്ള പരിത്രാണം.

യോഹ 4:27-30; 39-42 ഈശോമിശിഹാ ലോകരക്ഷകൻ.

24 ചൊ **ഉയിർപ്പ് ആറാം ചൊവ്വ**

റോമാ 6:19-23 ദൈവത്തിന്റെ ദാസന്മാരുടെ പ്രതിഫലം.

യോഹ 5:36-47 നിത്യജീവൻ പ്രാപിക്കാൻ മിശിഹായുടെ പക്കൽ ചെല്ലണം.

25 ബു **ഉയിർപ്പ് ആറാം ബുധൻ**

ശ്ലീഹ 20:7-12 എവുത്തിക്കോസ് ജീവൻ പ്രാപിക്കുന്നു.

മർക്കോ 5:21-24; 35-43 ജായ്റോസിന്റെ മകളെ ഉയിർപ്പിക്കുന്നു.

26 വ്യാ ✠ **ഉയിർപ്പ് ആറാം വ്യാഴം**

**നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം**

(Propria Vol II. page 449)

*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്.*

www.malankaralibrary.com

*ആർച്ചുബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ അഭിഷേകം (2012).*
ഉത്പ 5:18-24 ഹെനോക്ക് എടുക്കപ്പെട്ടു.
ശ്ലീഹ 1:1-14 ഈശോയുടെ സ്വർഗാരോഹണം.
ഹെബ്രാ 10:1-14 ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായ ഈശോ.
മർക്കോ 16:9-20 ഈശോയുടെ സ്വർഗാരോഹണം.

27 വെ **ഉയിർപ്പ് ആറാം വെള്ളി**
വെളി 5:1-14 അറക്കപ്പെട്ട നിലയിൽ നില്ക്കുന്ന കുഞ്ഞാട്.
യോഹ 1:35-39 ദൈവത്തിന്റെ കുഞ്ഞാട്.

28 ശ **ഉയിർപ്പ് ആറാം ശനി**
ഹെബ്രാ 8:1-6 മിശിഹാ പുതിയനിയമ മധ്യസ്ഥൻ.
യോഹ 17:9-19 ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നു.

29 ഞാ ✠ **ഉയിർപ്പ് ഏഴാം ഞായർ** (Propria Vol.II. page 460)
*മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം (2011).*
ഉത്പ 28:10-19 സ്വർഗവും ഭൂമിയും സന്ധിക്കുന്ന സ്ഥലം.
മിക്കാ 4:1-5 കർത്താവിന്റെ ആലയം.
1 പത്രോ 1:3-9 പ്രത്യാശയോടെ കാത്തിരിക്കുന്നവർ.
ലൂക്കാ 24:44-53 ദൈവാലയത്തിൽ സദാസമയവും പ്രാർഥിച്ചിരിക്കുന്ന ശിഷ്യർ.

30 തി **ഉയിർപ്പ് ഏഴാം തിങ്കൾ**
1 തിമോ 2:1-7 എല്ലാവർക്കുംവേണ്ടി പ്രാർഥിക്കുക.
ലൂക്കാ 18:1-8 നിരന്തരം പ്രാർഥിക്കുക.

31 ചൊ **ഉയിർപ്പ് ഏഴാം ചൊവ്വ**
റോമാ 8:26-30 ആത്മാവ് നമുക്കുവേണ്ടി പ്രാർഥിക്കുന്നു.
ലൂക്കാ 18:9-14 പ്രാർഥിക്കുമ്പോൾ ഉണ്ടാകേണ്ട മനോഭാവം.
**പരി. കന്യകാമറിയത്തിന്റെ സന്ദർശനം** (Prop. Vol.I. page 314)
റോമാ 12:9-16 അനുഗ്രഹങ്ങൾ പങ്കുവയ്ക്കണം.
ലൂക്കാ 1:39-45 കന്യകാമറിയം ഏലീശ്വായെ സന്ദർശിക്കുന്നു.

www.malankaralibrary.com

# 2022 ജൂൺ
# ഉയിർപ്പ് - ശ്ലീഹാക്കാലങ്ങൾ

1 ബു **ഉയിർപ്പ് ഏഴാം ബുധൻ**

*മുണ്ടാടൻ മാർ ഗ്രേഷ്യൻ മെത്രാന്റെ നാമഹേതുകദിനം.*

റോമാ 8:12-17 പിതാവേ, എന്നു വിളിക്കാൻ നമ്മെ മക്കളാക്കുന്ന ആത്മാവ്.

ലൂക്കാ 11:1-4 ഈശോ പഠിപ്പിച്ച പ്രാർഥന.

**വി. ജസ്റ്റിൻ** (Propria Vol. II. page 289)

ഉത്പ 18:23-32 ദുഷ്ടരെ ശിക്ഷിക്കുന്ന ദൈവം.

ജ്ഞാനം 10:9-14 ദുരിതങ്ങളിൽ രക്ഷിക്കുന്ന ജ്ഞാനം.

1 കോറി 1:18-25 കുരിശ് ദൈവത്തിന്റെ ശക്തി.

ലൂക്കാ 12:2-8 ഭയംകൂടാതെ സാക്ഷ്യം നല്കുക.

2 വ്യാ **ഉയിർപ്പ് ഏഴാം വ്യാഴം**

*ധന്യൻ കുര്യാളശ്ശേരി മാർ തോമാ മെത്രാന്റെ ചരമം (1925).*

ശ്ലീഹ 10:44-49 പ്രാർഥിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ ലഭിക്കുന്നു.

മത്താ 7:7-14 നന്മകൾ നല്കുന്ന പിതാവ്.

3 വെ **ഉയിർപ്പ് ഏഴാം വെള്ളി**

*ആദ്യവെള്ളി*

എഫേ 6:14-20 ആത്മാവിൽ സദാ പ്രാർഥനാനിരതരായിരിക്കുവിൻ.

യോഹ 4:19-24 ആത്മാവിലും സത്യത്തിലുമുള്ള ആരാധന.

4 ശ **ഉയിർപ്പ് ഏഴാം ശനി**

2 കോറി 1:17-22 ഈശോമിശിഹാ നമുക്ക് തന്റെ ആത്മാവിനെ നല്കിയിരിക്കുന്നു.

ലൂക്കാ 11:5-13 ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നല്കും.

www.malankaralibrary.com

# ശ്ലീഹാക്കാലം

പന്തക്കുസ്താത്തിരുനാൾ മുതലുള്ള ഏഴ് ആഴ്ചകളാണ് ശ്ലീഹാക്കാലം. അയയ്ക്കപ്പെടുന്നതിന്റെയും മിശിഹായ്ക്കു സാക്ഷ്യം നല്കുന്നതിന്റെയും പ്രതിപാദനങ്ങൾക്കാണ് ഈ കാലത്തിൽ ഊന്നൽ നല്കിയിരിക്കുന്നത്.

ശ്ലീഹന്മാർ ദൈവാത്മാവിനെ സ്വീകരിച്ച ദിനമാണ് പന്തക്കുസ്താ. ഈ കാലത്തിലെ പ്രധാന പ്രതിപാദനം പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. ശ്ലീഹാക്കാലത്തിലെ ആദ്യത്തെ വെള്ളിയാഴ്ച 'സ്വർണവെള്ളി' എന്നാണ് അറിയപ്പെടുന്നത്. ഈശോയുടെ നാമത്തിൽ മുടന്തനു ലഭിച്ച സൗഖ്യം, തിരുനാമത്തിൽ ചോദിക്കുന്നതെന്തും നല്കപ്പെടും എന്ന ഉറപ്പുനല്കുന്നു.

ദൈവാത്മാവിനാൽ നിറഞ്ഞ്, ലോകംമുഴുവനിലും രക്ഷയുടെ സന്ദേശം അറിയിക്കുകയെന്നത് ദൈവജനത്തിന്റെ ഉത്തരവാദിത്വമാണ്. ശ്ലീഹന്മാരെപ്പോലെ പ്രേഷിതരായിത്തീരാൻ ഈ കാലം നമ്മെ പ്രചോദിപ്പിക്കുന്നു. മിശിഹായാൽ അയയ്ക്കപ്പെട്ട നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ "നമുക്കും അവനോടൊപ്പം പോയി മരിക്കാം" എന്ന പ്രഖ്യാപനം, വിശ്വാസികളായ നമുക്കോരോരുത്തർക്കുമുള്ള ആഹ്വാനമാണ്. അയയ്ക്കപ്പെടുന്നവനു സംരക്ഷണം നല്കുന്ന ദൈവത്തെ ഈ കാലം നമുക്കു വെളിപ്പെടുത്തിത്തരുന്നു.

സുവിശേഷപ്രഘോഷണത്തിനായി അയയ്ക്കപ്പെടുന്ന നാം വചനകേന്ദ്രീകൃതജീവിതം നയിക്കണം. വചനമായ ദൈവത്തിന് നിർഭയം സാക്ഷ്യം നല്കേണ്ടതിന്റെ ആവശ്യകത ഈ കാലം ഊന്നിപ്പറയുന്നു. ഗോതമ്പുമണി മണ്ണിൽ വീണഴിയുമ്പോഴാണ് ഫലം പുറപ്പെടുവിക്കുന്നത്. അതിനാൽ, ധീരതയോടെ പ്രേഷിതദൗത്യം നിർവഹിക്കണമെന്നും സഹനംവഴി നാം ജീവൻ നേടുമെന്നും ഈശോ നമ്മെ ഓർമിപ്പിക്കുന്നു. ഏതു സാഹചര്യത്തിലും മിശിഹായ്ക്കു സാക്ഷ്യം നല്കുകയെന്നതാണ് എല്ലാ ക്രൈസ്തവരുടെയും പ്രഥമദൗത്യം.

www.malankaralibrary.com

പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്, മാമോദീസ സ്വീകരിച്ച ഓരോ വ്യക്തിയിലും വസിക്കുകയും അവിടത്തെ കൃപയും ഫലങ്ങളും അവരിൽ വർഷിക്കുകയും ചെയ്യുന്നു. മിശിഹാ പഠിപ്പിച്ച കാര്യങ്ങൾ ഓരോനിമിഷവും അനുസ്മരിക്കുകയും അവിടത്തെ കല്പനകൾ പാലിക്കുകയും ചെയ്യണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം കൂടിയേതീരൂ. നമ്മിലുള്ള ദൈവാത്മാവിനെ പാപംവഴി നഷ്ടപ്പെടുത്തിയാൽ നാശമായിരിക്കും ഫലം എന്ന് ഈ കാലം നമ്മെ ഓർമിപ്പിക്കുന്നു.

5 ഞാ ✠ **ശ്ലീഹ ഒന്നാം ഞായർ**
**പന്തക്കുസ്താത്തിരുനാൾ** (Propria Vol.III. page 505)
ഉത്പ 2:1-8 ആദത്തിൽ ജീവശ്വാസം നിശ്വസിച്ചു.
ജോബ് 33:2-4, 34:14-15 ദൈവചൈതന്യം എന്നെ സൃഷ്ടിച്ചു.
ശ്ലീഹ 2:1-21 പരിശുദ്ധറൂഹായുടെ ആഗമനം.
യോഹ 20:19-23 ശിഷ്യന്മാർക്ക് പരിശുദ്ധറൂഹായെ നല്കുന്നു.

6 തി **ശ്ലീഹ ഒന്നാം തിങ്കൾ**
ഗലാ 3:10-14 പരിശുദ്ധറൂഹായാകുന്ന വാഗ്ദാനം.
യോഹ 16:5-15 പരിശുദ്ധറൂഹാ സഹായകനും ഗുരുനാഥനും.

7 ചൊ **ശ്ലീഹ ഒന്നാം ചൊവ്വ**
1 കോറി 12:4-11; 28-31 ആത്മാവ് ഒന്ന് ദാനങ്ങൾ പലത്.
ലൂക്കാ 19:11-27 താലന്തുകൾ വർധിപ്പിക്കുക.

8 ബു **ശ്ലീഹ ഒന്നാം ബുധൻ**
റോമാ 12:3-13 ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ സേവിക്കുവിൻ.
ലൂക്കാ 1:39-45 മറിയം ഏലീശ്വായെ സന്ദർശിക്കുന്നു.
**വി. മറിയം ത്രേസ്യ ക.** (Propria Vol.III. page 689)
ഉത്പ 12:1-4 അബ്രാമിനെ ദൈവം വിളിക്കുന്നു. *പ്ര. ഗ്ര. പേജ്* 283.
പ്രഭാ 2:1-6 കർത്താവിൽ ആശ്രയിക്കുക. *പ്ര. ഗ്ര. പേജ്* 283.
ഗലാ 2:19-21 മിശിഹായോടുകൂടെ ക്രൂശിക്കപ്പെടുക. *പ്ര. ഗ്ര. പേജ്* 307.
മത്താ 25:31-40 ദൈവസ്നേഹം പരസ്നേഹപ്രവൃത്തികളിലൂടെ പ്രകടമാക്കുക. *പ്ര. ഗ്ര. പേജ്* 341.

www.malankaralibrary.com

9 വ്യാ **ശ്ലീഹ ഒന്നാം വ്യാഴം**

റോമാ 15:7-13 ദൈവകാരുണ്യത്തിന് സ്തുതി.

ലൂക്കാ 10:17-22 ഈശോ പരിശുദ്ധാത്മാവിൽ ആനന്ദിച്ച് സ്തുതിക്കുന്നു.

**മാർ അപ്രേം മ.**

*നരികുളം മാർ എഫ്രേം മെത്രാന്റെ നാമഹേതുകദിനം.*

നിയ 26:16-19 നിങ്ങൾ വിശുദ്ധ ജനം. *പ്ര. ഗ്ര. പേജ്* 284.

പ്രഭാ 45:1-5 മൂശെ ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്കു പാത്രമായി. *പ്ര. ഗ്ര. പേജ്* 284.

റോമാ 5:1-5 നീതിമത്കരണത്തിന്റെ ഫലങ്ങൾ. *പ്ര. ഗ്ര. പേജ്* 307.

മത്താ 5:13-20 നിങ്ങൾ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും. *പ്ര. ഗ്ര. പേജ്* 342.

10 വെ **ശ്ലീഹ ഒന്നാം വെള്ളി (സ്വർണവെള്ളി)**

തോബി 11:1-17 തോബിത്ത് സുഖം പ്രാപിക്കുന്നു.

ഏശ 35:1-10 മുടന്തൻ മാനിനെപ്പോലെ കുതിച്ചുചാടും.

ശ്ലീഹ 3:1-10 മുടന്തനെ സുഖപ്പെടുത്തുന്നു.

യോഹ 16:19-24 ഈശോയുടെ നാമത്തിൽ ചോദിക്കുന്നതു നല്കപ്പെടും.

11 ശ **ശ്ലീഹ ഒന്നാം ശനി**

*മങ്കുഴിക്കരി മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1994).*

റോമാ 14:1-9 ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവർ.

മർക്കോ 13:9-13 പരിശുദ്ധാത്മാവ് നിങ്ങളിലൂടെ സംസാരിക്കും.

**ബർണബാസ് ശ്ലീഹ** (Propria Vol.III. page 611)

1 ദിന 16:8-12 കർത്താവിന്റെ പ്രവൃത്തികൾ പ്രഘോഷിക്കുക.

ശ്ലീഹ 11:19-26 ബർണബാസിന്റെ പ്രേഷിതപ്രവർത്തനങ്ങൾ.

ഗലാ 2:1-10 ബർണബാസ് പൗലോസിനോടുകൂടെ.

മത്താ 10:5-7; 40-42 നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു.

www.malankaralibrary.com

12 ഞാ ✠ **ശ്ലീഹ രണ്ടാം ഞായർ** (Propria Vol.III. page 528)
പുറ 19:1-8 കർത്താവു കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം.
എസെ 2:1-7 എസെക്കിയേലിന്റെ ദൗത്യം.
1 തിമോ 1:12-19 ശ്ലീഹായാകാൻ സാധിച്ചതിനു കൃതജ്ഞത.
യോഹ 11:1-16 നമുക്കും അവനോടുകൂടെ പോയി മരിക്കാം.
**പ. ത്രിത്വത്തിന്റെ തിരുനാൾ**
*ഇന്നുമുതൽ ത്രികാലജപം 'കർത്താവിന്റെ മാലാഖ'*
റോമാ 5:1-5 പരിശുദ്ധാത്മാവിലൂടെ ചൊരിയപ്പെട്ടിരിക്കുന്ന ദൈവസ്നേഹം.
യോഹ 16:12-15 സത്യാത്മാവിലൂടെ പൂർണത.

13 തി **ശ്ലീഹ രണ്ടാം തിങ്കൾ**
റോമാ 8:31-39 ദൈവസ്നേഹത്തിൽനിന്ന് വേർപെടുകയില്ല.
മർക്കോ 3:13-19 മിശിഹായോടുകൂടെ ആയിരിക്കാനുള്ള വിളി.
**പാദുവായിലെ വി. അന്തോണീസ്**
*ആർച്ചുബിഷപ്പ് കരിയിൽ മാർ ആന്റണി, ചിറയത്ത് മാർ ആന്റണി, പാണേങ്ങാടൻ മാർ പ്രിൻസ് ആന്റണി, നീലങ്കാവിൽ മാർ ടോണി എന്നിവരുടെ നാമഹേതുകദിനം.*
എഫേ 3:14-19 സ്നേഹത്തിന്റെ നീളവും വീതിയും ആഴവും ഉയരവും.
മത്താ 22:34-40 സ്നേഹം പ്രഥമവും പ്രധാനവുമായ കല്പന.

14 ചൊ **ശ്ലീഹ രണ്ടാം ചൊവ്വ**
*കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാപ്പോലീത്തായുടെ ചരമം (2017).*
വെളി 18:1-8 ബാബിലോണിന്റെ പതനം.
മർക്കോ 8:34-38 ലോകംമുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു ഫലം?

15 ബു **ശ്ലീഹ രണ്ടാം ബുധൻ**
ഹെബ്രാ 10:11-18 മിശിഹായുടെ ഏകബലി.
ലൂക്കാ 14:25-35 മിശിഹായ്ക്കുവേണ്ടി സർവവും ഉപേക്ഷിക്കുക.

www.malankaralibrary.com

16 വ്യാ **ശ്ലീഹ രണ്ടാം വ്യാഴം**
**പരിശുദ്ധ കുർബാനയുടെ തിരുനാൾ** (Propria Vol.III. page 538)
ഉത്പ 14:17-20 മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു.
മലാ 1:6-12 നിരന്തരം അർപ്പിക്കപ്പെടുന്ന ബലി.
1 കോറി 11:23-30 എന്റെ ഓർമയ്ക്കായി ഇതു ചെയ്യുവിൻ.
മത്താ 26:17-29 പരിശുദ്ധകുർബാനയുടെ സ്ഥാപനം.

17 വെ **ശ്ലീഹ രണ്ടാം വെള്ളി**
ഹെബ്രാ 10:32-39 വളരെ പ്രതിഫലം ലഭിക്കാനിരിക്കുന്ന ആത്മധൈര്യം.
മർക്കോ 10:23-31 മിശിഹായെ അനുഗമിക്കുന്നവർക്കുള്ള പ്രതിഫലം.

18 ശ **ശ്ലീഹ രണ്ടാം ശനി**
*പെരുമറ്റം മാർ ജോൺ മെത്രാന്റെ ചരമം (2011).*
*കൊച്ചുപുരയ്ക്കൽ മാർ പീറ്റർ മെത്രാന്റെ അഭിഷേകം (2020).*
2 കോറി 3:1-6 ഞങ്ങളുടെ ശിപാർശക്കത്ത് നിങ്ങൾതന്നെ.
യോഹ 10:31-42 ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നു.

19 ഞാ ✠ **ശ്ലീഹ മൂന്നാം ഞായർ** (Propria Vol.III. page 547)
പുറ 23:20-26 എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു.
യോനാ 4:1-11 യോനായുടെ പ്രേഷിതദൗത്യം.
റോമാ 15:14-21 സുവിശേഷം പ്രസംഗിക്കുക.
ലൂക്കാ 9:1-6 ശ്ലീഹന്മാരെ അയയ്ക്കുന്നു.

20 തി **ശ്ലീഹ മൂന്നാം തിങ്കൾ**
റോമാ 1:1-7 ശ്ലൈഹികസ്ഥാനം സുവിശേഷപ്രഘോഷണത്തിന്.
ലൂക്കാ 4:14-22 ദരിദ്രരോടു സുവിശേഷം പ്രസംഗിക്കാൻ അയയ്ക്കപ്പെട്ടവൻ.

21 ചൊ **ശ്ലീഹ മൂന്നാം ചൊവ്വ**
ശ്ലീഹ 19:11-20 പൗലോസ്ശ്ലീഹാ ചെയ്ത അദ്ഭുതങ്ങൾ.
മത്താ 17:14-21 അപസ്മാരം ബാധിച്ച ബാലനെ സുഖപ്പെടുത്തുന്നു.

www.malankaralibrary.com

22 ബു **ശ്ലീഹ മൂന്നാം ബുധൻ**
വെളി 3:14-22 നിനക്കു കാഴ്ച ലഭിക്കാൻ കണ്ണിൽ കുഴമ്പു പൂശുക.
യോഹ 9:1-11 പോയി ശീലോഹാക്കുളത്തിൽ കഴുകുക.
**വി. തോമസ് മൂറും വി. ജോൺ ഫിഷറും** (Propria Vol. I. page 289)
1 പത്രോ 4:12-19 മിശിഹായോടൊപ്പം സഹിക്കുക.
മത്താ 10:16-22 സഹിച്ചുനില്ക്കുന്നവർ രക്ഷപെടും.

23 വ്യാ **ശ്ലീഹ മൂന്നാം വ്യാഴം**
കൊളോ 2:8-17 അധികാരത്തിന്റെ പൂർണത മിശിഹായിലാണ്.
മർക്കോ 3:1-12 കൈ ശോഷിച്ചവന് സൗഖ്യം.

24 വെ **ശ്ലീഹ മൂന്നാം വെള്ളി**
**ഈശോയുടെ തിരുഹൃദയത്തിരുനാൾ** (Propria Vol.III. page 556)
ഉത്പ 22:9-14 അബ്രാഹത്തിന്റെ ബലിയർപ്പണം.
ഏശ 52:13-53: 9 അവൻ നമുക്കുവേണ്ടി മുറിവേല്പിക്കപ്പെട്ടു.
ഹെബ്രാ 10:19-24 ശരീരമാകുന്ന തിരശ്ശീലയിലൂടെ ജീവന്റെ പുതുവഴി.
യോഹ 19:31-37 കുത്തിപ്പിളർക്കപ്പെട്ട ഹൃദയം.
**വി. യോഹന്നാൻ മാംദാനയുടെ ജനനം** (Propria Vol.I. page 96)
ഗലാ 4:1-7 നീ ദാസനല്ല പുത്രനാണ്.
ലൂക്കാ 1:57-66 യോഹന്നാൻ മാംദാനയുടെ ജനനം.

25 ശ **ശ്ലീഹ മൂന്നാം ശനി**
ഹെബ്രാ 4:12-16 ദൈവത്തിന്റെ വചനം സജീവവും പ്രവർത്തനനിരതവും.
മർക്കോ 4:1-9 വിതക്കാരന്റെ ഉപമ.
**മാതാവിന്റെ വിമലഹൃദയം** (PropriaVol.I. page 314)
എഫേ 1:2-8 നമ്മൾ മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ.
ലൂക്കാ 2:41-51 മറിയം എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.

26 ഞാ ✠ **ശ്ലീഹ നാലാം ഞായർ** (Propria Vol.III. page 528)
പുറ 20:1-17 പത്തു കല്പനകൾ.
എസെ 3:1-11 വചനത്തിന്റെ ശക്തിയാലുള്ള പ്രഘോഷണം.
റോമാ 10:5-15 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്രയോ സുന്ദരം.
യോഹ 6:60-69 നിത്യജീവന്റെ വചസ്സുകൾ.

www.malankaralibrary.com

27 തി **ശ്ലീഹ നാലാം തിങ്കൾ**
2 തിമോ 3:10-17 വിശുദ്ധഗ്രന്ഥത്താൽ പൂർണനാകുന്ന മനുഷ്യൻ.
മർക്കോ 4:10-20 വിതക്കാരന്റെ ഉപമയുടെ വിശദീകരണം.

28 ചൊ **ശ്ലീഹ നാലാം ചൊവ്വ**
ഹെബ്രാ 8:7-13 എന്റെ നിയമം അവരുടെ മനസ്സുകളിൽ ഞാൻ സ്ഥാപിക്കും.
യോഹ 6:41-46 ദൈവം എല്ലാവരെയും പഠിപ്പിക്കും.
**വി. ഇരണേവൂസ് മ. വേ.**
പുറ 28:28-30 വിശുദ്ധസ്ഥലത്ത് ശുശ്രൂഷചെയ്യുന്ന പുരോഹിതൻ.
മലാ 2:4-7 പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം.
2 തിമോ 3:14-17 വിശുദ്ധലിഖിതങ്ങൾ പ്രബോധനത്തിനും ശാസനത്തിനും.
യോഹ 14:26-30 എല്ലാം പഠിപ്പിക്കുന്ന പരിശുദ്ധാത്മാവ്.

29 ബു **ശ്ലീഹ നാലാം ബുധൻ**
**പത്രോസ്, പൗലോസ് ശ്ലീഹന്മാർ** (Propria Vol I. page 113)
*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധ കുർബാനയിലും മറ്റു തിരുക്കർമ്മങ്ങളിലും സംബന്ധിക്കേണ്ടതാണ്.*
*കണ്ണൂക്കാടൻ മാർ പോളി, ആലപ്പാട്ട് മാർ പോൾ, കൊച്ചുപുരയ്ക്കൽ മാർ പീറ്റർ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
പുറ 3:13-15 ഞാനാകുന്നവൻ.
ശ്ലീഹ 2:29-36 പത്രോസിന്റെ പ്രസംഗം.
1 കോറി 15:1-11 മിശിഹായുടെ ഉത്ഥാനം.
മത്താ 16:13-19 പത്രോസിന്റെ വിശ്വാസപ്രഖ്യാപനം.

30 വ്യാ **ശ്ലീഹ നാലാം വ്യാഴം**
ശ്ലീഹ 5:12-20 ജീവന്റെ വചനം പ്രസംഗിക്കുവിൻ.
യോഹ 17:1-8 നീ എനിക്കു തന്ന വചനം ഞാൻ അവർക്കു കൊടുത്തു.

www.malankaralibrary.com

# 2022 ജൂലൈ
# ശ്ലീഹ - കൈത്ത കാലങ്ങൾ

1 വെ **ശ്ലീഹ നാലാം വെള്ളി**
*ആദ്യവെള്ളി*
*അങ്ങാടിയത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (2001).*
യാക്കോ 1:19-27 വചനത്തിന്റെ യഥാർഥ ശ്രോതാക്കൾ.
ലൂക്കാ 6:46-49 ദൈവവചനത്തിനനുസൃതം പ്രവർത്തിക്കുന്നവൻ.

2 ശ **ശ്ലീഹ നാലാം ശനി**
വെളി 3:7-13 എന്റെ വചനം നീ കാത്തു.
യോഹ 5:19-24 വചനം കേൾക്കുന്നവനു നിത്യജീവൻ.

3 ഞാ ✠ **ശ്ലീഹ അഞ്ചാം ഞായർ** (Propria Vol.III. page 575)
**മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**
(PropriaVol. III. page 698)
*ഇന്ന് പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്.*
*ഇലവനാൽ മാർ തോമസ്, ചക്യത്ത് മാർ തോമസ്, തുരുത്തിമറ്റം മാർ തോമസ്, തറയിൽ മാർ തോമസ് എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
*നെടുമ്പുറം മാർ വിജയാനന്ദ് മെത്രാന്റെ അഭിഷേകം (1990).*
റൂത്ത് 1:6-18 അമ്മ പോകുന്നിടത്തേക്കു ഞാനും വരും.
പ്രഭാ 6:8-17 ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്.
1 കോറി 3:5-14 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ.
യോഹ 11:1-16 നമുക്കും അവനോടുകൂടെ പോയി മരിക്കാം.

4 തി **ശ്ലീഹ അഞ്ചാം തിങ്കൾ**
1 പത്രോ 2:18-25 കഷ്ടതകൾ സന്മനസ്സോടെ സഹിക്കുക.
യോഹ 15:18-27 ശിഷ്യരെയും ലോകം പീഡിപ്പിക്കും.

5 ചൊ **ശ്ലീഹ അഞ്ചാം ചൊവ്വ**
2 തെസ 1:3-10 ദൈവരാജ്യത്തിനുവേണ്ടി പീഡകൾ.
യോഹ 16:1-7 നിങ്ങൾക്ക് ഇടർച്ചയുണ്ടാകരുത്.

www.malankaralibrary.com

6 ബു **ശ്ലീഹ അഞ്ചാം ബുധൻ**
1 പത്രോ 3:13-19 മിശിഹാ നമുക്കുവേണ്ടി മരിച്ചു.
യോഹ 12:20-28 ഗോതമ്പുമണി മണ്ണിൽ വീണ് അഴിയണം.

7 വ്യാ **ശ്ലീഹ അഞ്ചാം വ്യാഴം**
2 കോറി 10:1-6 പൗലോസിന്റെ ധീരമായ ന്യായവാദം.
ലൂക്കാ 13:31-35 ധീരതയോടെ ദൗത്യം നിർവഹിക്കുക.

8 വെ **ശ്ലീഹ അഞ്ചാം വെള്ളി**
ഫിലി 1:27-30 സുവിശേഷവിശ്വാസത്തിനായി പോരാടുക.
ലൂക്കാ 12:4-12 ഭയപ്പെടാതെ മിശിഹായെ അംഗീകരിച്ചു പറയുക.

9 ശ **ശ്ലീഹ അഞ്ചാം ശനി**
റോമാ 8:18-25 വെളിപ്പെടാനിരിക്കുന്ന മഹത്ത്വം.
ലൂക്കാ 21:12-19 സഹനംവഴി നിങ്ങൾ ജീവൻ നേടും.

10 ഞാ ✠ **ശ്ലീഹ ആറാം ഞായർ** (Propria Vol.III. page 584)
*പഴയാറ്റിൽ മാർ ജയിംസ് മെത്രാന്റെ ചരമം (2016).*
ലേവ്യ 8:1-13 അഹറോന്റെയും പുത്രന്മാരുടെയും അഭിഷേകം.
ഏശ 6:1-8 ഇതാ, ഞാൻ; എന്നെ അയച്ചാലും.
1 കോറി 1:26-31 ദൈവവിളി.
മത്താ 9:27-38 വിളവിന്റെ നാഥനോടു പ്രാർഥിക്കുവിൻ.

11 തി **ശ്ലീഹ ആറാം തിങ്കൾ**
*ചാൾസ് ലവീഞ്ഞ് മെത്രാന്റെ ചരമം (1913).*
ശ്ലീഹ 1:15-26 ശ്ലീഹന്മാർ പ്രാർഥിച്ചശേഷം മത്തിയാസിനെ തിരഞ്ഞെടുക്കുന്നു.
ലൂക്കാ 6:12-19 മിശിഹാ പ്രാർഥിച്ചശേഷം ശ്ലീഹന്മാരെ തിരഞ്ഞെടുക്കുന്നു.
**വി. ബനഡിക്ട്** (Propria Vol. IV. page 912)
ഉത്പ 17:1-8 അബ്രാഹവുമായി ഉടമ്പടി.
ജ്ഞാനം 9:1-12 ജ്ഞാനത്തിനുവേണ്ടിയുള്ള പ്രാർഥന.
റോമാ 8:12-17 ജഡികരായി ജീവിച്ചാൽ മരിക്കും.
മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ.

www.malankaralibrary.com

12 ചൊ **ശ്ലീഹ ആറാം ചൊവ്വ**
2 തെസ 2:13-17 വിശ്വാസികൾക്കുവേണ്ടിയുള്ള ശ്ലീഹായുടെ പ്രാർഥന.
യോഹ 17:9-19 ഈശോ ശിഷ്യന്മാർക്കുവേണ്ടി പ്രാർഥിക്കുന്നു.

13 ബു **ശ്ലീഹ ആറാം ബുധൻ**
2 കോറി 3:4-11 ശ്ലീഹന്മാർ പുതിയ ഉടമ്പടിയുടെ ശുശ്രൂഷകർ.
ലൂക്കാ 1:26-38 മറിയം മിശിഹായുടെ അമ്മയാകാൻ വിളിക്കപ്പെട്ടവൾ.

14 വ്യാ **ശ്ലീഹ ആറാം വ്യാഴം**
എഫേ 3:14-21 സഭയ്ക്കുവേണ്ടിയുള്ള പ്രാർഥന.
യോഹ 17:20-26 ഈശോ വിശ്വാസികൾക്കുവേണ്ടി പ്രാർഥിക്കുന്നു.

15 വെ **ശ്ലീഹ ആറാം വെള്ളി**
1 കോറി 7:17-24 ദൈവവിളിയും വിളിക്കപ്പെട്ടവരുടെ സ്ഥിതിയും.
യോഹ 21:1-14 ശിഷ്യരെ വിളിയിൽ ഉറപ്പിക്കുന്ന ഈശോ.
**വി. കുര്യാക്കോസും വി. ജൂലിറ്റായും**
*ആർച്ചുബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ നാമഹേതുകദിനം.*
ദാനി 3:25-45 തീച്ചൂളയിൽനിന്ന് ദൈവകീർത്തനം.
ശ്ലീഹ 7:54-60 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം
ഹെബ്രാ 11:32-12:3 പിതാക്കന്മാരുടെ വിശ്വാസം.
മത്താ 10:16-33 മനുഷ്യരുടെ മുമ്പിൽ മിശിഹായ്ക്കു സാക്ഷ്യം.

16 ശ **ശ്ലീഹ ആറാം ശനി**
ശ്ലീഹ 6:1-7 ഏഴു ശുശ്രൂഷകരുടെ തിരഞ്ഞെടുപ്പ്.
ലൂക്കാ 8:1-8 ഈശോയെ അനുഗമിച്ച സ്ത്രീകൾ.
**കർമ്മലമാതാവ്** (Propria Vol. I. page 314)
1 രാജാ 18:41-46 പ്രാർഥനവഴി ഏലിയാ മഴ പെയ്യിക്കുന്നു.
ഏശ 35:1-4 കാർമലിന്റെ പ്രതാപം.
2 കോറി 1:3-7 സഹനത്തിൽ സമാശ്വാസം.
ലൂക്കാ 11:24-28 ഭാഗ്യവതിയായ മറിയം.

www.malankaralibrary.com

17 ഞാ ✠ **ശ്ലീഹ ഏഴാം ഞായർ** (Propria Vol.III. page 593)
സംഖ്യ 11:16-18; 24-30 എഴുപതു നേതാക്കന്മാർക്ക് അരൂപിയെ ലഭിക്കുന്നു.
1 സാമു 16:14-23 ദൈവാത്മാവിനെ നഷ്ടപ്പെടുത്തിയ സാവൂൾ.
ഗലാ 5:16-26 ആത്മാവിന്റെ ഫലങ്ങൾ.
യോഹ 14:15-20; 25-26 ഈശോയുടെ പ്രാർഥനയാൽ പിതാവ് അയയ്ക്കുന്ന സഹായകൻ.

18 തി **ശ്ലീഹ ഏഴാം തിങ്കൾ**
എഫേ 1:3-14 പരിശുദ്ധാത്മാവിനാൽ മിശിഹായിൽ മുദ്രിതർ.
മത്താ 3:4-12 പരിശുദ്ധാത്മാവിനാൽ മാമോദീസാ നല്കുന്നവൻ.

19 ചൊ **ശ്ലീഹ ഏഴാം ചൊവ്വ**
തീത്തോ 3:1-7 മാമോദീസാ സ്വീകരിച്ചവരുടെ കടമകൾ.
യോഹ 3:1-12 ജലത്താലും ആത്മാവിനാലുമുള്ള ജനനം.

20 ബു **ശ്ലീഹ ഏഴാം ബുധൻ**
1 കോറി 12:1-11 ഈശോ കർത്താവാണെന്നു പറയാൻ ശക്തനാക്കുന്ന പരിശുദ്ധാത്മാവ്.
മർക്കോ 3:20-30 ദൈവാത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല.

21 വ്യാ **ശ്ലീഹ ഏഴാം വ്യാഴം**
ഹെബ്രാ 3:7-19 പരിശുദ്ധറൂഹായുടെ സ്വരത്തിന് ചെവികൊടുക്കുക.
മത്താ 16:1-12 ഈശോയെ പരീക്ഷിക്കുന്ന ഫ്രീശരും സദുക്കായരും.

22 വെ **ശ്ലീഹ ഏഴാം വെള്ളി**
**കർത്താവിന്റെ എഴുപതുശിഷ്യന്മാർ** (Propria Vol.III. page 602)
പുറ 24:1-11 ഇസ്രായേൽശ്രേഷ്ഠന്മാരായ എഴുപതുപേർ.
ഏശ 50:4-10 കർത്താവ് എന്നെ ശിഷ്യനെയെന്നപോലെ അഭ്യസിപ്പിച്ചു.

www.malankaralibrary.com

2 കോറി 6:1-10 സമ്പൂർണമായ ശുശ്രൂഷ.
ലൂക്കാ 10:1-12; 17-20 എഴുപതു ശിഷ്യന്മാർ.
**വി. മഗ്ദലേന മറിയം**
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും? *പ്ര. ഗ്ര. പേജ്* 342.
യോഹ 20:1-18 മഗ്ദലേനമറിയം ഉത്ഥിതനെ പ്രഘോഷിക്കുന്നു. *പ്ര. ഗ്ര. പേജ്* 139.

23 ശ **ശ്ലീഹ ഏഴാം ശനി**
റോമാ 14:13-19 ദൈവരാജ്യമെന്നത് പരിശുദ്ധാത്മാവിലുള്ള സന്തോഷമാണ്.
യോഹ 16:16-24 എടുത്തുകളയപ്പെടാത്ത സന്തോഷം.

## കൈത്താക്കാലം

'കൈത്ത' എന്ന സുറിയാനി പദത്തിനർഥം 'വേനൽ' എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുന്നത്. സഭയുടെ വളർച്ചയെയും ആത്മീയവിളവെടുപ്പിനെയും അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ആരാധനക്രമകാലമാണ് കൈത്താക്കാലം. സാധാരണയായി, ഏഴ് ആഴ്ചകളാണ് ഈ കാലത്തിലുള്ളത്. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനഫലമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വേരുപിടിച്ച സഭാതരു പടർന്നു പന്തലിച്ച് വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഫലം ചൂടുന്നതിനെയാണ് ഈ കാലം ഓർമിപ്പിക്കുന്നത്.

ശ്ലീഹാക്കാലത്തെയും ഏലിയാ– സ്ലീവ – മൂശെ കാലങ്ങളെയും ബന്ധിപ്പിക്കുന്ന കൈത്താക്കാലം സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുകയും രക്ഷകന്റെ രണ്ടാം വരവിനുവേണ്ടിയുള്ള നമ്മുടെ ഒരുക്കത്തിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

കൈത്താക്കാലത്തിലെ ആദ്യത്തെ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾദിനമാണ്. 'നൂസർദേൽ' അഥവാ 'ദൈവത്തിന്റെ തിരുനാൾ' എന്നും ഇതിനു പേരുണ്ട്. സ്വന്തം ചുടുനിണത്താൽ സഭാതരുവിനെ നനച്ചുവളർത്തുകയും ധീരമായി മിശിഹായ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്ത വിശുദ്ധരെയും

www.malankaralibrary.com

രക്തസാക്ഷികളെയുമാണ് ഈ കാലത്തിലെ വെള്ളിയാഴ്ചകളിൽ പ്രത്യേകമായി അനുസ്മരിക്കുന്നത്. സ്വജീവൻ മിശിഹാനാഥനുവേണ്ടി ഹോമിച്ച നിസിബിസിലെ മാർ യാക്കോബിനെ ഒന്നാമത്തെ വെള്ളിയാഴ്ചയും മാർ അദ്ദായിയുടെ ശിഷ്യനും പേർഷ്യൻ സഭയുടെ സ്ഥാപകനുമായ മാർ മാറിയെ രണ്ടാമത്തെ വെള്ളിയാഴ്ചയും വിശുദ്ധ ശ്മോനിയെയും ഏഴു മക്കളെയും അഞ്ചാമത്തെ വെള്ളിയാഴ്ചയും വിശുദ്ധ ശെമയോൻ ബർസാബയെയും സഹരക്തസാക്ഷികളെയും ആറാമത്തെ വെള്ളിയാഴ്ചയും സഭ ഓർക്കുകയും അവരുടെ ജീവിതമാതൃക അനുകരിക്കാൻ വിശ്വാസികളെ ക്ഷണിക്കുകയും ചെയ്യുന്നു.

മിശിഹായോടു ചേർന്നുനില്ക്കുമ്പോഴാണ് സഭാതരുവിനു വളരാനും സത്ഫലങ്ങൾ നല്കാനും സാധിക്കുന്നത്. സഭാതനയരായ നമ്മിൽനിന്നും നന്മയുടെ ഫലങ്ങൾക്കായി കർത്താവു ക്ഷമാപൂർവം കാത്തിരിക്കുകയാണ്. നല്ലഫലങ്ങൾ പുറപ്പെടുവിച്ചില്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തങ്ങളെക്കുറിച്ച് ഈ കാലത്തെ വായനകൾ നമുക്കു മുന്നറിയിപ്പുതരുന്നു.

രക്ഷയുടെ പേടകമായി നിലകൊള്ളുന്ന സഭയ്ക്കെതിരേ അന്ധകാരശക്തികൾ ആഞ്ഞടിച്ചാലും സഭയുടെ മണവാളനായ മിശിഹാ അമരക്കാരനായിരുന്നുകൊണ്ട് സഭയെ സംരക്ഷിച്ച് അവളെ സ്വർഗീയഓറെശ്ലെമിലേക്ക് നയിക്കും. അതിനാൽ, സഭയിൽ അഭയം തേടുന്നവർ ഭയപ്പെടേണ്ടതില്ലെന്ന പ്രത്യാശ ഈ കാലം നമുക്കു നല്കുന്നു. ലോകവും അതിലുള്ള സമസ്തവും നശിപ്പിക്കപ്പെടും; എന്നാൽ, കർത്താവിലുള്ള വിശ്വാസമാകുന്ന യഥാർഥനിക്ഷേപം നിലനില്ക്കും. അതിനാൽ, ലൗകികമായതിൽ കുടുങ്ങാതെ സ്വർഗത്തിൽ നിക്ഷേപം സൂക്ഷിക്കാൻ കൈത്താക്കാലം ഉദ്ബോധിപ്പിക്കുന്നു.

24 ഞാ ✠ **കൈത്ത ഒന്നാം ഞായർ** (Propria Vol.III. page 611)
**പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ)**
**മുത്തശ്ശീമുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം**
ഉത്പ 35:23-29 യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാർ.
ജോഷ്വാ 4:1-9 പന്ത്രണ്ടു സ്മാരകശിലകൾ.
വെളി 21:9-21 കുഞ്ഞാടിന്റെ പന്ത്രണ്ടു ശ്ലീഹന്മാർ.
മത്താ 10:1-15 പന്ത്രണ്ടു ശ്ലീഹന്മാർ.

www.malankaralibrary.com

25 തി **കൈത്ത ഒന്നാം തിങ്കൾ**
എഫേ 2:11-22 ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിസ്ഥാനം.
മത്താ 16:13-20 കേപ്പാമേൽ സഭ പണിയപ്പെടും.
**യാക്കോബ് ശ്ലീഹ** (Propria Vol. III. page 611)
*തൂങ്കുഴി മാർ ജേക്കബ് മെത്രാപ്പോലീത്തായുടെയും, മനത്തോടത്ത് മാർ ജേക്കബ്, അങ്ങാടിയത്ത് മാർ ജേക്കബ്, മുരിക്കൻ മാർ ജേക്കബ്, അത്തിക്കളം മാർ ജയിംസ് എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*
ഉത്പ 24:50-61 ദൈവഹിതമനുസരിച്ചു പുറപ്പെടുന്ന റബേക്കാ.
ശ്ലീഹ 11:27-12:3 യാക്കോബ് ശ്ലീഹയുടെ രക്തസാക്ഷിത്വം.
1 കോറി 4:6-15 മിശിഹായുടെ ശ്ലീഹന്മാർ.
മത്താ 4:18-22 പിതാവിനെയും വഞ്ചിയെയും ഉപേക്ഷിച്ച് ഈശോയെ അനുഗമിച്ചു.

26 ചൊ **കൈത്ത ഒന്നാം ചൊവ്വ**
*കോട്ടയം രൂപതയുടെ അദ്ധ്യക്ഷനായിരുന്ന തറയിൽ മാർ തോമസ് മെത്രാന്റെ ചരമം (1975).*
ഗലാ 1:10-16 ശ്ലീഹായാകാനുള്ള വിളി.
യോഹ 4:31-38 അയച്ചവന്റെ ഇഷ്ടം നിറവേറ്റുക.
**വി. ജോവാക്കിമും വി. അന്നായും**
1 സാമു 1:19-28 സാമുവലിന്റെ ജനനം.
പ്രഭാ 39:12-22 പനിനീർച്ചെടിപോലെ മൊട്ടിടുവിൻ.
ഹെബ്രാ 11:8-12 അബ്രാഹത്തിന്റെ വിശ്വാസം.
മത്താ 1:1-16 ഈശോയുടെ വംശാവലി.

27 ബു **കൈത്ത ഒന്നാം ബുധൻ**
1 തിമോ 4:12-16 വിശ്വാസികൾക്കു മാതൃകയായിരിക്കുക.
ലൂക്കാ 12:41-48 വിശ്വസ്തനായ കാര്യസ്ഥൻ.

28 വ്യാ **കൈത്ത ഒന്നാം വ്യാഴം**
**വി. അൽഫോൻസ ക.** (Propria Vol.III. page 707)
നിയ 28:8-12 ഇസ്രായേൽ കർത്താവിന്റെ ഓഹരി. *പ്ര. ഗ്ര. പേജ്* 299.
ഏശ 53:10-12 സഹിക്കുന്നവർ സ്വർഗത്തിന്നവകാശികൾ. *പ്ര. ഗ്ര. പേജ്* 299.

www.malankaralibrary.com

ഗലാ 2:19-21 മിശിഹായോടുകൂടി ക്രൂശിക്കപ്പെടുക. *പ്ര. ഗ്ര. പേജ്* 316.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയണം. *പ്ര. ഗ്ര. പേജ്* 352.

29 വെ **കൈത്ത ഒന്നാം വെള്ളി**
**നിസിബിസിലെ മാർ യാക്കോബ്**
പുറ 3:1-10 മൂശെയെ വിളിക്കുന്നു.
ഏശ 41:8-16 വിദൂരദിക്കുകളിൽനിന്ന് യാക്കോബിനെ വിളിച്ചു.
ഗലാ 1:6-10 മിശിഹായുടെ ദാസൻ.
ലൂക്കാ 1:67; 76-80 ഇസ്രായേലിനു വെളിപ്പെടുന്നതുവരെ മരുഭൂമിയിലായിരുന്നവൻ.
**വി. മർത്താ**
1 യോഹ 4:7-16 സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും.
യോഹ 11:17-26 (11:3-26) ഉത്ഥാനവും ജീവനുമായ ഈശോ.

30 ശ **കൈത്ത ഒന്നാം ശനി**
ഫിലി 1:19-26 മിശിഹാ എന്റെ ശരീരത്തിൽ മഹത്ത്വപ്പെടും.
യോഹ 11:1-16 നമുക്കും അവനോടുകൂടെ പോയി മരിക്കാം.
**വി. ഇഗ്നേഷ്യസ് ലയോള (31 ഞായർ)**
1 കോറി 10:31-11:1 എല്ലാം ദൈവമഹത്ത്വത്തിന്.
ലൂക്കാ 14:25-33 മിശിഹായുടെ ശിഷ്യൻ സ്വയം ത്യജിക്കണം.

31 ഞാ ✠ **കൈത്ത രണ്ടാം ഞായർ** (Propria Vol.III. page 623)
നിയ 28:1-14 ദൈവവചനം പാലിക്കുന്നവന് അനുഗ്രഹം.
പ്രഭാ 10:19-25 കർത്താവിനോടു ചേർന്നുനില്ക്കുന്നവൻ ബഹുമാനിക്കപ്പെടും.
റോമാ 11:17-24 ഒലിവുമരം നല്കുന്ന പാഠം.
യോഹ 15:1-8 മുന്തിരിച്ചെടിയും ശാഖകളും.

www.malankaralibrary.com

# 2022 ആഗസ്റ്റ്
# കൈത്തക്കാലം

1 തി **കൈത്ത രണ്ടാം തിങ്കൾ**
*(പതിനഞ്ചുനോമ്പാരംഭം)*
കൊളോ 1:1-8 സുവിശേഷം വിശ്വാസികളിൽ ഫലം പുറപ്പെടുവിക്കുന്നു.
യോഹ 15:9-17 ഫലം പുറപ്പെടുവിക്കുവാനുള്ള നിയോഗം.
**വി. അൽഫോൻസ് ലിഗോരി**
റോമാ 8:1-11 ആത്മാവിലുള്ള ജീവിതം.
മർക്കോ 12:28-33 നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല.

2 ചൊ **കൈത്ത രണ്ടാം ചൊവ്വ**
2 പത്രോ 3:8-13 കർത്താവു നമുക്കുവേണ്ടി ക്ഷമാപൂർവം കാത്തിരിക്കുന്നു.
മത്താ 20:1-16 മുന്തിരിത്തോട്ടത്തിലെ വേലക്കാർ.

3 ബു **കൈത്ത രണ്ടാം ബുധൻ**
1 തെസ 5:12-22 എല്ലാത്തിനും നന്ദി പറയുവിൻ.
ലൂക്കാ 17:11-19 പത്തു കുഷ്ഠരോഗികൾ.

4 വ്യാ **കൈത്ത രണ്ടാം വ്യാഴം**
*മുക്കുഴി മാർ ലോറൻസ് മെത്രാന്റെ അഭിഷേകം (1999).*
ഗലാ 6:6-10 നന്മ ചെയ്യുന്നതിൽ മടുപ്പു തോന്നാതിരിക്കുക.
മത്താ 21:18-22 അത്തിമരത്തിന് ശാപം.
**വി. ജോൺ മരിയ വിയാനി** (Propria Vol. IV. page 922)
1 സാമു 21:1-6 ദാവീദിന് വിശുദ്ധയപ്പം കൊടുക്കുന്ന പുരോഹിതൻ. *പ്ര. ഗ്ര. പേജ്* 300.
എസെ 36:22-27 പാപമാലിന്യങ്ങളിൽനിന്നും വിശുദ്ധീകരിക്കുന്ന ദൈവം. *പ്ര. ഗ്ര. പേജ്* 300.
2 കോറി 1:3-7 മിശിഹായുടെ സഹനത്തിൽ പങ്കാളിത്തം. *പ്ര. ഗ്ര. പേജ്* 318.
മത്താ 9:35-10:1 ജനത്തോട് അനുകമ്പ തോന്നിയ ഈശോ. *പ്ര. ഗ്ര. പേജ്* 355.

www.malankaralibrary.com

5 വെ **കൈത്ത രണ്ടാം വെള്ളി**
*ആദ്യവെള്ളി*
**മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി**
പുറ 29:38-46 അനുദിനബലികൾ.
ശ്ലീഹ 2:37-42 ആദിമ ക്രൈസ്തവസമൂഹം.
1 കോറി 3:5-11 ദൈവകൃപയനുസരിച്ച് അടിസ്ഥാനമിട്ടവൻ.
യോഹ 14:1-11 ഈശോ പിതാവിങ്കലേക്കുള്ള വഴി.

6 ശ **കൈത്ത രണ്ടാം ശനി**
*ജീരകത്തിൽ മാർ പൗളിനോസ് മെത്രാന്റെ ചരമം (1990).*
**നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം**
(Propria Vol.III. page 716)
പുറ 19:1-8, 20:18-21 സീനായ് ഉടമ്പടി.
ഏശ 6:1-7 ഭൂമിമുഴുവൻ അവിടത്തെ മഹത്ത്വം നിറഞ്ഞിരിക്കുന്നു.
2 പത്രോ 1:16-21 മഹത്ത്വത്തിനു സാക്ഷികൾ.
ലൂക്കാ 9:28-36 കർത്താവിന്റെ രൂപാന്തരീകരണം.

7 ഞാ ✠ **കൈത്ത മൂന്നാം ഞായർ** (Propria Vol.III. page 644)
റൂത്ത് 1:6-18 വിശ്വസ്തതയോടെയുള്ള ശുശ്രൂഷ.
പ്രഭാ 33:7-13 സൃഷ്ടിയിലെ വ്യതിരിക്തത.
റോമാ 12:3-8 ശുശ്രൂഷകളിലെ വൈവിധ്യം.
ലൂക്കാ 10:38-42 മർത്തായും മറിയവും.

8 തി **കൈത്ത മൂന്നാം തിങ്കൾ**
തീത്തോ 2:1-10 വ്യത്യസ്ത ജീവിതാവസ്ഥയിലുള്ളവർക്കുള്ള ഉപദേശം.
മത്താ 7:12-20 സുവർണ്ണനിയമം.
**വി. ഡൊമിനിക് പു.** (Propria Vol.IV. page 912)
*കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ നാമഹേതുകദിനം.*
1 കോറി 2:1-10 നിഗൂഢമായ ദൈവികജ്ഞാനം.
ലൂക്കാ 9:57-62 നീ പോയി ദൈവരാജ്യം പ്രസംഗിക്കുക.

9 ചൊ **കൈത്ത മൂന്നാം ചൊവ്വ**
1 കോറി 7:1-7 ക്രിസ്തീയവിവാഹം.
മത്താ 19:3-12 വിവാഹം, ബ്രഹ്മചര്യം.

www.malankaralibrary.com

10 ബു **കൈത്ത മൂന്നാം ബുധൻ**
*മുക്കുഴി മാർ ലോറൻസ് മെത്രാന്റെ നാമഹേതുകദിനം.*
റോമാ 12:14-21 എല്ലാവരുടെയും ദൃഷ്ടിയിൽ ഉത്കൃഷ്ടമായത് ചെയ്യുവിൻ.
യോഹ 13:1-15 മിശിഹായുടെ മാതൃക.

11 വ്യാ **കൈത്ത മൂന്നാം വ്യാഴം**
1 തിമോ 6:1-6 പരസ്പരമുള്ള ബഹുമാനം.
മത്താ 21:28-32 ഭിന്നസ്വഭാവക്കാരായ പുത്രന്മാർ.
**വി. ക്ലാര ക.** (Propria Vol.IV. page 912)
നിയ 17:2-9 ദൈവത്തിന്റെ സ്വന്തമായ വിശുദ്ധ ജനം.
*പ്ര. ഗ്ര. പേജ്* 303.
ഏശ 62:1-5 കർത്താവിന്റെ സംരക്ഷണത്തിൽ മഹത്ത്വമണിയുന്ന ജനത. *പ്ര. ഗ്ര. പേജ്* 303.
ഫിലി 3:8-14 മിശിഹായെപ്രതി എല്ലാം ഉപേക്ഷിക്കുക.
*പ്ര. ഗ്ര. പേജ്* 321.
മത്താ 19:27-29 നൂറിരട്ടി പ്രതിഫലം. *പ്ര. ഗ്ര. പേജ്* 357.

12 വെ **കൈത്ത മൂന്നാം വെള്ളി**
റോമാ 15:1-6 നാം ബലഹീനരുടെ ദൗർബല്യങ്ങൾ വഹിക്കണം.
മത്താ 18:21-35 കഠിനഹൃദയനായ അധമർണൻ.

13 ശ **കൈത്ത മൂന്നാം ശനി**
റോമാ 13:1-7 ക്രിസ്ത്യാനികളും ഭരണാധികാരികളും.
മത്താ 17:24-27 ദൈവാലയനികുതി.
**വി. മാക്സിമില്യൻ കോൾബേ (14 ഞായർ)**
(Propria Vol.IV. page 922)
1 പത്രോ 3:14-17 നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക.
ലൂക്കാ 9:23-26 മിശിഹായെപ്രതി ജീവൻ ത്യജിക്കുക.

14 ഞാ ✠ **കൈത്ത നാലാം ഞായർ** (Propria Vol.III. page 653)
നിയ 6:1-9 കാനാൻ ദേശത്തെ കല്പനകൾ.
എസെ 3:16-21 എസെക്കിയേലിന്റെ ദൗത്യം.
2 തെസ 2:13-17 ദൈവരാജ്യത്തിനുവേണ്ടിയുള്ള സഹനം.
മത്താ 13:44-52 ദൈവരാജ്യത്തിന്റെ വളർച്ച.

www.malankaralibrary.com

15 തി **✠ കൈത്ത നാലാം തിങ്കൾ**

*പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1973).*

**പ. ക. മറിയത്തിന്റെ സ്വർഗാരോപണം**

(Propria Vol.III. page 727)

**ഇന്ത്യൻ സ്വാതന്ത്ര്യദിനം** (Propria Vol.I. page 298)

*ഇന്ന് സഭയിലെ ഒരു പ്രധാനപ്പെട്ട തിരുനാളും കടമുള്ള ദിവസവുമാണ്. ഇന്ന് ഒഴിവുദിവസമല്ലാത്ത സ്ഥലങ്ങളിലും സാധിക്കുന്നവരെല്ലാം വിശുദ്ധകുർബാനയിലും മറ്റു തിരുക്കർമങ്ങളിലും സംബന്ധിക്കേണ്ടതാണ്.*

പുറ 15:11-18 മൂശെയുടെ കീർത്തനം.

ശ്ലീഹ 1:6-14 മറിയത്തോടു ചേർന്ന് പരിശുദ്ധാത്മാവിനെ കാത്തിരിക്കുന്ന സഭ.

2 തിമോ 4:1-8 നീതിയുടെ കിരീടം.

മത്താ 12:46-50, 13:53-57 ഈശോയുടെ അമ്മയും സഹോദരന്മാരും.

16 ചൊ **കൈത്ത നാലാം ചൊവ്വ**

1 കോറി 1:10-17 ഭിന്നതയുണ്ടാക്കാതെ സുവിശേഷം പ്രചരിപ്പിക്കുക.

യോഹ 3:22-30 അവൻ വളരുകയും ഞാൻ കുറയുകയും വേണം.

17 ബു **കൈത്ത നാലാം ബുധൻ**

ഗലാ 3:19-25 രക്ഷാചരിത്രത്തിൽ നിയമത്തിന്റെ സ്ഥാനം.

ലൂക്കാ 10:25-37 നല്ല സമരിയാക്കാരൻ.

18 വ്യാ **കൈത്ത നാലാം വ്യാഴം**

ഹെബ്രാ 12:18-29 നാം ഇളക്കമില്ലാത്ത രാജ്യം പ്രാപിച്ചിരിക്കുന്നു.

ലൂക്കാ 17:20-33 ദൈവരാജ്യം നിങ്ങളിൽത്തന്നെ.

19 വെ **കൈത്ത നാലാം വെള്ളി**

റോമാ 14:13-23 ഇടർച്ച ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കുവിൻ.

മർക്കോ 9:42-50 ഇടർച്ച നല്കുന്നവനു ദുരിതം.

www.malankaralibrary.com

20 ശ **കൈത്ത നാലാം ശനി**

റോമാ 2:17-24 നിങ്ങൾവഴി ദൈവത്തിന്റെ നാമം നിന്ദിക്കപ്പെട്ടിരിക്കുന്നു.

മത്താ 15:10-20 അന്ധരെ നയിക്കുന്ന അന്ധരായ മാർഗദർശികൾ.

**വി. പത്താം പീയൂസ് മാർപാപ്പ (21 ഞായർ)**

(Propria Vol.IV. page 931)

1 രാജാ 19:3-8 ഏലിയായെ സംരക്ഷിക്കുന്ന ദൈവം.

സുഭാ 9:1-5 ജ്ഞാനം വിരുന്നൊരുക്കിയിരിക്കുന്നു.

1 കോറി 11:23-30 കർത്താവിൽനിന്നു ലഭിച്ചവ ഭരമേല്പിക്കുന്ന ശ്ലീഹ.

യോഹ 6:47-58 ഈശോ ജീവന്റെ അപ്പം.

21 ഞാ ✠ **കൈത്ത അഞ്ചാം ഞായർ** (Propria Vol.III. page 662)

ലേവ്യ 16:20-28 തിന്മയ്ക്കുള്ള പരിഹാരം.

ഏശ 14:1-15 തിന്മയുടെ പതനം.

യൂദാ 1:8-13 പൈശാചികതന്ത്രങ്ങളെ തിരിച്ചറിയുക.

ലൂക്കാ 11:14-26 അന്തഃച്ഛിദ്രമുള്ള ഭവനം നശിക്കും.

22 തി **കൈത്ത അഞ്ചാം തിങ്കൾ**

വെളി 12:7-12 സർപ്പത്തിന്റെ പതനം.

ലൂക്കാ 8:26-39 പിശാചുബാധിതനെ സുഖപ്പെടുത്തുന്നു.

23 ചൊ **കൈത്ത അഞ്ചാം ചൊവ്വ**

*ഇരിമ്പൻ മാർ ജോസഫ് മെത്രാന്റെ ചരമം (1997)*

1 യോഹ 3:1-10 ദൈവത്തിൽനിന്നു ജനിച്ചവൻ പാപം ചെയ്യുന്നില്ല.

യോഹ 8:37-47 ദൈവത്തിൽനിന്നുള്ളവൻ ദൈവവചനം ശ്രവിക്കുന്നു.

24 ബു **കൈത്ത അഞ്ചാം ബുധൻ**

1 തെസ 4:1-8 ദൈവഹിതം ജീവിതവിശുദ്ധീകരണം.

മത്താ 21:12-17 ദൈവാലയശുദ്ധീകരണം.

www.malankaralibrary.com

**ബർത്തലോമിയോ ശ്ലീഹ** (Propria Vol.III. page 611)
ഉത്പ 28:10-19 ആകാശത്തു മുട്ടുന്ന ഗോവണി.
ജ്ഞാനം 7:13-21 ജ്ഞാനം സിദ്ധിച്ചവർ ദൈവത്തിന്റെ സൗഹൃദം നേടുന്നു.
1 കോറി 1:26-31 അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ.
യോഹ 1:45-51 നഥാനിയേലിനെ വിളിക്കുന്നു.

25 വ്യാ **കൈത്ത അഞ്ചാം വ്യാഴം**
1 തെസ 3:6-13 സമാധാനത്തിന്റെ ദൈവം നിങ്ങളെ പൂർണമായി വിശുദ്ധീകരിക്കട്ടെ.
മർക്കോ 1:40-45 കുഷ്ഠരോഗിയെ ശുദ്ധമാക്കുന്നു.

26 വെ **കൈത്ത അഞ്ചാം വെള്ളി**
**വി. ശ്മോനിയും ഏഴു മക്കളും**
2 മക്ക 7:1-6; 20-23; 41 അമ്മയും ഏഴു മക്കളും.
ദാനി 6:1-17 ദാനിയേൽ സിംഹക്കുഴിയിൽ.
2 കോറി 6:1-10 മരിക്കുന്നവരെപ്പോലെയെങ്കിലും ഞങ്ങൾ ജീവിക്കുന്നു.
യോഹ 16:25-33 ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

27 ശ **കൈത്ത അഞ്ചാം ശനി**
വെളി 20:1-6 ആയിരം വർഷത്തെ ഭരണം.
മത്താ 12:38-45 അശുദ്ധാത്മാവിന്റെ പ്രത്യാഗമനം.
**വി. അഗസ്റ്റിൻ മെ. മ. (28 ഞായർ )** (Propria Vol. IV. page 931)
നിയ 10:12-17 പൂർണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക.
ജ്ഞാനം 7:10-14 ജ്ഞാനത്തെ സ്നേഹിക്കുക.
2 കോറി 5:14-21 ദൈവത്തോട് രമ്യതപ്പെടുക.
മർക്കോ 8:34-38 ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം?

28 ഞാ ✠ **കൈത്ത ആറാം ഞായർ** (Propria Vol.III. page 671)
ഉത്പ 8:1-11 സഭയുടെ പ്രതിരൂപമായ നോഹയുടെ പേടകം.
ഉത്തമ 6:1-4 ദൈവവും മണവാട്ടിയായ ഇസ്രായേലും.
വെളി 21:9-14 സ്വർഗീയ ജറുസലേമാകുന്ന സഭ.
യോഹ 6:16-24 സഭയാകുന്ന നൗകയെ സംരക്ഷിക്കുന്ന മിശിഹാ.

www.malankaralibrary.com

29 തി **കൈത്ത ആറാം തിങ്കൾ**
എഫേ 5:22-33 മിശിഹാ സഭയുടെ ശിരസ്സും ശരീരത്തിന്റെ സംരക്ഷകനും.
മത്താ 16:13-20 പാതാളവാതിലുകൾ സഭയ്ക്കെതിരേ പ്രബലപ്പെടുകയില്ല.
**വി. എവുപ്രാസ്യ ക.**
ഉത്പ 12:1-4 അബ്രാമിനെ ദൈവം വിളിക്കുന്നു.
*പ്ര. ഗ്ര. പേജ്* 308.
പ്രഭാ 2:1-6 കർത്താവിൽ ആശ്രയിക്കുക. *പ്ര. ഗ്ര. പേജ്* 309.
1 തെസ 4:1-8 പ്രസാദകരമായ ജീവിതം. *പ്ര. ഗ്ര. പേജ്* 325.
മർക്കോ 10:35-45 ഒന്നാമൻ ഏവരുടെയും ദാസൻ.
*പ്ര. ഗ്ര. പേജ്* 361.

30 ചൊ **കൈത്ത ആറാം ചൊവ്വ**
ശ്ലീഹ 4:32-37 എല്ലാവരിലും കൃപ സമൃദ്ധമായി ഉണ്ടായിരുന്നു.
ലൂക്കാ 12:22-34 ദൈവപരിപാലനയിൽ ആശ്രയിക്കുക.

31 ബു **കൈത്ത ആറാം ബുധൻ**
എഫേ 4:1-6 ആത്മാവിന്റെ ഐക്യം നിലനിറുത്തുക.
യോഹ 21:1-12 ഭാരം ഉണ്ടായിട്ടും വല കീറിയില്ല.

www.malankaralibrary.com

# 2022 സെപ്തംബർ
# കൈത്ത-ഏലിയാ-സ്ലീവ-മൂശെ കാലങ്ങൾ

1 വ്യാ **കൈത്ത ആറാം വ്യാഴം**
*(എട്ടുനോമ്പാരംഭം)*
2 കോറി 3:12-18 കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ട്.
യോഹ 8:31-38 സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

2 വെ **കൈത്ത ആറാം വെള്ളി**
*ആദ്യവെള്ളി*
**വി. ശെമയോൻ ബർസാബയും സഹരക്തസാക്ഷികളും**
ഏശ 50:4-10 കർത്താവിന്റെ ദാസൻ.
ശ്ലീഹ 20:17-24 എന്റെ ജീവൻ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല.
2 കോറി 6:1-10 ഞങ്ങൾ എല്ലാ വിധത്തിലും ദൈവത്തിന്റെ ദാസന്മാർ.
യോഹ 15:18-21, 16:1-4 എന്നെ പീഡിപ്പിച്ചുവെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും.

3 ശ **കൈത്ത ആറാം ശനി**
*കരോട്ടെപ്രെമ്പയിൽ മാർ ഗ്രിഗറി മെത്രാന്റെ നാമഹേതുകദിനം.*
1 കോറി 12:12-27 നിങ്ങൾ മിശിഹായുടെ ശരീരവും അതിലെ അവയവങ്ങളും.
മത്താ 18:15-20 നിങ്ങളുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും.

4 ഞാ ✠ **കൈത്ത ഏഴാം ഞായർ** (Propria Vol.III. page 680)
ഉത്പ 6:13-22 ജീവജാലങ്ങളെല്ലാം നശിപ്പിക്കപ്പെടും.
ജറെ 32:36-41 എന്നോടുള്ള ഭക്തി ഞാൻ അവരുടെ ഹൃദയത്തിൽ നിക്ഷേപിക്കും.
യാക്കോ 4:1-10 ഭൗതികതയ്ക്കെതിരേ മുന്നറിയിപ്പ്.
മത്താ 6:19-24 സ്വർഗത്തിൽ നിക്ഷേപം സൂക്ഷിക്കുക.

www.malankaralibrary.com

5 തി **കൈത്ത ഏഴാം തിങ്കൾ**

1 കോറി 9:24-27 സമ്മാനം ലഭിക്കാൻ തക്കവണ്ണം ഓടുവിൻ.
മർക്കോ 12:28-34 ദൈവരാജ്യത്തിലേക്കുള്ള സുവർണ്ണനിയമം.
**കൊൽക്കൊത്തായിലെ വി. മദർ തെരേസ**
യാക്കോ 2:14-17 പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജീവം.
മത്താ 25:31-40 എളിയ സഹോദരരിൽ ഈശോയെ കാണണം.

6 ചൊ **കൈത്ത ഏഴാം ചൊവ്വ**

*ചിറ്റിലപ്പിള്ളി മാർ പോൾ മെത്രാന്റെ ചരമം (2020).*
2 പത്രോ 1:1-11 നിത്യരാജ്യത്തിലേക്കുള്ള പ്രവേശനത്തിന് പരിശ്രമിക്കുക.
ലൂക്കാ 12:13-21 ഭോഷനായ ധനികൻ.

7 ബു **കൈത്ത ഏഴാം ബുധൻ**

1 യോഹ 3:11-18 സഹായമർഹിക്കുന്നവനെ സഹായിക്കുക.
ലൂക്കാ 16:19-31 ധനവാനും ലാസറും.

8 വ്യാ **കൈത്ത ഏഴാം വ്യാഴം**

*വടക്കേൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (1998).*
**പ. ക. മറിയത്തിന്റെ പിറവിത്തിരുനാൾ**
(Propria Vol. III. page 737)
ഉത്പ 17:15-22 (17:1-27) അവൾ ജനതകളുടെ മാതാവ്.
*പ്ര. ഗ്ര. പേജ്* 309.
ഏശ 43:1-7 (42:18-43:13) ഇസ്രായേലിന്റെ തിരിച്ചുവരവ്.
*പ്ര. ഗ്ര. പേജ്* 311.
വെളി 12:1-6 സൂര്യനെ ഉടയാടയാക്കിയ സ്ത്രീ.
*പ്ര. ഗ്ര. പേജ്* 326.
മത്താ 1:1-16 ഈശോയുടെ വംശാവലി. *പ്ര. ഗ്ര. പേജ്* 363.

9 വെ **കൈത്ത ഏഴാം വെള്ളി**

2 കോറി 9:6-15 സഹായപ്രവർത്തനങ്ങൾവഴി അനുഗ്രഹങ്ങൾ.
മത്താ 19:13-24 സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും.

www.malankaralibrary.com

10 ശ **കൈത്ത ഏഴാം ശനി**

*കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തായുടെ ചരമം (1786).*

ഫിലെ 1:8-20 എന്നെപ്പോലെ അയാളെയും സ്വീകരിക്കുക.

മത്താ 10:5-15 ശിഷ്യരെ സ്വീകരിക്കുന്നവർക്ക് സ്വർഗ രാജ്യത്തിൽ പ്രതിഫലം.

## ഏലിയാ - സ്ലീവ - മൂശെക്കാലങ്ങൾ

സെപ്തംബർ 14-ാം തീയതി ആചരിക്കുന്ന കുരിശിന്റെ പുകഴ്ചയാണ് ഏലിയ-സ്ലീവ-മൂശെക്കാലങ്ങളുടെ കേന്ദ്രബിന്ദു. ഈശോയുടെ രൂപാന്തരീകരണവേളയിൽ കാണപ്പെട്ട മൂശെയും ഏലിയായും പഴയനിയമത്തെയും സ്ലീവാ പഴയനിയമ പൂർത്തീകരണമായ ഈശോയെയും പ്രതിനിധാനം ചെയ്യുന്നു. സ്ലീവായുടെ വിജയവും കർത്താവിന്റെ ദ്വിതീയാഗമനവും അന്ത്യവിധിയുമാണ് ഏലിയ-സ്ലീവ-മൂശെക്കാലങ്ങളിലെ വിചിന്തനവിഷയങ്ങൾ.

സത്യദൈവത്തിന്റെ പ്രവാചകരെയും അവരിലൂടെ ദൈവം നല്കിയ ആഹ്വാനങ്ങളെയും സന്ദേശങ്ങളെയും ഉൾക്കൊണ്ട്, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച്, കർത്താവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങാൻ ഈ കാലത്തിൽ സഭ നമ്മെ ക്ഷണിക്കുന്നു. ജഡത്തിന്റെ ആഗ്രഹങ്ങൾ ആത്മാവിനെതിരാണ് എന്ന അവബോധത്തിൽ, തിന്മ വർജിച്ച് പശ്ചാത്താപത്തിന്റെ മാർഗത്തിൽ ചരിച്ചില്ലെങ്കിൽ നശിക്കുമെന്ന മുന്നറിയിപ്പാണ് സഭാമാതാവു നമുക്കു നല്കുന്നത്.

കർത്താവിന്റെ ദിനം ആസന്നമായതിനാൽ, ഉണർന്നിരുന്ന് അവിടത്തെ ശുശ്രൂഷിക്കാനും ഏകാഗ്രത, വിശ്വസ്തത, വിവേകം, സമചിത്തത, ഉത്തമശുശ്രൂഷ, നിരന്തരപ്രാർഥന എന്നിവയിലൂടെ വിവേകമതികളായ കന്യകമാരെപ്പോലെ നിത്യജീവൻ അവകാശപ്പെടുത്താനും സഭ നമ്മെ ക്ഷണിക്കുന്നു.

രൂപാന്തരീകരണവേളയിൽ മൂശെയുടെയും ഏലിയായുടെയും മധ്യത്തിൽ നിലകൊണ്ട മഹത്ത്വീകൃതനായ ഈശോയുടെ

www.malankaralibrary.com

പ്രതീകമാണ് സ്ലീവ. അതുകൊണ്ടാണ്, 'ഏലിയ-ഈശോ-മൂശെ' എന്നുപറയാതെ 'ഏലിയ-സ്ലീവ-മൂശെ' എന്ന് ഈ കാലത്തെപ്പറ്റി പറയുന്നത്.

രക്ഷ പകർന്നുതരാൻ കുരിശിൽ ഉയർത്തപ്പെട്ട ഈശോ മിശിഹായുടെ പഴയനിയമപ്രതീകമാണ് മൂശെ ഉയർത്തിയ പിച്ചളസർപ്പം. കർത്താവിന്റെ നാമത്തിൽ അഭിമാനം കൊള്ളുന്നവൻ രക്ഷയുടെ അടയാളമായ കുരിശിലും സഹനത്തിലും അഭിമാനംകൊള്ളുന്നു. കുരിശിൽ മരിച്ച് ഉത്ഥാനത്തിന്റെ മഹത്ത്വത്തിലേക്ക് പ്രവേശിച്ചവനെ അനുഗമിക്കുന്നവരും കുരിശു വഹിക്കണം എന്ന് ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. സഹനവും മരണവും മഹത്ത്വപ്രവേശനത്തിന് അനിവാര്യമാണെന്ന തിരിച്ചറിവാണ് ഈ കാലത്തിലെ പ്രഘോഷണങ്ങളിലൂടെ നമുക്കു ലഭിക്കുന്നത്.

പീഡാസഹനവും മരണവും സ്വീകരിച്ച് ദൈവഹിതം പൂർത്തിയാക്കിയ മിശിഹായുടെ മഹത്ത്വത്തിന്റെ വെളിപ്പെടലാണ് കാൽവരിയിലെ സ്ലീവായിൽ സംഭവിച്ചത്. തന്റെ മരണോത്ഥാനങ്ങളിലൂടെയും സ്വർഗാരോഹണത്തിലൂടെയും മഹിമയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായ മിശിഹായാണ് ലോകാവസാനത്തിൽ വിധിയാളനായി ആഗതനാകുന്നത്. കുരിശുമരണത്തോളം സ്വയം താഴ്ത്തിയതുവഴി ദൈവത്താൽ ഉയർത്തപ്പെട്ട മിശിഹായോടുകൂടെ വിനയഭാവത്തോടെ സഹിക്കാനും അവിടത്തോടൊപ്പം മഹത്ത്വത്തിൽ പ്രവേശിക്കാനും ഈ കാലം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

മരണം, അന്ത്യവിധി തുടങ്ങിയവയാണ് മൂശെക്കാലത്തെ വിചിന്തനവിഷയങ്ങൾ. 'അവസാനംവരെ സഹിച്ചു നില്ക്കുന്നവൻ രക്ഷ പ്രാപിക്കും' എന്ന ആശ്വാസവചനവും ഈശോ ഇവിടെ നല്കുന്നുണ്ട്. ഫലം തരാത്തവയെ വെട്ടിക്കളയുമെങ്കിലും തടസ്സങ്ങളെ അതിജീവിക്കുന്ന വിശ്വാസം ഫലമണിയുമെന്നും സഹനങ്ങളെ വിശ്വാസത്തോടെ നേരിടുന്നവർ സമാശ്വാസവും സന്തോഷവും പ്രാപിക്കുമെന്നും സഭ പഠിപ്പിക്കുന്നു.

www.malankaralibrary.com

11 ഞാ ✠ **ഏലിയാ - സ്ലീവ - മൂശെ ഒന്നാം ഞായർ**
**(ഏലിയാ ഒന്നാം ഞായർ)** (Propria Vol. IV. page 745)
*ചിറ്റൂപറമ്പിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2010).*
പുറ 34:28-35 മൂശെയുടെ മുഖം പ്രകാശപൂരിതം.
2 ദിന 5:11-14 കർത്താവിന്റെ തേജസ്സ് ദൈവാലയത്തിൽ.
1 കോറി 15:35-50 സ്വർഗീയശരീരങ്ങളുടെ തേജസ്സ് ഒന്ന്.
മർക്കോ 9:2-13 ഈശോയുടെ രൂപാന്തരീഭാവം.

12 തി **ഏലിയാ - സ്ലീവ - മൂശെ ഒന്നാം തിങ്കൾ**
**(ഏലിയാ ഒന്നാം തിങ്കൾ)**
1 കോറി 2:9-15 നിഗൂഢവും രഹസ്യവുമായ ദൈവജ്ഞാനം.
ലൂക്കാ 23:33-43 നിന്റെ രാജ്യത്തിൽ എന്നെ ഓർക്കണമേ.

13 ചൊ **ഏലിയാ - സ്ലീവ - മൂശെ ഒന്നാം ചൊവ്വ**
**(ഏലിയാ ഒന്നാം ചൊവ്വ)**
1 യോഹ 1:1-7 മിശിഹാ ജീവനും പ്രകാശവും.
യോഹ 8:12-20 ഈശോ ലോകത്തിന്റെ പ്രകാശം.
**വി. ജോൺ ക്രിസോസ്തോം** (Propria Vol.IV. page 941)
എഫേ 4:1-7; 11-13 ശുശ്രൂഷകൾ സഭയെ പണിതുയർത്താൻ.
മർക്കോ 4:1-9 വിതയ്ക്കപ്പെട്ട വചനം.

14 ബു **ഏലിയാ - സ്ലീവ - മൂശെ ഒന്നാം ബുധൻ**
**(ഏലിയാ ഒന്നാം ബുധൻ)**
**വി. കുരിശിന്റെ പുകഴ്ച** (Propria Vol.IV. page 775)
സംഖ്യ 21:4-9 പിച്ചളസർപ്പം. *പ്ര. ഗ്ര. പേജ്* 314.
ഏശ 42:13-17 (42:13-43:12) ദൈവത്തിന്റെ വിജയം.
*പ്ര. ഗ്ര. പേജ്* 312.
1 കോറി 1:18-25 (1:18-31) കുരിശ് ദൈവിക ശക്തിയുടെ അടയാളം. *പ്ര. ഗ്ര. പേജ്* 327.
ലൂക്കാ 24:13-27 (24:13-35) മിശിഹാ സഹനത്തിലൂടെ മഹത്ത്വത്തിലേക്ക്. *പ്ര. ഗ്ര. പേജ്* 365.

www.malankaralibrary.com

15 വ്യാ **ഏലിയാ – സ്ലീവ – മൂശെ ഒന്നാം വ്യാഴം**
**(ഏലിയാ ഒന്നാം വ്യാഴം)**
*കൊടകല്ലിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2015).*
*തോട്ടുങ്കൽ മാർ ക്ലെമന്റ് മെത്രാന്റെ ചരമം (1991).*
ഫിലി 3:17-21 അവൻ നമ്മുടെ ശരീരത്തെ രൂപാന്തരപ്പെടുത്തും.
മത്താ 18:1-5 സ്വർഗരാജ്യത്തിലെ വലിയവൻ.

16 വെ **ഏലിയാ – സ്ലീവ – മൂശെ ഒന്നാം വെള്ളി**
**(ഏലിയാ ഒന്നാം വെള്ളി)**
*മാർ ജോർജ്ജ് രാജേന്ദ്രൻ മെത്രാന്റെ അഭിഷേകം (2012).*
1 കോറി 15:12-22 മിശിഹാമൂലം മരിച്ചവരുടെ ഉയിർപ്പ്.
യോഹ 11:17-27 ഞാൻ ആകുന്നു ഉത്ഥാനവും ജീവനും.

17 ശ **ഏലിയാ – സ്ലീവ – മൂശെ ഒന്നാം ശനി**
**(ഏലിയാ ഒന്നാം ശനി)**
*കൊല്ലംപറമ്പിൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2013).*
1 കോറി 15:50-58 ശരീരത്തിനും രക്തത്തിനും ദൈവരാജ്യം അവകാശപ്പെടുത്തുക സാധ്യമല്ല.
മത്താ 22:23-33 മരിച്ചവരുടെ ഉത്ഥാനം.

18 ഞാ ✠ **ഏലിയാ – സ്ലീവ – മൂശെ രണ്ടാം ഞായർ**
**(സ്ലീവ ഒന്നാം ഞായർ)** (Propria Vol.IV. page 787)
സംഖ്യ 21:1-9 പിച്ചളസർപ്പം.
സഖ 10:8-12 അവിടത്തെ നാമത്തിൽ അവർ അഭിമാനം കൊള്ളും.
ഗലാ 6:11-18 കുരിശിലല്ലാതെ മറ്റൊന്നിലും പ്രശംസിക്കാൻ ഇടയാകാതിരിക്കട്ടെ.
മത്താ 10:34-42 കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കു യോജിച്ചവനല്ല.

19 തി **ഏലിയാ – സ്ലീവ – മൂശെ രണ്ടാം തിങ്കൾ**
**(സ്ലീവ ഒന്നാം തിങ്കൾ)**
*കല്ലുവേലിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2015).*
2 കോറി 10:1-6 ഞങ്ങളുടെ സമരായുധങ്ങൾ ശാരീരികമല്ല.
ലൂക്കാ 18:31-34 സഹനവും ഉത്ഥാനവും; മൂന്നാം പ്രവചനം.

www.malankaralibrary.com

20 ചൊ **ഏലിയാ – സ്ലീവ – മൂശെ രണ്ടാം ചൊവ്വ**
**(സ്ലീവ ഒന്നാം ചൊവ്വ)**
കൊളോ 2:6-15 പാപങ്ങളുടെ പ്രമാണപത്രത്തെ അവൻ കുരിശിൽ തറച്ചു.
യോഹ 3:13-21 ഈശോ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.

21 ബു **ഏലിയാ – സ്ലീവ – മൂശെ രണ്ടാം ബുധൻ**
**(സ്ലീവ ഒന്നാം ബുധൻ)**
**മത്തായി ശ്ലീഹ** (Propria Vol. III. page 611)
*മൂലക്കാട്ട് മാർ മാത്യു മെത്രാപ്പോലീത്തായുടെയും അറയ്ക്കൽ മാർ മാത്യു, വാണിയകിഴക്കേൽ മാർ മാത്യു എന്നീ മെത്രാന്മാരുടെയും നാമഹേതുകദിനം.*
*പുത്തൻവീട്ടിൽ മാർ ജോസ് മെത്രാന്റെ അഭിഷേകം (2013).*
1 ദിന 29:10-19 കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവൻ. *പ്ര. ഗ്ര. പേജ്* 315.
എസെ 1:1-14 എസെക്കിയേലിന്റെ ദൈവദർശനം. *പ്ര. ഗ്ര. പേജ്* 316.
ഹെബ്രാ 11:23-26 മിശിഹായെപ്രതി സഹിക്കണം. *പ്ര. ഗ്ര. പേജ്* 328.
മത്താ 9:9-13 ലേവിയെ ശിഷ്യനാക്കുന്ന ഈശോ. *പ്ര. ഗ്ര. പേജ്* 366.

22 വ്യാ **ഏലിയാ – സ്ലീവ – മൂശെ രണ്ടാം വ്യാഴം**
**(സ്ലീവ ഒന്നാം വ്യാഴം)**
എഫേ 2:11-22 ഈശോ കുരിശുമൂലം ശത്രുത അവസാനിപ്പിച്ചു.
യോഹ 11:45-57 ജനത്തിനുവേണ്ടിയുള്ള ഈശോയുടെ മരണം.

23 വെ **ഏലിയാ – സ്ലീവ – മൂശെ രണ്ടാം വെള്ളി**
**(സ്ലീവ ഒന്നാം വെള്ളി)**
ശ്ലീഹ 4:1-12 മൂലക്കല്ലായ മിശിഹായിൽ മാത്രമേ രക്ഷയുള്ളൂ.
ലൂക്കാ 20:9-19 പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ല് പ്രധാന മൂലക്കല്ലായിത്തീർന്നു.

www.malankaralibrary.com

24 ശ **ഏലിയാ – സ്ലീവ – മൂശെ രണ്ടാം ശനി**
**(സ്ലീവ ഒന്നാം ശനി)**
ഫിലി 3:17-21 മിശിഹായുടെ കുരിശിന്റെ ശത്രുക്കൾ.
മത്താ 16:21-27 കുരിശിനെ നിരസിക്കുന്നവൻ സാത്താൻ.

25 ഞാ ✠ **ഏലിയാ – സ്ലീവ – മൂശെ മൂന്നാം ഞായർ**
**(സ്ലീവ രണ്ടാം ഞായർ)** (Propria Vol.IV. page 797)
ഉത്പ 9:8-17 മഴവില്ല് ഉടമ്പടിയുടെ അടയാളം.
ദാനി 7:9-14 വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രൻ.
1 കോറി 1:18-25 സ്ലീവായുടെ സന്ദേശം.
മത്താ 24:29-36 മനുഷ്യപുത്രന്റെ അടയാളം.

26 തി **ഏലിയാ – സ്ലീവ – മൂശെ മൂന്നാം തിങ്കൾ**
**(സ്ലീവ രണ്ടാം തിങ്കൾ)**
1 കോറി 10:1-13 നില്ക്കുന്നുവെന്നു വിചാരിക്കുന്നവൻ വീഴാതിരിക്കാൻ സൂക്ഷിക്കട്ടെ.
മത്താ 24:15-28 യുഗാന്തത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ.

27 ചൊ **ഏലിയാ – സ്ലീവ – മൂശെ മൂന്നാം ചൊവ്വ**
**(സ്ലീവ രണ്ടാം ചൊവ്വ)**
*ആലപ്പാട്ട് മാർ ജോയി മെത്രാന്റെ അഭിഷേകം (2014).*
1 യോഹ 2:18-29 എല്ലാവരെയും വിവേചിച്ചറിയാൻ നിങ്ങൾക്കു കഴിയുന്നു.
യോഹ 7:25-31; 40-43 ഇവനാണു മിശിഹാ.
**വി. വിൻസെന്റ് ഡി പോൾ** (Propria Vol.IV. page 912 )
നിയ 24:10-18 ദരിദ്രനോട് കാണിക്കേണ്ട കാരുണ്യം.
ഏശ 42:1-9 കർത്താവിന്റെ ദാസൻ.
1 കോറി 1:26-31 ദൈവം നമ്മെ തിരഞ്ഞെടുത്തു.
മത്താ 9:35-38 നന്മ ചെയ്തുകൊണ്ട് ചുറ്റിസഞ്ചരിച്ച ഈശോ.

28 ബു **ഏലിയാ – സ്ലീവ – മൂശെ മൂന്നാം ബുധൻ**
**(സ്ലീവ രണ്ടാം ബുധൻ)**
വെളി 19:11-15 തിന്മ ചെയ്യുന്നവർക്കു ശിക്ഷ.
ലൂക്കാ 12:54-59 വഴിയിൽ വച്ചുതന്നെ ശത്രുവിനോടു രമ്യതപ്പെടുക.

www.malankaralibrary.com

29 വ്യാ **ഏലിയാ – സ്ലീവ – മൂശെ മൂന്നാം വ്യാഴം**
**(സ്ലീവ രണ്ടാം വ്യാഴം)**
1 കോറി 5:9-13, 6:9-11 അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല.
ലൂക്കാ 17:20-25 ദൈവരാജ്യം നിങ്ങളിൽത്തന്നെ.
**മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ**
*തട്ടിൽ മാർ റാഫേൽ മെത്രാന്റെ നാമഹേതുകദിനം.*
വെളി 12:7-12 മിഖായേലും ദൂതന്മാരും.
യോഹ 1:43-51 മാലാഖമാർ കയറിപ്പോകുന്നതും ഇറങ്ങി വരുന്നതും.

30 വെ **ഏലിയാ – സ്ലീവ – മൂശെ മൂന്നാം വെള്ളി**
**(സ്ലീവ രണ്ടാം വെള്ളി)**
2 പത്രോ 3:1-7 ആകാശവും ഭൂമിയും അഗ്നിക്കിരയാകും.
ലൂക്കാ 17:26-35 മനുഷ്യപുത്രന്റെ ആഗമനം.
**വി. ജെറോം മ.** (Propria Vol.IV. page 941)
നിയ 7:6-11 (7:1-11) നിങ്ങൾ ഒരു വിശുദ്ധ ജനം.
പ്രഭാ 24:12-17 ജ്ഞാനത്തിന്റെ മാഹാത്മ്യം.
2 തിമോ 3:12-17 വിശുദ്ധജീവിതം ദൈവാഭിലാഷം.
മത്താ 13:44-52 ദൈവരാജ്യത്തെപ്പറ്റി ഉപമകൾ.

www.malankaralibrary.com

# 2022 ഒക്ടോബർ
# ഏലിയാ - സ്ലീവ - മൂശെ -
# പള്ളിക്കൂദാശ കാലങ്ങൾ

1 ശ **ഏലിയാ - സ്ലീവ - മൂശെ മൂന്നാം ശനി**
**(സ്ലീവ രണ്ടാം ശനി)**
*തുരുത്തിമറ്റം മാർ തോമസ് (2006), മുരിക്കൻ മാർ ജേക്കബ് (2012) എന്നീ മെത്രാന്മാരുടെ അഭിഷേകം.*
2 പത്രോ 3:10-13 പുതിയ ആകാശവും പുതിയ ഭൂമിയും.
മത്താ 4:12-17 സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.
**വി. കൊച്ചുത്രേസ്യ ക. മ.** (Propria Vol.IV. page 912)
*ഇഞ്ചനാനിയിൽ മാർ റെമിജീയൂസ് മെത്രാന്റെ നാമഹേതുകദിനം.*
നിയ 32:8-12 കർത്താവിന്റെ ഓഹരി. *പ്ര. ഗ്ര. പേജ്* 320.
ഏശ 66:12-18 (66:12-24) അമ്മയെപ്പോലെ ആശ്വസിപ്പിക്കുന്ന ദൈവം. *പ്ര. ഗ്ര. പേജ്* 320.
എഫേ 3:14-19 മിശിഹായുടെ സ്നേഹം നമ്മുടെ ശക്തി. *പ്ര. ഗ്ര. പേജ്* 330.
മത്താ 18:1-5 ശിശുക്കളെപ്പോലെയാവുക. *പ്ര. ഗ്ര. പേജ്* 368.
**കാവൽമാലാഖ (2 ഞായർ)**
ശ്ലീഹ 12:6-11 കർത്താവ് തന്റെ ദൂതനെ അയച്ച് എന്നെ രക്ഷിച്ചിരിക്കുന്നു. *പ്ര. ഗ്ര. പേജ്* 331.
മത്താ 18:10-14 ഇവരുടെ ദൂതന്മാർ നിരന്തരം ദൈവത്തെ കാണുന്നു. *പ്ര. ഗ്ര. പേജ്* 369.

2 ഞാ ✠ **ഏലിയാ - സ്ലീവ - മൂശെ നാലാം ഞായർ**
**(സ്ലീവ മൂന്നാം ഞായർ)** (Propria Vol.IV. page 834 )
ഉത്പ 41:37-45 ജോസഫ് ഈജിപ്തിന്റെ അധിപൻ.
പ്രഭാ 47:2-3; 8-11 ദാവീദിനെ ഉയർത്തിയ ദൈവം.
ഹെബ്രാ 1:1-4 ഉന്നതത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായവൻ.
യോഹ 12:27-36 മനുഷ്യപുത്രൻ ഉയർത്തപ്പെടും.

www.malankaralibrary.com

3 തി **ഏലിയാ – സ്ലീവ – മൂശെ നാലാം തിങ്കൾ**
**(സ്ലീവ മൂന്നാം തിങ്കൾ)**
1 യോഹ 4:1-6 നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ.
യോഹ 3:31-36 ഉന്നതത്തിൽനിന്നു വന്നവൻ.

4 ചൊ **ഏലിയാ – സ്ലീവ – മൂശെ നാലാം ചൊവ്വ**
**(സ്ലീവ മൂന്നാം ചൊവ്വ)**
*കോക്കാട്ട് മാർ ഡൊമിനിക് മെത്രാന്റെ അഭിഷേകം* (1984)
ഹെബ്രാ 2:5-10 പുത്രൻ താഴ്ത്തപ്പെടുന്നതും ഉയർത്തപ്പെടുന്നതും.
ലൂക്കാ 14:7-11 സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടും.
**വി. ഫ്രാൻസിസ് അസ്സീസി** (Propria Vol.IV. page 912)
*ഫ്രാൻസിസ് പാപ്പയുടെ നാമഹേതുകദിനം.*
നിയ 15:7-11 ദരിദ്രരെ സഹായിക്കുക. *പ്ര. ഗ്ര. പേജ്* 321.
ഏശ 6:1-7 ഏശയ്യായുടെ ദൈവദർശനം. *പ്ര. ഗ്ര. പേജ്* 322.
ഗലാ 6:14-17 മിശിഹായെപ്രതി ലോകത്തിന് ക്രൂശിക്കപ്പെടുക. *പ്ര. ഗ്ര. പേജ്* 331.
മത്താ 11:25-30 ക്ലേശിതർക്കാശ്രയമായ ഈശോ. *പ്ര. ഗ്ര. പേജ്* 369.

5 ബു **ഏലിയാ – സ്ലീവ – മൂശെ നാലാം ബുധൻ**
**(സ്ലീവ മൂന്നാം ബുധൻ)**
ഫിലി 1:19-26 മിശിഹാ എന്റെ ശരീരത്തിൽ മഹത്ത്വപ്പെടും.
യോഹ 13:31-35 മനുഷ്യപുത്രൻ മഹത്ത്വപ്പെട്ടിരിക്കുന്നു.

6 വ്യാ **ഏലിയാ – സ്ലീവ – മൂശെ നാലാം വ്യാഴം**
**(സ്ലീവ മൂന്നാം വ്യാഴം)**
*കുന്നത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (1999)*
ഫിലി 2:5-11 ദൈവം അവനെ അത്യധികം ഉയർത്തി.
യോഹ 17:1-8 നിന്റെ പുത്രനെ നീ മഹത്ത്വപ്പെടുത്തണമേ.

7 വെ **ഏലിയാ – സ്ലീവ – മൂശെ നാലാം വെള്ളി**
**(സ്ലീവ മൂന്നാം വെള്ളി)**
*ആദ്യവെള്ളി*
റോമാ 8:12-17 മിശിഹായോടുകൂടെ സഹിച്ചാൽ മിശിഹായോടുകൂടെ മഹത്ത്വം.
യോഹ 17:9-19 എനിക്കു തന്നിട്ടുള്ളവയിൽ ഞാൻ മഹത്ത്വപ്പെടുന്നു.

www.malankaralibrary.com

8 ശ **ഏലിയാ – സ്ലീവ – മൂശെ നാലാം ശനി (സ്ലീവ മൂന്നാം ശനി)**
2 കോറി 3:12-18 കർത്താവിന്റെ മഹത്ത്വം ദർശിക്കുന്നവരുടെ രൂപാന്തരപ്പെടൽ.
യോഹ 17:20-26 എന്റെ മഹത്ത്വം വിശ്വാസികളും കാണണം.

9 ഞാ ✠ **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം ഞായർ (മൂശെ ഒന്നാം ഞായർ)** (Propria Vol. IV. page 825)
*ദൈവദാസൻ കാവുകാട്ട് മാർ മാത്യു മെത്രാപ്പോലീത്തായുടെ ചരമം (1969).*
*സ്രാമ്പിക്കൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2016).*
പുറ 20:18-21 ജനം ഭയന്നു വിറയ്ക്കുന്നു.
ജോയേ 2:1-11 കർത്താവിന്റെ ദിനം.
ഹെബ്രാ 10:19-25 കർത്താവിന്റെ ദിനം അടുത്തുവരുന്നതനുസരിച്ച് നാം അന്യോന്യം ഉത്തേജിപ്പിക്കണം.
മത്താ 25:31-46 അന്ത്യവിധി.

10 തി **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം തിങ്കൾ (മൂശെ ഒന്നാം തിങ്കൾ)**
1 കോറി 15:29-34 മരിച്ചവർ ഉയിർക്കും.
യോഹ 5:24-29 മരിച്ചവർ ദൈവപുത്രന്റെ സ്വരം കേൾക്കുന്ന സമയം വരുന്നു.

11 ചൊ **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം ചൊവ്വ (മൂശെ ഒന്നാം ചൊവ്വ)**
റോമാ 3:1-8 ദൈവം എപ്പോഴും വിശ്വസ്തൻ.
ലൂക്കാ 15:11-32 നഷ്ടപ്പെട്ട പുത്രന്റെ ഉപമ.

12 ബു **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം ബുധൻ (മൂശെ ഒന്നാം ബുധൻ)**
ഹെബ്രാ 12:25-29 നമുക്കു കൃപയെ മുറുകെപ്പിടിക്കാം.
മർക്കോ 13:24-31 മനുഷ്യപുത്രന്റെ ആഗമനം.

13 വ്യാ **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം വ്യാഴം (മൂശെ ഒന്നാം വ്യാഴം)**
1 പത്രോ 1:13-21 നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ.
മത്താ 15:1-9 ഹൃദയപരിശുദ്ധിയാണ് പ്രധാനം.

www.malankaralibrary.com

14 വെ **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം വെള്ളി (മൂശെ ഒന്നാം വെള്ളി)**
1 തെസ 5:1-11 കർത്താവിന്റെ ദിനം കാത്തിരിക്കുവിൻ.
മത്താ 24:43-51 നിങ്ങൾ ഒരുങ്ങിയിരിക്കുവിൻ.

15 ശ **ഏലിയാ – സ്ലീവ – മൂശെ അഞ്ചാം ശനി (മൂശെ ഒന്നാം ശനി)**
2 പത്രോ 3:14-18 നമ്മുടെ കർത്താവിന്റെ ക്ഷമ നമ്മുടെ രക്ഷയ്ക്കുവേണ്ടി.
ലൂക്കാ 14:15-24 അത്താഴവിരുന്നിന്റെ ഉപമ.
**ആവിലായിലെ വി. ത്രേസ്യ** (Propria Vol. IV. page 941)
നിയ 11:13-17 കർത്താവിന്റെ കല്പനകൾ പാലിക്കുക.
ഏശ 61:10-11 ഞാൻ കർത്താവിൽ ആനന്ദിക്കും.
കൊളോ 2:20-3:4 മിശിഹായോടൊപ്പം ഉയിർപ്പിക്കപ്പെടും.
യോഹ 14:18-24 സ്നേഹവും ദൈവൈക്യവും.
**വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ (16 ഞായർ)**
(Propria Vol. IV. page 901)
ഉത്പ 12:1-4 ദൈവം അബ്രാമിനെ വിളിക്കുന്നു.
*പ്ര. ഗ്ര. പേജ്* 323.
ഏശ 44:1-4 നിന്റെ മക്കളുടെമേൽ ഞാൻ അനുഗ്രഹം വർഷിക്കും. *പ്ര. ഗ്ര. പേജ്* 324.
1 പത്രോ 4:12-19 ദൈവഹിതമനുസരിച്ചു ജീവിക്കുക. *പ്ര. ഗ്ര. പേജ്* 332.
യോഹ 10:1-15 ഞാൻ നല്ല ഇടയനാണ്. *പ്ര. ഗ്ര. പേജ്* 370.

16 ഞാ ✠ **ഏലിയാ – സ്ലീവ – മൂശെ ആറാം ഞായർ (മൂശെ രണ്ടാം ഞായർ)** (Propria Vol. IV. page 834)
ഉത്പ 19:23-29 അബ്രാഹത്തെയും ലോത്തിനെയും രക്ഷിക്കുന്ന ദൈവം.
മലാ 4:1-6 കർത്താവിന്റെ ദിനം ആസന്നം.
1 തെസ 4:13-18 ക്രൈസ്തവരുടെ പ്രത്യാശ.
ലൂക്കാ 21:20-28 നിങ്ങളുടെ രക്ഷ അടുത്തിരിക്കുന്നു.

17 തി **ഏലിയാ – സ്ലീവ – മൂശെ ആറാം തിങ്കൾ (മൂശെ രണ്ടാം തിങ്കൾ)**
ഫിലി 4:1-9 കർത്താവു സമീപസ്ഥനായിരിക്കുന്നു.
ലൂക്കാ 21:29-36 ദൈവരാജ്യം സമീപിച്ചിരിക്കുന്നു.

www.malankaralibrary.com

**അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്** (Propria Vol.I. page 289)
2 സാമു 22:31-35 തന്നിൽ ആശ്രയിക്കുന്നവരുടെ പരിചയായ കർത്താവ്.
ജ്ഞാനം 3:1-6 നീതിമാന്റെ ആത്മാവ് ദൈവകരങ്ങളിൽ.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽനിന്ന് ഒന്നും നമ്മെ വേർപെടുത്തരുത്.
യോഹ 12:20-26 ഗോതമ്പുമണിപോലെ നിലത്തുവീണ് അഴിയുക.

18 ചൊ **ഏലിയാ – സ്ലീവ – മൂശെ ആറാം ചൊവ്വ**
**(മൂശെ രണ്ടാം ചൊവ്വ)**
*കരിയിൽ മാർ ആന്റണി മെത്രാന്റെ അഭിഷേകം (2015).*
വെളി 14:6-13 ദൈവവിധി പ്രഖ്യാപിക്കപ്പെടുന്നു.
മത്താ 3:1-12 ഫലം കായ്ക്കാത്ത വൃക്ഷം വെട്ടി തീയിൽ എറിയും.
**വി. ലൂക്കാ സുവിശേഷകൻ** (Propria Vol.I. page 131)
തോബി 12:6-15 നീതി പ്രവർത്തിക്കുന്നവന് ജീവിതപൂർണത.
പ്രഭാ 38:1-9 വൈദ്യനും രോഗശാന്തിയും.
കൊളോ 4:10-15 (4:10-15 + 2 കോറി 8:16-24) പൗലോസിനോടൊപ്പം ലൂക്കാ സുവിശേഷം പ്രസംഗിക്കുന്നു.
ലൂക്കാ 10:1-9 എഴുപത് ശിഷ്യന്മാർ.

19 ബു **ഏലിയാ – സ്ലീവ – മൂശെ ആറാം ബുധൻ**
**(മൂശെ രണ്ടാം ബുധൻ)**
യാക്കോ 1:12-18 നിങ്ങൾക്കു മാർഗഭ്രംശം ഭവിക്കരുത്.
ലൂക്കാ 15:1-10 നഷ്ടപ്പെട്ട ആടും നാണയവും.

20 വ്യാ **ഏലിയാ – സ്ലീവ – മൂശെ ആറാം വ്യാഴം**
**(മൂശെ രണ്ടാം വ്യാഴം)**
ഫിലി 2:12-18 രക്ഷയ്ക്ക് ഉതകുന്ന പ്രവൃത്തികൾ ചെയ്യുവിൻ.
ലൂക്കാ 13:22-30 രക്ഷ പ്രാപിക്കുന്നവർ.

21 വെ **ഏലിയാ – സ്ലീവ – മൂശെ ആറാം വെള്ളി**
**(മൂശെ രണ്ടാം വെള്ളി)**
എഫേ 2:1-10 അവന്റെ കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്.
യോഹ 12:44-50 ലോകത്തെ രക്ഷിക്കാൻ വന്ന ഈശോ.

www.malankaralibrary.com

22 ശ **ഏലിയാ - സ്ലീവ - മൂശെ ആറാം ശനി**
**(മൂശെ രണ്ടാം ശനി)**
**വി. ജോൺ പോൾ രണ്ടാമൻ**
*വടക്കേൽ മാർ ജോൺ മെത്രാന്റെ അഭിഷേകം (2009).*
ഫിലി 1:27-2: 4 ദൈവത്തിൽനിന്നുള്ള രക്ഷയുടെ അടയാളം.
ലൂക്കാ 9:49-56 മനുഷ്യപുത്രൻ വന്നിരിക്കുന്നത് ജീവൻ രക്ഷിക്കാൻ.

23 ഞാ ✠ **ഏലിയാ - സ്ലീവ - മൂശെ ഏഴാം ഞായർ**
**(മൂശെ മൂന്നാം ഞായർ)** (Propria Vol.IV. page 842)
നിയ 11:1-7 കർത്താവിന്റെ ശിക്ഷാനടപടികൾ.
ജ്ഞാനം 6:1-10 ദൈവം പ്രതാപവാനായി വരും.
1 തെസ 5:12-24 ആത്മാവിനെ നിർവീര്യമാക്കരുത്.
മത്താ 12:22-32 പരിശുദ്ധറൂഹായ്ക്കെതിരേ സംസാരിക്കുന്നവന് മാപ്പു ലഭിക്കില്ല.
**മിഷൻ ഞായർ**
1 കോറി 9:13-18 സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം. *(ഉയിർപ്പ് ഏഴാം ശനിയുടെ വായന കാണുക. പ്ര. ഗ്ര. പേജ് 156.)*
മത്താ 10:1-15 ഈശോ പന്ത്രണ്ടു ശ്ലീഹന്മാരെ അയയ്ക്കുന്നു. *(ഉയിർപ്പ് ഒന്നാം വ്യാഴത്തിന്റെ വായന കാണുക. പ്ര. ഗ്ര.* പേജ് 145.)

24 തി **ഏലിയാ - സ്ലീവ - മൂശെ ഏഴാം തിങ്കൾ**
**(മൂശെ മൂന്നാം തിങ്കൾ)**
*നരികുളം മാർ എഫ്രേം മെത്രാന്റെ അഭിഷേകം (2014).*
2 തെസ 2:1-12 യുഗാന്തത്തിന്റെ അടയാളങ്ങൾ.
മത്താ 24:1-8 ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ.

25 ചൊ **ഏലിയാ - സ്ലീവ - മൂശെ ഏഴാം ചൊവ്വ**
**(മൂശെ മൂന്നാം ചൊവ്വ)**
*അരുമച്ചാടത്ത് മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2008).*
2 കോറി 11:12-15 വ്യാജശ്ലീഹന്മാരും കപടഭൃത്യന്മാരും.
മത്താ 24:23-28 വ്യാജമിശിഹാമാരും വ്യാജപ്രവാചകന്മാരും.

www.malankaralibrary.com

26 ബു **ഏലിയാ – സ്ലീവ – മൂശെ ഏഴാം ബുധൻ**
**(മൂശെ മൂന്നാം ബുധൻ)**
2 പത്രോ 2:1-10 വ്യാജപ്രബോധകർക്കുള്ള ശിക്ഷ.
മർക്കോ 13:1-8; 21-23 പലരും എന്റെ നാമത്തിൽ വന്ന് അനേകരെ വഞ്ചിക്കും.

27 വ്യാ **ഏലിയാ – സ്ലീവ – മൂശെ ഏഴാം വ്യാഴം**
**(മൂശെ മൂന്നാം വ്യാഴം)**
യൂദാ 1:8-16 വ്യാജപ്രബോധകരുടെ ജീവിതരീതി.
ലൂക്കാ 11:37-44 ഫ്രീശർക്കു ദുരിതം.

28 വെ **ഏലിയാ – സ്ലീവ – മൂശെ ഏഴാം വെള്ളി**
**(മൂശെ മൂന്നാം വെള്ളി)**
*പണ്ടാരശ്ശേരി മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2006).*
2 കോറി 12:14-15; 19-21 അനുതപിക്കാത്തവരെക്കുറിച്ചുള്ള ശ്ലീഹായുടെ ഭയം.
ലൂക്കാ 11:45-54 ഫ്രീശർക്കും നിയമജ്ഞർക്കും ദുരിതം.
**ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ**
(Propria Vol. III. page 611)
പുറ 15:11-13 വിശുദ്ധിയിൽ മഹത്ത്വപൂർണനായ കർത്താവ്.
*പ്ര. ഗ്ര. പേജ്* 326.
ജ്ഞാനം 10:15-21 ജ്ഞാനം മൂകരുടെ വായ് തുറക്കും.
*പ്ര. ഗ്ര. പേജ്* 327.
എഫേ 6:10-17 സത്യംകൊണ്ട് അരമുറുക്കി ഉറച്ചുനില്ക്കുക.
*പ്ര. ഗ്ര. പേജ്* 334.
യോഹ 15:18-25 മിശിഹാ നമ്മെ തിരഞ്ഞെടുത്തു.
*പ്ര. ഗ്ര. പേജ്* 372.

29 ശ **ഏലിയാ – സ്ലീവ – മൂശെ ഏഴാം ശനി**
**(മൂശെ മൂന്നാം ശനി)**
*പാണേങ്ങാടൻ മാർ പ്രിൻസ് മെത്രാന്റെ അഭിഷേകം (2015).*
1 കോറി 3:10-17 അഗ്നിയാൽ പരിശോധിക്കപ്പെടുന്ന ദിവസം.
മത്താ 13:34-43 കളകൾ അഗ്നിക്കിരയാക്കും.

www.malankaralibrary.com

# പള്ളിക്കൂദാശക്കാലം (കൂദാശ് ഏത്ത)

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലം. പഴയനിയമത്തിലെ നാല് വിശുദ്ധാലയ പ്രതിഷ്ഠകളുടെ (പുറ 40:1-17, ജോഷ്വാ 18:1, 1 രാജാ 8:62-66, എസ്രാ 3: 2) അടിസ്ഥാനത്തിലാണ് ഈ കാലം നാല് ആഴ്ച കളായി ക്രമീകരിച്ചിരിക്കുന്നത്.

സഭയുടെ യുഗാന്ത്യോന്മുഖമായ വിജയത്തെയും അവളുടെ സ്വർഗീയ ഓറെശ്ലെമിലേക്കുള്ള പ്രവേശനത്തെയും ഈ കാലം സൂചിപ്പിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അലംകൃതയാക്കുന്നതിന്റെ ലാവണ്യമാണ് ഈ കാലത്തെ പ്രാർഥനകളിലും വായനകളിലും ഗീതങ്ങളിലും നിറഞ്ഞു തുളുമ്പുന്നത്.

മണവാളനായ മിശിഹായെ, മണവാട്ടിയായ സഭ അവളുടെ മക്കളോടൊപ്പം സ്വർഗീയ ഓറെശ്ലെമാകുന്ന മണവറയിൽവച്ചു യുഗാന്തത്തിൽ മുഖാമുഖം ദർശിക്കുകയും മണവാളനോ ടൊപ്പം മഹത്ത്വീകൃതയായി നിത്യസൗഭാഗ്യത്തിലേക്ക് അവൾ പ്രവേശിക്കുകയും ചെയ്യുന്നതാണ് പള്ളിക്കൂദാശക്കാലത്തിൽ അനുസ്മരിക്കുന്നത്.

ഇസ്രായേലിലെ സമാഗമകൂടാരം സഭയുടെ പ്രതീകമാണ്. ഇസ്രായേൽജനം മനുഷ്യനിർമിതമായ സമാഗമകൂടാരത്തിൽ ദൈവസാന്നിധ്യം അനുഭവിച്ചു. മിശിഹായിൽ ദൈവത്തെ കണ്ടെത്തുകയും വിവേകമതികളായ കന്യകമാരെപ്പോലെ ഒരുങ്ങിയിരിക്കുകയും ചെയ്യുന്നവർക്ക്, ഹസ്തനിർമിതമല്ലാത്ത സ്വർഗീയ മണവറയിൽ, ശാശ്വതമായ സമാഗമകൂടാരത്തിൽ മിശിഹായോടൊപ്പം പ്രവേശിക്കാനാകും. മണവാളനായ മിശിഹാ മണവാട്ടിയായ സഭയെ താത്ക്കാലിക കൂടാരത്തിലേക്കല്ല, അനശ്വരമായ സ്വർഗീയമണവറയിലേക്കാണ് ആനയിക്കുന്നത്.

ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല എന്ന അവബോധ ത്തിൽ, സ്വർഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാനും അതിൽ സന്തോഷിക്കാനുമാണ് സഭ നമ്മോട് ആവശ്യപ്പെടു ന്നത്. കർത്താവും കുഞ്ഞാടുമാണ് സ്വർഗത്തിലെ ദൈവാലയം

www.malankaralibrary.com

എന്ന ഉൾക്കാഴ്ച നല്കിക്കൊണ്ടും സ്വർഗത്തിൽ നടത്തപ്പെടുന്ന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയിലേക്ക് വിശ്വാസികളെ ക്ഷണിച്ചുകൊണ്ടും സഭാമാതാവ്, തന്റെ മക്കൾക്കായുള്ള വിശ്വാസപരിശീലനപദ്ധതി പള്ളിക്കൂദാശ ക്കാലത്തിൽ പൂർത്തിയാക്കുന്നു.

30 ഞാ ✠ **പള്ളിക്കൂദാശ ഒന്നാം ഞായർ** (Propria Vol. IV. page 860)
പുറ 33:1-11 സമാഗമകൂടാരം.
ഏശ 40:21-31 ജനത്തിന് ആശ്വാസം.
ഹെബ്രാ 9:1-14 മിശിഹാ മനുഷ്യനിർമിതമല്ലാത്ത കൂടാരത്തിൽ പ്രവേശിച്ചു.
മത്താ 25:1-13 ഒരുങ്ങിയിരിക്കുന്നവർ മണവറയിൽ പ്രവേശിക്കും.

31 തി **പള്ളിക്കൂദാശ ഒന്നാം തിങ്കൾ**
2 കോറി 4:13-18 ക്ഷണികമായ ഞെരുക്കങ്ങൾ അതുല്യമായ നിത്യമഹത്ത്വം തയ്യാറാക്കുന്നു.
യോഹ 16:16-24 നിങ്ങളുടെ സന്തോഷം പൂർണമാകും.

www.malankaralibrary.com

# 2022 നവംബർ
# പള്ളിക്കൂദാശ – മംഗളവാർത്ത കാലങ്ങൾ

1 ചൊ **പള്ളിക്കൂദാശ ഒന്നാം ചൊവ്വ**

*ചിറപ്പണത്ത് മാർ സ്റ്റീഫൻ (2016), നെല്ലായിപറമ്പിൽ മാർ വിൻസെന്റ് എന്നീ മെത്രാന്മാരുടെ അഭിഷേകം (2019).*

2 കോറി 5:1-5 സ്വർഗീയഭവനത്തിൽ വസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ലൂക്കാ 15:11-24 പിതാവിന്റെ ഭവനത്തിലേക്കു തിരിച്ചു ചെല്ലുന്ന പുത്രൻ.

**സകല വിശുദ്ധരുടെയും തിരുനാൾ** (Propria Vol.II.p.406)

1 യോഹ 3:1-3 ദൈവം പ്രത്യക്ഷനാകുമ്പോൾ നമ്മൾ അവിടത്തെ കാണും. *പ്ര. ഗ്ര. പേജ്* 335.

മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ. *പ്ര. ഗ്ര. പേജ്* 373.

2 ബു **പള്ളിക്കൂദാശ ഒന്നാം ബുധൻ**

1 പത്രോ 5:1-4 ദൈവത്തിന്റെ അജഗണത്തെ പാലിക്കുന്നവന് മഹത്ത്വത്തിന്റെ വാടാത്ത കിരീടം.

യോഹ 21:15-19 ദൈവത്തിന്റെ അജഗണത്തെ മേയ്ക്കുക.

**സകല മരിച്ചവരുടെയും ഓർമ** (Propria Vol. I. page 230)

എസെ 37:1-14 കർത്താവ് നിങ്ങളെ ജീവിപ്പിക്കും. *പ്ര. ഗ്ര. പേജ് 327.*

2 മക്ക 12:38-45 മരിച്ചവർ ഉയിർക്കുമെന്ന് പ്രതീക്ഷ. *പ്ര. ഗ്ര. പേജ് 328.*

1 കോറി 15:51-58 അവസാനം മരണവും ഇല്ലാതാകും. *പ്ര. ഗ്ര. പേജ്* 335.

യോഹ 11:17-27 പുനരുത്ഥാനവും ജീവനുമായ ഈശോ. *പ്ര. ഗ്ര. പേജ്* 274.

3 വ്യാ **പള്ളിക്കൂദാശ ഒന്നാം വ്യാഴം**

എഫേ 3:1-6 ജനതകളും വാഗ്ദാനത്തിന്റെ പങ്കാളികൾ.

മത്താ 8:5-13 ശതാധിപന്റെ ദാസനു സൗഖ്യം.

www.malankaralibrary.com

4 വെ **പള്ളിക്കൂദാശ ഒന്നാം വെള്ളി**
*ആദ്യവെള്ളി*
എഫേ 6:1-9 സത്പ്രവൃത്തികൾക്ക് കർത്താവിൽനിന്നു പ്രതിഫലം.
മത്താ 21:28-32 പശ്ചാത്തപിച്ച് വിശ്വസിക്കുന്നവർക്കുള്ള പ്രതിഫലം.

5 ശ **പള്ളിക്കൂദാശ ഒന്നാം ശനി**
റോമാ 12:9-18 പരിപൂർണസ്നേഹം.
ലൂക്കാ 10:25-37 സ്നേഹം നിത്യജീവൻ അവകാശമാക്കുവാനുള്ള മാർഗം.
**വി. സഖറിയായും വി. ഏലീശ്വായും**
കൊളോ 1:21-23 വിശ്വാസസ്ഥിരത.
ലൂക്കാ 1:5-25 സഖറിയായ്ക്കും ഏലീശ്വായ്ക്കും കർത്താവിന്റെ കരുണ.

6 ഞാ ✠ **പള്ളിക്കൂദാശ രണ്ടാം ഞായർ** (Propria Vol.IV. page 872)
*അടുത്ത ഞായറാഴ്ച സമ്പർക്കമാധ്യമദിനം.*
*ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം (1973).*
*മുണ്ടാടൻ മാർ ഗ്രേഷ്യൻ മെത്രാന്റെ അഭിഷേകം (1977).*
പുറ 6:1-8 വാഗ്ദാനംചെയ്ത ദേശം.
ഏശ 49:1-7 എന്റെ അവകാശം കർത്താവിൽ.
1 പത്രോ 1:3-7 സ്വർഗത്തിൽ ഒരുക്കിയിരിക്കുന്ന അക്ഷയമായ അവകാശം.
മത്താ 19:23-30 പന്ത്രണ്ടു സിംഹാസനങ്ങളിൽ ഉപവിഷ്ടരാകുന്ന ശ്ലീഹന്മാർ.

7 തി **പള്ളിക്കൂദാശ രണ്ടാം തിങ്കൾ**
കൊളോ 1:12-20 മിശിഹാ സഭയുടെ ശിരസ്സ്.
മത്താ 16:13-20 പത്രോസിന്റെ വിശ്വാസപ്രഖ്യാപനം.

8 ചൊ **പള്ളിക്കൂദാശ രണ്ടാം ചൊവ്വ**
*പാംപ്ലാനി മാർ ജോസഫ് മെത്രാന്റെ അഭിഷേകം (2017).*
2 പത്രോ 1:12-21 പ്രവാചകന്മാരും ശ്ലീഹന്മാരും സാക്ഷികൾ.
ലൂക്കാ 9:28-36 ഈശോയുടെ രൂപാന്തരീകരണം.

www.malankaralibrary.com

9 ബു **പള്ളിക്കൂദാശ രണ്ടാം ബുധൻ**
വെളി 19:1-10 കുഞ്ഞാടിന്റെ വിവാഹവിരുന്നിന് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ.
മത്താ 22:1-14 വിവാഹവിരുന്ന്.

10 വ്യാ **പള്ളിക്കൂദാശ രണ്ടാം വ്യാഴം**
2 കോറി 11:1-4 ഞാൻ നിങ്ങളെ മിശിഹായ്ക്കു വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു.
യോഹ 3:22-30 മണവാട്ടി ഉള്ളവനാണ് മണവാളൻ.

11 വെ **പള്ളിക്കൂദാശ രണ്ടാം വെള്ളി**
2 കോറി 12:1-5 ശ്ലീഹായുടെ സ്വർഗീയദർശനം.
യോഹ 3:31-36 സ്വർഗീയൻ സ്വർഗീയകാര്യങ്ങൾ സംസാരിക്കുന്നു.

12 ശ **പള്ളിക്കൂദാശ രണ്ടാം ശനി**
*വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2017).*
വെളി 22:1-5 അവർ അവന്റെ മുഖം കണ്ടുകൊണ്ടിരിക്കും.
മത്താ 19:13-22 ആരാണു വലിയവൻ?

13 ഞാ ✠ **പള്ളിക്കൂദാശ മൂന്നാം ഞായർ** (Propria Vol.IV. page 882)
*ഇന്ന് സമ്പർക്കമാധ്യമദിനം (പ്രത്യേക പിരിവ്)*
ഉത്പ 29:15-30 യാക്കോബ് റാഹേലിനുവേണ്ടി പണിയെടുക്കുന്നു.
പ്രഭാ 11:20-27 കർത്തവ്യങ്ങൾ നിഷ്ഠയോടെ ചെയ്യുക.
2 തെസ 3:6-15 അലസതകൂടാതെ ജോലി ചെയ്യുവിൻ.
മത്താ 25:14-30 ഭരമേല്പിച്ച താലന്തുകൾ.

14 തി **പള്ളിക്കൂദാശ മൂന്നാം തിങ്കൾ**
1 കോറി 13:1-10 ഉത്കൃഷ്ടവരങ്ങൾ.
മർക്കോ 12:28-34 ഏറ്റവും പ്രധാനമായ കല്പന.

15 ചൊ **പള്ളിക്കൂദാശ മൂന്നാം ചൊവ്വ**
1 കോറി 4:1-5 കാര്യസ്ഥന്മാർ വിശ്വസ്തരായിരിക്കണം.
ലൂക്കാ 16:1-13 എല്ലാ കാര്യങ്ങളിലും വിശ്വസ്തരായിരിക്കുക.

www.malankaralibrary.com

16 ബു **പള്ളിക്കൂദാശ മൂന്നാം ബുധൻ**
*സീറോ മലബാർ ഹയരാർക്കി സ്ഥാപനപരസ്യം (1924).*
1 കോറി 6:1-11 ദുഷ്ടർ ദൈവരാജ്യം അവകാശപ്പെടുത്തുകയില്ല.
ലൂക്കാ 16:13-17 ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ബലപ്രയോഗം ആവശ്യം.

17 വ്യാ **പള്ളിക്കൂദാശ മൂന്നാം വ്യാഴം**
കൊളോ 1:3-11 നല്ല ഫലങ്ങൾ പുറപ്പെടുവിക്കുക.
മത്താ 13:10-23 ഫലം പുറപ്പെടുവിക്കുന്നവരാകുക.

18 വെ **പള്ളിക്കൂദാശ മൂന്നാം വെള്ളി**
*നീലങ്കാവിൽ മാർ ടോണി മെത്രാന്റെ അഭിഷേകം (2017).*
ഹെബ്രാ 12:4-13 പരിശീലനം നേടിയവർ സമാധാനത്തിന്റെയും നീതിയുടെയും ഫലങ്ങൾ പുറപ്പെടുവിക്കുന്നു.
യോഹ 15:1-8 എന്നിൽ വസിക്കുന്നവൻ വളരെ ഫലം പുറപ്പെടുത്തും.

19 ശ **പള്ളിക്കൂദാശ മൂന്നാം ശനി**
2 തിമോ 4:1-8 ഞാൻ എന്റെ ഓട്ടം പൂർത്തിയാക്കി.
യോഹ 17:1-8 നീ എന്നെ ഏല്പിച്ച ജോലി ഞാൻ പൂർത്തിയാക്കി.

20 ഞാ ✠ **പള്ളിക്കൂദാശ നാലാം ഞായർ**
**മിശിഹായുടെ രാജത്വത്തിരുനാൾ** (Propria Vol.IV.p.891)
ഉത്പ 14:17-24 പുരോഹിതനായ മൽക്കിസ്ദെക്ക്.
1 സാമു 8:1-9 രാജാവായ കർത്താവിനെ തിരസ്കരിച്ച ഇസ്രായേൽ.
വെളി 19:11-16 രാജാക്കന്മാരുടെ രാജാവും നാഥന്മാരുടെ നാഥനും.
യോഹ 18:33-37 മിശിഹാ രാജാവ്.

21 തി **പള്ളിക്കൂദാശ നാലാം തിങ്കൾ**
**മാർത്തോമ്മാ ശ്ലീഹായുടെ ഭാരതപ്രവേശനം**
*വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ ചരമം (1986).*
എഫേ 2:14-22 മിശിഹാവഴി പിതാവിന്റെ പക്കലേക്കു പ്രവേശനം.
യോഹ 14:1-14 ഈശോ വഴിയും സത്യവും ജീവനും.

www.malankaralibrary.com

22 ചൊ **പള്ളിക്കൂദാശ നാലാം ചൊവ്വ**
*വട്ടക്കുഴി മാർ മാത്യു മെത്രാന്റെ ചരമം (2016).*
*പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യൻ മെത്രാന്റെ അഭിഷേകം (2017).*
1 പത്രോ 2:1-10 നിങ്ങൾ ഒരു ജനം, വിശുദ്ധജനം.
യോഹ 10:7-16 ഒരാട്ടിൻകൂട്ടവും ഒരിടയനുമാകും.

23 ബു **പള്ളിക്കൂദാശ നാലാം ബുധൻ**
എഫേ 1:3-12 രക്ഷാപദ്ധതിയെ സംബന്ധിച്ച സ്തുതിഗീതം.
ലൂക്കാ 1:46-55 മാതാവിന്റെ സ്തോത്രഗീതം.

24 വ്യാ **പള്ളിക്കൂദാശ നാലാം വ്യാഴം**
ഹെബ്രാ 13:9-16 ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല.
ലൂക്കാ 10:17-21 നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിൽ സന്തോഷിക്കുക.

25 വെ **പള്ളിക്കൂദാശ നാലാം വെള്ളി**
വെളി 7:9-12 ദൈവദൂതന്മാരും വലിയ ജനാവലിയും.
മർക്കോ 12:18-27 അവർ സ്വർഗത്തിലെ ദൂതന്മാരെപ്പോലെ ആയിരിക്കും.

26 ശ **പള്ളിക്കൂദാശ നാലാം ശനി**
വെളി 21:22-27 കർത്താവും കുഞ്ഞാടും അവിടത്തെ ദൈവാലയം.
യോഹ 4:19-26 ആത്മാവിലും സത്യത്തിലുമുള്ള ആരാധന.

27 ഞാ ✠ **മംഗളവാർത്ത ഒന്നാം ഞായർ** (Propria Vol.I. page 9).
*ഇന്നുമുതൽ ഓശാന ഞായർവരെ മാർ തെയദോറിന്റെ കൂദാശക്രമം വിശുദ്ധകുർബാനയിൽ ഉപയോഗിക്കുന്നത് ഉചിതമാണ്.*
ഉത്പ 17:15-22 (17:1-27) ഇസഹാക്കിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.
ഏശ 43:1-7; 10-11 (42:18-43:13) ഇസ്രായേലിന് രക്ഷ.
എഫേ 5:21-6:4 (5:21-6:9) കുടുംബം രക്ഷയുടെ വേദി.
ലൂക്കാ 1:5-25 (1:1-25) യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്.

www.malankaralibrary.com

28 തി **മംഗളവാർത്ത ഒന്നാം തിങ്കൾ**
*മനത്തോടത്ത് മാർ ജേക്കബ് മെത്രാന്റെ അഭിഷേകം (1992)*
ഗലാ 3:9-14 നീതിമാൻ വിശ്വാസംമൂലം ജീവിക്കും.
ലൂക്കാ 9:37-43a വിശ്വാസമില്ലാത്ത വഴിപിഴച്ച തലമുറ.

29 ചൊ **മംഗളവാർത്ത ഒന്നാം ചൊവ്വ**
റോമ 13:8-14 നിദ്രവിട്ടുണരുവിൻ.
ലൂക്കാ 1:18-20 സഖറിയായുടെ സംശയം.

30 ബു **മംഗളവാർത്ത ഒന്നാം ബുധൻ**
*ഇന്ന് പാതിരാമുതൽ പിറവിത്തിരുനാൾവരെ വിവാഹാഘോഷം മുടക്ക്.*
1 കോറി 1:4-9 വിളിച്ച ദൈവം വിശ്വസ്തനാണ്.
യോഹ 8:26-30 ഈശോ പിതാവിനാൽ അയയ്ക്കപ്പെട്ടവൻ.
**അന്ത്രയോസ് ശ്ലീഹ** (Propria Vol.III. page 611)
*താഴത്ത് മാർ ആൻഡ്രൂസ് മെത്രാപ്പോലീത്തായുടെ നാമഹേതുകദിനം.*
ഉത്പ 28:10-17 യാക്കോബിന്റെ സ്വപ്നം. *പ്ര. ഗ്ര. പേജ്* 329.
സഖ 8:20-23 കർത്താവിന്റെ പ്രീതിക്കായി പ്രാർത്ഥിക്കാം. *പ്ര. ഗ്ര. പേജ്* 330.
റോമാ 10:9-18 സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ ശ്രേഷ്ഠം. *പ്ര. ഗ്ര. പേജ്* 336.
മത്താ 4:18-22 അന്ത്രയോസിനെ വിളിക്കുന്നു.
*പ്ര. ഗ്ര. പേജ് 376.*

www.malankaralibrary.com

# 2022 ഡിസംബർ
# മംഗളവാർത്ത - പിറവിക്കാലങ്ങൾ

1 വ്യാ **മംഗളവാർത്ത ഒന്നാം വ്യാഴം**
***(ഇരുപത്തഞ്ച് നോമ്പാരംഭം)***
1 തിമോ 4:11-16 വിശുദ്ധിയിൽ മാതൃകയായിരിക്കുക.
മത്താ 24:45-51 ജാഗരൂകരായിരിക്കുവിൻ.

2 വെ **മംഗളവാർത്ത ഒന്നാം വെള്ളി**
*ആദ്യവെള്ളി*
കൊളോ 3:1-10 ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ.
മത്താ 13:12-17 നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ.

3 ശ **മംഗളവാർത്ത ഒന്നാം ശനി**
ഗലാ 3:1-9 വിശ്വാസംവഴി നീതീകരണം.
ലൂക്കാ 9:57-62 ശിഷ്യത്വത്തിലെ സമ്പൂർണ്ണ സമർപ്പണം.
**വി. ഫ്രാൻസിസ് സേവ്യർ** (Propria Vol. IV. page 922)
നിയ 26:16-19 നിങ്ങൾ ഒരു വിശുദ്ധ ജനം. *പ്ര. ഗ്ര. പേജ്* 330.
ഏശ 45:20-24 ഞാനല്ലാതെ മറ്റൊരു ദൈവമില്ല.
*പ്ര. ഗ്ര. പേജ്* 331.
2 കോറി 6:3-10 ഞങ്ങൾ ദൈവത്തിന്റെ ദാസന്മാർ.
*പ്ര. ഗ്ര. പേജ്* 337.
മർക്കോ 6:7-13 ഈശോ ശിഷ്യരെ അയയ്ക്കുന്നു. *പ്ര. ഗ്ര. പേജ്* 376.

4 ഞാ ✠ **മംഗളവാർത്ത രണ്ടാം ഞായർ** (Propria Vol.I.p.19)
സംഖ്യ 22:20-35 (22:20-23:2) ബാലാമിന് ദൂതൻ നല്കുന്ന അറിയിപ്പ്.
ഏശ 43:25-44:5 (43:14-44:5) ഇസ്രായേലിന് രക്ഷയെക്കുറിച്ചുള്ള അറിയിപ്പ്.
കൊളോ 4:2-6 (4:2-18) സഭയുടെ സുവിശേഷപ്രഘോഷണത്തിൽ പങ്കുചേരുക.
ലൂക്കാ 1:26-38 (1:26-56) ഈശോയുടെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത.

www.malankaralibrary.com

5 തി **മംഗളവാർത്ത രണ്ടാം തിങ്കൾ**
എഫേ 4:13-16 മിശിഹായിലേക്ക് വളരുവിൻ.
യോഹ 14:11-14 വിശ്വസിക്കുന്നവന് ഒന്നും അസാധ്യമല്ല.

6 ചൊ **മംഗളവാർത്ത രണ്ടാം ചൊവ്വ**
1 തെസ 5:5-11 പകലിന്റെ മക്കൾ.
ലൂക്കാ 10:21-24 ദൈവികവെളിപാട് സ്വീകരിക്കുന്നവർ.

7 ബു **മംഗളവാർത്ത രണ്ടാം ബുധൻ**
എഫേ 1:3-12 മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ.
ലൂക്കാ 1:34-38 ഇതാ, കർത്താവിന്റെ ദാസി.
**വി. അംബ്രോസ് മെ. മ.** (Propria Vol. IV. page 941)
നിയ 7:1-11 ദൈവം തിരഞ്ഞെടുത്ത വിശുദ്ധജനം.
പ്രഭാ 15:1-6 നീതിമാന്റെ സമ്മാനം.
2 തിമോ 4:1-8 നീതിയുടെ കിരീടം.
ലൂക്കാ 14:25-33 ശിഷ്യത്വത്തിന്റെ വില.

8 വ്യാ **മംഗളവാർത്ത രണ്ടാം വ്യാഴം**
**പ. ക. മറിയത്തിന്റെ അമലോത്ഭവത്തിരുനാൾ**
(Propria Vol. I. page 248)
പ്രഭാ 24:1-14 (24:1-34) ജ്ഞാനത്തിന്റെ മാഹാത്മ്യം.
*പ്ര. ഗ്ര. പേജ്* 333.
ഏശ 7:10-16 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. *പ്ര. ഗ്ര. പേജ്* 335.
ഹെബ്രാ 1:1-3, 2:16-18 ദൈവപുത്രൻ. *പ്ര. ഗ്ര. പേജ്* 338.
ലൂക്കാ 1:46-55 (മത്താ 1:1-17 + ലൂക്കാ 1:46-55) മറിയത്തിന്റെ സ്തോത്രഗീതം. *പ്ര. ഗ്ര. പേജ്* 378.

9 വെ **മംഗളവാർത്ത രണ്ടാം വെള്ളി**
*പഴേപറമ്പിൽ മാർ ലൂയീസ് മെത്രാന്റെ ചരമം (1919).*
2 കോറി 8:11-15 കാരുണ്യപ്രവൃത്തികൾ ചെയ്യുവിൻ.
ലൂക്കാ 1:46-56 മറിയത്തിന്റെ സ്തോത്രഗീതം.

10 ശ **മംഗളവാർത്ത രണ്ടാം ശനി**
ഹെബ്രാ 3:12-19 ദൈവത്തിൽനിന്നും അകലരുത്.
ലൂക്കാ 11:33-36 വെളിച്ചത്തെ ഇരുളാക്കരുത്.

www.malankaralibrary.com

11 ഞാ ✠ **മംഗളവാർത്ത മൂന്നാം ഞായർ** (Propria Vol.I.p.19)
ഉത്പ 18:1-10 (18:1-19) ദൈവം അബ്രാഹത്തിനു നല്കിയ വാഗ്ദാനം ഉറപ്പിക്കുന്നു.
ന്യായ 13:2-7;24 (13:2-24) സാംസന്റെ ജനനം.
എഫേ 3:1-13 (3:1-21) മിശിഹാരഹസ്യത്തിനുസാക്ഷ്യം വഹിക്കാൻ വിളിക്കപ്പെട്ട പൗലോസ്.
ലൂക്കാ 1:57-66 (1:57-80) സ്നാപകയോഹന്നാന്റെ ജനനം.

12 തി **മംഗളവാർത്ത മൂന്നാം തിങ്കൾ**
1 കോറി 5:1-8 അസന്മാർഗ്ഗികത ഉപേക്ഷിക്കുവിൻ.
ലൂക്കാ 6:43-45 നല്ല ഫലം നല്കുന്ന വൃക്ഷമാവുക.

13 ചൊ **മംഗളവാർത്ത മൂന്നാം ചൊവ്വ**
എഫേ 2:1-10 രക്ഷ ദൈവത്തിന്റെ ദാനം.
മത്താ 3:1-6 സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.

14 ബു **മംഗളവാർത്ത മൂന്നാം ബുധൻ**
1 തെസ 2:13-17 ദൈവവചനത്തോടുള്ള വിശ്വസ്തത.
ലൂക്കാ 16:10-13 ദൈവത്തോടു വിശ്വസ്തരായിരിക്കുവിൻ.
**കുരിശിന്റെ വി. യോഹന്നാൻ പു. മ.** (Propria Vol.IV .page 922)
1 കോറി 2:1-10 രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനം.
ലൂക്കാ 14:25-33 ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു.

15 വ്യാ **മംഗളവാർത്ത മൂന്നാം വ്യാഴം**
ഗലാ 3:26-29 മിശിഹായെ ധരിച്ചിരിക്കുന്നവർ.
ലൂക്കാ 1:67-79 സഖറിയായുടെ പ്രവചനഗീതം.

16 വെ **മംഗളവാർത്ത മൂന്നാം വെള്ളി**
കൊളോ 1:10-16 മിശിഹായ്ക്ക് പ്രീതിജനകമായ ജീവിതം നയിക്കുവിൻ.
മർക്കോ 1:1-8 എന്നെക്കാൾ ശക്തനായവൻ എന്റെ പിന്നാലെ വരുന്നു.

17 ശ **മംഗളവാർത്ത മൂന്നാം ശനി**
ഗലാ 1:11-17 ദൈവകൃപയാൽ വിളിക്കപ്പെട്ടവർ.
യോഹ 3:31-36 ഉന്നതത്തിൽനിന്നുള്ളവൻ എല്ലാവർക്കുമുപരിയാണ്.

www.malankaralibrary.com

18 ഞാ ✠ **മംഗളവാർത്ത നാലാം ഞായർ** (Propria Vol.I. page 38)
ഉത്പ 24:50-67 ദൈവിക പദ്ധതിപ്രകാരം ഇസഹാക്ക് റബേക്കയെ സ്വീകരിക്കുന്നു. *പ്ര. ഗ്ര. പേജ്* 18.
1 സാമു 1:1-18 (1:1-28) സാമുവലിന്റെ ജനനത്തിലുള്ള ദൈവിക ഇടപെടൽ. *പ്ര. ഗ്ര. പേജ്* 19.
എഫേ 5:5-21 കർത്താവിന്റെ അഭീഷ്ടം തിരിച്ചറിയുവിൻ. *പ്ര. ഗ്ര. പേജ്* 22.
മത്താ 1:18-24 ഈശോയുടെ ജനനത്തിലുള്ള ദൈവിക ഇടപെടൽ. *പ്ര. ഗ്ര. പേജ്* 21.
**മൈലാപ്പൂരിലെ അത്ഭുതസ്ലീവ** (Propria Vol.I. page 256)
പുറ 17:4-6 പാറയിൽനിന്നുള്ള ജലം. *പ്ര. ഗ്ര. പേജ്* 335.
ശ്ലീഹ 2:29-36 (2:14-36) നിങ്ങൾ കുരിശിൽ തറച്ച മിശിഹായെ ദൈവം ഉയിർപ്പിച്ചു. *പ്ര. ഗ്ര. പേജ്* 336.
എഫേ 2:14-22 സ്ലീവാവഴി സമാധാനം. *പ്ര. ഗ്ര. പേജ്* 340.
യോഹ 14:1-6 പിതാവിലേക്കുള്ള വഴി. *പ്ര. ഗ്ര. പേജ്* 380.

19 തി **മംഗളവാർത്ത നാലാം തിങ്കൾ**
*മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം (1919).*
എഫേ 6:18-20 നിരന്തരം പ്രാർത്ഥിക്കുവിൻ.
യോഹ 1:1-5 ആദിയിൽ വചനം ഉണ്ടായിരുന്നു.

20 ചൊ **മംഗളവാർത്ത നാലാം ചൊവ്വ**
ഗലാ 4:1-7 സ്ത്രീയിൽനിന്ന് ഭൂജാതനായ ദൈവപുത്രൻ.
യോഹ 1:6-13 വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നവൻ.

21 ബു **മംഗളവാർത്ത നാലാം ബുധൻ**
*സീറോ-മലബാർ ഹയരാർക്കിയുടെ സ്ഥാപനം (1923).*
എഫേ 4:17-24 മിശിഹായിൽ നവജീവിതം.
യോഹ 1:43-51 നഥാനിയേൽ ഈശോയെ കണ്ടുമുട്ടുന്നു.

22 വ്യാ **മംഗളവാർത്ത നാലാം വ്യാഴം**
റോമ 9:6-16 ഒരിക്കലും പരാജയപ്പെടാത്ത ദൈവവചനം.
മത്താ 5:17-20 ഉടമ്പടിയുടെ പൂർത്തീകരണമായ മിശിഹാ.

www.malankaralibrary.com

23 വെ **മംഗളവാർത്ത നാലാം വെള്ളി**
ഹെബ്രാ 1:5-14 മാലാഖമാരെക്കാൾ ശ്രേഷ്ഠനായ മിശിഹാ.
യോഹ 7:25-31 ഇവനാണോ മിശിഹാ?

24 ശ **മംഗളവാർത്ത നാലാം ശനി**
ഹെബ്രാ 5:11-14 വചനം വിവേചിച്ചറിയുക.
ലൂക്കാ 12:54-59 കാലത്തിന്റെ അടയാളം തിരിച്ചറിയുക.

25 ഞാ ✠ **നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ (പിറവിത്തിരുനാൾ കർമ്മക്രമം കാണുക)**
*കടമുള്ള ദിവസം.*
ഏശ 7:10-16, 9:1-3; 6-7 കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. *പ്ര. ഗ്ര. പേജ്* 337.
മിക്ക 4:1-3, 5:2-5; 8-9 വരാനിരിക്കുന്ന രാജാവ്.
*പ്ര. ഗ്ര. പേജ്* 338.
ഗലാ 3:15-4:6 മിശിഹായിൽ എല്ലാവരും ദൈവമക്കൾ.
*പ്ര. ഗ്ര. പേജ്* 340.
ലൂക്കാ 2:1-20 ഈശോയുടെ ജനനം. *പ്ര. ഗ്ര. പേജ്* 380.
**പിറവി ഒന്നാം ഞായർ** (Propria Vol. I. page 61)
ഉത്പ 21:9-21(21:1-21) ദാസിയുടെ മകനെയും സംരക്ഷിക്കുന്ന ദൈവം.
1 സാമു 1:21-28 (1:19-28) സാമുവൽ കർത്താവിനു സമർപ്പിക്കപ്പെടുന്നു.
ഗലാ 4:21-5:1 മിശിഹായിലുള്ള സ്വാതന്ത്ര്യത്തിൽ ഉറച്ചു നില്ക്കുവിൻ.
മത്താ 2:1-12 (2:1-23) ജ്ഞാനികളുടെ സന്ദർശനം.
**തിരുക്കുടുംബം**
ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.
*പ്ര. ഗ്ര. പേജ്* 25.
പ്രഭാ 3:1-9 മാതാപിതാക്കന്മാരോടുള്ള കടമകൾ.
*പ്ര. ഗ്ര. പേജ്* 25.
കൊളോ 3:18-21 കർത്താവിൽ നയിക്കപ്പെടുന്ന കുടുംബജീവിതം. *പ്ര. ഗ്ര. പേജ്* 27.
മത്താ 2:13-14; 19-23 ഈജിപ്തിലേക്കു പലായനം ചെയ്യുന്ന തിരുക്കുടുംബം. *പ്ര. ഗ്ര. പേജ്* 28.

www.malankaralibrary.com

26 തി **പിറവി ഒന്നാം തിങ്കൾ**
1 യോഹ 3:11-17 സഹോദരനെ വെറുക്കുന്നവൻ കൊലപാതകിയാണ്.
യോഹ 8:12-19 ഈശോ ലോകത്തിന്റെ പ്രകാശം.
**വി. എസ്തപ്പാനോസ് വേ.** (Propria Vol.I. page 148)
*ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ നാമഹേതുകദിനം.*
ശ്ലീഹ 6:8-10, 7:54-59 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം.
*പ്ര. ഗ്ര. പേജ്* 342.
മത്താ 10:16-22 അവസാനംവരെ സഹിച്ചുനില്ക്കുന്നവൻ രക്ഷപെടും. *പ്ര. ഗ്ര. പേജ്* 381.

27 ചൊ **പിറവി ഒന്നാം ചൊവ്വ**
*വടക്കേൽ മാർ ജോൺ, നെല്ലിക്കുന്നേൽ മാർ ജോൺ എന്നീ മെത്രാന്മാരുടെ നാമഹേതുകദിനം.*
**യോഹന്നാൻ ശ്ലീഹ** (Propria Vol. III. page 611)
പുറ 33:12-23 (33:9-23) കർത്താവ് ജനത്തോടുകൂടെ.
*പ്ര. ഗ്ര. പേജ്* 339.
പ്രഭാ 15:1-6 കർത്താവിന്റെ ഭക്തനു സമ്മാനം ലഭിക്കും.
*പ്ര. ഗ്ര. പേജ്* 340.
റോമാ 8:35-39 മിശിഹായുടെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? *പ്ര. ഗ്ര. പേജ്* 342.
യോഹ 21:20-24 ഈശോയും വത്സലശിഷ്യനും.
*പ്ര. ഗ്ര. പേജ്* 382.

28 ബു **പിറവി ഒന്നാം ബുധൻ**
**കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)**
ഉത്പ 4:3-8 ആബേൽ വധിക്കപ്പെടുന്നു.
ജെറ 31:15-17 റാമായിൽനിന്ന് വിലാപസ്വരം.
ഹെബ്രാ 11:32-38 (11:3-10, 11:32-12:2) വിശ്വാസത്തെപ്രതി രക്തം ചിന്തിയവർ.
മത്താ 2:13-18 ഈശോയെപ്രതി വധിക്കപ്പെട്ട ശിശുക്കൾ.

29 വ്യാ **പിറവി ഒന്നാം വ്യാഴം**
ഹെബ്രാ 5:11-14 നന്മതിന്മകളെ വിവേചിച്ചറിയുക.
മത്തായി 12:43-45 അശുദ്ധാത്മാവ് തിരിച്ചുവരുന്നു.

www.malankaralibrary.com

30 വെ **പിറവി ഒന്നാം വെള്ളി**

കൊളോ 1:1-9 ദൈവഹിതത്തെക്കുറിച്ച് ഉൾക്കാഴ്ച വേണം.
മത്താ 9:27-31 അന്ധർക്കു കാഴ്ച നല്കുന്നു.
**ദൈവമാതൃത്വത്തിരുനാൾ** (Propria Vol. I. page 69)
പുറ 15:11-21 (പുറ 15:11-21 + മിക്ക 6:1-5 + ജറെ 31:13-17) മിരിയാം ദൈവത്തെ സ്തുതിക്കുന്നു.
ശ്ലീഹ 1:12-14 (1:1-14) മറിയത്തോടൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ശ്ലീഹന്മാർ.
റോമാ 16:17-20; 25-27 (16:1-27) രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന ദൈവം.
ലൂക്കാ 1:39-45 (ലൂക്കാ 1:26-55 + മത്താ 1:1-16; 18-25) കർത്താവിന്റെ അമ്മ.

31 ശ **പിറവി ഒന്നാം ശനി**

1 യോഹ 2:26-29 നിങ്ങൾ അവനിൽ വസിക്കുവിൻ.
യോഹ 1:19-29 നിങ്ങൾ അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേയുണ്ട്.
**വർഷാവസാനം** (Propria Vol.I. page 265)
1 തിമോ 6:6-12 ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ല.
*പ്ര. ഗ്ര. പേജ്* 376.
ലൂക്ക 13:6-9 ഫലം പുറപ്പെടുവിക്കുന്നവരാകാം.
*പ്ര. ഗ്ര. പേജ്* 436.

www.malankaralibrary.com

## അനുബന്ധം 1

# സീറോമലബാർ ആരാധനാവത്സര തിരുനാളുകൾ

ക്രൈസ്തവസഭകളിൽ കാലികചക്രം (Temporal Cycle) വിശുദ്ധാത്മകചക്രം (Sanctoral Cycle) എന്നിങ്ങനെ രണ്ടു വിധത്തിലാണ് ആരാധനാവത്സരം ക്രമീകരിച്ചിരിക്കുന്നത്. മിശിഹായുടെ രക്ഷാകര സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ചിരിക്കുന്ന ആരാധനാവത്സരത്തിലെ ഒൻപതുകാലങ്ങളുടെ ചൈതന്യവുമായി ബന്ധപ്പെടുത്തി ക്രൈസ്തവജീവിതം നയിക്കുന്നതിന് പ്രേരിപ്പിക്കുന്നതാണ് കാലികചക്രം (Temporal Cycle). വിശുദ്ധരുടെ തിരുനാളുകളെ അടിസ്ഥാനമാക്കി ക്രമീകരിച്ചിരിക്കുന്നതാണ് വിശുദ്ധാത്മകചക്രം (Sanctoral Cycle). ഇത്, ദിവസതിരുനാളുകൾ (Movable feasts), തീയതി തിരുനാളുകൾ (Fixed feasts) എന്നിങ്ങനെ രണ്ടു വിധത്തിലാണ് എല്ലാസഭകളിലും പ്രാവർത്തികമാക്കിയിട്ടുള്ളത്. അടിസ്ഥാനപരമായി കാലികചക്രമാണെങ്കിലും, വിശുദ്ധാത്മകചക്രത്തിന്റെ സവിശേഷതകളും സീറോമലബാർ സഭയുടെ ആരാധനാവത്സരത്തിൽ കാണാൻ കഴിയും.

കർത്താവിന്റെ തിരുനാളുകളേക്കാൾ പ്രാധാന്യം വിശുദ്ധരുടെ തിരുനാളുകൾക്കു കൊടുക്കാൻ പാടില്ല എന്ന വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം എല്ലാ സഭാപാരമ്പര്യങ്ങളുടെയും അടിസ്ഥാനതത്വമാണ്. തന്മൂലം, കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കാറില്ലായെന്നത് ശ്രദ്ധേയമാണ്.

ആരാധനാവത്സര കാലഘട്ടങ്ങളോടും അവയുടെ ചൈതന്യത്തോടും ചേർന്നുപോകുന്ന രീതിയിലും പ്രാധാന്യമുള്ള തിരുനാളുകൾ വേർതിരിച്ചറിയത്തക്ക വിധത്തിലുമാണ് വിവിധ തിരുനാളുകളുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഈ പഞ്ചാംഗത്തിൽ 110 തിരുനാളുകളാണു ചേർത്തിട്ടുള്ളത്. അവയെ കർത്താവിന്റെ (മാറാനായ) തിരുനാളുകൾ, പ്രധാനപ്പെട്ട തിരുനാളുകൾ, സാധാരണ തിരുനാളുകൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. സാധാരണ തിരുനാളുകളെ പൗരസ്ത്യ

www.malankaralibrary.com

പാരമ്പര്യമനുസരിച്ചുള്ളവ എന്നും പൊതുവായ തിരുനാളുകൾ എന്നും വേർതിരിച്ചിരിക്കുന്നു.

കാലികചക്ര (Temporal Cycle) ത്തോടു വിശുദ്ധരുടെ തിരുനാളുകളും ചേർക്കുന്ന രീതിയാണ് പൗരസ്ത്യസഭകൾക്കുള്ളത്. കർത്താവിന്റെ ദിവസമായ ഞായറാഴ്ച കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ദിവസമായിട്ടാണ് വെള്ളിയാഴ്ചയെ കണക്കാക്കുന്നത്. അതുകൊണ്ട്, പെസഹാരഹസ്യത്തിനു സാക്ഷ്യംവഹിച്ച് ജീവിതവിജയം നേടിയ വിശുദ്ധരെ ഒറ്റയ്ക്കും ഗണമായും വെള്ളിയാഴ്ചകളിൽ അനുസ്മരിക്കുന്നു. പ്രധാനമായും ദനഹാ, ശ്ലീഹ, കൈത്തകാലങ്ങളിലെ വെള്ളിയാഴ്ചകളിലാണ് വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നത്. ഈശോയുടെ പരസ്യജീവിതം, ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ, സഭയുടെ വളർച്ച എന്നിവയോടു ബന്ധപ്പെടുത്തിയാണ് ഈ ക്രമീകരണം സ്വീകരിച്ചിരിക്കുന്നത്. സഭയുടെ പാരമ്പര്യത്തിനും തനിമയ്ക്കും ചേർന്നവിധം ആചരിക്കേണ്ട തിരുനാളുകൾ മറ്റു ചില വെള്ളിയാഴ്ചകളിൽ ചേർത്തിട്ടുണ്ട്. സകലമരിച്ചവരുടെയും സകലവിശുദ്ധരുടെയും തിരുനാളുകൾ ഈശോയുടെ പീഡാനുഭവത്തോടും മരണത്തോടും ഉത്ഥാനത്തോടും ബന്ധിപ്പിക്കാൻ യഥാക്രമം ദനഹാ അവസാനവെള്ളിയാഴ്ചയിലും ഉയിർപ്പ് ഒന്നാംവെള്ളിയാഴ്ചയിലുമാണ് ആചരിക്കുന്നത്.

പരിശുദ്ധ കുർബാനയുടെ തിരുനാളും പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളും കർത്താവിന്റെ തിരുനാളുകളുടെ ഗണത്തിൽവരുന്നതാണ്. പരിശുദ്ധ കുർബാനയുടെ തിരുനാളിന് ഏറ്റവും ഉചിതമായ ദിവസം പെസഹാവ്യാഴാഴ്ചയാണ്. ദനഹാത്തിരുനാളിലും ദനഹാക്കാലത്തും പരിശുദ്ധത്രിത്വത്തെ പ്രത്യേകമായി അനുസ്മരിക്കുന്നു. എങ്കിലും, വിവിധ വ്യക്തിസഭകൾ ഇടകലർന്നു ജീവിക്കുന്നതുകൊണ്ടും ഇതര സഭാപാരമ്പര്യങ്ങളിൽപെട്ട സന്ന്യാസ, സമർപ്പിത സമൂഹങ്ങളുടെ സാന്നിധ്യംമൂലവും, ആ പാരമ്പര്യങ്ങളിലെ ചില തിരുനാളുകൾ, പ്രത്യേകിച്ച് പാശ്ചാത്യപാരമ്പര്യത്തിൽ നിന്നുള്ളവ, നമ്മുടെ സഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും ചിരപ്രതിഷ്ഠ നേടിയിട്ടുണ്ട്. അവയ്ക്കുദാഹരണങ്ങളായ പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ, പരിശുദ്ധ കുർബാനയുടെ തിരുനാൾ, തിരുഹൃദയത്തിരുനാൾ, രാജത്വത്തിരുനാൾ, കർമ്മലമാതാവിന്റെ തിരുനാൾ തുടങ്ങി പല വിശുദ്ധരുടെയും തിരുനാളുകൾ നമ്മുടെ സഭയുടെ കലണ്ടറിലും

www.malankaralibrary.com

ചേർത്തിരിക്കുന്നു. ദൈവകരുണയെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും ആഴമായി ധ്യാനിക്കാൻ തിരുഹൃദയത്തിരുനാൾ അവസരമൊരുക്കുന്നു. ചില പ്രദേശങ്ങളിൽ സകലവിശുദ്ധരുടെയും സകല മരിച്ചവരുടെയും ഓർമ പാശ്ചാത്യപാരമ്പര്യമനുസരിച്ച് ആചരിച്ചുവരുന്നതിനാൽ ആ തീയതികളും കലണ്ടറിൽ ചേർത്തിട്ടുണ്ട്. ഏതായാലും, എല്ലാ തിരുനാളുകളും എല്ലായിടത്തും പ്രസക്തമായിരിക്കണമെന്നില്ല. പ്രാദേശിക പ്രാധാന്യം മാത്രമുള്ളവ അതാതു സ്ഥലങ്ങളിൽ ആചരിച്ചാൽ മതിയാവും.

സ്വന്തം സഭാപാരമ്പര്യത്തിന്റെ തനിമയും ചൈതന്യവും സംരക്ഷിക്കുക എന്നത് ഓരോ സഭയുടെയും ഗൗരവമേറിയ ചുമതലയാണ്. ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് തിരുനാൾ കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. കർത്താവിന്റെ (മാറാനായ) തിരുനാളുകളും പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും തിരുനാളുകളും പ്രാധാന്യം വ്യക്തമാക്കുന്ന രീതിയിൽ വലിയ അക്ഷരങ്ങളിൽ നല്കിയിരിക്കുന്നു. ചെറിയ അക്ഷരങ്ങളിൽ കൊടുത്തിരിക്കുന്നവയും രണ്ടുവായനകൾ മാത്രമുള്ളവയുമാണ് സാധാരണതിരുനാളുകൾ.

www.malankaralibrary.com

# ആരാധനവത്സര തിരുനാൾ പട്ടിക

## I. കർത്താവിന്റെ (മാറാനായ) തിരുനാളുകൾ

- **പിറവിത്തിരുനാൾ (ഡിസംബർ 25)**
- **നമ്മുടെ കർത്താവിന്റെ നാമകരണം (ജനുവരി 1)**
- **ദനഹാത്തിരുനാൾ (ജനുവരി 6)**
- നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (ഫെബ്രുവരി 2)
- **ഓശാന ഞായർ**
- **പെസഹാ വ്യാഴം**
- **പീഡാനുഭവ വെള്ളി**
- **ഉയിർപ്പു തിരുനാൾ**
- **സ്വർഗാരോഹണത്തിരുനാൾ (ഉയിർപ്പ് ആറാം വ്യാഴം)**
- **പന്തക്കുസ്താത്തിരുനാൾ**
- പരി. ത്രിത്വത്തിന്റെ തിരുനാൾ (ശ്ലീഹ രണ്ടാം ഞായർ)
- വി. കുർബാനയുടെ തിരുനാൾ (ശ്ലീഹ രണ്ടാം വ്യാഴം)
- തിരുഹൃദയത്തിരുനാൾ (ശ്ലീഹ മൂന്നാം വെള്ളി)
- **രൂപാന്തരീകരണം (ആഗസ്റ്റ് 6)**
- **വി. കുരിശിന്റെ പുകഴ്ച (സെപ്തംബർ 14)**
- രാജത്വത്തിരുനാൾ (പള്ളിക്കൂദാശ നാലാം ഞായർ)

## II. പ്രധാനപ്പെട്ട തിരുനാളുകൾ

തിരുക്കുടുംബം (പിറവി ഒന്നാം ഞായർ)

## പരിശുദ്ധകന്യകാമറിയത്തിന്റെ തിരുനാളുകൾ

- **കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ (ഡിസംബർ 8)**
- **കന്യകാമറിയത്തിന്റെ ദൈവമാതൃത്വത്തിരുനാൾ (പിറവി അവസാന വെള്ളി)**
- **മംഗളവാർത്തത്തിരുനാൾ (മാർച്ച് 25)**

www.malankaralibrary.com

- വിളവുകളുടെ സംരക്ഷകയായ മാതാവിന്റെ തിരുനാൾ (മെയ് 15)
- കന്യകാമറിയത്തിന്റെ സന്ദർശനം (മെയ് 31)
- കന്യകാമറിയത്തിന്റെ വിമലഹൃദയത്തിരുനാൾ (ശ്ലീഹ മൂന്നാം ശനി)
- കർമലമാതാവ് (ജൂലൈ 16)
- **കന്യകാമറിയത്തിന്റെ സ്വർഗാരോപണം (ആഗസ്റ്റ് 15)**
- **മറിയത്തിന്റെ പിറവിത്തിരുനാൾ (സെപ്തംബർ 8)**

## ഓർമത്തിരുനാളുകൾ

- **യോഹന്നാൻ മാംദാന (ദനഹാ ഒന്നാം വെള്ളി)**
- **വി. പത്രോസ്, പൗലോസ് ശ്ലീഹന്മാർ (ദനഹാ രണ്ടാംവെള്ളി** അഥവാ ജൂൺ 29**)**
- **വിശുദ്ധ സുവിശേഷകന്മാർ (ദനഹാ മൂന്നാം വെള്ളി)**
- **വിശുദ്ധ എസ്തപ്പാനോസ് (ദനഹാ നാലാം വെള്ളി)**
- **സുറിയാനി സഭാപിതാക്കന്മാർ (ദനഹാ ആറാം വെള്ളി)**
- **സകലമരിച്ചവരുടെയും ഓർമ (ദനഹാ അവസാന വെള്ളി** അഥവാ നവംബർ 2**)**
- **സകല വിശുദ്ധരുടെയും തിരുനാൾ (ഉയിർപ്പ് ഒന്നാം വെള്ളി** അഥവാ നവംബർ 1)
- പന്ത്രണ്ടു ശ്ലീഹന്മാർ (കൈത്ത ഒന്നാം ഞായർ)
- നിസിബിസിലെ മാർ യാക്കോബ് (കൈത്ത ഒന്നാം വെള്ളി)
- മാർ മാറി (കൈത്ത രണ്ടാം വെള്ളി)
- വി. ശ്മോനിയും ഏഴുമക്കളും (കൈത്ത അഞ്ചാം വെള്ളി)
- വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും (കൈത്ത ആറാം വെള്ളി)
- **വി. ചാവറ കുര്യാക്കോസ് ഏലിയാസ് (ജനുവരി 3)**
- **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (മാർച്ച് 19)**
- **വി. ഗീവർഗീസ് (ഏപ്രിൽ 24)**
- **വി. മറിയം ത്രേസ്യ (ജൂൺ 8)**
- **മാർ അപ്രേം (ജൂൺ 9)**

www.malankaralibrary.com

- **മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ (ജൂലൈ 3)**
- **വി. അൽഫോൻസാ (ജൂലൈ 28)**
- **വി. എവുപ്രാസ്യ (ആഗസ്റ്റ് 29)**

## III. സാധാരണ തിരുനാളുകൾ

### പൗരസ്ത്യപാരമ്പര്യമനുസരിച്ചുള്ള തിരുനാളുകൾ

- ഗ്രീക്ക് സഭാപിതാക്കന്മാർ (ദനഹാ അഞ്ചാം വെള്ളി)
- മാർ അദ്ദായി (ഉയിർപ്പ് അഞ്ചാം ഞായർ)
- സ്വർണ്ണ വെള്ളി (ശ്ലീഹ ഒന്നാം വെള്ളി)
- ജറുസലെമിലെ വി. സിറിൽ (മാർച്ച് 18)
- വി. അത്തനേഷ്യസ് (മെയ് 2)
- വി. കുര്യാക്കോസും വി. ജൂലിറ്റായും (ജൂലൈ 15)
- വി. ജോൺ ക്രിസോസ്തോം (സെപ്റ്റംബർ 13)
- അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് (ഒക്ടോബർ 17)
- മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനം (നവംബർ 21)
- മൈലാപ്പൂരിലെ അദ്ഭുതസ്ലീവാ (ഡിസംബർ 18)

## തീയതിയനുസരിച്ചുള്ള സാർവത്രിക തിരുനാളുകൾ

### ജനുവരി

**20. വി. സെബസ്ത്യാനോസ്**

24. വി. ഫ്രാൻസിസ് സാലസ് മെ. മ.

26. വി. തിമോത്തേയോസും തീത്തൂസും

28. വി. തോമസ് അകിനാസ്

31. വി. ജോൺ ബോസ്കോ

### ഫെബ്രുവരി

4. വി. ജോൺ ബ്രിട്ടോ

11. ലൂർദുമാതാവ്

23. വി. പൊലിക്കാർപ്പ്

25. വാഴ്ത്തപ്പെട്ട സി. റാണി മരിയ

www.malankaralibrary.com

**ഏപ്രിൽ**

25. വി. മർക്കോസ് സുവിശേഷകൻ

29. സിയന്നായിലെ വി. കത്രീന

**മെയ്**

**1. തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേപ്പ്**

**3. വി. പീലിപ്പോസ്, യാക്കോബ് ശ്ലീഹന്മാർ**

6. വി. ഡൊമിനിക് സാവിയോ

**14. വി. മത്തിയാസ് ശ്ലീഹ**

**ജൂൺ**

1. വി. ജസ്റ്റിൻ

**11. വി. ബർണബാസ് ശ്ലീഹ**

**13. പാദുവായിലെ വി. അന്തോണീസ്**

22. വി. ജോൺ ഫിഷറും വി. തോമസ് മൂറും

24. വി. സ്നാപകയോഹന്നാന്റെ ജനനം

28. വി. ഇരണേവൂസ്

**ജൂലൈ**

11 വി. ബനഡിക്ട്

**25. വി. യാക്കോബ് ശ്ലീഹ**

**26. വി. ജോവാക്കിമും അന്നായും**

29. വി. മർത്താ

**31. വി. ഇഗ്നേഷ്യസ് ലയോള**

**ആഗസ്റ്റ്**

1. വി. അൽഫോൻസ് ലിഗോരി

**4. വി. ജോൺ മരിയ വിയാനി**

8. വി. ഡൊമിനിക്

**11. വി. ക്ലാര**

14. വി. മാക്സിമില്യൻ കോൾബേ

**21 വി. പത്താം പീയൂസ് മാർപാപ്പ**

www.malankaralibrary.com

**24. വി. ബർത്തലോമിയോ ശ്ലീഹ**

**28. വി. അഗസ്റ്റിൻ**

## സെപ്തംബർ

**5. കൊൽക്കൊത്തയിലെ വി. തെരേസ**

**21. വി. മത്തായി ശ്ലീഹ**

**27. വി. വിൻസെന്റ് ഡി പോൾ**

**29. മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ**

30. വി. ജെറോം

## ഒക്ടോബർ

**1. വി. കൊച്ചുത്രേസ്യ**

**2. കാവൽമാലാഖ**

**4. വി. ഫ്രാൻസിസ് അസ്സീസി**

**15. ആവിലായിലെ വി. ത്രേസ്യ**

**16. വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ**

**18. വി. ലൂക്കാ സുവിശേഷകൻ**

**22. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ**

**28. വി. ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ**

## നവംബർ

**5. വി. സഖറിയയും വി. ഏലീശ്വായും**

**30. അന്ത്രയോസ് ശ്ലീഹ**

## ഡിസംബർ

**3. വി. ഫ്രാൻസിസ് സേവ്യർ**

7. വി. അംബ്രോസ്

14. കുരിശിന്റെ വി. യോഹന്നാൻ

26. വി. എസ്തപ്പാനോസ്

**27. വി. യോഹന്നാൻ ശ്ലീഹ**

28. കുഞ്ഞിപ്പൈതങ്ങൾ

www.malankaralibrary.com

## അനുബന്ധം 2

## വിശുദ്ധരുടെ തിരുനാളുകൾക്കുള്ള ഐച്ഛിക വായനകളും മറ്റു പ്രത്യേക സന്ദർഭങ്ങൾക്കു വേണ്ടിയുള്ള വായനകളും

### 1. പരിശുദ്ധ കന്യകാമറിയം

**A**

| | | |
|---|---|---|
| ഉത്പ | 3:1-19 | നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിൽ ശത്രുതയുളവാക്കും |
| ഉത്പ | 17:15-22 | അവൾ ജനതകളുടെ മാതാവാകും |
| ന്യായ | 13:1-7 | നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| ഏശ | 7:10-16 | കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| ഉത്ത | 2:1-4 | മുള്ളുകൾക്കിടയിലെ ലില്ലിപ്പൂവുപോലെ |
| യൂദി | 15:8-13 | നീ ജറുസലമിന്റെ ഉന്നതിയും ഇസ്രായേലിന്റെ മഹിമയും |

**B**

| | | |
|---|---|---|
| ശ്ലീഹ | 1:12-14 | ശ്ലീഹന്മാരോടൊപ്പം പ്രാർഥിക്കുന്ന അമ്മ |
| റോമാ | 8:26-30 | മുൻകൂട്ടി തിരഞ്ഞെടുത്തവരെ വിളിക്കുന്ന ദൈവം |
| ഗലാ | 4:4-7 | അവൻ സ്ത്രീയിൽനിന്നു ജാതനായി |
| എഫേ | 1:3-12 | ലോകാരംഭത്തിനു മുമ്പ് നമ്മെ തിരഞ്ഞെടുത്ത ദൈവം |

**C**

| | | |
|---|---|---|
| മത്താ | 1:1-16 | അവളിൽനിന്ന് ഈശോ ജനിച്ചു |
| മത്താ | 1:18-25 | അവൾ ഗർഭം ധരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ് |
| മത്താ | 2:13-23 | ഈജിപ്തിലേക്കുള്ള പലായനം |
| മത്താ | 12:46-50 | ഈശോയുടെ അമ്മയും സഹോദരരും |
| ലൂക്കാ | 1:26-38 | നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും |
| | 1:39-47 | നീ സ്ത്രീകളിൽ അനുഗൃഹീത |
| | 1:46-56 | മറിയത്തിന്റെ സ്തോത്രഗീതം |
| | 2:1-14 | അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു |
| | 2:15b-19 | മറിയം അവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു |
| | 2:25-35 | നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും |
| | 2:41-52 | ഉൽക്കണ്ഠയോടെ ഈശോയെ അന്വേഷിക്കുന്ന അമ്മ |
| | 11:27-28 | നിന്നെ വഹിച്ച ഉദരം ഭാഗ്യമുള്ളത് |
| യോഹ | 2:1-11 | അവിടെ ഈശോയുടെ അമ്മയും ഉണ്ടായിരുന്നു |
| | 19:25-27 | ഇതാ, നിന്റെ അമ്മ |

www.malankaralibrary.com

## 2. രക്തസാക്ഷികൾക്ക്

### A

ഉത്പ 4:8-16 ആബേൽ വധിക്കപ്പെടുന്നു

ഉത്പ 22:1-13 അബ്രാഹത്തിന്റെ ബലി

1 രാജാ 21:1-21 നാബോത്ത് കല്ലെറിയപ്പെടുന്നു

2 മക്ക 7:1-11 അമ്മയും ഏഴു മക്കളും

### B

ശ്ലീഹ 7:55-60 എസ്തപ്പാനോസിന്റെ രക്തസാക്ഷിത്വം

റോമാ 5:1-5 നമ്മുടെ കഷ്ടതകളിൽ നമുക്ക് അഭിമാനം

2 കോറി 4:7-15 ഈശോയെപ്രതി സദാ മരണത്തിന് ഏല്പിക്കപ്പെടുന്നു

2 കോറി 6:4-10 മരിക്കുന്നവരെപ്പോലെയാണെങ്കിലും ഞങ്ങൾ ജീവിക്കുന്നു

2 തിമോ2:8-13;3:10-12 മിശിഹായ്ക്കുവേണ്ടി ജീവിക്കുന്നവർ സഹിക്കണം

1 പത്രോ 3:14-17 നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കുക

1 പത്രോ 4:12-19 മിശിഹായുടെ പീഡകളിൽ പങ്കുകാരാകുക

വെളി 12:10-12 കുഞ്ഞാടിന്റെ രക്തംകൊണ്ടു വിജയം

### C

മത്താ 10:16-25 എന്നെപ്രതി സഹിക്കുക

മത്താ 10:26-33 നിർഭയം സാക്ഷ്യം വഹിക്കുക

ലൂക്കാ 9:23-26 മിശിഹായെപ്രതി ജീവൻ നഷ്ടപ്പെടുത്തുക

യോഹ 12:24-26 ഗോതമ്പുമണി നിലത്തുവീണ് അഴിയണം

15:18-21 ലോകം നിങ്ങളെ ദ്വേഷിക്കും

17:11-19 ലോകം അവരെ ദ്വേഷിച്ചു

## 3. സഭാപിതാക്കന്മാർക്ക്

### A

നിയ 6:1-15 ദൈവത്തിന്റെ കല്പനകൾ

സംഖ്യ 27:15-22 ജോഷ്വ ഇസ്രായേൽ ജനത്തിന്റെ പിതാവ്

പ്രഭാ 15:1-6 അറിവുകൊണ്ടും ജ്ഞാനംകൊണ്ടും അവനെ നിറയ്ക്കും

ജ്ഞാനം 7:7-10; 15-16 ജ്ഞാനം സർവോൽകൃഷ്ടം

### B

1 കോറി 2:1-10 നിഗൂഢമായ ദൈവികജ്ഞാനം

എഫേ 3:8-12 മിശിഹായുടെ സമ്പന്നതയെക്കുറിച്ചു പ്രസംഗിക്കുന്ന പൗലോസ്

www.malankaralibrary.com

## C

മത്താ 5:13-19 നിങ്ങൾ ലോകത്തിന്റെ പ്രകാശം
7:21-29 ഈശോ അധികാരമുള്ളവനെപ്പോലെ പഠിപ്പിച്ചു
മർക്കോ 4:1-10, 13-20 വിതക്കാരന്റെ ഉപമ

## 4. കന്യകകൾക്ക്

## A

നിയ 11:10-15 കർത്താവിനെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുക
ഉത്ത 8:6-7 സ്നേഹം മരണത്തെപ്പോലെ ശക്തം

## B

1 കോറി 7:25-35 അവിവാഹിത, കർത്താവിന്റെ കാര്യങ്ങളിൽ തല്പര
വെളി 19:5-9 കുഞ്ഞാടിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ
വെളി 21:1-5 കർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടി

## C

മത്താ 19:3-12 സ്വർഗ്ഗരാജ്യത്തെപ്രതി
മത്താ 25:1-13 ബുദ്ധിമതികളായ കന്യകമാർ
ലൂക്കാ 10:38-42 മറിയം ഏറ്റം ശ്രേഷ്ഠമായതു തിരഞ്ഞെടുത്തു

## 5. മറ്റു വിശുദ്ധർക്ക്

## A

ലേവ്യ 19:1-2, 17-18 നിങ്ങൾ പരിശുദ്ധരായിരിക്കണം
നിയ 6:3-9 പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക
നിയ 10:8-9 എന്റെ അവകാശം കർത്താവാകുന്നു
1 രാജാ 19:16-21 എലിസേവൂസ് ഏലിയായുടെ പിന്നാലെ
1 രാജാ 19:4-15 ഹൃദയനൈർമ്മല്യത്തോടെ എന്റെ മുമ്പിൽ വരിക
തോബി 12:6-13 ഉപവാസം, ദാനധർമ്മം, പ്രാർത്ഥന

## B

റോമാ 8:26-30 മുൻകൂട്ടി നിശ്ചയിച്ചവരെ വിളിക്കുന്ന ദൈവം
1 കോറി 1:26-30 ബലഹീനരെ തിരഞ്ഞെടുക്കുന്ന ദൈവം
ഗലാ 2:19-20 ഞാൻ മിശിഹായോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു
എഫേ 3:14-19 മിശിഹായുടെ സ്നേഹത്തിന്റെ ശക്തി എന്നിൽ
ഫിലി 3:8-14 മിശിഹായെപ്രതി സർവതും നഷ്ടപ്പെടുത്തുക
യാക്കോ 2:14-17 വിശ്വാസം പ്രവൃത്തിയിലൂടെ

www.malankaralibrary.com

## C

മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ
5:13-16 നിങ്ങൾ ലോകത്തിന്റെ പ്രകാശം
13:44-50 സ്വർഗ്ഗരാജ്യത്തിലെ നിധി
16:24-27 മിശിഹായ്ക്കുവേണ്ടി ജീവൻ നഷ്ടപ്പെടുത്തുന്നവർ
19:27-29 മിശിഹായെപ്രതി സർവതും ഉപേക്ഷിക്കണം
ലൂക്കാ 6:27-38 ഏവരോടും കരുണകാണിക്കുക
9:57-62 കലപ്പയിൽ കൈവച്ചു തിരിഞ്ഞുനോക്കരുത്
10:38-42 മറിയം വിശിഷ്ടഭാഗം തിരഞ്ഞെടുത്തു
14:25-33 മിശിഹായുടെ ശിഷ്യൻ സ്വജീവൻ ഉപേക്ഷിക്കണം
യോഹ 15:9-17 നമ്മൾ മിശിഹായുടെ സ്നേഹിതന്മാർ

### 6. മാമ്മോദീസ

## A

ഉത്പ 12:1-4 ഞാൻ കാണിച്ചുതരുന്നിടത്തേക്കു പോവുക
എസെ 36:24-28 നിങ്ങളുടെമേൽ ശുദ്ധജലം തളിക്കും

## B

റോമാ 6:3-11 മാമ്മോദീസാവഴി മിശിഹായുടെ മരണത്തിൽ ഐക്യം
ഗലാ 3:26-29 മാമ്മോദീസാവഴി നാം മിശിഹായെ ധരിച്ചു

## C

മത്താ 3:13-17 ഈശോയുടെ മാമ്മോദീസ
യോഹ 3:1-8 നാം വീണ്ടും ജനിക്കണം

### 7. കുർബാനസ്വീകരണം

ഉത്പ 14:17-20 (14:1-20) മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു
മലാ 1:7-12 (1:6-12) നിരന്തരം അർപ്പിക്കപ്പെടുന്ന ബലി
1 കോറി 11:23-30(10:15-17+11:23-30) നിങ്ങൾക്കുവേണ്ടിയുള്ള ഏകശരീരം
യോഹ 6:51-59 (6:51-64) സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്ന ജീവന്റെ അപ്പം

### 8. വിവാഹം

## A

ഉത്പ 1:26-28 സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു
2:18-24 പുരുഷൻ മാതാപിതാക്കന്മാരെ വിട്ടു ഭാര്യയോടു ചേരണം
സുഭാ 31:10-31 ഉത്തമയായ ഭാര്യ
ഏശ 61:10-11 കർത്താവിൽ ആനന്ദിക്കും
പ്രഭാ 26:1-4 വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കും

www.malankaralibrary.com

**B**

എഫേ 5:22-23 അവർ രണ്ടുപേരും ഒന്നാകും

1 പത്രോ 3:1-7 ആന്തരിക വ്യക്തിത്വം ഭാര്യയുടെ അലങ്കാരം

**C**

മർക്കോ 10:2-9 അവർ ഇനി ഒരു ശരീരം

യോഹ 2:1-11 കാനായിലെ വിവാഹം

## 9. കാറോയാപ്പട്ടക്രമം

**A**

നിയ 6:3-9 കർത്താവിന്റെ നിയമം നമ്മുടെ ഹൃദയത്തിൽ

നിയ 30:10-14 കർത്താവിന്റെ പ്രമാണം നമ്മുടെ അധരത്തിൽ

ഏശ 55:10-13 ഫലരഹിതമാകാത്ത വാക്ക്

നെഹ 8:1-10 ദൈവത്തിന്റെ നിയമം വായിച്ചു വിശദീകരിക്കുന്നവൻ

**B**

1 കോറി 2:1-5 വിജ്ഞാനം ആത്മാവിലൂടെ

2 തിമോ 3:14-17 വിശുദ്ധലിഖിതം ദൈവനിവേശിതം

**C**

മത്താ 5:14-19 നിങ്ങൾ ലോകത്തിന്റെ പ്രകാശം

യോഹ 7:14-18 യേശുവിന്റെ വചനം അവനെ അയച്ചവന്റേതാണ്

## 10. ഹെവുപ്പദ്യാക്ക്നപട്ടക്രമം

**A**

ഉത്പ 14:18-20 മെൽക്കിസദേക്ക് അപ്പവും വീഞ്ഞും കൊണ്ടുവരുന്നു

പുറ 16:2-15 ആകാശത്തുനിന്ന് അപ്പം വർഷിക്കപ്പെടുന്നു

സുഭാ 9:1-6 കർത്താവിന്റെ അപ്പം ഭക്ഷിക്കുക

**B**

ശ്ലീഹ 2:43-47 ശ്ലീഹന്മാരുടെ പ്രബോധനത്തിൽ പങ്കുചേർന്നവർ

1 കോറി 10:16-17 നാം ഏക ശരീരം

**C**

ലൂക്കാ 9:11-17 അവരെല്ലാം ഭക്ഷിച്ചു തൃപ്തരായി

ലൂക്കാ 24:13-35 എമ്മാവൂസിലെ ശിഷ്യന്മാർ

www.malankaralibrary.com

## 11. മ്ശംശാനപ്പട്ടക്രമം

### A

1 ദിന 23:1-2, 28-32 ദേവാലയശുശ്രൂഷയിൽ സഹായിക്കുന്ന ലേവ്യർ
സംഖ്യ 8:20-26 ലേവ്യർക്കുള്ള നിയമങ്ങൾ
പ്രഭാ 30:1-11 കർത്താവിന്റെ ബന്ധനകളിൽ അഭിമാനംകൊള്ളുന്നവർ
ഏശ 6:1-8 ആരാണു നമുക്കുവേണ്ടി പോവുക?

### B

ശ്ലീഹ 6:1-7 ഏഴു ഡീക്കന്മാരുടെ തിരഞ്ഞെടുപ്പ്
2 തിമോ 3:10-15 നീ പഠിപ്പിക്കുക

### C

യോഹ 13:3-17 ഈശോ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകുന്നു
മർക്കോ 1:14-20 മനുഷ്യരെ പിടിക്കുന്നവർ

## 12. പുരോഹിതപട്ടക്രമം

### A

പുറ 3:1-10 അഹറോനും പുത്രന്മാരും
പുറ 40:1-15 പുരോഹിതനായ അഹറോൻ
ഏശ 61:1-10 പീഡിതർക്കു സുവിശേഷം
ജറെ 1:1-10 ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം

### B

1 പത്രോ 5:1-4 അജഗണങ്ങളുടെ പരിപാലകൻ
ഹെബ്രാ 5:1-10 മെൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള പുരോഹിതൻ
എഫേ 4:1-7, 14-16 വിളിക്കു യോഗ്യമായവിധം ചരിക്കുക

### C

മത്താ 10:1-9, 16 ശ്ലീഹന്മാരുടെ തിരഞ്ഞെടുപ്പ്
യോഹ 10: 1-5, 11-18 ആടുകൾക്കുവേണ്ടി ജീവിക്കുന്ന ഇടയൻ
യോഹ 15:5, 7-10, 13-17 മിശിഹായിൽ തിരഞ്ഞെടുക്കപ്പെട്ടവർ
യോഹ 17:6-19 മറ്റുള്ളവർക്കുവേണ്ടി സ്വയം വിശുദ്ധീകരിക്കുന്ന ഈശോ

## 13. മെത്രാഭിഷേകക്രമം

മത്താ 16:13-18+ യോഹ 21:15-17+ മത്താ 6:19

## 14. അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം

ഉത്പ 28:10-22 യാക്കോബ് കല്ലിനെ അഭിഷേകം ചെയ്യുന്നു
പുറ 30:22-38 വിശുദ്ധമായ അഭിഷേകതൈലം
1 യോഹ 2:20-29 നിങ്ങൾ സ്വീകരിച്ച അഭിഷേകം
മർക്കോ 14:1-9 പാപിനി ഈശോയുടെ ശിരസ്സിൽ സുഗന്ധതൈലം പൂശുന്നു

www.malankaralibrary.com

## 15. സന്ന്യാസവ്രതവാഗ്ദാനം

**A**

ഉത്പ 12:1-4 ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോകുക

1 സാമു 3:1-10 നാഥാ, അരുളിച്ചെയ്താലും

ജറെ 1:4-10 ജറെമിയായെ വിളിക്കുന്നു

**B**

ശ്ലീഹ 2:37-47 ആദിമ ക്രൈസ്തവസമൂഹം

**C**

മത്താ 5:1-12 സുവിശേഷഭാഗ്യങ്ങൾ

മത്താ 25:1-13 പത്തു കന്യകമാർ

മർക്കോ 10:28-30 സർവതും ഉപേക്ഷിച്ച ശ്ലീഹന്മാർ

യോഹ 15:9-17 മിശിഹായിൽ വസിക്കുന്നവർ

## 16. ദൈവാലയകൂദാശക്രമം

പുറ 40:17-38 കൂടാരപ്രതിഷ്ഠ

ഏശ 6:1-13 ഏശയ്യായുടെ സ്വർഗീയദർശനം

1 കോറി 3:10-17 നിങ്ങൾ ദൈവത്തിന്റെ ആലയം

യോഹ 2:13-17 ദൈവാലയശുദ്ധീകരണം

## 17. രോഗികൾക്കുവേണ്ടി

**A**

പുറ 3:7-8 നമ്മുടെ രോദനം കേൾക്കുന്ന ദൈവം

പുറ 17:1-6 ദാഹജലം നല്കി ആശ്വസിപ്പിക്കുന്ന കർത്താവ്

1 രാജാ 19:1-8 ഏലിയാസിനെ ആശ്വസിപ്പിക്കുന്ന കർത്താവ്

ഏശ 52:13-53:12 നമ്മുടെ വേദനകൾ വഹിക്കുന്ന കർത്താവ്

**B**

ശ്ലീഹ 3:1-10 മിശിഹായുടെ നാമത്തിൽ എഴുന്നേറ്റു നടക്കുക

യാക്കോ 5:13-16 സുഖപ്പെടുത്തുന്ന പ്രാർത്ഥന

റോമാ 8:14-18 മിശിഹായോടൊപ്പം പീഡയനുഭവിക്കണം

ശ്ലീഹ 4:8-14 മിശിഹായുടെ നാമത്തിൽ അവൻ സുഖപ്പെട്ടു

www.malankaralibrary.com

**C**

മത്താ 15:25-31 അനേകരെ സുഖപ്പെടുത്തിയ മിശിഹാ
മർക്കോ 2:1-12 തളർവാതരോഗിയെ സുഖപ്പെടുത്തുന്നു
ലൂക്കാ 7:18b-23 നിങ്ങൾ കാണുന്നവ യോഹന്നാനെ അറിയിക്കുക
യോഹ 9:1-7 കുരുടന് കാഴ്ച ലഭിക്കുന്നു

## 18. മരിച്ചവർക്കുവേണ്ടി

**A**

ഉത്പ 49:29-33 യാക്കോബിന്റെ മരണം
ഉത്പ 3: 14-19 നീ പൊടിയാണ്, പൊടിയിലേക്കുതന്നെ നീ മടങ്ങും
2 മക്ക 12:43-45 മരിച്ചവർക്കുവേണ്ടി പരിഹാരകർമ്മം
ജ്ഞാനം 3:1-9 നീതിമാന്മാരുടെ ആത്മാക്കൾ ദൈവകരങ്ങളിൽ
ദാനി 12:1-3 ഭൂമിയിലെ പൊടിയിലുറങ്ങുന്നവർ ഉണരും

**B**

1 കോറി 15:12-19 മരിച്ചവർക്കു പുനരുത്ഥാനം
1 കോറി 15:20-28 മിശിഹായിൽ എല്ലാവരും പുനർജീവിക്കും
1 തെസ 4:13-18 മരിച്ചവരുടെ ഉയിർപ്പ്

**C**

ലൂക്കാ 7:11-17 യുവാവേ, എഴുന്നേല്ക്കുക
യോഹ 5:24-29 മിശിഹായിൽ ജീവിക്കുന്നവർക്കു നിത്യജീവൻ
6:37-40 മിശിഹായ്ക്കുള്ളവർ ഉയിർപ്പിക്കപ്പെടും
6:51-58 മിശിഹായെ സ്വീകരിക്കുന്നവർക്കു നിത്യജീവൻ
11:32-45 ലാസറേ, പുറത്തുവരുക

## 19. പൗരോഹിത്യ ജൂബിലി

**A**

ലേവ്യ 25: 8-13
നിയ 18:1-5
എസെ 44:15-16; 23-24; 27-30
ഏശ 61:1-6

**B**

2 തിമോ 4:1-5
ഹെബ്രാ 5:1-6

**C**

യോഹ 10:7-11
മർക്കോ 3: 13-19
യോഹ 13: 4-11
ലൂക്കാ 22: 14-20

www.malankaralibrary.com

## 20. സന്ന്യാസവ്രതവാഗ്ദാന ജൂബിലി

**A**

ഉത്പ 12:1-4

ലേവ്യ 25: 8-13

ജറെ 1:4-10

എസെ 2:1-10

**B**

1 കോറി 7:32-35

2 കോറി 4:6-12

**C**

മത്താ 5:1-12

മത്താ 19: 16-26

ലൂക്കാ 1: 46-55

യോഹ 15: 9-17

## 21. വിവാഹ ജൂബിലി

**A**

ഉത്പ 2:18-24

ലേവ്യ 25: 8-13

സുഭാ 31:10-31

പ്രഭാ 26:1-4; 13-17

**B**

എഫേ 5: 22-33

1 പത്രോ 3:1-7

**C**

മത്താ 19: 3-6

യോഹ 2: 1-12

## 22. വിദ്യാരംഭം / അദ്ധ്യയനവർഷാരംഭം

നിയ 6:1-9

ജ്ഞാനം 9: 9-12

2 തിമോ 3:10-17

1 പത്രോ 5:5-11

ലൂക്കാ 2: 41-52

www.malankaralibrary.com

**23. വർഷാരംഭം**

പുറ 23:14-17
ഏശ 52: 7-12
എഫേ 4: 17-24
മത്താ 6: 25-34

**24. വർഷാവസാനം**

ലേവ്യ 6: 1-7
ജ്ഞാനം 5:7-10; 14-16
1 തിമോ 6: 6-12
ലൂക്കാ 13: 6-9

**25. അനുരഞ്ജനശുശ്രൂഷ**

ഉത്പ 4:3-12
2 സാമു 12:1-14
റോമ 6: 12-23
ലൂക്കാ 15: 11-24

**26. രാജ്യത്തിനുവേണ്ടി**

1 ദിന 14: 8-17
പ്രഭാ 10:1-5
1 തിമോ 2: 1-5
ലൂക്കാ 20: 20-26

www.malankaralibrary.com

# അനുബന്ധം 3
# സ്മരണീയമായ ചില തീയതികൾ

A.D 52 നവംബർ 21 – നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരാളായ മാർ തോമാശ്ലീഹാ കേരളത്തിൽ വന്ന് സുവിശേഷപ്രസംഗം നടത്തി ക്രൈസ്തവസഭയ്ക്ക് ബീജാവാപം ചെയ്തു. കേരളത്തിൽ ശ്ലീഹ സ്ഥാപിച്ച പ്രധാന പള്ളികൾ: കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ കോട്ടയ്ക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.

72 ജൂലൈ 3 – മാർ തോമാശ്ലീഹാ മൈലാപ്പൂരിലെ ചിന്നമലയിൽവച്ചു രക്തസാക്ഷിത്വം വരിച്ചു. മൈലാപ്പൂരിൽ സംസ്കരിക്കപ്പെട്ടു. ഈ ദിവസത്തെ 'ദുക്റാന' എന്നു വിളിക്കുന്നു.

190 – അലക്സാൻഡ്രിയായിൽനിന്ന് വി. പന്തേനോസ് ക്രിസ്ത്യാനികളെ സഹായിക്കാൻ കേരളത്തിൽ വന്നു.

325 – നിഖ്യായിലെ പൊതു സൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തയായ മാർ യോഹന്നാൻ സംബന്ധിച്ചു.

345 – ക്നായി തോമ്മാ കൊടുങ്ങല്ലൂരിൽ വന്നു. ഈ ആണ്ടിനു മലയാളത്തിലെ അക്ഷരക്കണക്കിൽ ശോ വാ ല (3-4-5) എന്നാണു പറയുന്നത്.

1567 ആഗസ്റ്റ് 29 – അങ്കമാലി അതിരൂപതാസ്ഥാപനം.

1597 – അവസാനത്തെ വിദേശ സുറിയാനി മെത്രാപ്പോലീത്തയായ മാർ അബ്രാഹമിന്റെ ചരമം. അങ്കമാലിയിൽ വി. ഉറുമീസിന്റെ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.

1599 ജൂൺ 20-26 – ഉദയംപേരൂർ സൂനഹദോസ്. 9 യോഗങ്ങൾ നടന്നു. അതിൽ 153 വൈദികരും 660 ജനപ്രതിനിധികളും സംബന്ധിച്ചു.

1559 നവംബർ 5 – ഫ്രാൻസിസ് റോസ് എസ്.ജെ. സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1600 ആഗസ്റ്റ് 4 – പാദ്രൊവാദൊ അധികാരം മാർത്തോമ്മാക്രിസ്ത്യാനികളുടെമേൽ വ്യാപിപ്പിച്ചു.

1609 ഡിസംബർ 3 – അതിരൂപതയുടെ ആസ്ഥാനം അങ്കമാലിയിൽനിന്ന് കൊടുങ്ങല്ലൂരിലേക്കു മാറ്റി.

1610 ഡിസംബർ 22 – ഗോവാ മെത്രാപ്പോലീത്താ സുറിയാനി മേലദ്ധ്യക്ഷന്മാർക്ക് ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന അധികാരം മലബാറിന്റെ വടക്കുഭാഗം മുതൽ തെക്കോട്ടായി അതിർത്തി നിശ്ചയിച്ചു ചുരുക്കി.

www.malankaralibrary.com

1653 ജനുവരി 3 – ഗാർസിയ എസ്.ജെ. മെത്രാപ്പോലീത്തയുടെ കാലത്ത് മട്ടാഞ്ചേരിയിൽവച്ച് ഭാരത സുറിയാനി സഭാംഗങ്ങൾ പോർട്ടുഗീസ് ഭരണത്തിനെതിരായി 'കൂനൻകുരിശുസത്യം' നടത്തി.

1653 മേയ് 22 – ആലങ്ങാട്ടുവച്ച് 12 പട്ടക്കാർ തോമസ് അർക്കദിയാക്കോന്റെ മേൽ കൈവച്ച് 'മെത്രാൻസ്ഥാനം' കൊടുത്തു.

1659 ഡിസംബർ 15 – ഇറ്റലിക്കാരനും കർമ്മലീത്താ സഭാംഗവുമായ സെബസ്ത്യാനിയുടെ മെത്രാഭിഷേകം

1959 ഡിസംബർ 17 – സെബാസ്ത്യാനിയെ മലബാറിന്റെ അപ്പസ്തോലിക് കമ്മീസറിയും അഡ്മിനിസ്ട്രേറ്ററുമായി നിയമിച്ചു.

1659 ഡിസംബർ 24 – മലബാറിൽ മെത്രാനെ വാഴിച്ച് അദ്ദേഹത്തെ വികാരി അപ്പസ്തോലിക്കയായി നിയമിക്കുന്നതിനുള്ള അധികാരം ഏഴാം അലക്സാണ്ടർ മാർപാപ്പ Pro Commissa Nobis എന്ന തിരുവെഴുത്തുപ്രകാരം സെബസ്ത്യാനി മെത്രാനു നല്കി.

1663 ഫെബ്രുവരി 1 – മേൽപറഞ്ഞ തിരുവെഴുത്ത് അനുസരിച്ച് പള്ളിവീട്ടിൽ ചാണ്ടി (Alexander de Campo) യച്ചനെ മെഗരോയുടെ സ്ഥാനിക്കമെത്രാനും മലബാറിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയുമായി അഭിഷേചിച്ചു നിയമിച്ചു. ഇതുവരെ പോർട്ടുഗീസുഭരണത്തിനെതിരായി നിന്നവരിൽ ഭൂരിഭാഗവും ചാണ്ടിമെത്രാനെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു.

1665–1671 – മലബാറിൽ വന്നു താമസിച്ച യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ്, യാക്കോബായ വിശ്വാസവും അതനുസരിച്ചുള്ള ക്രമങ്ങളും നടപ്പാക്കി. ഈ ക്രമങ്ങൾ സ്വീകരിച്ചവർ ആദ്യം 'പുത്തൻകൂറ്റു' കാർ എന്ന് അറിയപ്പെട്ടു. പിന്നീട് 'യാക്കോബായക്കാർ ' എന്നു വിളിക്കപ്പെട്ടു. മറ്റു സുറിയാനിക്കാർ 'പഴയ കൂറ്റുകാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

1674 മാർച്ച് 3 – ചാത്യാത്തുപള്ളി ചാണ്ടിമെത്രാൻ exempt ആക്കി കല്പന കൊടുത്തു. മുൻകാലങ്ങളിലെ സുറിയാനി മേലദ്ധ്യക്ഷന്മാരെപ്പോലെ ഇദ്ദേഹവും ഇന്ത്യയൊക്കെയുടെയും മെത്രാപ്പോലീത്ത എന്നാണ് ഇതിൽ എഴുതിയിരിക്കുന്നത്. സുറിയാനിക്കത്തോലിക്കരിൽനിന്നു പിരിഞ്ഞ കത്തോലിക്കേതര മേലദ്ധ്യക്ഷന്മാർ ഇപ്പോഴും ഇങ്ങനെ തന്നെയാണ് എഴുതുന്നത്.

1687 ജനുവരി 2 – പള്ളിവീട്ടിൽ ചാണ്ടിമെത്രാന്റെ ചരമം

1782 ജൂലൈ 16 – ആലങ്ങാട്ട് (മങ്ങാട്ട്) കരിയാറ്റിൽ മാർ യൗസേപ്പ് (Ph.D., DD. Urban University, Rome, 2 August 1766) കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

www.malankaralibrary.com

1782 ഡിസംബർ 16 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ നിയമനം പരിശുദ്ധ സിംഹാസനം അംഗീകരിച്ചു.

1783 ഫെബ്രുവരി 17 – കരിയാറ്റിൽ മെത്രാപ്പോലീത്തായുടെ അഭിഷേകം (ലിസ്ബൺ).

1785 സെപ്തംബർ 1 – കരിയാറ്റിൽ മെത്രാപ്പോലീത്ത ഒരുമിച്ച് റോമിലേക്കും മറ്റും യാത്ര ചെയ്ത പാറേമ്മാക്കൽ തോമ്മാ കത്തനാർ 'വർത്തമാനപ്പുസ്തകം' എഴുതാൻ ആരംഭിച്ചു. രണ്ടു പുസ്തകമുണ്ടെന്നാണ് അറിയുന്നത്.

1786 സെപ്തംബർ 10 – കരിയാറ്റിൽ മെത്രാപ്പോലീത്തയുടെ ചരമം (ഗോവ). പഴയ ഗോവയിലെ കത്തീഡ്രൽ ആയ വി. കത്രീനയുടെ പള്ളിയിൽ അടക്കപ്പെട്ടു. കൂടെയുണ്ടായിരുന്ന പാറേമ്മാക്കൽ തോമാ കത്തനാർ കൊടുങ്ങല്ലൂർ അതിരൂപതയുടെ ഗോവർണ്ണദോരായി (administrator) നിയമിക്കപ്പെട്ടു.

1799 മാർച്ച് 20 – പാറേമ്മാക്കൽ തോമ്മാ ഗോവർണ്ണദോരുടെ ചരമം.

1818 C.M.S മിഷനറിമാരുടെ വരവും പ്രൊട്ടസ്റ്റന്റുമതവും.

1831 മേയ് 11 – വൈദികരുടെ കർമ്മലീത്താ മൂന്നാംസഭ (മാന്നാനം).

1840 ഏപ്രിൽ 10 – വരാപ്പുഴയിൽ താമസിച്ചുകൊണ്ടിരുന്ന മലബാറിന്റെ വികാരി അപ്പസ്തോലിക്കമാരിൽ ഫ്രാൻസിസ് സേവ്യർ ഒ.സി.ഡി മെത്രാന് ആദ്യമായി ആർച്ചുബിഷപ്പ് (സർദിയായുടെ) സ്ഥാനം നല്കപ്പെട്ടു.

1861 സെപ്തംബർ 5 – റോക്കോസുമെത്രാനെ മഹറോൻ ചൊല്ലാൻ റോമിന്റെ കല്പന

1866 ഫെബ്രുവരി 13 – കന്യാസ്ത്രികളുടെ കർമ്മലീത്താ മൂന്നാംസഭ (കൂനമ്മാവ്)

1866 ആഗസ്റ്റ് 13 – പുത്തൻപള്ളി പള്ളിവക സ്ഥലത്തു സെമിനാരി ആരംഭം

1866 ആലുവായ്ക്കു സമീപം, ചുറ്റും മതിലും രണ്ടുനില ബംഗ്ലാവും വില പിടിച്ച വൃക്ഷങ്ങളും മറ്റുമുള്ളതും നാല്പതേക്കറോളം വിസ്താരമുള്ള തുമായ മംഗലപ്പുഴ (Mons Formosa) 1041 കർക്കടകത്തിൽ ഷെട്ട്ലറിൽനിന്ന്, കൊടുങ്ങല്ലൂർ രൂപതയിലായിരുന്ന സുറിയാനിക്കാരുടെ സെമിനാരിക്കായിട്ടും അവരുടെ ഗുണത്തിനായി അവരുടെ മേലദ്ധ്യക്ഷൻ നിശ്ചയിക്കുന്ന മറ്റു കാര്യത്തിനായിട്ടും, അവരുടെ പേർക്ക് പാറായിൽ അവിരാ വർക്കി തരകന്റെ പേരിൽ വിലയ്ക്കുവാങ്ങി. മേല്പടി തീറും ടി വർക്കി തരകൻ ടി സംഗതിക്കായി ഗോവാ മെത്രാപ്പോലീത്തായുടെ പേരിൽ എഴുതിയ തീറും (കൊച്ചി അരമനയിലുള്ള അസ്സൽ പ്രമാണ

www.malankaralibrary.com

ങ്ങളുടെ പകർപ്പ് 'എറണാകുളം മിസ്സം' മാസികയിൽ vol-.vii pp-21 –24), ടി സ്ഥലവും കെട്ടിടങ്ങളും ഗോവാ മെത്രാപ്പോലീത്താ, കൊച്ചി മെത്രാനച്ചനു സൂക്ഷത്തിനേല്പിച്ചിരുന്നതാണെന്നാണ് അറിവ്. ഗോവാ മെത്രാപ്പോലീത്തായ്ക്ക് എഴുതിയ തീറിൽ പറയുന്ന ഉദ്ദേശ്യം 1898 ജൂൺ 2-ലെ Prot 8402- കല്പനയനുസരിച്ച് പ്രൊപ്പഗാന്ത തിരുസംഘവും തുടർന്ന് അംഗീകരിച്ചിട്ടുണ്ട്.

1871 ജനുവരി 3 – വിശുദ്ധ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമം

1874 ആഗസ്റ്റ് 1 – മേലൂസുമെത്രാൻ കേരളത്തിൽ. അദ്ദേഹത്തെ മഹറോൻ ചൊല്ലുവാനുള്ള റോമിന്റെ കല്പന ഒക്ടോബർ 25–ന് പരസ്യംചെയ്തു. തൃശൂരിലുള്ള 'സൂറായികൾ' പ്രസ്തുത ശീശ്മയുമായി ബന്ധപ്പെട്ടതാണ്.

1876 യാക്കോബായ പാത്രിയാർക്കീസ് മുടക്കിയ പാലക്കുന്നത്തു മാർ മാത്യൂസ് അത്തനാസിയോസിന്റെ കാലം മുതൽ നവീകരണസഭ (മാർത്തോമ്മാസഭ) ഉണ്ടായി.

1877 ഒക്ടോബർ 12 – മർസലീനോസ് കോ–അദ്യുത്തോർ മെത്രാന്റെ അഭിഷേകം

1877 നവംബർ 15 – മർസലീനോസ് മെത്രാനു സുറിയാനിക്കാരുടെമേലുള്ള അംഗീകാരനിർണ്ണയം. 1878 മാർച്ച് 19–ന് അദ്ദേഹം ഭരണം തുടങ്ങി.

1886 സെപ്തംബർ 1 – ഇന്ത്യയിലെ ലത്തീൻ ഹയരാർക്കി സ്ഥാപനം ("Humanae Salutis Auctor" of Leo XIII). ഇതോടുകൂടി കർമ്മലീത്താക്കാരായ മുൻഗാമികളെപ്പോലെ വരാപ്പുഴ ആസ്ഥാനമാക്കിയിരുന്ന നിക്കോമേദിയായുടെ മെത്രാപ്പോലീത്തയും മലബാറിന്റെ അവസാനത്തെ വികാരി അപ്പസ്തോലിക്കയുമായ ഡോക്ടർ മെല്ലാനോ വരാപ്പുഴയുടെ ആദ്യത്തെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

1887 മെയ് 20 – വരാപ്പുഴയിലെ കർമ്മലീത്താ മെത്രാപ്പോലീത്തായുടെ കീഴിൽനിന്നും പദ്രുവാദോക്കീഴിൽനിന്നും പൂർണ്ണമായി വിച്ഛേദിച്ച് പരി. സിംഹാസനത്തിന്റെ നേരിട്ടുള്ള അധികാരത്തിൻകീഴായി മലബാറിനെ ആലുവാപ്പുഴകൊണ്ട് രണ്ടായി തിരിച്ച് സുറിയാനിക്കാർക്കു തൃശൂർ, കോട്ടയം (വടക്കുംഭാഗരും തെക്കുംഭാഗരും ഉൾപ്പെടുന്നു) എന്നീ വികാരിയത്തുകളുടെ സ്ഥാപനം. "Quod jam pridem" of Leo XII.

1887 സെപ്തംബർ 13 – പ്രസ്തുത ബൂളയനുസരിച്ച് ലത്തീൻ റീത്തിൽപ്പെട്ട ഡോ. മെഡ്ലിക്കോട്ട് (തൃശൂർ), ഡോ. ലവീഞ്ഞ് എസ്. ജെ (കോട്ടയം) എന്നീ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഡിസംബർ 11–നു മെഡ്ലിക്കോട്ടു മെത്രാന്റെ അഭിഷേകം.

www.malankaralibrary.com

1896 ജൂലൈ 28 – തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി വികാരിയാത്തുകളുടെ സ്ഥാപനം (“Quae rei Sacrae” of Leo XIII).

1896 ആഗസ്റ്റ് 11 – ആധുനികകാലത്ത് ഇന്ത്യാ സ്വദേശികളായ ആദ്യത്തെ മെത്രാന്മാരായി മേനാച്ചേരി മാർ യോഹന്നാൻ (തൃശൂർ) പഴേപറമ്പിൽ മാർ ളൂയീസ് (എറണാകുളം), മാക്കിൽ മാർ മത്തായി (ചങ്ങനാശ്ശേരി) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 15–നു പ്രസ്തുത മെത്രാന്മാരുടെ അഭിഷേകം (Kandy, Sri Lanka).

1911 ആഗസ്റ്റ് 29 – തെക്കുംഭാഗക്കാർക്കായുള്ള പുതിയ കോട്ടയം വികാരിയാത്തു സ്ഥാപനം (“In Universi Christiani” of St. Pius X) മാക്കിൽ മാർ മത്തായി മെത്രാനെ അതിന്റെ അദ്ധ്യക്ഷനാക്കി.

1911 ആഗസ്റ്റ് 29 – എറണാകുളത്തെ കോ–അദ്യുത്തോർ മെത്രാനായി കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരഞ്ഞെടുക്കപ്പെട്ടു.

1911 ആഗസ്റ്റ് 30 – കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്.

1911 ഡിസംബർ 3 – കണ്ടത്തിൽ മാർ ആഗസ്തീനോസ്, കുര്യാളശ്ശേരിൽ മാർ തോമ്മാ എന്നിവരുടെ മെത്രാഭിഷേകം (കാണ്ടി)

1913 ജൂലൈ 11 – ലവീഞ്ഞു മെത്രാന്റെ ചരമം (ഫ്രാൻസ്)

1914 ജനുവരി 26 – മാക്കിൽ മാർ മത്തായി മെത്രാന്റെ ചരമം

1914 ജൂലൈ 14 – ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ തിരഞ്ഞെടുപ്പ്. നവംബർ 1 അഭിഷേകം.

1918 മേയ് 4 – മെഡ്ലിക്കോട്ട് മെത്രാന്റെ ചരമം (ബാംഗ്ലൂർ)

1919 ഡിസംബർ 9 – പഴേപറമ്പിൽ മാർ ളൂയീസ് മെത്രാന്റെ ചരമം

1919 ഡിസംബർ 19 – മേനാച്ചേരിൽ മാർ യോഹന്നാൻ മെത്രാന്റെ ചരമം

1921 ഏപ്രിൽ 5 – വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ തിരഞ്ഞെടുപ്പ്. ജൂലൈ 6–ന് അഭിഷേകം.

1923 ഡിസംബർ 21 – പോർട്ടുഗീസുകാരുടെ ആഗമനംവരെ ഭാരതത്തിലെ കത്തോലിക്കാ സഭയ്ക്കു തങ്ങളുടേതായ സ്വയംഭരണസംവിധാനം ഉണ്ടായിരുന്നു. പദ്രുവാദോ അധികാരം ഭാരതത്തിൽ സ്ഥാപിതമായതോടെ അതു നഷ്ടപ്പെട്ടു. പിന്നീട് അനേകവർഷങ്ങളിലെ അഭ്യർത്ഥനയുടെ ഫലമായി എറണാകുളം അതിരൂപതയായും തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവ സാമന്തരൂപതകളായും പ്രഖ്യാപിച്ചുകൊണ്ട് വീണ്ടും സ്വന്തമായ ഭരണസംവിധാനം–ഹയരാർക്കി–സ്ഥാപിതമായി. (Romani Pontifices of Pius XI).

www.malankaralibrary.com

1923 ഡിസംബർ 21 – ആധുനികകാലത്ത് ഇന്ത്യാ സ്വദേശിയായ ആദ്യത്തെ മെത്രാപ്പോലീത്തയായി കണ്ടത്തിൽ മാർ ആഗുസ്തിനോസ് നിയമിച്ചു.

1924 നവംബർ 16 – മലയാള സുറിയാനി ഹയരാർക്കി സ്ഥാപനബൂള, മാർപാപ്പയാൽ നിയമിക്കപ്പെട്ട ലെപ്പിസിയെ (Lepicier) മെത്രാപ്പോലീത്ത എറണാകുളത്തുവച്ചു പരസ്യംചെയ്തു. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തയെ പാലിയം ധരിപ്പിച്ചു.

1925 ജൂൺ 2 – റോമിൽവച്ചു കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാന്റെ ചരമം. കണ്ടത്തിൽ മാർ ആഗുസ്തിനോസ് മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിൽ. സംസ്കാരകർമ്മത്തിൽ കണ്ടത്തിൽ മെത്രാപ്പോലീത്ത പ്രധാന കാർമ്മികനായിരുന്നു.

1926 ജൂൺ 8 – വിശുദ്ധ മറിയം ത്രേസ്യയുടെ ചരമം.

1927 ഒക്ടോബർ 29 – കാളാശ്ശേരിൽ മാർ യാക്കോബു മെത്രാന്റെ തിരഞ്ഞെടുപ്പ്. ഡിസംബർ 21 അഭിഷേകം.

1929 ഫെബ്രുവരി 11 – വത്തിക്കാനും ഇറ്റലിയും തമ്മിൽ ‘ലാറ്ററൻ ഉടമ്പടി’

1930 സെപ്തംബർ 20 – യാക്കോബായ സഭയിൽനിന്ന് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെയും മാർ തിയോഫിലസ് മെത്രാന്റെയും പുനരൈക്യം.

1932 ജൂൺ 1 – സുറിയാനിക്കാരുടെ വകയായ മംഗലപ്പുഴയിലുള്ള പഴയ സെമിനാരിക്കെട്ടിടം നീക്കി തൽസ്ഥാനത്തു പണിയിച്ചതും പുത്തൻ പള്ളിയിലെ സീറോ മലബാർ സെമിനാരിയെപ്പോലെതന്നെ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിൽ Delegate Ap. Internuncio--യുടെ നേരിട്ടു ഭരണത്തിലുള്ളതുമായ പുതിയ സെമിനാരിയിൽ പഠനമാരംഭം.

1932 ജൂൺ 11 – സീറോ-മലങ്കര ഹയരാർക്കി സ്ഥാപനം

1933 നവംബർ 6 – തിരുവല്ല രൂപത സ്ഥാപനം.

1936 ഡിസംബർ 9 – ഇന്ത്യാസ്വദേശികളിൽ ആദ്യമായി തിരുസിംഹാസന സഹായകൻ (Pontificis Solio adstans Praelatus Domesticus et Nobilis Comes) എന്നുള്ള സ്ഥാനം എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ ആഗസ്തിനോസിനു നല്കപ്പെട്ടു.

1937 നവംബർ 29 – മാർ സെവേരിയോസ് മെത്രാപ്പോലീത്തായുടെ പുനരൈക്യം.

1939 മാർച്ച് 2 – പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ സ്ഥാനാരോഹണം.

1942 മേയ് 12 – വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാന്റെ ചരമം.

1944 മാർച്ച് 11 – ആലപ്പാട്ട് മാർ ജോർജ് മെത്രാന്റെ തിരഞ്ഞെടുപ്പ്. മേയ് 1 അഭിഷേകം.

www.malankaralibrary.com

1945 ജൂൺ 9 – തറയിൽ മാർ തോമ്മാ മെത്രാന്റെ തിരഞ്ഞെടുപ്പ്. ഒക്ടോബർ 7 അഭിഷേകം.

1946 ജൂലൈ 28 – വിശുദ്ധ അൽഫോൻസാമ്മയുടെ ചരമം.

1949 ഒക്ടോബർ 27 – കാളാശ്ശേരി മാർ യാക്കോബു മെത്രാന്റെ ചരമം.

1950 ജനുവരി 6–18 – ബാംഗ്ലൂരിൽവച്ച് ഇന്ത്യയിലെ ആദ്യത്തെ പൊതുസൂനഹദോസ്. കർദ്ദിനാൾ തോമസ് ഗിൽറോയ് അദ്ധ്യക്ഷൻ. മൂന്നു റീത്തിലുംപെട്ട മേലദ്ധ്യക്ഷന്മാരും പ്രതിനിധികളുമായി 56ഉം സഹായികളായി വേറെ 52ഉം പേർ പങ്കെടുത്തു. (16 Sessions ) തിരുസിംഹാസനത്തിന്റെ അംഗീകാരം 1951 മാർച്ച് 15.

1950 ജൂലൈ 25 – എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി പാലാ രൂപത സ്ഥാപനം (Quo Ecclesiarum of Pius XII); കാവുകാട്ടു മാർ മത്തായി (ചങ്ങനാശ്ശേരി), വയലിൽ മാർ സെബാസ്ത്യൻ (പാലാ) മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്.

1950 നവംബർ 9 – കാവുകാട്ടു മാർ മത്തായി, വയലിൽ മാർ സെബാസ്ത്യൻ എന്നീ മെത്രാന്മാരുടെ അഭിഷേകം (റോമാ).

1951 ജനുവരി 8 – ചൂളപ്പറമ്പിൽ മാർ അലക്സാണ്ടർ മെത്രാന്റെ ചരമം.

1952 ഡിസംബർ 28–31 – എറണാകുളത്തുവച്ച് വി. തോമ്മാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ശതാബ്ദിയാഘോഷങ്ങളിൽ പേപ്പൽ പ്രതിനിധിയായി സിഡ്നി മെത്രാപ്പോലീത്ത കർദ്ദിനാൾ തോമസ് ഗിൽറോയി ആദ്ധ്യക്ഷം വഹിച്ചു. എറണാകുളം മെത്രാപ്പോലീത്ത കണ്ടത്തിൽ മാർ അഗസ്റ്റിൻ സ്വാഗതപ്രസംഗം നടത്തി. സമാപനദിവസം ഇന്ത്യയിലെ നിരവധി മേലദ്ധ്യക്ഷന്മാർ സന്നിഹിതരായിരുന്നു. ഇന്ത്യയുടെ ആദ്യത്തെ കർദ്ദിനാളായി ബോംബെ മെത്രാപ്പോലീത്ത വലേരിയൻ ഗ്രേഷ്യസ് തിരഞ്ഞെടുക്കപ്പെട്ട വിവരത്തിനു കമ്പിസന്ദേശം ലഭിച്ചു.

1953 ജനുവരി 29 – തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി മാർ ഗ്രിഗോരിയോസിന്റെ അഭിഷേകം.

1953 ജൂലൈ 15 – മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ ചരമം.

1953 ഒക്ടോബർ 28 – ആരെത്തൂസായുടെ മെത്രാനും എറണാകുളം മെത്രാപ്പോലീത്തായുടെ സഹായമെത്രാനുമായി പാറേക്കാട്ടിൽ മാർ യൗസേപ്പു തിരഞ്ഞെടുക്കപ്പെട്ടു.

1953 നവംബർ 11 – പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയും കർദ്ദിനാൾ സംഘത്തിന്റെ അദ്ധ്യക്ഷനുമായ കർദ്ദിനാൾ തിസ്സാറാങ്ങ് കേരള സന്ദർശനാർത്ഥം എറണാകുളത്തുവന്നു. എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി പാറേക്കാട്ടിൽ യൗസേപ്പച്ചനെ തിരഞ്ഞെടുത്ത വാർത്ത കർദ്ദിനാൾ പ്രഖ്യാപിച്ചു.

www.malankaralibrary.com

1953 നവംബർ 30 – എറണാകുളത്തുവച്ചു കർദ്ദിനാൾ തിസ്സറാങ്ങ് തിരുമേനി മാർ യൗസേപ്പ് പാറേക്കാട്ടിലിനെ മെത്രാനായി അഭിഷേചിച്ചു.

1953 ഡിസംബർ 6 – മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ മൈലാപ്പൂരിൽ നിന്ന് എദേസ്സായ്ക്കു കൊണ്ടുപോവുകയും അവിടെനിന്ന് പിന്നീട് ഇറ്റലിയിലെ Ortona a Mare എന്ന പട്ടണത്തിൽ കൊണ്ടുപോയി സൂക്ഷിക്കുകയും ചെയ്തു. അതിൽനിന്ന് കൈയുടെ ഒരു അസ്ഥി കർദ്ദിനാൾ തിസ്സാറാങ്ങ് തിരുമേനി കൊണ്ടുവന്ന് കൊടുങ്ങല്ലൂരിൽ പൗരസ്ത്യ തിരുസംഘത്തിന്റെ കീഴിലും പ്രൊനുൺസിയോയുടെ മേൽനോട്ടത്തിലും സ്ഥാപിച്ചിരിക്കുന്ന Pontifical Shrine-ൽ ആഘോഷപൂർവ്വം പ്രതിഷ്ഠിച്ചു.

1953 ഡിസംബർ 31 – എറണാകുളം അതിരൂപതയുടെ സാമന്തരൂപതയായി തലശ്ശേരി രൂപതയുടെ സ്ഥാപനം. വള്ളോപ്പിള്ളി മാർ സെബാസ്റ്റ്യൻ അതിന്റെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിക്കപ്പെട്ടു. (Ad Christi Ecclesiam of Pius XII).

1954 ഏപ്രിൽ 22 – തിരുവല്ല മെത്രാൻ മാർ തിയോഫിലസ് തിരുമേനിയുടെ സഹായമെത്രാനായി സക്കറിയാസ് മാർ അത്തനാസിയോസിന്റെ അഭിഷേകം.

1955 ജനുവരി 18 – തിരുവല്ല മെത്രാപ്പോലീത്താ മാർ സെവേരിയോസിന്റെ ചരമം.

1955 ജനുവരി 27 – മാർ ഗ്രിഗോരിയോസ് തിരുവനന്തപുരം മെത്രാപ്പോലീത്ത.

1955 ജനുവരി 27 – മാർ അത്തനാസിയോസ് തിരുവല്ല മെത്രാൻ.

1955 ഏപ്രിൽ 28 – സീറോ-മലബാർ ഹയരാർക്കിയുടെ അധികാരപരിധി വികസനം സംബന്ധിച്ചുള്ള പന്ത്രണ്ടാം പീയൂസ് മാർപാപ്പാ തിരുമനസ്സിലെ തീരുമാനം.

1955 ഏപ്രിൽ 29 – തത്സംബന്ധമായി പൗരസ്ത്യ തിരുസംഘത്തിന്റെ ഡിക്രികൾ.

a) 'Multorum Fidelibus' – ചങ്ങനാശ്ശേരി രൂപതയുടെ അതിർത്തി കൊല്ലം, തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതാപ്രദേശങ്ങൾ മുഴുവനും ഉൾപ്പെടുത്തി, തെക്കോട്ട് കന്യാകുമാരി വരെ വികസിപ്പിച്ചു.

b) 'Saepe Fidelium' – തൃശൂർ രൂപതയുടെ അതിർത്തി കോയമ്പത്തൂർ രൂപതാ പ്രദേശങ്ങൾകൂടി ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

c) 'Pro Fidelium' - തലശ്ശേരി രൂപത മൈസൂർ, മംഗലാപുരം എന്നീ രൂപതാപ്രദേശങ്ങൾ ഉൾപ്പെടത്തക്കവിധം വിപുലമാക്കി.

d) 'Quae Suddistica gens-'–കോട്ടയം മെത്രാന് വികസിതമായ മലയാള സുറിയാനി പ്രദേശത്തുള്ള തെക്കുംഭാഗരായ സുറിയാനി കത്തോലിക്കരുടെമേൽ അധികാരം (Personal Jurisdiction).

www.malankaralibrary.com

1955 ഒക്ടോബർ 16 – തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയെ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തി.

1956 ജനുവരി 8 – വള്ളോപ്പിള്ളി മാർ സെബാസ്ത്യൻ മെത്രാന്റെ അഭിഷേകം (റോം).

1956 ജനുവരി 10 – കണ്ടത്തിൽ മാർ ആഗസ്തിനോസ് തിരുമേനിയുടെ ചരമം.

1956 ജൂൺ 27 – മാർ തിയോഫിലസ് തിരുമേനിയുടെ ചരമം.

1956 ജൂലൈ 20 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ പാറേക്കാട്ടിൽ മാർ യൗസേപ്പ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 – ചങ്ങനാശ്ശേരി രൂപത അതിരൂപതയായും കാവുകാട്ട് മാർ മത്തായി മെത്രാൻ അതിന്റെ മെത്രാപ്പോലീത്തയായും ഉയർത്തപ്പെട്ടു.

1956 ജൂലൈ 29 – കോതമംഗലം രൂപതയുടെ സ്ഥാപനവും പോത്തനാമുഴി മാർ മത്തായി മെത്രാന്റെ തിരഞ്ഞെടുപ്പും.

1956 നവംബർ 18 – പോത്തനാമുഴി മാർ മത്തായി മെത്രാന്റെ അഭിഷേകം (റോം).

1957 ആഗസ്റ്റ് 24 – മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് ഭാരതത്തിലെ ഇന്റർനൺസിയോ ആയി ചാർജ്ജെടുത്തു.

1957 നവംബർ 7 – ഇന്ത്യയുടെ പ്രഥമ ഇന്റർനൺസിയോ ആയിരുന്ന മോസ്റ്റ് റവ. ലിയോ പീറ്റർ കിയർക്കൽസ് സി. പി. റോമിൽവച്ചു നിര്യാതനായി.

1958 ആഗസ്റ്റ് 4 – എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് റോമിൽവച്ചു 12–ാം പീയൂസ് മാർപാപ്പ തിരുമേനിയിൽനിന്നു പാലിയം സ്വീകരിച്ചു.

1958 ഒക്ടോബർ 25 – ഇന്ത്യയുടെ ദലഗാദപ്പസ്തോലിക്കയായിരുന്ന കർദ്ദിനാൾ എഡ്വേർഡ് മൂണി നിര്യാതനായി.

1959 നവംബർ 26 – ചങ്ങനാശ്ശേരി രൂപതയെ അതിരൂപതയാക്കി ഉയർത്തുന്ന ഡിക്രിയും കാവുകാട്ട് മാർ മത്തായി മെത്രാനെ അതിന്റെ പ്രഥമ മെത്രാപ്പോലീത്തയായി നിയമിച്ചുകൊണ്ടുള്ള ബൂളയും ഇന്റർനൺസിയോ മോസ്റ്റ് റവ. ഡോ. ജയിംസ് റോബർട്ട് നോക്സ് തിരുമേനി ചങ്ങനാശ്ശേരിയിൽ ഔദ്യോഗികമായി പ്രസിദ്ധീകരിക്കുകയും മാർ കാവുകാട്ട് തിരുമേനിയെ പാലിയം ധരിപ്പിക്കുകയും ചെയ്തു.

www.malankaralibrary.com

1960 ഇന്ത്യയുടെ ദലഗാദ് അപ്പസ്തോലിക്കയായിരുന്ന കർദ്ദിനാൾ പീറ്റർ ഫുമസോണി ബിയോണ്ടി തിരുമേനി നിര്യാതനായി.

1960 സെപ്തംബർ 27 – പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ പ്രീഫെക്റ്റും സിസിലിയായുടെ പാത്രിയാർക്കീസുമായ കർദ്ദിനാൾ ഗ്രിഗറി പീറ്റർ അഗജിയാനിയൻ കേരളസഭ സന്ദർശിച്ചു.

1961 ഏപ്രിൽ 11 – കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തയുടെ ഭൗതികാവശിഷ്ടങ്ങൾ ഗോവയിൽനിന്ന് ആഘോഷപൂർവ്വം കൊണ്ടുവന്ന് ആലങ്ങാട്ടുപള്ളി മദ്ബഹായിൽ പുനഃസംസ്കരിച്ചു.

1962 മാർച്ച് 19 – പൗരസ്ത്യതിരുസംഘം സെക്രട്ടറി ഗബ്രിയേൽ കൂസ്സാ കർദ്ദിനാളായി ഉയർത്തപ്പെട്ടു.

1962 മാർച്ച് 31 – നാഗപ്പൂർ അതിരൂപതയിൽപ്പെട്ട വാർദ്ധ, ഛന്ദാ, അദിലബാദ് എന്നീ ഡിസ്ട്രിക്റ്റുകൾ ഉൾപ്പെടുത്തി Ad Lucem Sancti എന്ന തിരുവെഴുത്തുവഴി ഛന്ദാ മിഷൻ സ്ഥാപനം. മോൺ. ജാനുവാരിയൂസ് സി.എം.ഐ അപ്പസ്തോലിക് എക്സാർക്ക്.

1962 ജൂലൈ 3 – പുനരുദ്ധരിക്കപ്പെട്ട റീത്തനുസരിച്ച് മലയാളത്തിലുള്ള കുർബാനയുടെ ഉദ്ഘാടനം.

1962 ജൂലൈ 3 – സീറോ-മലബാർ ഹയരാർക്കിയുടെ കീഴിൽ കോട്ടയത്ത് വടവാതൂരിൽ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി ആരംഭിച്ചു.

1962 ജൂലൈ 19 – കർദ്ദിനാൾ കൂസ്സാ ദിവംഗതനായി.

1962 ആഗസ്റ്റ് – കർദ്ദിനാൾ ഗുസ്താവേ തെസ്താ പൗരസ്ത്യസംഘം സെക്രട്ടറിയായി.

1962 ഒക്ടോബർ 11 – രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചു.

1963 ജൂൺ 3 – ജോൺ 23-ാം മാർപാപ്പ ദിവംഗതനായി.

1963 ജൂൺ 21 – പോൾ ആറാമൻ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടു.

1963 ജൂൺ 30 – പോൾ ആറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

1964 മാർച്ച് 14 – മംഗലപ്പുഴ സെമിനാരി പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു-വിളംബരം ജൂൺ 14.

1964 നവംബർ 28-ഡിസംബർ 6 – ബോംബെയിൽവച്ച് 38-ാം അന്തർദ്ദേശീയ ദിവ്യകാരുണ്യകോൺഗ്രസ് നടത്തപ്പെട്ടു. പരിശുദ്ധ പിതാവ് പോൾ ആറാമൻ അതിൽ സംബന്ധിച്ചു. സീറോ മലബാർ റീത്തിൽപ്പെട്ട 130 ശെമ്മാശന്മാർക്ക് കേരളത്തിലെ മെത്രാന്മാർ ചേർന്ന് അവിടെവച്ച് വൈദികപട്ടം നല്കി.

www.malankaralibrary.com

1964 ഡിസംബർ 2 – സെന്റ് തോമസ് സ്മാരകസ്റ്റാമ്പിന്റെ (15 പൈസ) ഉദ്ഘാടനം.

1965 ഡിസംബർ 8 – രണ്ടാം വത്തിക്കാൻ സൂനഹദോസ് 4 സെഷനുകൾക്കു ശേഷം പര്യവസാനിച്ചു.

1967 സെപ്തംബർ 29–ഒക്ടോബർ 28 – റോമിൽ ആദ്യത്തെ Bishops' Synod നടന്നു. കേരളത്തിലെ നാലു മെത്രാപ്പോലീത്താമാരും അതിൽ സംബന്ധിച്ചു.

1967 നവംബർ 23 – മോസ്റ്റ് റവ. ഡോ. ജോസഫ് കാപ്രിയോ ഇന്ത്യയിലെ പ്രൊനൺസിയോയായി നിയമിതനായി.

1967 ഡിസംബർ 9 – കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോസിന്റെ തിരഞ്ഞെടുപ്പ്.

1968 ജനുവരി 14 – കർദ്ദിനാൾ മാക്സിമില്യൻ ഡി ഫുർസ്റ്റൻബർഗ് പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് ആയി നിയമിക്കപ്പെട്ടു.

1968 ഫെബ്രുവരി 17 – പൗരസ്ത്യ തിരുസംഘം പ്രീഫെക്ട് കർദ്ദിനാൾ മാക്സിമില്യൻ ഫുർസ്റ്റൻബർഗ്, പ്രോനൺസിയോ ഡോ. കാപ്രിയോയുമൊരുമിച്ച് കേരളം സന്ദർശിക്കാനായി വന്നു. എറണാകുളത്തു നല്കിയ സ്വീകരണവേളയിൽ മൂന്നു പുതിയ മിഷൻരംഗങ്ങൾകൂടി കേരള സുറിയാനി സഭയ്ക്കു നല്കാൻ പൗരസ്ത്യസിംഹാസനം തീരുമാനിച്ചിരിക്കുന്ന വിവരവും, എറണാകുളം മെത്രാപ്പോലീത്ത മാർ ജോസഫ് പാറേക്കാട്ടിൽ പൗരസ്ത്യ തിരുസംഘത്തിന്റെ അംഗമായി നിയമിക്കപ്പെട്ടിരിക്കുന്ന വിവരവും (1968 ഫെബ്രുവരി 8) പ്രഖ്യാപിച്ചു.

1968 ഫെബ്രുവരി 19 – കേരളസഭയ്ക്കായി ആരംഭിച്ചിരിക്കുന്ന പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിന്റെ (ആലുവാ) ഉദ്ഘാടനം കർദ്ദിനാൾ ഫുർസ്റ്റൻബർഗ് നിർവ്വഹിച്ചു.

1968 ഫെബ്രുവരി 22 – സീറോമലബാർ സഭയ്ക്കായി സ്ഥാപിതമായ സെന്റ് തോമസ് മിഷനറി സൊസൈറ്റിയുടെ ഔദ്യോഗികമായ ഉദ്ഘാടനം (പാലാ) കർദ്ദിനാൾ ഫുർസ്റ്ററൻബർഗ് നിർവഹിച്ചു.

1968 ഫെബ്രുവരി 24 – കോട്ടയം സഹായമെത്രാൻ കുന്നശ്ശേരി മാർ കുര്യാക്കോസിന്റെ മെത്രാഭിഷേകം. കർദ്ദിനാൾ ഫുർസ്റ്ററൻബർഗായിരുന്നു പ്രധാന കാർമ്മികൻ.

1968 ഫെബ്രുവരി 25 – വടവാതൂർ സെമിനാരിയുടെ ഔപചാരിക ഉദ്ഘാടനവും ചാപ്പലിന്റെ കൂദാശകർമ്മവും കർദ്ദിനാൾ ഫുർസ്റ്റൻബർഗ് തിരുമേനി നിർവഹിച്ചു.

www.malankaralibrary.com

1968 ജൂലൈ 3 – പരിഷ്കരിച്ചതും പരീക്ഷണാർത്ഥം ഉപയോഗിക്കാൻ റോം അംഗീകരിച്ചതുമായ കുർബാനക്രമം നിലവിൽവന്നു.

1968 ജൂലൈ 29 – സത്നാ, സാഗർ, ഉജ്ജെയിൻ എന്ന മൂന്നു മിഷൻരൂപതകൾ സീറോമലബാർ സഭയ്ക്കു നല്കിക്കൊണ്ടുള്ള തിരുവെഴുത്തുകൾ പ്രസിദ്ധം ചെയ്തു. ഈ മിഷൻ രൂപതകളുടെ എക്സാർക്കുമാരായി യഥാക്രമം മാർ എബ്രാഹം മറ്റം വി.സി., മാർ ക്ലെമന്റ് തോട്ടുങ്കൽ സി.എം.ഐ., മാർ ജോൺ പെരുമറ്റം എന്നിവർ നിയുക്തരായി.

1969 മാർച്ച് 28 – എറണാകുളം മെത്രാപ്പോലീത്ത പാറേക്കാട്ടിൽ മാർ ജോസഫ് തിരുമേനിയെ കർദ്ദിനാൾ പദവിയിലേക്ക് ഉയർത്തി. സീറോമലബാർ സഭയിൽനിന്നുള്ള പ്രഥമ കർദ്ദിനാൾ.

1969 ഏപ്രിൽ 30–മേയ് 1 – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ റോമിൽവച്ച് പോൾ ആറാമൻ മാർപാപ്പയിൽനിന്നും കർദ്ദിനാളിനടുത്ത ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

1969 ആഗസ്റ്റ് 22 – മോസ്റ്റ് റവ. ഡോ. ജോസഫ് മരീ ലെമ്യൂ ഇന്ത്യയിലെ പ്രൊനൺഷ്യോ ആയി ചാർജ്ജെടുത്തു.

1969 ഒക്ടോബർ 9 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത കാവുകാട്ട് മാർ മാത്യു തിരുമേനിയുടെ ചരമം.

1969 നവംബർ 15 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി ഫാ. സെബാസ്റ്റ്യൻ മങ്കുഴിക്കരി നിയമിതനായി.

1970 ജനുവരി 6 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മങ്കുഴിക്കരി മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

1970 ജനുവരി 7–16 – സി.ബി.സി.ഐ. മീറ്റിംഗ് കേരളത്തിൽ ആദ്യമായി നടന്നു (എറണാകുളം).

1970 ജൂൺ 4 – തൃശൂർ മെത്രാൻ കുണ്ടുകുളം മാർ ജോസഫിന്റെ തിരഞ്ഞെടുപ്പ്

1970 ജൂൺ 13 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ പടിയറ മാർ ആന്റണിയുടെ നിയമനപ്രഖ്യാപനം.

1970 ആഗസ്റ്റ് 15 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണിയുടെ സ്ഥാനാരോഹണം.

1970 ആഗസ്റ്റ് 16 – തൃശൂർ മെത്രാനായി കുണ്ടുകുളം മാർ ജോസഫിന്റെ അഭിഷേകം.

www.malankaralibrary.com

1970 ഒക്ടോബർ 3 – കേരള റീജണൽ വൊക്കേഷൻ സർവ്വീസ് സെന്റർ (ഭരണങ്ങാനം) ആരംഭിച്ചു.

1970 നവംബർ 23–29 – മനിലയിൽവച്ച് ഏഷ്യൻ ബിഷപ്സ് കോൺഫറൻസ്. കേരളത്തിൽനിന്ന് എറണാകുളം, ചങ്ങനാശ്ശേരി, തിരുവനന്തപുരം മെത്രാപ്പോലീത്താമാരും തിരുവല്ല, തലശ്ശേരി, കോഴിക്കോട്ടു മെത്രാന്മാരും സംബന്ധിച്ചു. പോൾ ആറാമൻ മാർപാപ്പ നവംബർ 27–ന് അതിൽ പങ്കെടുത്തു.

1970 ഡിസംബർ 12 – കേരള പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ പുതിയ കെട്ടിടത്തിൽ (എറണാകുളം) ആരംഭിച്ചു.

1971 നവംബർ 25 – മോസ്റ്റ് റവ. ഡോ. ജോൺ ഗോർഡൻ ഇന്ത്യയിലെ പ്രൊനുൺസിയോയായി നിയമിതനായി.

1972 ജനുവരി 29 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിയമനം.

1972 ഫെബ്രുവരി 13 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ പവ്വത്തിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം)

1972 ഫെബ്രുവരി 25 – കാർഡിനൽ യൂജിൻ തിസ്സരാങ്ങ് തിരുമേനിയുടെ ചരമം.

1972 മാർച്ച് 25 – വി. തോമ്മാശ്ലീഹായെ ഭാരതത്തിന്റെ അപ്പസ്തോലനായി പരിശുദ്ധ പിതാവ് പോൾ ആറാമൻ ഔദ്യോഗികമായി പ്രഖ്യാപിച്ചു.

1972 ഏപ്രിൽ 9 – മദ്രാസിൽവച്ച് കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ സി.ബി.സി.ഐ. പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1972 ഏപ്രിൽ 14–16 – വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം ശതാബ്ദി ആഘോഷങ്ങൾ മദ്രാസിൽ.

1972 ഏപ്രിൽ 29 – ഉത്തരേന്ത്യയിലെ ബിജ്നോർ, ജഗദൽപൂർ മിഷനുകളുടെ എക്സാർക്കുമാരായി മുണ്ടാടൻ മാർ ഗ്രേഷ്യൻ സി.എം.ഐ., ജീരകത്തിൽ മാർ പൗളീനൂസ് സി.എം.ഐ. എന്നിവർ യഥാക്രമം നിയമിതരായി.

1972 ജൂൺ 10 – കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ Commission for the Revision of the Code of Oriental Canon Law യുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1972 ഡിസംബർ 27 – വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19–ാം ശതാബ്ദി കേരളത്തിലെ കത്തോലിക്കാ, യാക്കോബായ,മാർത്തോമ്മാ, സി. എസ്. ഐ എന്നീ സഭകളിലെ 34 രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ എറണാകുളത്തുവച്ച് ആഘോഷിച്ചു.

www.malankaralibrary.com

1973 ഫെബ്രുവരി 12 – മംഗലപ്പുഴ സെമിനാരിയിൽ "Pontifical Institute of Theology and Philosophy" കാർഡിനൽ പാറേക്കാട്ടിലിന്റെ അദ്ധ്യക്ഷ തയിൽ കൂടിയ യോഗത്തിൽവച്ച് പ്രൊനുൺഷ്യോ ആർച്ചു ബിഷപ്പ് ജോൺ ഗോർഡൻ തിരുമേനി ഉദ്ഘാടനം ചെയ്തു.

1973 മാർച്ച് 1 – "Quanta Gloria" എന്ന തിരുവെഴുത്തുവഴി മാനന്തവാടി രൂപതയുടെ സ്ഥാപനവും പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴിയുടെ തിരഞ്ഞെടുപ്പും.

1973 മാർച്ച് 1 – പാലാ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസ ഫിന്റെ തിരഞ്ഞെടുപ്പ്

1973 മാർച്ച് 7 – കാർഡിനൽ പോൾ ഫിലിപ്പ് പൗരസ്ത്യ തിരുസംഘത്തിന്റെ പ്രീഫെക്ടായി നിയമിക്കപ്പെട്ടു.

1973 മേയ് 1 – മാനന്തവാടി മെത്രാൻ തൂങ്കുഴി മാർ ജേക്കബിന്റെ മെത്രാഭി ഷേകവും രൂപതയുടെ ഉദ്ഘാടനവും.

1973 ജൂൺ 18 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി യിൽ ദൈവശാസ്ത്ര ഡിഗ്രി കോഴ്സ് കാർഡിനൽ ജോസഫ് പാറേ ക്കാട്ടിൽ ഉദ്ഘാടനം ചെയ്തു.

1973 ജൂലൈ 3 – സെന്റ് തോമസ് ചരമ ശതാബ്ദി സ്മാരകമായി ഇന്ത്യാ ഗവൺമെന്റ് പ്രസിദ്ധീകരിച്ച 20 പൈസയുടെ പോസ്റ്റൽ സ്റ്റാമ്പിന്റെ ഉദ്ഘാടനം.

1973 ആഗസ്റ്റ് 15 – പാലാ രൂപതയുടെ സഹായമെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫിന്റെ മെത്രാഭിഷേകം.

1973 നവംബർ 6 – ആലപ്പാട്ട് മാർ ജോർജ്ജ് മെത്രാന്റെ ചരമം.

1973 ഡിസംബർ 16 – പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറി, മാർപാപ്പ യുടെ സ്റ്റേറ്റുസെക്രട്ടറി തുടങ്ങിയ ഉദ്യോഗങ്ങൾ വഹിച്ചിട്ടുള്ള കാർഡി നൽ ചിക്കൊഞ്ഞാനി നിര്യാതനായി.

1974 മാർച്ച് 31 – എറണാകുളം സെന്റ് മേരീസ് ബസിലിക്കായുടെ പ്രതിഷ്ഠ. ബസിലിക്ക ആക്കിക്കൊണ്ടുള്ള തിരുവെഴുത്ത് പ്രൊനുൺഷ്യോ ഡോ. ജോൺ ഗോർഡൻ തിരുമേനി പ്രഖ്യാപനം ചെയ്തു.

1974 മേയ് 5 – കോട്ടയം രൂപതാദ്ധ്യക്ഷൻ കുന്നശ്ശേരി മാർ കുര്യാക്കോസ് രൂപതാഭരണം ഏറ്റെടുത്തു.

1974 ജൂൺ 20 – "അപ്പസ്തോലിക്ക റെക്വിരെന്തെ" എന്ന തിരുവെഴുത്തു വഴി പാലക്കാട്ടുരൂപത സ്ഥാപിതമായി. ഇരിമ്പൻ മാർ ജോസഫ് പ്രഥമ മെത്രാനായി നിയമിക്കപ്പെട്ടു.

www.malankaralibrary.com

1974 സെപ്തംബർ 8 – പാലക്കാട്ട് മെത്രാൻ ഇരിമ്പൻ മാർ ജോസഫിന്റെ അഭിഷേകവും രൂപതയുടെ ഉദ്ഘാടനവും.

1975 ജൂലൈ 26 – കോട്ടയം മെത്രാൻ തറയിൽ മാർ തോമസ് മെത്രാന്റെ ചരമം.

1976 ജൂലൈ 23 – മോസ്റ്റ് റവ. ഡോ. ലൂസിയാനോ സ്റ്റൊറേരോ ഇന്ത്യയിലെ പ്രൊനൂൺസിയോ ആയി ചാർജ്ജെടുത്തു.

1977 ഫെബ്രുവരി 26 – കാഞ്ഞിരപ്പിള്ളി രൂപതയുടെ സ്ഥാപനവും അതിന്റെ പ്രഥമ മെത്രാനായി പവ്വത്തിൽ മാർ ജോസഫിന്റെ നിമനവും.

1977 ഫെബ്രുവരി 26 – കോതമംഗലം രൂപതയുടെ പുതിയ മെത്രാനായി പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ തിരഞ്ഞെടുപ്പ്.

1977 മാർച്ച് 12 – അഹമ്മദാബാദ് രൂപതയിൽപ്പെട്ട ഏതാനും ജില്ലകൾ വേർതിരിച്ച് രാജ്കോട്ട് രൂപത സ്ഥാപനവും രൂപതയുടെ പ്രഥമ മെത്രാനായി തളിയത്ത് മാർ ജോനാസിന്റെ തിരഞ്ഞെടുപ്പും. ഛാന്ദാ, ജഗൽപൂർ, സാഗർ, സാറ്റ്നാ, ഉജ്ജയിൻ എന്നീ സീറോ മലബാർ എക്സാർക്കേറ്റുകളെ രൂപതകളാക്കി ഉയർത്തിക്കൊണ്ടും അവയുടെ മെത്രാന്മാരായി യഥാക്രമം പാലാത്തുരുത്തി മാർ ജാനുവാരിയൂസ്, ജീരകത്തിൽ മാർ പൗളീനോസ്, തോട്ടുങ്കൽ മാർ ക്ലെമന്റ്, മറ്റം മാർ എബ്രാഹം, പെരുമറ്റം മാർ ജോൺ എന്നിവരെ നിയമിച്ചുകൊണ്ടുമുള്ള പ്രഖ്യാപനം.

1977 ഏപ്രിൽ 24 – കോതമംഗലം രൂപതാദ്ധ്യക്ഷൻ പുന്നക്കോട്ടിൽ മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

1977 ഏപ്രിൽ 25 – സാഗർ രൂപതാദ്ധ്യക്ഷൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ മെത്രാഭിഷികം.

1977 ഏപ്രിൽ 30 – സത്നാ രൂപതാദ്ധ്യക്ഷൻ മറ്റം മാർ അബ്രാഹത്തിന്റെ മെത്രാഭിഷേകം.

1977 മേയ് 3 – ഛാന്ദാ രൂപതാദ്ധ്യക്ഷൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസിന്റെ മെത്രാഭിഷേകം.

1977 മേയ് 11 – ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനോസ്, രാജ്കോട്ട് രൂപതാദ്ധ്യക്ഷൻ തളിയത്ത് മാർ ജോനാസ് എന്നിവരുടെ മെത്രാഭിഷേകം.

1977 മേയ് 12 – കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ പവ്വത്തിൽ മാർ ജോസഫിന്റെ സ്ഥാനാരോഹണവും രൂപതയുടെ ഉദ്ഘാടനവും.

1977 മേയ് 15 – ഉജ്ജയിൻ രൂപതാദ്ധ്യക്ഷൻ പെരുമറ്റം മാർ ജോണിന്റെ മെത്രാഭിഷേകം.

www.malankaralibrary.com

1977 ജൂലൈ 18 – ഉത്തരേന്ത്യയിലെ സീറോമലബാർ അപ്പസ്തോലിക് എക്സാർക്കേറ്റായ ബിജ്നോറിനെ രൂപതയാക്കി ഉയർത്തിക്കൊണ്ടും അതിന്റെ പ്രഥമ മെത്രാനായി മുണ്ടാടൻ മാർ ഗ്രേഷ്യനെ നിയമിച്ചു കൊണ്ടുമുള്ള പ്രഖ്യാപനം.

1977 ആഗസ്റ്റ് 28 – തൊഴിയൂർ യാക്കോബായ സ്വതന്ത്രസഭാദ്ധ്യക്ഷൻ പൗലോസ് മാർ പീലിക്സിനോസ് തിരുമേനി കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു.

1977 നവംബർ 6 – ബിജ്നോർ രൂപതാദ്ധ്യക്ഷൻ മുണ്ടാടൻ മാർ ഗ്രേഷ്യന്റെ മെത്രാഭിഷേകം.

1978 ജൂൺ 22 – തൃശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജെയിംസ്.

1978 ആഗസ്റ്റ് 7 – പോൾ ആറാമൻ പാപ്പാ ദിവംഗതനായി.

1978 ആഗസ്റ്റ് 26 – ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. ചരിത്രത്തിൽ ആദ്യമായി സീറോ-മലബാർ സഭയുടെ ഒരു മേലദ്ധ്യക്ഷൻ- കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ-മാർപാപ്പയെ തിരഞ്ഞെടുക്കുന്ന കോൺക്ലേവിൽ പങ്കെടുത്തു.

1978 സെപ്തംബർ 3 – ജോൺ പോൾ ഒന്നാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

1978 സെപ്തംബർ 8 – ചങ്ങനാശ്ശേരി മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി കേരളത്തിനു വെളിയിലുള്ള സീറോ-മലബാർ റീത്തിൽപ്പെട്ടവരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് അപ്പസ്തോലിക് വിസിറ്ററായി നിയമിക്കപ്പെട്ടു.

1978 സെപ്തംബർ 10 – ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ പഴയാറ്റിൽ മാർ ജയിംസിന്റെ മെത്രാഭിഷേകം.

1978 സെപ്തംബർ 11 – കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസിന്റെ ചരമം.

1978 സെപ്തംബർ 29 – ജോൺ പോൾ ഒന്നാമൻ പാപ്പാ ദിവംഗതനായി.

1978 ഒക്ടോബർ 16 – ജോൺ പോൾ രണ്ടാമൻ പാപ്പായുടെ തിരഞ്ഞെടുപ്പ്. കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ കോൺക്ലേവിൽ പങ്കെടുത്തു.

1978 ഒക്ടോബർ 22 – ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ സ്ഥാനാരോഹണം.

1978 ഡിസംബർ 28 – തിരുവല്ല മെത്രാൻ ഐസക് മാർ യൂഹാനോൻ, ബത്തേരി മെത്രാൻ സിറിൽ മാർ ബസേലിയോസ് എന്നിവരുടെ അഭിഷേകം.

www.malankaralibrary.com

1980 ജൂൺ 30 – പൗരസ്ത്യതിരുസംഘത്തിന്റെ പ്രീഫെക്ടായി ലദിസ്ലാ കാർഡിനൽ റൂബിൻ നിയമിതനായി.

1980 ആഗസ്റ്റ് 29 – സീറോ–മലബാർ, സീറോ–മലങ്കര സഭകളിലെ 22 മെത്രാന്മാർ റോമിൽചെന്ന് "ആദ്‌ലിമിന" സന്ദർശനം നടത്തി.

1980 ഡിസംബർ 26–1981 ജനുവരി 18 – കർദ്ദിനാൾ റൂബിൻ കേരളത്തിലെ സീറോ–മലബാർ–മലങ്കര രൂപതകൾ സന്ദർശിച്ചു.

1980 ഡിസംബർ 27–28 – കോട്ടയത്തുവച്ച് പുനരൈക്യത്തിന്റെ സുവർണ്ണ ജൂബിലി കാർഡിനൽ റൂബിൻ പേപ്പൽ പ്രതിനിധിയായി പങ്കെടുത്തു.

1981 മാർച്ച് 25 – പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് മെത്രാൻ പാലാ രൂപതയുടെ ഭരണമേറ്റു.

1981 മേയ് 9 – മോസ്റ്റ് റവ. ഡോ. അഗൊസ്തീനോ കാച്ചിയവിലൻ ഇന്ത്യയിലെ പ്രൊനുൺഷ്യോയായി നിയമിതനായി.

1981 നവംബർ 7 – രാജ്കോട്ട് മെത്രാൻ തളിയത്ത് മാർ ജോനാസിന്റെ ചരമം.

1982 ഫെബ്രുവരി 6 – പോത്തനാമുഴി മാർ മാത്യു മെത്രാന്റെ ചരമം.

1983 ഏപ്രിൽ 24 – രാജ്കോട്ട് മെത്രാൻ കരോട്ടെമ്പ്രേൽ മാർ ഗ്രിഗരിയുടെ അഭിഷേകം.

1983 ഒക്ടോബർ 26 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലെ പൗരസ്ത്യവിദ്യാപീഠം രാഷ്ട്രപതി സെയിൽസിംഗ് ഉദ്ഘാടനം ചെയ്തു.

1984 ഏപ്രിൽ 1 – കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ എറണാകുളം മെത്രാപ്പോലീത്താ പദത്തിൽനിന്നും വിരമിച്ചു. സഹായമെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യൻ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക് ആയി നിയമിതനായി.

1984 ആഗസ്റ്റ് 11 – പുതിയതായി രൂപീകൃതമായ ഗൊരഖ്പൂർ രൂപതയുടെ മെത്രാനായി കോക്കാട്ട് മാർ ഡോമിനിക് സി.എസ്.ടി. നിയമിതനായി.

1984 ഒക്ടോബർ 4 – കോക്കാട്ട് മാർ ഡോമിനിക്കിന്റെ മെത്രാഭിഷേകം. (എറണാകുളം)

1985 മേയ് 18 – എറണാകുളം അതിരൂപതാദ്ധ്യക്ഷനായി പടിയറ മാർ ആന്റണി മെത്രാപ്പോലീത്ത നിയമിതനായി.

1985 ജൂലൈ 3 – പടിയറ മാർ ആന്റണി എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനാരോഹണം ചെയ്തു.

1985 ഒക്ടോബർ 30 – കർദ്ദിനാൾ സൈമൺ ലൂർദുസാമി പൗരസ്ത്യസഭാതിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

www.malankaralibrary.com

1985 നവംബർ 16 – കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തയായി നിയമിതനായി.

1986 ജനുവരി 17 – കാഞ്ഞിരപ്പള്ളി മെത്രാൻ പവ്വത്തിൽ മാർ ജോസഫ് ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പൊലീത്തയായി സ്ഥാനാരോഹണം ചെയ്തു.

1986 ഫെബ്രുവരി 1 – പത്തുദിവസം നീണ്ടുനില്ക്കുന്ന ഭാരതസന്ദർശനത്തിനായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഡൽഹിയിലെത്തി. രാഷ്ട്രപതി ഗ്യാനി സെയിൽസിംഗ്, പ്രധാനമന്ത്രി രാജീവ് ഗാന്ധി, സഭാമേലദ്ധ്യക്ഷന്മാർ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു.

1986 ഫെബ്രുവരി 7 – രണ്ടുദിവസത്തെ കേരള സന്ദർശനത്തിനായി പരിശുദ്ധ പിതാവ് കൊച്ചിയിലെത്തി. തൃശൂരിൽ പ്രാർത്ഥനാ പരിപാടികളിൽ സംബന്ധിച്ചു. കളമശ്ശേരി പേപ്പൽ ഗ്രൗണ്ടിൽ ദിവ്യബലി അർപ്പിച്ചു. എറണാകുളം അതിമെത്രാസന മന്ദിരത്തിൽ താമസിച്ചു.

1986 ഫെബ്രുവരി 8 – പരിശുദ്ധ പിതാവ് ദൈവദാസരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെയും അൽഫോൻസാമ്മയെയും കോട്ടയത്തുവച്ച് വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. പുനരുദ്ധരിക്കപ്പെട്ട സീറോ-മലബാർ റാസക്രമം അർപ്പിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരത്ത് പ്രാർത്ഥനാ പരിപാടികളിൽ സംബന്ധിച്ചു. ഫെബ്രുവരി 10-നു റോമിലേക്കു മടങ്ങി.

1986 ഏപ്രിൽ 28 – തലശ്ശേരി രൂപത വിഭജിച്ച് താമരശ്ശേരി രൂപതാസ്ഥാപനം. പുതിയ രൂപതയുടെ പ്രഥമ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യൻ നിയമിതനായി.

1986 ജൂലൈ 3 – താമരശ്ശേരി രൂപതയുടെ ഉദ്ഘാടനവും അതിന്റെ മെത്രാനായി മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ സ്ഥാനാരോഹണവും.

1986 സെപ്തംബർ 9 – കരിയാറ്റി മാർ ജോസഫ് മെത്രാപ്പോലീത്തയുടെ രണ്ടാം ചരമശതാബ്ദിയാഘോഷങ്ങൾ ജന്മദേശമായ ആലങ്ങാട്ടുവച്ച്.

1986 നവംബർ 21 – പാലാ രൂപതയുടെ പ്രഥമ മെത്രാൻ വയലിൽ മാർ സെബാസ്ത്യൻ തിരുമേനിയുടെ ചരമം.

1987 ജനുവരി 3 – വട്ടക്കുഴി മാർ മാത്യു കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായും നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ സാഗർ രൂപതയുടെ മെത്രാനായും നിയമിതരായി.

1987 ഫെബ്രുവരി 20 – എറണാകുളം മെത്രാപ്പോലീത്ത ആയിരുന്ന കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ ചരമം.

www.malankaralibrary.com

1987 ഫെബ്രുവരി 22 – സാഗർ രൂപതാദ്ധ്യക്ഷൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ മെത്രാഭിഷേകം.

1987 ഫെബ്രുവരി 26 – കാഞ്ഞിരപ്പിള്ളി രൂപതാദ്ധ്യക്ഷൻ വട്ടക്കുഴി മാർ മാത്യുവിന്റെ മെത്രാഭിഷേകം.

1987 മേയ് 28 – ഭാരതത്തിലെ മൂന്നു റീത്തുകളിലെ മെത്രാന്മാർക്കും സ്വന്തമായ ദേശീയ കോൺഫറൻസുകൾ ഉണ്ടാക്കുന്നതിനുള്ള അവകാശവും, മൂന്നു റീത്തുകാർക്കും പ്രേഷിതപ്രവർത്തനം നടത്തുന്നതിനുള്ള തുല്യമായ അവകാശവും കടമയും, കേരളത്തിനു പുറത്തുള്ള പൗരസ്ത്യ സഭാംഗങ്ങൾക്ക് അവരവരുടെ റീത്തിൽ മതകാര്യങ്ങൾ നടത്തുന്നതിനുള്ള അവകാശവും അംഗീകരിച്ചുകൊണ്ട് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഭാരതത്തിലെ മെത്രാന്മാർക്ക് കത്തെഴുതി. ബോംബെ–പൂനാ പ്രദേശത്ത് ഒരു സീറോ–മലബാർ രൂപത സ്ഥാപിക്കുവാൻ പരിശുദ്ധ പിതാവ് അനുമതി നല്കി.

1987 ആഗസ്റ്റ് 1 – പൗരസ്ത്യസംഘാദ്ധ്യക്ഷൻ കർദ്ദിനാൾ സൈമൺ ഡി ലൂർദ്ദുസാമി സീറോ–മലബാർ, മലങ്കര രൂപതകളിൽ നാലാഴ്ച നീണ്ടു നില്ക്കുന്ന ഔദ്യോഗിക സന്ദർശനത്തിനായി എറണാകുളത്തെത്തി.

1987 ആഗസ്റ്റ് 13 – വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക സെമിനാരിയുടെ രജതജൂബിലിയാഘോഷം കർദ്ദി. സൈമൺ ലൂർദുസാമി ഉദ്ഘാടനം ചെയ്തു.

1987 ആഗസ്റ്റ് 21 – തൃശൂർ, കോട്ടയം വികാരിയാത്തുകളുടെ സംയുക്ത ശതാബ്ദിയാഘോഷം എറണാകുളത്തു നടന്നു. കർദ്ദിനാൾ സൈമൺ ലൂർദ്ദുസാമി ആദ്ധ്യക്ഷം വഹിച്ചു. കേരളത്തിലെ പേപ്പൽ പ്രതിനിധിയും സീറോ–മലബാർ സഭയിലെ എല്ലാ രൂപതാദ്ധ്യക്ഷന്മാരും രൂപതാ പ്രതിനിധികളും സംബന്ധിച്ചു.

1988 ഏപ്രിൽ 30 – ബോംബെ, പൂന, നാസിക് പ്രദേശത്തുള്ള സീറോ–മലബാർ റീത്തിൽപ്പെട്ട വിശ്വാസികൾക്കുവേണ്ടി കല്യാൺ ആസ്ഥാനമായി രൂപതാസ്ഥാപനവും അതിന്റെ പ്രഥമ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോളിന്റെ നിയമനവും.

1988 മേയ് 5 – സീറോ–മലബാർ കുർബാനക്രമം (in solemn and simple forms) സംബന്ധിച്ച് പൗരസ്ത്യതിരുസംഘം മാർഗ്ഗനിർദ്ദേശങ്ങൾ നല്കി.

1988 മേയ് 29 – എറണാകുളം മെത്രാപ്പോലീത്ത പടിയറ മാർ ആന്റണി തിരുമേനി കർദ്ദിനാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1988 ജൂൺ 28 – നിയുക്ത കർദ്ദിനാൾ പടിയറ മാർ ആന്റണി റോമിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദ്ദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

www.malankaralibrary.com

1988 ആഗസ്റ്റ് 6 – തിരുവല്ല രൂപതയുടെ മെത്രാൻ ഗീവർഗീസ് മാർ തിമോത്തേയോസിന്റെ അഭിഷേകം

1988 ആഗസ്റ്റ് 24 – കല്യാൺ രൂപതയുടെ ഉദ്ഘാടനവും രൂപതാദ്ധ്യക്ഷൻ ചിറ്റിലപ്പിള്ളി മാർ പോളിന്റെ മെത്രാഭിഷേകവും (ബോംബെ).

1989 മേയ് 1 – തലശ്ശേരി രൂപതാദ്ധ്യക്ഷൻ വലിയമറ്റം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

1989 ജൂലൈ 3 – സീറോ-മലബാർ സഭയുടെ ആഘോഷപൂർവകമായ കുർബാനയുടെയും സാധാരണ കുർബാനയുടെയും പുതിയ ക്രമം നടപ്പിൽ വന്നു.

1990 മേയ് 15 – ഛാന്ദാ രൂപതയുടെ മെത്രാനായി നെടുമ്പുറം മാർ വിജയാനന്ദ് നിയമിതനായി.

1990 ജൂലൈ 3 – ഛാന്ദാ രൂപതാദ്ധ്യക്ഷൻ നെടുമ്പുറം മാർ വിജയാനന്ദിന്റെ മെത്രാഭിഷേകം (ഛാന്ദ).

1990 ആഗസ്റ്റ് 6 – ജഗദൽപൂർ രൂപതാദ്ധ്യക്ഷൻ ജീരകത്തിൽ മാർ പൗളീനൂസ് നിര്യാതനായി.

1990 ആഗസ്റ്റ് 25 – സീറോ-മലബാർ, സീറോ-മലങ്കര സഭകളിലെ മെത്രാന്മാർ റോമിൽ ചെന്ന് "ആദ്‌ലിമിന" സന്ദർശനം നടത്തി.

1990 നവമ്പർ – ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി പ്രൊനൂൺഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ സ്ഥാനമേറ്റു.

1991 മേയ് 8 – എറണാകുളം അതിരൂപതാംഗമായ മോൺ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്തയായും വത്തിക്കാൻ നൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1991 ജൂലൈ 12 – കർദ്ദിനാൾ അക്കില്ലെ സിൽവസ്ത്രീനി പൗരസ്ത്യതിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു.

1991 ആഗസ്റ്റ് 3 – വത്തിക്കാൻ പ്രൊനുൺഷ്യോയായി സീറോ-മലബാർ സഭയിൽനിന്ന് ആദ്യമായി നിയമിക്കപ്പെട്ട മോൺ. അബ്രാഹം കാട്ടുമനയുടെ മെത്രാഭിഷേകം (എറണാകുളം).

1991 സെപ്തംബർ 15 – സാഗർ രൂപതയുടെ പ്രഥമ മെത്രാൻ തോട്ടുങ്കൽ മാർ ക്ലെമന്റിന്റെ ചരമം.

1991 ഒക്ടോബർ 1 – പുതിയ പൗരസ്ത്യകാനൻ നിയമം പ്രാബല്യത്തിൽ വന്നു.

1992 സെപ്തംബർ 4 – സീറോ-മലബാർ സഭയുടെ കാനോനികഘടന സംബന്ധിച്ചും ലിറ്റർജി നവീകരണം സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് ജോൺ പോൾ രണ്ടാമൻ പാപ്പ നിയമിച്ച പൊന്തിഫിക്കൽ

www.malankaralibrary.com

കമ്മീഷൻ കേരളത്തിൽ എത്തി. ആർച്ചുബിഷപ്പ് തോമസ് എ. വൈറ്റ് ആയിരുന്നു കമ്മീഷന്റെ അദ്ധ്യക്ഷൻ. ഫാ. റോബർട്ട് ടാഫ്റ്റ് എസ്. ജെ., ഫാ. മൈക്കൾ ഏഞ്ചൽ ബത്തീസ് ഒ.സി.ഡി. എന്നിവർ അംഗങ്ങളും. ഫാ. സാർദി സെക്രട്ടറി.

1992 സെപ്തംബർ 6 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി മനത്തോടത്ത് മാർ ജേക്കബ് നിയമിതനായി.

1992 സെപ്തംബർ 25 – പൊന്തിഫിക്കൽ കമ്മീഷൻ, കേരളത്തിലെ എല്ലാ സീറോ-മലബാർ രൂപതകളും സന്ദർശിച്ച് അന്വേഷണം നടത്തിയ ശേഷം റോമിലേക്കു മടങ്ങി.

1992 നവംബർ 28 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മനത്തോടത്ത് മാർ ജേക്കബിന്റെ മെത്രാഭിഷേകം.

1992 ഡിസംബർ 16 – സീറോ-മലബാർ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടും കർദ്ദിനാൾ മാർ ആന്റണി പടിയറയെ പ്രഥമ മേജർ ആർച്ചുബിഷപ്പായി നിയമിച്ചുംകൊണ്ടുള്ള പേപ്പൽ ബൂളകളിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഒപ്പുവച്ചു.

1993 ജനുവരി 28 – ജഗദൽപൂർ രൂപതയുടെ മെത്രാനായി പാലാത്തറ മാർ സൈമൺ സ്റ്റോക്ക് സി.എം.ഐ. നിയമിതനായി.

1993 ജനുവരി 29 – സീറോ-മലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തിക്കൊണ്ടുള്ള ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ തീരുമാനം (Que majori christifidelium) ഇന്ത്യയിലെ അപ്പസ്തോലിക് പ്രൊനുൺഷ്യോ ആർച്ചു ബിഷപ്പ് ജോർജ്ജ് സൂർ എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് പ്രഖ്യാപിച്ചു. Major Archbishopricന്റെ പേര് എറണാകുളം-അങ്കമാലി എന്നായിരിക്കുമെന്നും അതിന്റെ ആസ്ഥാനം എറണാകുളം ആണെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം മെത്രാപ്പോലീത്ത കർദ്ദിനാൾ മാർ ആന്റണി പടിയറയെ സീറോ-മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി മാർപാപ്പ നിയമിച്ചതായും പ്രഖ്യാപനമുണ്ടായി.

സെബറാദസിന്റെ സ്ഥാനിക മെത്രാപ്പോലീത്തയും പ്രൊനുൺഷ്യോയുമായ ആർച്ച്ബിഷപ്പ് അബ്രാഹം കാട്ടുമനയെ സീറോ-മലബാർ സഭയുടെ പൊന്തിഫിക്കൽ ഡലഗേറ്റായി മാർപാപ്പ നിയമിച്ചിരിക്കുന്ന വിവരവും ആർച്ചുബിഷപ് ജോർജ്ജ് സൂർ പ്രഖ്യാപിച്ചു. കൂടാതെ, സീറോ – മലബാർ സഭയുടെ ഭൂപരിധി എറണാകുളം, ചങ്ങനാശ്ശേരി പ്രോവിൻസുകളുടെ അതിർത്തിക്കുള്ളിലായിരിക്കുമെന്നും, സിനഡ് വിളിച്ചു കൂട്ടുക, സീറോ-മലബാർ സഭയുടെ പ്രത്യേക നിയമങ്ങൾ ക്രോഡീ

www.malankaralibrary.com

കരിക്കുക, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുക തുടങ്ങിയ കാര്യങ്ങൾ പൊന്തിഫിക്കൽ ഡലഗേറ്റിന്റെ ചുമതലയായിരിക്കുമെന്നും വ്യക്തമാക്കപ്പെട്ടു. അതേസമയം, പുതിയ മെത്രാന്മാരുടെ തിരഞ്ഞെടുപ്പ്, ലിറ്റർജി സംബന്ധമായ കാര്യങ്ങൾ എന്നിവ തത്ക്കാലത്തേക്ക് മാർപാപ്പായുടെ നേരിട്ടുള്ള നിയന്ത്രണത്തിലുമായിരിക്കും.

1993 മാർച്ച് 19 – ജഗദൽപൂർ രൂപതയുടെ മെത്രാൻ പാലാത്തറ മാർ സൈമൺ സ്റ്റോക്കിന്റെ മെത്രാഭിഷേകം.

1993 മേയ് 20 – എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വച്ചു നടന്ന ചടങ്ങിൽ കർദ്ദിനാൾ പടിയറ മാർ ആന്റണി സീറോ മലബാർ സഭയിലെ മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. ചടങ്ങുകൾക്ക് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രഹാം കാട്ടുമന നേതൃത്വം നല്കി.

1993 മേയ് 20 – എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽവച്ച് സീറോ-മലബാർ സഭയിലെ പ്രഥമ സിനഡ് പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് അബ്രാഹം കാട്ടുമന ഉദ്ഘാടനം ചെയ്തു. പ്രോനുൺഷ്യോ ആർച്ചുബിഷപ്പ് ജോർജ്ജ് സൂർ ഉദ്ഘാടനസമ്മേളനത്തിൽ സംബന്ധിച്ചു. കൂടാതെ, സീറോ-മലബാർ രൂപതകളിലെ വൈദിക-സന്യാസ-അല്മായ പ്രതിനിധികളും.

1993 മേയ് 20–26 – പൊന്തിഫിക്കൽ ഡലഗേറ്റ് ആർച്ചുബിഷപ്പ് മാർ അബ്രാഹം കാട്ടുമനയുടെ അദ്ധ്യക്ഷതയിൽ സീറോ-മലബാർ സഭയിലെ പ്രഥമ സിനഡ് എറണാകുളം മെത്രാപ്പോലീത്തൻ ഭവനത്തിൽ സമ്മേളിച്ചു. സ്ഥിരം സിനഡ്, ട്രൈബ്യൂണൽ, കമ്മീഷനുകൾ എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പുകൾ നടത്തി. സിനഡിന്റെ നിയമാവലി, പ്രത്യേക നിയമങ്ങളുടെ ക്രോഡീകരണം തുടങ്ങിയ വിഷയങ്ങളും ചർച്ച ചെയ്തു.

1993 നവംബർ 22-ഡിസംബർ 4 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ പ്രഥമ സമ്മേളനം. സിനഡിന്റെ ഭരണഘടനയും, മാമ്മോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. വൈദികരെയും വിവാഹത്തിന്റെ കാനോനിക വശങ്ങളെയും സംബന്ധിച്ചുള്ള പ്രത്യേക നിയമങ്ങളെപ്പറ്റിയും പ്രാഥമിക ചർച്ചകൾ നടത്തി.

1994 ഫെബ്രുവരി 28 – സി.ബി.സി.ഐ. പ്രസിഡന്റായി പവ്വത്തിൽ മാർ ജോസഫ് മെത്രാപ്പോലീത്ത തിരഞ്ഞെടുക്കപ്പെട്ടു.

1994 മാർച്ച് 7–23 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ രണ്ടാം സമ്മേളനം. പൗരസ്ത്യ വിദ്യാപീഠത്തിന്റെ നിയമാവലിയും, വിവാഹം, രോഗീ

www.malankaralibrary.com

ലേപനം, അനുരഞ്ജനം എന്നീ കൂദാശകളുടെ നക്കലും ചർച്ചചെയ്ത് അംഗീകരിച്ചു. കുർബാന പരിഷ്കരണം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പൗരസ്ത്യസഭാ കാര്യാലയത്തിന് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

1994 ജൂൺ 11 – താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മങ്കുഴിക്കരി മാർ സെബാസ്ത്യന്റെ ചരമം.

1994 ജൂൺ 14 – മോൺ. ഫ്രാൻസീസ് ആറുപറയിൽ താമരശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1994 ഒക്ടോ 10 – സീറോ മലങ്കരസഭയുടെ തലവനും തിരുവനന്തപുരം അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ ബെനഡിക്റ്റ് മാർ ഗ്രിഗോറിയോസ് നിര്യാതനായി.

1994 നവംബർ 7–23 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ മൂന്നാം സമ്മേളനം. മംഗളവാർത്ത ദനഹാക്കാലങ്ങളുടെ പ്രോപ്രിയാ പ്രാർത്ഥനകൾ അംഗീകരിച്ചു.

1994 ഡിസം 1 – പാലക്കാടു രൂപതയുടെ പ്രഥമമെത്രാൻ ഇരിമ്പൻ മാർ ജോസഫ് രൂപതാഭരണത്തിൽനിന്നു വിരമിച്ചു.

1994 ഡിസം 2 – മോൺ. ജോസഫ് വെളിയത്തിൽ പാലക്കാടു രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1995 മാർച്ച് 6–10 – രണ്ടാമത്തെ സമ്പൂർണ്ണ സിനഡിന്റെ നാലാം സമ്മേളനം.

1995 മാർച്ച് 28 – ചാന്ദാരൂപതയുടെ പ്രഥമമെത്രാൻ പാലാത്തുരുത്തി മാർ ജാനുവാരിയൂസ് മെത്രാന്റെ ചരമം.

1995 ഏപ്രിൽ 4 – സീറോമലബാർ സഭയ്ക്കായി മാർപാപ്പ നിയമിച്ച പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്ത റോമിൽവച്ച് നിര്യാതനായി.

1995 ഏപ്രിൽ 8 – റോമിൽവച്ചു ദിവംഗതനായ പൊന്തിഫിക്കൽ ഡലഗേറ്റ് കാട്ടുമന മാർ അബ്രാഹം മെത്രാപ്പോലീത്തയുടെ മൃതദേഹം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ സംസ്ക്കരിച്ചു. മേജർ ആർച്ചുബിഷപ് കർദിനാൾ പടിയറ മാർ ആന്റണി പ്രധാന കാർമ്മികത്വം വഹിച്ചു. ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി ആർച്ചുബിഷപ് ജോർജ്ജ് സൂർ, റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിലെ അണ്ടർസെക്രട്ടറി ഫാ. മാർക്കോ ബ്രോജി എന്നിവർ സംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു.

1995 മേയ് 9–13 – സീറോ മലബാർ സഭയുടെ സ്ഥിരം സിനഡ് റോമിൽ പൗരസ്ത്യസഭാകാര്യാലയത്തിൽവച്ചു നടന്നു.

www.malankaralibrary.com

1995 മേയ് 18 – തൃശൂർ, തലശ്ശേരി രൂപതകളെ അതിരൂപതകളായും കുണ്ടുകുളം മാർ ജോസഫ്, വലിയമറ്റം മാർ ജോർജ്ജ് എന്നിവരെ മെത്രാപ്പോലീത്ത മാരായും ഉയർത്തി. പാലക്കാട്, ഇരിങ്ങാലക്കുട രൂപതകൾ തൃശൂരി ന്റെയും മാനന്തവാടി, താമരശ്ശേരിരൂപതകൾ തലശ്ശേരിയുടെയും സാമ ന്തരൂപതകളായിരിക്കും. ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ പഴയാറ്റിൽ മാർ ജെയിംസിനെ മേജർ ആർച്ചുബിഷപ്പിന്റെ സഹായിയായിമാർപാപ്പ നിയമിച്ചു. മാനന്തവാടി രൂപതയുടെ മെത്രാൻ തൂങ്കുഴി മാർജേക്കബ്ബി നെ താമരശ്ശേരി രൂപതയുടെ മെത്രാനായിമാർപാപ്പ നിയമിച്ചു.

1995 മേയ് 27 – മേജർ ആർക്കി എപ്പിസ്കോപ്പൽ സഭാകാര്യാലയം കാക്ക നാടുള്ള Mount St. Thomas-ൽ മേജർ ആർച്ചു ബിഷപ് കർദ്ദിനാൾ പടിയറ മാർ ആന്റണി ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു.

1995 ജൂൺ 7 – മേയ് 18-ാം തീയതിയിലെ മാർപാപ്പയുടെ തീരുമാനങ്ങൾ ഔദ്യോഗികമായി പരസ്യമാക്കപ്പെട്ടു.

1995 ആഗസ്റ്റ് 24 – തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി വലിയമറ്റം മാർ ജോർജ്ജ് സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 27 – തൃശൂർ അതിരൂപതയുടെ പ്രഥമമെത്രാപ്പോലീത്തയായി കുണ്ടുകുളം മാർ ജോസഫ് സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 27 – മോൺ. ജോസഫ് കണിയാമറ്റം മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1995 ആഗസ്റ്റ് 28 – താമരശ്ശേരി രൂപതയുടെ മെത്രാനായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു.

1995 ഡിസം 15 – സീറോ മലങ്കരസഭയുടെ തലവനായി സിറിൽ മാർ ബസി ലിയോസ് മെത്രാപ്പോലീത്ത നിയമിതനായി.

1996 ജനുവരി 8-16 – സീറോ മലബാർ സിനഡ് റോമിൽ സമ്മേളിച്ചു. 8-ാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പ സിനഡു സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സമ്മേളനങ്ങളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടന്നു.

1996 ജനുവരി 18 – ആദ് ലീമിന സന്ദർശനം നടത്തിയ സീറോ മലബാർ, സീറോ മലങ്കര മെത്രാന്മാരെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അഭി സംബോധന ചെയ്തു.

1996 ഫെബ്രുവരി 10 – എറണാകുളം അതിരൂപതയുടെ ശതാബ്ദി, മേജർ ആർച്ച് ബിഷപ്പ് കർദിനാൾ പടിയറ മാർ ആന്റണിയുടെ പൗരോഹിത്യ സുവർണ

www.malankaralibrary.com

ജൂബിലി ആഘോഷങ്ങളിൽ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ അക്കില്ലെ സിൽവെസ്ത്രീനി സംബന്ധിച്ചു (എറണാകുളം). കർദിനാൾ വിവിധ സീറോ മലബാർ രൂപതകളും സന്ദർശിച്ചു.

1996 ഡിസം 18 – ഡിസംബർ 11-ാം തീയതി മാർപാപ്പ അംഗീകരിച്ച തീരുമാനങ്ങളെപ്പറ്റി ഔദ്യോഗികമായ അറിയിപ്പുണ്ടായി.

സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ ആന്റണി പടിയറയുടെയും തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫിന്റെയും രാജി സ്വീകരിച്ചു.

എറണാകുളം-അങ്കമാലി മേജർ ആർക്കിഎപ്പിസ്കോപ്പൽ അതിരൂപതയുടെയും സീറോ മലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി ഫാ. വർക്കി വിതയത്തിൽ C.Ss.R.നെയും മാനന്തവാടി രൂപതയുടെ മെത്രാനായി ഫാ. എമ്മാനുവേൽ പോത്തനാമുഴി C.M.I.യെയും കല്യാൺ രൂപതയുടെ മെത്രാനായി ഫാ. തോമസ് ഇലവനാൽ M.C.B.S.നെയും തക്കല രൂപതയുടെ പ്രഥമ മെത്രാനായി ഫാ. ജോർജ്ജ് ആലഞ്ചേരിയെയും പാലക്കാട് രൂപതയുടെ മെത്രാനായി എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മനത്തോടത്തിനെയും താമരശ്ശേരി രൂപതയുടെ മെത്രാനായി കല്യാൺ രൂപതയുടെ മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയെയും തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താമരശ്ശേരി മെത്രാൻ തൂങ്കുഴി മാർ ജേക്കബിനെയും നിയമിച്ചു.

1997 ജനു 6 – എറണാകുളം-അങ്കമാലി മേജർ ആർക്കി എപ്പിസ്കോപ്പൽ അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും അക്രീദയുടെ സ്ഥാനിക മെത്രാപ്പോലീത്തയുമായ ഫാ. വർക്കി വിതയത്തിലിനെ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു.

1997 ജനു 18 – സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് കർദിനാൾ ആന്റണി പടിയറ തൽസ്ഥാനത്തുനിന്നു വിരമിച്ചു. വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത എറണാകുളം-അങ്കമാലി അതിരൂപതയുടെയും സീറോ മലബാർ സഭയുടെയും അപ്പസ്തോലിക അഡ്മിനിസ്ട്രേറ്ററായി സ്ഥാനമേറ്റു.

1997 ജനു 26 – മാനന്തവാടി രൂപതയുടെ മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവേലിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1997 ഫെബ്രു 1 – പാലക്കാടു രൂപതയുടെ മെത്രാനായി മനത്തോടത്ത് മാർ ജേക്കബ് സ്ഥാനമേറ്റു.

1997 ഫെബ്രു 2 – തക്കല രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ ആലഞ്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

www.malankaralibrary.com

1997 ഫെബ്രു 8 – കല്യാൺ രൂപതയുടെ മെത്രാൻ ഇലവനാൽ മാർ തോമസിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1997 ഫെബ്രു 13 – താമരശ്ശേരി രൂപതയുടെ മെത്രാനായി ചിറ്റിലപ്പിള്ളി മാർ പോൾ സ്ഥാനമേറ്റു.

1997 ഫെബ്രു 15 – തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫ് അതിരൂപതാഭരണത്തിൽനിന്നു വിരമിച്ചു.

1997 ഫെബ്രു 15 – തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി തൂങ്കുഴി മാർ ജേക്കബ് സ്ഥാനമേറ്റു.

1997 ഏപ്രിൽ 19 – അപ്പസ്തോലിക അഡ്മിനിസ്ട്രേറ്റർ വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്ത, അക്രീദയ്ക്കു പകരം അന്തീനോയുടെ സ്ഥാനിക മെത്രാപ്പോലീത്ത ആയിരിക്കുമെന്ന് റോമിൽനിന്ന് അറിയിച്ചു.

1997 ആഗസ്റ്റ് 23 – പാലക്കാട് രൂപതയുടെ പ്രഥമ മെത്രാൻ ഇരിമ്പൻ മാർ ജോസഫ് നിര്യാതനായി.

1998 ജനുവരി 19 – ആരാധനക്രമം സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നതിന് സിനഡിന് അധികാരം നല്കിക്കൊണ്ടുള്ള മാർപാപ്പയുടെ തീരുമാനം ഔദ്യോഗികമായി പരസ്യപ്പെടുത്തി.

1998 ജനുവരി 26 – സീറോ-മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ആന്റണി പടിയറയെ ഭാരത ഗവൺമെന്റ് “പത്മശ്രീ” നല്കി ആദരിച്ചു.

1998 ഫെബ്രുവരി 17 – എറണാകുളം അതിരൂപതയുടെ സഹായമെത്രാനായി ഫാ. തോമസ് ചക്യത്ത് നിയമിതനായി.

1998 മാർച്ച് 19–20 – സീറോ-മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VI (1998) (രണ്ടാം സമ്മേളനം)

1998 മാർച്ച് 27 – സീറോ-മലബാർ സഭയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ വർക്കി പിതാവ് സി.ബി.സി.ഐ.യുടെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

1998 ഏപ്രിൽ 14 – എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ചക്യത്ത് മാർ തോമസിന്റെ മെത്രാഭിഷേകം.

1998 ഏപ്രിൽ 19–മേയ് 14 – റോമിൽവച്ചു നടന്ന ഏഷ്യൻ സിനഡിൽ വിതയത്തിൽ മാർ വർക്കി, പവ്വത്തിൽ മാർ ജോസഫ്, കുന്നശ്ശേരി മാർ കുര്യാക്കോസ്, പുന്നക്കോട്ടിൽ മാർ ജോർജ്ജ്, മുണ്ടാടൻ മാർ ഗ്രേഷ്യൻ, മനത്തോടത്ത് മാർ ജേക്കബ് എന്നീ മെത്രാന്മാർ സംബന്ധിച്ചു.

www.malankaralibrary.com

1998 ഏപ്രിൽ 26 – തൃശൂർ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത കുണ്ടുകുളം മാർ ജോസഫ് നിര്യാതനായി.

1998 ജൂൺ 5 – ഉജ്ജെയിൻ രൂപതയുടെ മെത്രാനായി ഫാ. സെബാസ്റ്റ്യൻ വടക്കേൽ MST നിയമിതനായി.

1998 ജൂലൈ 3 – കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പുതുതായി നിർമ്മിച്ച മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിന്റെ വെഞ്ചെരിപ്പും ഉദ്ഘാടനവും.

1998 സെപ്തംബർ 8 – ഉജ്ജെയിൻ രൂപതയുടെ മെത്രാൻ വടക്കേൽ മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

1998 നവംബർ 3–14 – സീറോ–മലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം VI (1998) (മൂന്നാം സമ്മേളനം)

1998 നവംബർ 9–12 – സീറോ–മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

1998 ഡിസംബർ 8 – ഫാ. മാത്യു മൂലക്കാട്ട് കോട്ടയം രൂപതയുടെ സഹായ മെത്രാനായി നിയമിതനായി.

1999 ജനുവരി 6 – കോട്ടയം രൂപതയുടെ സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു മെത്രാന്റെ അഭിഷേകം. (റോം)

1999 മേയ് 26 – പുതുതായി സ്ഥാപിച്ച ബെൽത്തങ്ങാടി രൂപതയുടെ മെത്രാനായി ഫാ. ലോറൻസ് മുക്കുഴി നിയമിതനായി.

1999 ജൂൺ 19 – ആർച്ചുബിഷപ്പ് ലൊറെൻസോ ബാൽദിസ്സേരി ഇന്ത്യയിലെ വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായി.

1999 ജൂലൈ 16 – പുതുതായി സ്ഥാപിച്ച അദിലാബാദ് രൂപതയുടെ മെത്രാനായി ഫാ. ജോസഫ് കുന്നത്ത് സി.എം.ഐ. നിയമിതനായി.

1999 ആഗസ്റ്റ് 4 – ബെൽത്തങ്ങാടി രൂപതയുടെ ഉദ്ഘാടനവും പ്രഥമ മെത്രാൻ മുക്കുഴി മാർ ലോറൻസിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

1999 ആഗസ്റ്റ് 24 – എറണാകുളം അതിരൂപതാംഗമായ മോൺ. ജോസഫ് ചേന്നോത്ത് മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 ഒക്ടോബർ 6 – അദിലാബാദ് രൂപതയുടെ ഉദ്ഘാടനവും അതിന്റെ പ്രഥമ മെത്രാൻ കുന്നത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകവും സ്ഥാനാരോഹണവും.

www.malankaralibrary.com

1999 ഒക്ടോബർ 30 – വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ ചേന്നോത്ത് മാർ ജോസഫിന്റെ മെത്രാഭിഷേകം (റോം).

1999 നവംബർ 5–8 – ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ രണ്ടാമത്തെ ഭാരതസന്ദർശനം. ഡൽഹി സന്ദർശിച്ച മാർപാപ്പ റോമിൽവച്ചുനടന്ന ഏഷ്യയ്ക്കുവേണ്ടിയുള്ള സിനഡിന്റെ പ്രബോധനരേഖ (Ecclesia in Asia) ഔദ്യോഗികമായി പ്രസിദ്ധംചെയ്തു.

1999 നവംബർ 12–14 – മൗണ്ട് സെന്റ് തോമസിൽവച്ച് സീറോ മലബാർ സഭയുടെ മിഷൻ അസംബ്ലി സമ്മേളിച്ചു.

1999 ഡിസംബർ 4 – ഇരിങ്ങാലക്കുട രൂപതാംഗമായ മോൺ ജോർജ്ജ് പാനികുളം മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

1999 ഡിസംബർ 23 – വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയെ സീറോമലബാർ സഭയുടെ ശ്രേഷ്ഠമെത്രാപ്പോലീത്തയായും എറണാകുളം–അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായും നിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ ഡിസംബർ 18–ാം തിയതിയിലെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

1999 ഡിസംബർ 23 – സത്ന രൂപതയുടെ മെത്രാനായി ഫാ. മാത്യു വാണിയക്കിഴക്കേൽ V.C. നിയമിതനായി.

2000 ജനുവരി 6 – വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ പാനികുളം മാർ ജോർജ്ജിന്റെ മെത്രാഭിഷേകം (റോം)

2000 ജനുവരി 26 – സീറോ മലബാർ സഭയുടെ രണ്ടാമത്ത മേജർ ആർച്ചുബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണം.

2000 മാർച്ച് 19 – മഹാജൂബിലി പ്രമാണിച്ചുള്ള സീറോമലബാർ സഭാദിനം റോമിൽ ആചരിച്ചു. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയ്ക്ക് ആശംസകൾ നേർന്നു.

2000 മാർച്ച് 23 – സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദിനാൾ പടിയറ മാർ ആന്റണി ദിവംഗതനായി.

2000 ഏപ്രിൽ 9 – തിരുക്കുടുംബസന്യാസിനീസഭാസ്ഥാപകയായ മദർ മറിയം ത്രേസ്യയെ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2000 ഏപ്രിൽ 12 – സത്ന രൂപതയുടെ മെത്രാൻ വാണിയക്കിഴക്കേൽ മാർ മാത്യുവിന്റെ അഭിഷേകം.

2000 ജൂൺ 10 – ചങ്ങനാശ്ശേരി അതിരൂപതാംഗമായ മോൺ ജോർജ്ജ് കോച്ചേരി മെത്രാപ്പോലീത്തയായും വത്തിക്കാൻ നുൺഷ്യോ ആയും നിയമിക്കപ്പെട്ടു.

www.malankaralibrary.com

2000 ആഗസ്റ്റ് 21 – വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ കോച്ചേരി മാർ ജോർജ്ജിന്റെ മെത്രാഭിഷേകം.

2000 നവംബർ 10–12 – മഹാജൂബിലിയുടെ കേരളതലസമാപനം മൂന്നു റീത്തുകളുടെയും സംയുക്താഭിമുഖ്യത്തിൽ ദിവ്യകാരുണ്യകോൺഗ്രസ്സോടെ നടന്നു (എറണാകുളം)

2000 നവംബർ 25 – റോമിലെ പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്റ്റായി അന്ത്യോക്യ കത്തോലിക്ക പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ പ്രഥമൻ ദാവൂദിനെ മാർപാപ്പ നിയമിച്ചു.

2001 ജനുവരി 19 – കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ വട്ടക്കുഴി മാർ മാത്യു രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2001 ജനുവരി 19 – കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാനായി ഫാ. മാത്യു അറയ്ക്കൽ നിയമിതനായി.

2001 ജനുവരി 21 – മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി കർദിനാളായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

2001 ഫെബ്രുവരി 9 – കാഞ്ഞിരപ്പിള്ളി രൂപതയുടെ മെത്രാൻ അറയ്ക്കൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

2001 ഫെബ്രുവരി 21 – മേജർ ആർച്ചുബിഷപ് വിതയത്തിൽ മാർ വർക്കി റോമിൽവച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽനിന്ന് കർദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

2001 മാർച്ച് 13 – അമേരിക്കയിൽ ചിക്കാഗോ ആസ്ഥാനമാക്കി സെന്റ് തോമസ് സീറോ-മലബാർ രൂപതയുടെ സ്ഥാപനം. രൂപതയുടെ പ്രഥമമെത്രാനായി ഫാ. ജേക്കബ് അങ്ങാടിയത്ത് നിയമിതനായി. കാനഡയിലെ സീറോ മലബാർ കത്തോലിക്കരുടെ സ്ഥിരം അപ്പസ്തോലികസന്ദർശകനായും മാർപാപ്പ അദ്ദേഹത്തെ നിയമിച്ചു.

2001 ജൂലൈ 1 – അമേരിക്കയിലെ സെന്റ് തോമസ് രൂപതയുടെ പ്രഥമ മെത്രാൻ അങ്ങാടിയത്ത് മാർ ജേക്കബിന്റെ അഭിഷേകം (ചിക്കാഗോ).

2002 ഫെബ്രുവരി 4 – എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായി ഫാ. സെബാസ്റ്റ്യൻ എടയന്ത്രത്ത് നിയമിതനായി.

2002 ഏപ്രിൽ 20 – എറണാകുളം-അങ്കമാലി അതിരൂപതയുടെ സഹായമെത്രാൻ എടയന്ത്രത്ത് മാർ സെബാസ്റ്റ്യന്റെ മെത്രാഭിഷേകം.

2002 ഏപ്രിൽ 24 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി ഫാ. ജോസഫ് പെരുന്തോട്ടം നിയമിതനായി.

2002 മേയ് 20 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ പെരുന്തോട്ടം മാർ ജോസഫിന്റെ മെത്രാഭിഷേകം.

www.malankaralibrary.com

2002 നവംബർ 15–17 – മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1950–ാം വാർഷികവും വി. ഫ്രാൻസിസ് സേവ്യറിന്റെ ചരമത്തിന്റെ 450–ാം വാർഷികവും സി.ബി.സി.ഐ.യുടെ ആഭിമുഖ്യത്തിൽ എറണാകുള ത്തുവച്ച് നടന്നു. സമാപനസമ്മേളനത്തിൽ രാഷ്ട്രപതി ശ്രീ അബ്ദുൾ കലാം സംബന്ധിച്ചു.

2002 ഡിസംബർ 19 – കോതമംഗലം രൂപത വിഭജിച്ച് ഇടുക്കി രൂപതയുടെ സ്ഥാപനം. പ്രഥമ മെത്രാനായി ഫാ. മാത്യു ആനിക്കുഴിക്കാട്ടിൽ നിയമിതനായി.

2003 ഫെബ്രുവരി 8 – ആർച്ചുബിഷപ്പ് പേദ്രോ ലോപ്പസ് ക്വിന്താനാ ഇന്ത്യ യിലെ അപ്പസ്തോലിക് നുൺഷ്യോ ആയി നിയമിതനായി.

2003 മാർച്ച് 2 – ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവിന്റെ അഭിഷേകം.

2003 ഏപ്രിൽ 6 – മാനന്തവാടി മെത്രാൻ പോത്തനാമുഴി മാർ എമ്മാനുവലിന്റെ ചരമം.

2003 ഏപ്രിൽ 21 – മാനന്തവാടി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായി മോൺ. ജോർജ്ജ് ഞരളക്കാട്ട് നിയമിതനായി.

2003 മേയ് 1–15 – സീറോമലബാർ മെത്രാന്മാരുടെ 'ആദ് ലീമിന' സന്ദർശനം

2003 ആഗസ്റ്റ് 29 – സഹായമെത്രാൻ മൂലക്കാട്ട് മാർ മാത്യു കോട്ടയം രൂപത യുടെ 'കോഅഡ്ജുത്തൂർ' ആയി നിയമിതനായി.

2003 ഒക്ടോബർ 19 – മിഷനറീസ് ഓഫ് ചാരിറ്റീസ് സന്യാസസമൂഹത്തിന്റെ സ്ഥാപക മദർ തെരേസയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു (റോം).

2004 ജനുവരി 3 – മെത്രാന്മാരെ തിരഞ്ഞെടുക്കുന്നതു സംബന്ധമായ തീരു മാനങ്ങൾ എടുക്കുന്നതിനുള്ള അധികാരം സിനഡിനു നല്കിക്കൊ ണ്ടുള്ള മാർപാപ്പയുടെ തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിച്ചു.

2004 ജനുവരി 7 – റോമിലെ പൗരസ്ത്യസഭാകാര്യാലയത്തിന്റെ പ്രീഫെക്ട് പാത്രി യാർക്കീസ് മാർ ഇഗ്നാത്തിയോസ് മൂസ കാർഡിനൽ ദാവൂദ് ഇന്ത്യയിലെ കത്തോലിക്കാമെത്രാന്മാരുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു. (തൃശൂർ)

2004 ഫെബ്രുവരി 11 – മലയാറ്റൂർ മാർത്തോമാ കുരിശുമുടി അന്താരാഷ്ട്ര തീർത്ഥാടനകേന്ദ്രമായി മാർപാപ്പ പ്രഖ്യാപിച്ചു.

2004 മാർച്ച് 18 – പാലാ രൂപതാദ്ധ്യക്ഷനായി ഫാ. ജോസഫ് കല്ലറങ്ങാട്ടിനെയും മാനന്തവാടി രൂപതാദ്ധ്യക്ഷനായി ഫാ. ജോസ് പൊരുന്നേടത്തിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി മോൺ. ആൻഡ്രൂസ് താഴത്തിനെയും മാർപാപ്പ നിയമിച്ചു. പാലാ രൂപതയുടെ മെത്രാൻ പള്ളിക്കാപ്പറമ്പിൽ മാർ ജോസഫ് രൂപതാഭരണത്തിൽനിന്നു വിരമിച്ചു

www.malankaralibrary.com

2004 മേയ് 1 – തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ താഴത്ത് മാർ ആൻഡ്രൂസിന്റെ അഭിഷേകം.

2004 മേയ് 2 – പാലാ രൂപതയുടെ മെത്രാൻ കല്ലറങ്ങാട്ട് മാർ ജോസഫിന്റെ മെത്രാഭിഷേകം.

2004 മേയ് 15 – മാനന്തവാടി രൂപതയുടെ മെത്രാൻ പൊരുന്നേടം മാർ ജോസിന്റെ മെത്രാഭിഷേകം.

2004 നവം. 25 – സീറോമലബാർ സഭയുടെ ദ്വിതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

2004 ഡിസംബർ 1 – സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത ശിശുക്കളുടെ മാമ്മോദീസയും തൈലാഭിഷേകവും (സ്ഥൈര്യ ലേപനവും), മുതിർന്നവരുടെ മാമ്മോദീസയും തൈലാ ഭിഷേകവും (സ്ഥൈര്യ ലേപനവും), അനുരഞ്ജനകൂദാശ, വിവാഹം, രോഗിലേപനം എന്നിവയുടെ ക്രമങ്ങളും മേജർ ആർച്ചുബിഷപ്പ് മാർ വർക്കി വിതയത്തിൽ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തി.

2005 ജനുവരി 6 – 2004 ഡിസംബർ 1–ാം തീയതി പ്രസിദ്ധപ്പെടുത്തിയ കൂദാശ കളുടെ പുതിയ ക്രമം പ്രാബല്യത്തിൽ വന്നു.

2005 ജനുവരി 10 – സീറോ മലങ്കര സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി. ആർച്ചുബിഷപ് സിറിൽ മാർ ബസേലിയൂസിനെ പ്രഥമ മേജർ ആർച്ചുബിഷപ്പായി നിയമിച്ചു.

2005 ഏപ്രിൽ 2 – ജോൺ പോൾ രണ്ടാമൻ മാർപാപ്പ ദിവംഗതനായി.

2005 ഏപ്രിൽ 19 – ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ തിരഞ്ഞെടുപ്പ്. മേജർ ആർച്ചുബിഷപ്പ് കർദിനാൾ വർക്കി വിതയത്തിൽ കോൺക്ലേവിൽ പങ്കെടുത്തു.

2005 ഏപ്രിൽ 24 – ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണം.

2005 മേയ് 9 – കോട്ടയം രൂപതയെ അതിരൂപതയായും ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരിയെ അതിരൂപതാദ്ധ്യക്ഷനായും മേജർ ആർച്ചുബിഷപ്പ് കർദിനാൾ വർക്കി വിതയത്തിൽ ഉയർത്തി.

2005 ജൂൺ 3 – കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി മാർ കുര്യാക്കോസ് കുന്നശ്ശേരി സ്ഥാനമേറ്റു.

2005 നവംബർ 1 – സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കു കയും ചെയ്ത പ്രോപ്രിയ (വി. കുർബാനയിലെ മാറിവരുന്ന പ്രാർത്ഥ നകൾ) മേജർ ആർച്ചുബിഷപ്പ് ad experimentum പ്രസിദ്ധപ്പെടുത്തി.

www.malankaralibrary.com

2005 ഡിസംബർ 5 – കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മാർ കുര്യാക്കോസ് കുന്നശ്ശേരി അതിരൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2005 ഡിസംബർ 5 – കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്തയായി മൂലക്കാട്ട് മാർ മാത്യു നിയമിതനായി.

2006 ജനുവരി 14 – കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത മൂലക്കാട്ട് മാർ മാത്യുവിന്റെ സ്ഥാനാരോഹണം.

2006 ഫെബ്രുവരി 2 – സാഗർ രൂപതയുടെ മെത്രാൻ നീലങ്കാവിൽ മാർ ജോസഫ് പാസ്റ്റർ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2006 ഫെബ്രുവരി 2 – സാഗർ രൂപതയുടെ മെത്രാനായി മോൺ. ആന്റണി ചിറയത്ത് നിയമിതനായി.

2006 മാർച്ച് 25 – സാഗർ രൂപതയുടെ മെത്രാൻ ചിറയത്ത് മാർ ആന്റണിയുടെ അഭിഷേകം.

2006 മാർച്ച് 19 – സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

2006 ഏപ്രിൽ 4 – തലശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെ ചരമം.

2006 ഏപ്രിൽ 30 – ദൈവദാസൻ കുഞ്ഞച്ചൻ തേവർപറമ്പിലിനെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു.

2006 ജൂൺ 1 – സീറോമലബാർ സഭയുടെ മതബോധന പാഠാവലി 1–9 ക്ലാസ്സുകൾ പ്രസിദ്ധീകരിച്ചു.

2006 ജൂലൈ 15 – ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ കോക്കാട്ട് മാർ ഡൊമിനിക്ക് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2006 ജൂലൈ 15 – ഗൊരഖ്പൂർ രൂപതയുടെ മെത്രാനായി ഫാ. തോമസ് തുരുത്തിമറ്റം നിയമിതനായി.

2006 ആഗസ്റ്റ് 18–21 – സീറോമലബാർ പ്രവാസി സമ്മേളനം.

2006 സെപ്തംബർ 21 – ഫാ. ജോസ് പണ്ടാരശ്ശേരി കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി നിയമിതനായി.

2006 ഒക്ടോബർ 1 – ഗൊരഖ്പൂർ രൂപതയുടെ മെത്രാൻ തുരുത്തിമറ്റം മാർ തോമസിന്റെ അഭിഷേകം.

2006 ഒക്ടോബർ 28 – കോട്ടയം അതിരൂപതയുടെ സഹായമെത്രാൻ പണ്ടാരശ്ശേരി മാർ ജോസ് മെത്രാന്റെ അഭിഷേകം.

www.malankaralibrary.com

2006 ഡിസംബർ 3 – ദൈവദാസി സി. എവുപ്രാസിയയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

2007 ജനുവരി 26 – തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത തൂങ്കുഴി മാർ ജേക്കബ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പവ്വത്തിൽ മാർ ജോസഫ് എന്നിവർ അതിരൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2007 ജനുവരി 26 – തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയായി താഴത്ത് മാർ ആൻഡ്രൂസ്, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പെരുന്തോട്ടം മാർ ജോസഫ് എന്നിവർ നിയമിതരായി.

2007 ഫെബ്രുവരി 2 – സീറോമലബാർസഭയുടെ അനുതാപശുശ്രൂഷാക്രമം പ്രസിദ്ധീകരിച്ചു.

2007 മാർച്ച് 18 – തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത താഴത്ത് മാർ ആൻഡ്രൂസിന്റെ സ്ഥാനാരോഹണം.

2007 മാർച്ച് 19 – ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത പെരുന്തോട്ടം മാർ ജോസഫിന്റെ സ്ഥാനാരോഹണം.

2007 ജൂൺ 1 – സീറോമലബാർ സഭയുടെ മതബോധന പാഠാവലി X പ്രസിദ്ധീകരിച്ചു.

2007 ആഗസ്റ്റ് 15 – സീറോമലബാർ സഭയുടെ വൈദീക പരിശീലന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു.

2007 ആഗസ്റ്റ് 15 – സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത കാറോയ, ഹെവുപ്പദ്യാക്ക്ന, മ്ശംമ്ശാന, എന്നീ പട്ടങ്ങൾ, പുരോഹിതപട്ടം, മെത്രാഭിഷേകം, മെത്രാന്റെ/മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണം, അഭിഷേകതൈലത്തിന്റെ (വിശുദ്ധ മൂറോന്റെ) കൂദാശക്രമം എന്നിവ മേജർ ആർച്ചുബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

2007 ആഗസ്റ്റ് 21 – മാനന്തവാടി രൂപതയെ വിഭജിച്ച് ഭദ്രാവതി രൂപത സ്ഥാപിച്ചു. രൂപതാദ്ധ്യക്ഷനായി ഫാ. അരുമച്ചാടത്ത് ജോസഫിനെ നിയമിച്ചു.

2007 ഒക്ടോബർ 25 – ഭദ്രാവതി രൂപതയുടെ മെത്രാൻ അരുമച്ചാടത്ത് മാർ ജോസഫിന്റെ അഭിഷേകം.

2008 ഫെബ്രുവരി 20 – സി.ബി.സി.ഐ.യുടെ പ്രസിഡന്റായി മേജർ ആർച്ച് ബിഷപ്പ് വർക്കി കർദിനാൾ വിതയത്തിലിനെ തിരഞ്ഞെടുത്തു.

2008 ജൂൺ 1 – സീറോമലബാർ സഭയുടെ മതബോധന പാഠാവലി XI പ്രസിദ്ധീകരിച്ചു.

2008 ഒക്ടോബർ 12 – വാഴ്ത്തപ്പെട്ട സി. അൽഫോൻസായെ വിശുദ്ധയായി പ്രഖ്യാപിച്ചു. (റോം)

www.malankaralibrary.com

2008 നവംബർ 6-9 - റോമിലെ പൗരസ്ത്യസഭകൾക്കായുള്ള പൊന്തിഫിക്കൽ കോൺഗ്രിഗേഷന്റെ പ്രീഫെക്ട് കർദിനാൾ ലെയൊനാർദോ സാന്ദ്രി കേരളത്തിലെ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും തുടർന്ന് ഭരണങ്ങാനത്ത് വി. അൽഫോൻസായുടെ നാമകരണത്തോടനുബന്ധിച്ചുള്ള പൊതു സമ്മേളനത്തിൽ പങ്കെടുക്കുകയും കബറിടം വണങ്ങുകയും ചെയ്തു.

2009 ജൂൺ 1 – സീറോമലബാർ സഭയുടെ മതബോധന പാഠാവലി XII പ്രസിദ്ധീകരിച്ചു.

2009 ജൂൺ 24 - അങ്കമാലി സെന്റ് ജോർജ്ജ് ഇടവകദേവാലയം മൈനർ ബസലിക്കയായി മാർപാപ്പ പ്രഖ്യാപിച്ചു.

2009 ആഗസ്റ്റ് 6 - സിനഡ് അന്തിമരൂപം നല്കുകയും റോം അംഗീകരിക്കുകയും ചെയ്ത സീറോമലബാർസഭയുടെ ആരാധനക്രമത്തിലെ പിറവിത്തിരുനാൾ,

വലിയ നോമ്പാരംഭത്തിലെ അനുതാപശുശ്രൂഷ (വിഭൂതി), ഓശാനഞായർ, പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി, ഉയിർപ്പുതിരുനാൾ എന്നീ ദിവസങ്ങളിലെ പ്രത്യേകക്രമങ്ങൾ മേജർ ആർച്ച് ബിഷപ്പ് പ്രസിദ്ധപ്പെടുത്തി.

2009 ആഗസ്റ്റ് 13-15 - സീറോ മലബാർ അല്മായ അസംബ്ലി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്നു.

2009 ആഗസ്റ്റ് 14 – ബിജ്നോർ രൂപതയുടെ മെത്രാൻ മുണ്ടാടൻ മാർ ഗ്രേഷ്യൻ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2009 ആഗസ്റ്റ് 14 – ബിജ്നോർ രൂപതയുടെ പുതിയ മെത്രാനായി ഫാ. ജോൺ വടക്കേൽ സി.എം.ഐ. യെ നിയമിച്ചു.

2009 ആഗസ്റ്റ് 23 - വി. അൽഫോൻസായുടെ ചിത്രം ആലേഖനം ചെയ്ത നാണയം പുറത്തിറക്കി.

2009 ഒക്ടോബർ 14-18 – ആദ്യത്തെ മിഷൻ കോൺഗ്രസ്സ് ബോംബയിൽവച്ച് നടന്നു.

2009 ഒക്ടോബർ 22 – ബിജ്നോർ രൂപതയുടെ മെത്രാൻ ഫാ. ജോൺ വടക്കേൽ സി.എം.ഐ. യുടെ സ്ഥാനാരോഹണം.

2010 ജനുവരി 18 – സീറോ മലബാർ മേജർആർക്കിഎപ്പിസ്കോപ്പൽ കൂരിയായുടെ പ്രഥമ മെത്രാനായി പുത്തൂർ മാർ ബോസ്കോയെയും മാണ്ഡ്യ രൂപതയുടെ പ്രഥമ മെത്രാനായി ഞരളക്കാട്ട് മാർ ജോർജ്ജിനെയും താമരശ്ശേരി രൂപതയുടെ മെത്രാനായി ഇഞ്ചനാനിയിൽ മാർ റെമീജിയൂസിനെയും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാനായി കണ്ണൂക്കാടൻ മാർ പോളിയെയും രാമനാഥപുരം രൂപതയുടെ പ്രഥമ മെത്രാനായി ആലപ്പാട്ട് മാർ പോളിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി തട്ടിൽ മാർ റാഫേലിനെയും നിയമിച്ചു.

www.malankaralibrary.com

2010 ഫെബ്രുവരി 13 – കൂരിയ മെത്രാൻ പുത്തൂർ മാർ ബോസ്കോയുടെ അഭിഷേകം.

2010 ഏപ്രിൽ 7 – പുതുതായി സ്ഥാപിച്ച മണ്ഡ്യ രൂപതയുടെ മെത്രാൻ ഞരളക്കാട്ട് മാർ ജോർജ്ജിന്റെ അഭിഷേകം.

2010 ഏപ്രിൽ 8 – താമരശ്ശേരി രൂപതയുടെ മെത്രാൻ ചിറ്റിലപ്പിള്ളി മാർ പോൾ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2010 ഏപ്രിൽ 8 – താമരശ്ശേരി രൂപതയുടെ മെത്രാൻ ഇഞ്ചനാനിയിൽ മാർ റെമീജിയൂസിന്റെ അഭിഷേകം.

2010 ഏപ്രിൽ 10 – തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ തട്ടിൽ മാർ റാഫേലിന്റെ അഭിഷേകം.

2010 ഏപ്രിൽ 11 – പുതുതായി സ്ഥാപിച്ച രാമനാഥപുരം രൂപതയുടെ മെത്രാൻ ആലപ്പാട്ട് മാർ പോളിന്റെ അഭിഷേകം.

2010 ഏപ്രിൽ 18 – ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ പഴയാറ്റിൽ മാർ ജെയിംസ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2010 ഏപ്രിൽ 18 – ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ കണ്ണൂക്കാടൻ മാർ പോളിയുടെ അഭിഷേകം.

2010 ജൂലൈ 16 – രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ കരോട്ടെമ്പ്രേയിൽ മാർ ഗ്രിഗറി രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2010 ആഗസ്റ്റ് 19–22 – തൃതീയ സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലി മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ചു.

2010 സെപ്തംബർ 11 – രാജ്ക്കോട്ട് രൂപതയുടെ മെത്രാൻ ചിറ്റൂപ്പറമ്പിൽ മാർ ജോസിന്റെ അഭിഷേകം.

2011 ഏപ്രിൽ 1 – മേജർ ആർച്ച്ബിഷപ്പ് വിതയത്തിൽ മാർ വർക്കി മെത്രാപ്പോലീത്താ ദിവംഗതനായി.

2011 മെയ് 26 – സീറോ മലബാർ സഭാസിനഡ് തെരഞ്ഞെടുത്ത തക്കല രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് ആലഞ്ചേരിയെ മേജർആർച്ചുബിഷപ്പായി വത്തിക്കാനിലും മൗണ്ട് സെന്റ് തോമസിലും പ്രഖ്യാപിച്ചു.

2011 മെയ് 29 – മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം.

2011 ജൂൺ 18 – ഉജ്ജയിൻ രൂപതയുടെ പ്രഥമമെത്രാൻ പെരുമറ്റം മാർ ജോൺ നിര്യാതനായി.

www.malankaralibrary.com

2011 ആഗസ്റ്റ് 15 – സീറോമലബാർ സഭയുടെ പ്രേഷിതവർഷോദ്ഘാടനം.

2011 ആഗസ്റ്റ് 21 – പ്രേഷിതവർഷാചരണത്തിന്റെ ഔപചാരിക ഉദ്ഘാടനം സിനഡുപിതാക്കന്മാരുടെ സാന്നിധ്യത്തിൽ മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ കൊടുങ്ങല്ലൂരിൽ നിർവഹിച്ചു.

2012 ജനുവരി 6 – മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ കർദിനാളായി നാമനിർദേശം ചെയ്യപ്പെട്ടു.

2012 ഫെബ്രുവരി 18 – മേജർ ആർച്ചുബിഷപ്പ് ആലഞ്ചേരി മാർ ജോർജ്ജ് മെത്രാപ്പോലീത്താ റോമിൽ വച്ച് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയിൽ നിന്ന് കർദിനാളിന്റെ ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ സ്വീകരിച്ചു.

2012 മാർച്ച് 6 – ഡൽഹിയിലെ ഫരീദബാദ് ആസ്ഥാനമാക്കി സീറോ-മലബാർ രൂപതയുടെ സ്ഥാപനം. രൂപതയുടെ പ്രഥമ മെത്രാനായി ഭരണികുളങ്ങര മാർ കുര്യാക്കോസ് നിയമിതനായി.

2012 മെയ് 26 – ഫരീദബാദ് രൂപതയുടെ പ്രഥമ ആർച്ച്ബിഷപ്പ് ഭരണികുളങ്ങര മാർ കുര്യാക്കോസിന്റെ അഭിഷേകം.

2012 ആഗസ്റ്റ് 20- Sept 1 – സീറോമലബാർ മെത്രാന്മാരുടെ സിനഡുസമ്മേളനം XX. മാർ തെയദോറിന്റെ കൂദാശക്രമത്തിന് സിനഡ് അംഗീകാരം നല്കി.

2012 ആഗസ്റ്റ് 15 – സീറോമലബാർ പ്രേഷിതവർഷ സമാപനം.

2012 ആഗസ്റ്റ് 23 – പാലാ രൂപതയുടെ സഹായമെത്രാനായി ഫാ. ജേക്കബ് മുരിക്കനെ നിയമിച്ചു.

2012 ആഗസ്റ്റ് 23 – തക്കല രൂപതയുടെ മെത്രാനായി ഫാ. ജോർജ്ജ് രാജേന്ദ്രനെ നിയമിച്ചു.

2012 സെപ്തംബർ 10 – എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാൻ ചക്യത്ത് മാർ തോമസ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2012 സെപ്തംബർ 16 – തക്കല രൂപതയുടെ മെത്രാൻ മാർ ജോർജ്ജ് രാജേന്ദ്രന്റെ അഭിഷേകം

2012 ഒക്ടോബർ 1 – പാലാ രൂപതയുടെ സഹായമെത്രാനായ മുരിക്കൻ മാർ ജേക്കബിന്റെ അഭിഷേകം.

2012 ഒക്ടോബർ 11 – ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ റോമിൽ വിശ്വാസവർഷം ഉദ്ഘാടനം ചെയ്തു.

2012 ഡിസംബർ 15 – മാർ തെയദോറിന്റെ കൂദാശ (അനാഫൊറ) സീറോ മലബാർ കുർബാനയിൽ പരീക്ഷണാർത്ഥം ഉപയോഗിക്കുവാൻ പരിശുദ്ധ സിംഹാസനം അംഗീകാരം നൽകി.

www.malankaralibrary.com

2013 ജനുവരി 9 – കോതമംഗലം രൂപതയുടെ മെത്രാനായി ഫാ. മഠത്തിക്കണ്ടത്തിൽ ജോർജ്ജിനെ നിയമിച്ചു.

2013 ജനുവരി 10 – കോതമംഗലം രൂപതയുടെ മെത്രാൻ പുന്നക്കോട്ടിൽ മാർ ജോർജ്ജ് രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

2013 ഫെബ്രുവരി 9 – കോതമംഗലം രൂപതയുടെ മെത്രാൻ മഠത്തിക്കണ്ടത്തിൽ മാർ ജോർജ്ജിന്റെ അഭിഷേകം

2013 ഫെബ്രുവരി 28 – ബനഡിക്ട് പതിനാറാമൻ മാർപാപ്പ സ്ഥാനമൊഴിഞ്ഞു.

2013 മാർച്ച് 13 – കർദിനാൾ ജോർജ്ജ് മാരിയോ ബർഗോളിയോ പുതിയ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു. ഫ്രാൻസിസ് എന്ന നാമധേയം സ്വീകരിച്ചു.

2013 ജൂലൈ 16 – ജഗദൽപൂർ രൂപതയുടെ മെത്രാനായി ഫാ. കൊല്ലംപറമ്പിൽ ജോസഫ് സി. എം. ഐ നിയമിതനായി

2013 ജൂലൈ 16 – ജഗദൽപൂർ രൂപതയുടെ മെത്രാൻ പാലാത്തറ മാർ സൈമൺ സ്റ്റോക്ക് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2013 ജൂലൈ 27 – സീറോമലബാർ സഭയുടെ ദേവാലയകൂദാശ, ദപ്പയുടെ കൂദാശ, ദേവാലയ പുന:കൂദാശ എന്നീ ആരാധനക്രമങ്ങൾക്ക് പരിശുദ്ധ സിംഹാസനം പരീക്ഷണാർത്ഥം അംഗീകാരം നൽകി.

2013 ഓഗസ്റ്റ് 29 – സീറോമലബാർ ആരാധനക്രമത്തിന്റെ പ്രഘോഷണഗ്രന്ഥങ്ങൾക്ക് (Lectionaries) സീറോ മലബാർ സിനഡ് അംഗീകാരം നൽകി.

2013 ഓഗസ്റ്റ് 29 – മെത്രാന്റെയും മെത്രാപ്പോലീത്തായുടെയും സ്ഥാനാരോഹണത്തിന്റെ നവീകരിച്ച ക്രമത്തിന് സീറോമലബാർ സിനഡ് അംഗീകാരം നൽകി.

2013 ഓഗസ്റ്റ് 30 – എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായി പുത്തൻവീട്ടിൽ ഫാ. ജോസിനെ നിയമിച്ചു.

2013 സെപ്റ്റംബർ 17 – ജഗദൽപൂർ രൂപതയുടെ മെത്രാൻ കൊല്ലംപറമ്പിലിൽ മാർ ജോസഫ് സി. എം.ഐ യുടെ അഭിഷേകം.

2013 സെപ്റ്റംബർ 21 – എറണാകുളം അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായ പുത്തൻവീട്ടിൽ മാർ ജോസിന്റെ അഭിഷേകം.

2014 ഫെബ്രുവരി 26 – തട്ടിൽ മാർ റാഫേൽ മെത്രാൻ അപ്പസ്തോലിക് വിസിറ്റേറ്ററുടെ ശുശ്രൂഷ ഏറ്റെടുത്തു.

2014 ജനുവരി 11 – ആസ്ത്രേലിയയിലെ സീറോ-മലബാർ മെൽബൺ രൂപതാ മെത്രാനായി പുത്തൂർ മാർ ബോസ്കോ നിയമിതനായി.

www.malankaralibrary.com

2014 മാർച്ച് 25 – പുത്തൂർ മാർ ബോസ്കോ മെത്രാൻ ആസ്ത്രേലിയയിലെ സീറോ-മലബാർ മെൽബൺ രൂപതാഭരണ ശുശ്രൂഷയും ന്യൂസ് ലണ്ടിന്റെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ ശുശ്രൂഷയും ഏറ്റെടുത്തു.

2014 ജൂലൈ 31 – ഛാന്ദാ രൂപതയുടെ മെത്രാനായി നരികുളം ഫാ. അപ്രേം നിയമിതനായി.

2014 ജൂലൈ 31 – ഛാന്ദാ രൂപതയുടെ മെത്രാൻ നെടുമ്പുറം മാർ വിജയാനന്ദ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2014 ഓഗസ്റ്റ് 27 – സത്ന രൂപതയുടെ മെത്രാൻ വാണിയകിഴക്കേൽ മാർ മാത്യു രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2014 ജൂൺ 24 – ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായി ആലപ്പാട്ട് ഫാ. ജോയിയെ നിയമിച്ചു.

2014 ആഗസ്റ്റ് 29 – ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാനെ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായി നിയമിച്ചു.

2014 സെപ്റ്റംബർ 27 – ചിക്കാഗോ രൂപതയുടെ സഹായ മെത്രാൻ ആലപ്പാട്ട് മാർ ജോയിയുടെ അഭിഷേകം.

2014 ഒക്ടോബർ 24 – ഛാന്ദാ രൂപതയുടെ മെത്രാൻ നരികുളം മാർ അപ്രേമിന്റെ അഭിഷേകം.

2014 ഒക്ടോബർ 30 – ഞരളക്കാട്ട് മാർ ജോർജ്ജ് മെത്രാൻ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായി ശുശ്രൂഷ ഏറ്റെടുത്തു.

2014 ഒക്ടോബർ 30 – വലിയമറ്റം മാർ ജോർജ്ജ് മെത്രാപ്പോലീത്താ രൂപതാഭരണത്തിൽനിന്ന് വിരമിച്ചു.

2014 നവംബർ 23 – വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചനേയും വാഴ്ത്തപ്പെട്ട എവുപ്രാസ്യാമ്മയേയും ഫ്രാൻസിസ് മാർപാപ്പ റോമിൽ വച്ച് വിശുദ്ധരായി നാമകരണം ചെയ്തു.

2015 ജൂലൈ 22 – സത്ന രൂപതയുടെ മെത്രാനായി കൊടകല്ലിൽ ഫാ. ജോസഫിനെ നിയമിച്ചു.

2015 ആഗസ്റ്റ് 6 – അദിലാബാദ് രൂപതയുടെ മെത്രാൻ കുന്നത്ത് മാർ ജോസഫ് രൂപതാഭരണത്തിൽനിന്ന് വിരമിച്ചു. അദിലാബാദ് രൂപതയുടെ മെത്രാനായി പാണേങ്ങാടൻ ഫാ. പ്രിൻസിനെയും, കാനഡായിലെ 'മിസ്സിസാഗ' എക്സാർക്കിയുടെ എക്സാർക്കായി കല്ലുവേലിൽ ഫാ. ജോസിനെയും നിയമിച്ചു.

www.malankaralibrary.com

2015 ആഗസ്റ്റ് 26 – മണ്ഡ്യരൂപതയുടെ മെത്രാനായി കരിയിൽ ഫാ. ആന്റണിയുടെ നിയമനം. സീറോ-മലബാർ സഭയുടെ അധികാരപരിധി മണ്ഡ്യ രൂപതയോട് പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ബാംഗ്ലൂർ അർബൻ, ബാംഗ്ലൂർ റൂറൽ, ചിക്ബല്ലബൂർ, കോളാർ, റാംലഗർ, തുംകൂർ എന്നി ജില്ലകളിലേക്കു കൂടി വ്യാപിപ്പിക്കപ്പെട്ടു.

2015 സെപ്റ്റംബർ 15 – സത്ന രൂപതയുടെ മെത്രാനായി കൊടകല്ലിൽ മാർ ജോസഫിന്റെ അഭിഷേകം.

2015 സെപ്റ്റംബർ 19 – കാനഡയിലെ 'മിസ്സിസാഗ' എക്സാർക്കിയുടെ എക്സാർക്കായി കല്ലുവേലിൽ മാർ ജോസിന്റെ അഭിഷേകം.

2015 ഒക്ടോബർ 18 – മണ്ഡ്യ രൂപതയുടെ മെത്രാനായി കരിയിൽ മാർ ആന്റണിയുടെ അഭിഷേകം.

2015 ഒക്ടോബർ 29 – അദിലാബാദ് രൂപതയുടെ മെത്രാനായി പാണേങ്ങാടൻ മാർ പ്രിൻസിന്റെ അഭിഷേകം.

2016 ജനുവരി 12 – കാഞ്ഞിരപ്പള്ളി രൂപതയുടെ പ്രഥമസഹായമെത്രാനായി പുളിക്കൽ ഫാ. ജോസിനെ നിയമിച്ചു.

2016 ഫെബ്രുവരി 4 – കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാൻ പുളിക്കൽ മാർ ജോസിന്റെ അഭിഷേകം.

2016 ജൂലൈ 10 – പഴയാറ്റിൽ മാർ ജയിംസ് മെത്രാന്റെ ചരമം.

2016 ജൂലൈ 25 – വത്തിക്കാൻ നുൺഷ്യോ ആയി നിയമിതനായ വയലുങ്കൽ മാർ മാത്യുവിന്റെ മെത്രാഭിഷേകം.

2016 ജൂലൈ 28 – ഗ്രേറ്റ് ബ്രിട്ടണിലെ സീറോ-മലബാർ വിശ്വാസികൾക്കായി പ്രസ്റ്റൺ ആസ്ഥാനമായി സ്ഥാപിതമായ രൂപതയുടെ മെത്രാനായി സ്രാമ്പിക്കൽ ഫാ. ജോസഫും, യൂറോപ്പിലുള്ള സീറോ-മലബാർ വിശ്വാസികൾക്കുവേണ്ടി അപ്പസ്തോലിക് വിസിറ്റേറ്ററായി ചിറപ്പണത്ത് ഫാ. സ്റ്റീഫനും നിയമിതരായി.

2016 ആഗസ്റ്റ് 25-28 – സീറോ മലബാർസഭയുടെ 4-ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി, ഇരിങ്ങാലക്കുട രൂപതയിലെ കൊടകരയിലുള്ള സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽവച്ച് നടന്നു.

2016 സെപ്തംബർ 5 – മിഷനറീസ് ഓഫ് ചാരിറ്റീസ് സന്യാസിനി സമൂഹത്തിന്റെ സ്ഥാപക മദർ തെരേസയെ ഫ്രാൻസിസ് മാർപാപ്പ റോമിൽ വച്ച് വിശുദ്ധയായി പ്രഖ്യാപിച്ചു.

www.malankaralibrary.com

2016 ഒക്ടോബർ 9 – സ്രാമ്പിക്കൽ മാർ ജോസഫ് മെത്രാന്റെ അഭിഷേകം.

2016 നവംബർ 1 – ചിറപ്പണത്ത് മാർ സ്റ്റീഫൻ മെത്രാന്റെ അഭിഷേകം.

2016 നവംബർ 22 – വട്ടക്കുഴി മാർ മാത്യു മെത്രാന്റെ ചരമം.

2017 ജനുവരി 6 – സീറോ മലബാർസഭയുടെ 4–ാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയെ അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി "ഒന്നായി മുന്നോട്ട്" എന്ന അജപാലന പ്രബോധന രേഖ പുറപ്പെടുവിച്ചു.

2017 ജനുവരി 14 – ചങ്ങനാശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി തറയിൽ ഫാ. തോമസിനെ നിയമിച്ചു.

2017 ഏപ്രിൽ 23 – ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ തറയിൽ മാർ തോമസിന്റെ അഭിഷേകം.

2017 ജൂൺ 14 – കുന്നശ്ശേരി മാർ കുര്യാക്കോസ് മെത്രാപ്പോലീത്തയുടെ ചരമം.

2017 ആഗസ്റ്റ് 31 – സീറോ മലബാർ കുർബാനയുടെ (റാസ) സുറിയാനി ഭാഷയിലുള്ള ആധികാരികപതിപ്പ് (Editio Typica) മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി സിനഡുസമ്മേളനത്തിൽ പ്രകാശനം ചെയ്തു.

2017 സെപ്റ്റംബർ 1 – സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയാ മെത്രാനായി വാണിയപ്പുരയ്ക്കൽ ഫാ. സെബാസ്റ്റ്യനെയും തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പാംപ്ലാനി ഫാ. ജോസഫിനെയും തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി നീലങ്കാവിൽ ഫാ. ടോണിയെയും നിയമിച്ചു.

2017 ഒക്ടോബർ 10 – ഭാരതം മുഴുവനിലും സുവിശേഷവത്ക്കരണത്തിനും അജപാലനത്തിനുമുള്ള അവകാശം പരിശുദ്ധസിംഹാസനം സീറോ മലബാർ സഭയ്ക്ക് നല്കി.

2017 ഒക്ടോബർ 10 – സീറോ-മലബാർ വിശ്വാസികൾക്കായി തെലുങ്കാന കേന്ദ്രമാക്കി സ്ഥാപിതമായ ഷംഷാബാദ് രൂപതയുടെ പ്രഥമമെത്രാനായി തട്ടിൽ മാർ റാഫേൽ മെത്രാനെയും തമിഴ്നാട്ടിലെ ഹൊസൂർ കേന്ദ്രമാക്കി സ്ഥാപിതമായ രൂപതയുടെ പ്രഥമ മെത്രാനായി ഫാ. പൊഴലിപറമ്പിൽ സെബാസ്റ്റ്യനെയും നിയമിച്ചു.

2017 നവംബർ 4 – ഭാരത കത്തോലിക്കാസഭയിലെ പ്രഥമവനിതാ രക്തസാക്ഷിയായ ക്ലാരസഭാംഗം സിസ്റ്റർ റാണി മരിയയെ ഇൻഡോറിൽവച്ച് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു.

www.malankaralibrary.com

2017 നവംബർ 8 – തലശ്ശേരി അതിരൂപതയുടെ സഹായമെത്രാനായി പാംപ്ലാനി മാർ ജോസഫിന്റെ അഭിഷേകം.

2017 നവംബർ 12 – സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയാ മെത്രാനായി വാണിയപ്പുരയ്ക്കൽ മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

2017 നവംബർ 18 – തൃശൂർ അതിരൂപതയുടെ സഹായമെത്രാനായി നീലങ്കാവിൽ മാർ ടോണിയുടെ അഭിഷേകം.

2017 നവംബർ 22 – ഹൊസൂർ രൂപതയുടെ പ്രഥമ മെത്രാനായി പൊഴലിപറമ്പിൽ മാർ സെബാസ്റ്റ്യന്റെ അഭിഷേകം.

2018 ജനുവരി 7 – ഷംഷാബാദ് രൂപതയുടെ ഉദ്ഘാടനവും പ്രഥമ മെത്രാനായി തട്ടിൽ മാർ റാഫേൽ മെത്രാന്റെ സ്ഥാനാരോഹണവും.

2018 ജനുവരി 12 – ഇടുക്കി രൂപതയുടെ മെത്രാനായി ഫാ. നെല്ലിക്കുന്നേൽ ജോണിനെയും സാഗർ രൂപതയുടെ മെത്രാനായി ഫാ. അത്തിക്കളം ജയിംസിനെയും നിയമിച്ചു. ഇടുക്കി രൂപതമെത്രാൻ ആനിക്കുഴിക്കാട്ടിൽ മാർ മാത്യുവും സാഗർ രൂപതമെത്രാൻ ചിറയത്ത് മാർ ആന്റണിയും രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

സീറോ മലബാർ സഭയുടെ സുവിശേഷപ്രഘോഷണ മാർഗരേഖയും വിവാഹവാഗ്ദാനക്രമത്തിന്റെ ഇംഗ്ലീഷ്, മലയാളം പതിപ്പുകളും മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പ്രകാശനം ചെയ്തു.

2018 ജനുവരി 13 – സീറോമലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷങ്ങളുടെ സമാപനം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ചുനടന്നു.

2018 ഏപ്രിൽ 4 – ഇടുക്കി രൂപതയുടെ മെത്രാനായി നെല്ലിക്കുന്നേൽ മാർ ജോണിന്റെ അഭിഷേകം.

2018 ഏപ്രിൽ 17 – സാഗർ രൂപതയുടെ മെത്രാനായി അത്തിക്കളം മാർ ജയിംസിന്റെ അഭിഷേകം.

2018 ജൂൺ 22 – എറണാകുളം – അങ്കമാലി അതിരൂപതയിലെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി പാലക്കാട് രൂപതാ മെത്രാനായ മാർ ജേക്കബ് മനത്തോടത്തിനെ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു.

2018 ജൂൺ 23 – എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കായിൽ വച്ച് ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ജംബത്തിസ്താ ദികാത്രോയുടെ സാന്നിദ്ധ്യത്തിൽ മാർ ജേക്കബ് മനത്തോടത്ത് എറണാകുളം – അങ്കമാലി അതിരൂപതയുടെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി സ്ഥാനം ഏറ്റെടുത്തു.

www.malankaralibrary.com

2018 ഡിസംബർ 22 – കാനഡായിലെ സീറോ മലബാർ മിസ്സിസാഗ എക്സാർക്കേറ്റിനെ, രൂപതയായി ഉയർത്തുകയും, എക്സാർക്കായിരുന്ന മാർ ജോസ് കല്ലുവേലിയെ പ്രഥമ രൂപതാ അദ്ധ്യക്ഷനായി നിയമിക്കുകയും ചെയ്തു.

2019 ജനുവരി 7 – സീറോമലബാർ കുർബാനയിൽ പരീക്ഷണാർത്ഥം ഉപയോഗിക്കുവാൻ പരിശുദ്ധസിംഹാസനം അംഗീകാരം നൽകിയ മാർ നെസ്തോറിയസ് കൂദാശക്രമവും (അനാഫൊറ) പരിശുദ്ധസിംഹാസനം അന്തിമമായ അംഗീകാരം നൽകിയ മാർ തെയദോറിന്റെ കൂദാശകൂദാശക്രമവും അവയുടെ ഇംഗ്ലീഷ് പതിപ്പുകളും മേജർ ആർച്ചു ബിഷപ്പ് മാർ ജോർജ് ആ ലഞ്ചേരി പ്രകാശനം ചെയ്തു.

2019 ഏപ്രിൽ 16 – സത്ന രൂപതയുടെ പ്രഥമാദ്ധ്യക്ഷൻ മാർ എബ്രാഹം മറ്റം വി.സി.യുടെ ചരമം.

2019 ഓഗസ്റ്റ് 30 – എറണാകുളം – അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരിയായി മണ്ഡ്യരൂപതാദ്ധ്യക്ഷനായിരുന്ന മാർ ആന്റണി കരിയിൽ സി.എം.ഐ നിയമിതനായി.

– മണ്ഡ്യ രൂപതയുടെ മെത്രാനായി എറണാകുളം – അങ്കമാലി അതിരൂപതയുടെ സഹായമെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് നിയമിതനായി.

– ഫരീദാബാദ് രൂപതയുടെ സഹായമെത്രാനായി എറണാകുളം – അങ്കമാലി അതിരൂപതയുടെ സഹായ മെത്രാനായിരുന്ന മാർ ജോസ് പുത്തൻ വീട്ടിൽ നിയമിതനായി.

– ബിജ്നോർ രൂപതയുടെ മെത്രാൻ വടക്കേൽ മാർ ജോൺ രൂപതാഭരണത്തിൽ നിന്ന് വിരമിച്ചു.

– ബിജ്നോർ രൂപതയുടെ മെത്രാനായി നെല്ലായിപറമ്പിൽ ഫാ. വിൻസെന്റ് നിയമിതനായി.

2019 സെപ്തംബർ 7 – ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിൽ സി.എം.ഐ എറണാകുളം – അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരിയായി സ്ഥാനമേറ്റെടുത്തു.

2019 സെപ്തംബർ 8 – മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മണ്ഡ്യ രൂപതയുടെ മെത്രാനായി ശുശ്രൂഷ ഏറ്റെടുത്തു.

2019 ഒക്ടോബർ 13 – ഹോളിഫാമിലി സഭാംഗമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായെ ഫ്രാൻസിസ് മാർപ്പാപ്പ റോമിൽ വച്ച് വിശുദ്ധയായി നാമകരണം ചെയ്തു.

2019 നവംബർ 1 – ബിജ്നോർ രൂപതയുടെ മെത്രാനായി മാർ വിൻസെന്റ് നെല്ലായിപറമ്പിലിന്റെ അഭിഷേകം.

www.malankaralibrary.com

2020 ജനുവരി 15 – പാലക്കാട് രൂപതയുടെ സഹായമെത്രാനായി ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ നിയമിതനായി.

2020 ഫെബ്രുവരി 3 – കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായി മാർ ജോസ് പുളിക്കലിന്റെ സ്ഥാനാരോഹണം. പ്രസ്തുത രൂപതയുടെ മെത്രാനായിരുന്ന മാർ മാത്യു അറയ്ക്കൽ രൂപതാ ഭരണത്തിൽ നിന്ന് വിരമിച്ചു.

2020 മെയ് 1 – ഇടുക്കി രൂപതയുടെ പ്രഥമ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിലിന്റെ ചരമം.

2020 ജൂൺ 18 – പാലക്കാട് രൂപതയുടെ പ്രഥമ സഹായമെത്രാനായി മാർ പീറ്റർ കൊച്ചുപുരയ്ക്കലിന്റെ അഭിഷേകം.

2020 ആഗസ്റ്റ് 29 – കോട്ടയം അതിരൂപതാ സഹായമെത്രാനായി ഫാ. ജോർജ് കുരിശുംമൂട്ടിൽ നിയമിതനായി.

2020 സെപ്റ്റംബർ 06 – താമരശ്ശേരി മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളിയുടെ ചരമം.

2020 നവംബർ 14– കോട്ടയം അതിരൂപതാ സഹായമെത്രാനായി കുരിശുംമൂട്ടിൽ ഗീവർഗ്ഗീസ് മാർ അപ്രേമിന്റെ അഭിഷേകം.

2021 ഫെബ്രുവരി 17 – സാഗർ രൂപതയുടെ മെത്രാനായിരുന്ന നീലങ്കാവിൽ മാർ ജോസഫ് പാസ്റ്ററിന്റെ ചരമം.

2021 മാർച്ച് 29 – ആസ്ത്രേലിയായിലെ സെന്റ് തോമസ് സീറോ മലബാർ മെൽബൺ രൂപതയുടെ അധികാരപരിധി ന്യൂസിലാന്റിലേക്കും ഓഷ്യാനാ മുഴുവനിലേക്കും വ്യാപിപ്പിച്ചു.

2021 ജൂൺ 9 – സീറോമലബാർ സഭയുടെ മലയാളത്തിലുള്ള നവീകരിച്ച കുർബാനക്രമം പൗരസ്ത്യസഭകൾക്കു വേണ്ടിയുള്ള കാര്യാലയം അംഗീകരിച്ചു.

2021 ജൂലൈ 3 – വിശുദ്ധ കുർബാന ഏകീകൃതരൂപത്തിൽ അർപ്പിക്കാനുള്ള 1999 – ലെ സിനഡുതീരുമാനം എല്ലാവരും സ്വീകരിക്കണമെന്നും നവീകരിച്ച കുർബാനക്രമം നടപ്പിലാക്കണമെന്നും ഫ്രാൻസിസ് മാർപാപ്പ സീറോ മലബാർ സഭാസമൂഹത്തോടു ആഹ്വാനം ചെയ്തു കൊണ്ടു കത്തയച്ചു.

2021 ആഗസ്റ്റ് 26 – നവീകരിച്ച കുർബാനക്രമവും വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപത്തിലുള്ള അർപ്പണവും 2021 നവംബർ 28 (മംഗളവാർത്ത ക്കാലം ആരംഭം) മുതൽ നടപ്പിലാക്കാൻ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ നടന്ന XXIX-ാം സിനഡിന്റെ രണ്ടാം സെഷനിൽ തീരുമാനിച്ചു.

www.malankaralibrary.com